കേരള സർക്കാർ

## ഭരണ പരിഷ്കാര കമ്മിഷൻ

# കമ്മീഷൻ പ്രവർത്തനങ്ങൾ

## 2016–2021

**പതിനാലാമത് റിപ്പോർട്ട്**

ഏപ്രിൽ 2021

# ഭരണ പരിഷ്കാര കമ്മീഷൻ

## ശ്രീ വി.എസ് അച്യുതാനന്ദൻ

അദ്ധ്യക്ഷൻ

## ശ്രീ സി.പി. നായർ

കമ്മീഷൻ അംഗം

## ശ്രീമതി നീലാ ഗംഗാധരൻ

കമ്മീഷൻ അംഗം

## ശ്രീമതി ഷീല തോമസ്

മെമ്പർ സെക്രട്ടറി

## ഭരണ പരിഷ്കാര കമ്മീഷൻ ഉദ്യോഗസ്ഥർ

മിനിമോൾ.വി.ജി, അഡീഷണൽ സെക്രട്ടറി
ജയശങ്കർ.കെ.ജി, ഫിനാൻസ് ഓഫീസർ
റ്റിറ്റി ആനി ജോർജ്ജ്, ഡെപ്യൂട്ടി കളക്ടർ
സി.ജെ സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി
റ്റി.എസ്.പ്രവീൺകുമാർ, അണ്ടർ സെക്രട്ടറി
രാജീവ് മാത്യൂ, സെക്ഷൻ ഓഫീസർ
സതീഷ്.ആർ, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ
പ്രവീൺ.കെ, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ
ഷാജിർ.എ, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ
രാജൻ വർഗ്ഗീസ് (പേഴ്സണൽ അസിസ്റ്റന്റ്)
ലിസ.ടി.ജെ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
ഹാരീസ് അഹമ്മദ്.എ (കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്)
ബിന്ദു.എസ്, റിസർച്ച് അസിസ്റ്റന്റ്
വിനിത.എ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ
പ്രിയ.കെ.സി, ഓഫീസ് അറ്റൻഡന്റ്
ചന്ദ്രകല.വി, ഓഫീസ് അറ്റൻഡന്റ്

## മുൻ ഉദ്യോഗസ്ഥർ

റ്റി.പി. ബാബു (അഡീഷണൽ സെക്രട്ടറി)
നസീമ.ഇ (അഡീഷണൽ സെക്രട്ടറി)
ആൻറണി ലിയോ (ഫിനാൻസ് ഓഫീസർ)
കുമാർ സി പിള്ള (ഫിനാൻസ് ഓഫീസർ)
അനിൽകുമാർ.പി.എസ് (അണ്ടർ സെക്രട്ടറി)
സുബിൻ കൈരൾ. എസ് (അണ്ടർ സെക്രട്ടറി)
ജയറാം കുമാർ.ആർ (അണ്ടർ സെക്രട്ടറി)
പ്രദീപ്.വി.ആർ (അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ)
വിവിൽ കുമാർ.എസ് (അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ)
ഷുക്കൂർ.എം (കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്)
ശോഭകുമാരി.പി (കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്)

# ഉള്ളടക്കം


| | |
|---|---|
| ആമുഖം | 1 |
| അദ്ധ്യായം -1 കമ്മീഷനും ഘടനയും | 5 |
| അദ്ധ്യായം -2 കമ്മീഷൻ യോഗങ്ങൾ | 8 |
| അദ്ധ്യായം -3 മൂന്നാം ഭരണപരിഷ്കാര കമ്മിറ്റി റിപ്പോർട്ടുകൾ- ശുപാർശകളുടെ നടപ്പാക്കൽ | 16 |
| അദ്ധ്യായം -4 കമ്മീഷൻ റിപ്പോർട്ടുകളും പ്രധാന ശുപാർശകളും | 28 |
| അദ്ധ്യായം -5 സെമിനാറുകൾ ശില്പശാലകൾ തുടങ്ങിയവ | 172 |
| അദ്ധ്യായം -6 കമ്മീഷന്റെ അനുബന്ധ പ്രവർത്തനങ്ങൾ. | 180 |
| അനുബന്ധം -1 കമ്മീഷൻ സമീപനരേഖയും രീതിശാസ്ത്രവും. | 186 |
| അനുബന്ധം -2 കമ്മീഷൻ വരുവ് ചെലവ് കണക്കുകൾ | 199 |
| അനുബന്ധം -3 മൂന്നാം ഭരണപരിഷ്കരണ കമ്മിറ്റി ശുപാർശകൾ- നടപ്പാക്കൽ സംബന്ധിച്ച തൽസ്ഥിതി | 204 |

# ആമുഖം

സുസംഘടിതവും കാര്യക്ഷമവുമായ ഒരു ഭരണ നിർവ്വഹണ സംവിധാനം എല്ലാ ക്ഷേമരാഷ്ട്ര സങ്കൽപ്പങ്ങളുടെയും അടിസ്ഥാനശിലയാണ്. ഏതൊരു ഭരണ സംവിധാനവും എക്കാലത്തേക്കും ഒരേ അവസ്ഥയിൽ നിലനിൽക്കുക എന്നത് അസാധ്യമാണ്. കാലാനുസൃതമായി പുരോഗമനപരമായ മാറ്റങ്ങളെ നിരന്തരം സ്വാംശീകരിച്ചെടുത്താണ് ആധുനിക മനുഷ്യൻ തന്റെ അസംഘടിത വന്യ ജീവിത പരിസരങ്ങളിൽ നിന്നും സുസംഘടിത നാഗരികതകൾ പടുത്തുയർത്തിയത്. സമീപ കാലത്ത് അസാധാരണ വേഗതയിലുള്ള മാറ്റങ്ങളിലൂടെയാണ് ആധുനിക മനുഷ്യ സമൂഹം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. വിജ്ഞാന വിസ്ഫോടനവും തദനുസൃതമായ സാങ്കേതിക വിദ്യാ വളർച്ചയും ആണ് ഈ മാറ്റങ്ങളുടെ ചാലക ശക്തി. ഭരണ നിർവ്വഹണ സംവിധാനങ്ങളുടെ പ്രവർത്തനവും അതേ തോതിൽ മാറ്റങ്ങൾക്ക് വിധേയമായി പുന:സംഘടിപ്പിക്കപ്പെട്ടുകൊണ്ടിരുന്നെങ്കിൽ മാത്രമെ കാലാനുസൃതമായ സാമൂഹ്യ പുരോഗതി കൈവരിക്കാനും സമൂഹം ആവശ്യപ്പെടുന്ന രീതിയിൽ ഭരണസംവിധാനത്തിന് പ്രവർത്തിക്കാനും സാധിക്കുകയുള്ളൂ.

സാമൂഹ്യ, സാമ്പത്തിക മേഖലകളിലും, ശാസ്ത്ര സാങ്കേതിക രംഗത്തും സംഭവിച്ചുകൊണ്ടിരിക്കുന്ന പുരോഗമനപരമായ മാറ്റങ്ങൾക്കനുസൃതമായി ഭരണ നിർവ്വഹണ സംവിധാനങ്ങളിൽ രൂപപ്പെടുത്തേണ്ട പരിഷ്കരണങ്ങളെ കണ്ടെത്തുകയും അടയാളപ്പെടുത്തുകയും ചെയ്യുക, ഇത്തരം മാറ്റങ്ങളെ കാര്യക്ഷമമായി പ്രതിഫലിപ്പിക്കുന്ന പ്രവർത്തന മാതൃകകൾ ഭരണയന്ത്രത്തിലെ ഓരോ ഘടകങ്ങൾക്കും നിർദ്ദേശിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കേരള സർക്കാർ നാലാം ഭരണപരിഷ്കാര കമ്മീഷനെ നിയോഗിച്ചത്. പൊതു ഭരണ രംഗവുമായി ബന്ധപ്പെട്ട 13 പരിഗണനാ വിഷയങ്ങളിൽ ഉള്ള മേഖലകൾ തെരെഞ്ഞെടുത്ത് നിലവിലെ പ്രശ്നങ്ങൾ വിലയിരുത്തി അവ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള ശുപാർശകൾ സർക്കാരിൽ സമർപ്പിക്കുക എന്ന ചുമതലയാണ് കമ്മീഷനെ ഏൽപ്പിച്ചത്.

കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ ചുവടെ ചേർക്കുന്നു:

1. To review the structure and functioning of the administrative machinery of the State and suggest measures for improving it's responsiveness, efficiency and effectiveness as is required in a welfare State.
2. To revisit and redefine the roles of departments and important agencies in Government.

3. To suggest measures for co-ordinated and joined-up functioning of Government departments and agencies to enhance positive outcomes.
4. To suggest measures to eliminate delays, corruption, favouritism and nepotism and to make administration result oriented.
5. To suggest steps for enhancing delegation of powers to increase efficiency and citizen satisfaction.
6. To suggest modern management methods and Information Technology system and tools, which can be adapted in Government.
7. To review the policies relating to recruitment, placement and promotion and suggest measures for improvement of the performance of civil servants.
8. To suggest methods for democratisation of different organs of Government at various levels and increase participation of the people in governance.
9. To assess the delivery of key public services and suggest measures for increasing their efficiency.
10. To suggest measures to make Government more open and accountable.
11. To suggest measures to refine/operationalize Gender Budgeting. Child Budgeting.
12. To recommend modern fiscal planning tools like output and outcome – based budgeting.
13. To assess the capacity building system in Government and suggest measures to make it more effective.
14. To make any other recommendation arising from the above matters or incidental to them or considered necessary or appropriate by the Commission.

ഭാരത സർക്കാരിന്റെ രണ്ടാം ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ നിന്നും എടുത്തിട്ടുള്ളതുമായ സദ്ഭരണം (Good Governance) സംബന്ധിച്ച ഉദ്ധരണി ഇപ്രകാരമാണ്. ‘‘പ്രജകളുടെ സന്തോഷത്തിലാണ് അവന്റെ (രാജാവിന്റെ) സന്തോഷം കുടികൊള്ളുന്നത്. അവരുടെ ക്ഷേമത്തിലാണ് അവന്റെ ക്ഷേമം. അവനെ സന്തോഷിപ്പിക്കുന്നതൊന്നും അല്ല അവന് പ്രിയങ്കരം, മറിച്ച്, അവന്റെ പ്രജകൾക്ക് സന്തോഷം പകരുന്നത് എന്തും അവന്

പ്രിയങ്കരമാകുന്നു''. ("in the happiness of his subjects lies his happiness, in their welfare his welfare. Whatever pleases himself, he does not consider good, but whatever pleases his subjects he considers as good"). ഈ ഉദ്ധരണിയുടെ ആശയം ഉൾക്കൊണ്ടും കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ ഊന്നി നിന്നുകൊണ്ടുമുള്ള ഒരു കാഴ്ചപ്പാട് കമ്മീഷൻ രൂപപ്പെടുത്തുകയും തദനുസൃതമായി കമ്മീഷന്റെ സമീപന രേഖയും രീതിശാസ്ത്രവും പ്രസിദ്ധീകരിക്കുകയും ഉണ്ടായി. കമ്മീഷന്റെ സമീപന രേഖയും രീതിശാസ്ത്രവും അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്.

കമ്മീഷന്റെ സമീപന രേഖയും രീതിശാസ്ത്രവും അനുസരിച്ച് 7 മുഖ്യ പ്രമേയങ്ങളെ അടിസ്ഥാനമാക്കിയാണ് കമ്മീഷന്റെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. അവ ചുവടെ ചേർക്കുന്നു:

1. പൗരകേന്ദ്രീകൃത സേവനങ്ങൾ (Citizen First Services)
2. പരിസ്ഥിതിയും സുസ്ഥിര വികസനവും (Environment of Sustainable Development).
3. പാർശ്വവത്കൃത സമൂഹം മുഖ്യധാരയിലേക്ക് (Reaching the unreached)
4. ആസൂത്രണവും ധനകാര്യവും (Planning and Finance)
5. ഫലപ്രാപ്തിയുള്ളതും കാര്യക്ഷമവുമായ ഭരണം (Result oriented and Effective Governance).
6. അടിസ്ഥാന സൗകര്യങ്ങൾ - ഉപയോഗവും സംരക്ഷണവും (Infrastructure – optimum Usage and Conservation)
7. ഉത്തരവാദാധിഷ്ഠിത ഉദ്യോഗസ്ഥ സംവിധാനം (Towards more accountable bureaucracy)

മേൽപ്പറഞ്ഞ മുഖ്യപ്രമേയങ്ങളെ അടിസ്ഥാനമാക്കികൊണ്ട് കമ്മീഷൻ ഭരണപരിഷ്കരണ ശുപാർശകൾ ഉൾക്കൊള്ളുന്ന 13 റിപ്പോർട്ടുകൾ പ്രവർത്തന കാലയളവിൽ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കമ്മീഷന്റെ മേൽപ്പറഞ്ഞ 13 റിപ്പോർട്ടുകളിലും അവയിൽ അടങ്ങിയിട്ടുള്ള നിരവധി ശുപാർശകളും കേരളത്തെ മുന്നോട്ട് നയിക്കുന്നതിനുള്ള അടിസ്ഥാന നിർദ്ദേശങ്ങളായി പരിഗണിക്കപ്പെടും എന്ന ശുഭാപ്തി വിശ്വാസം കമ്മീഷനുണ്ട്.

അദ്ധ്യായം - 1

# കമ്മീഷനും ഘടനയും

സംസ്ഥാനത്തിന്റെ ഭരണ സംവിധാനം കാലോചിതമായി പരിഷ്കരിക്കുന്നതിനാവശ്യമായ ശുപാർശകൾ സർക്കാരിൽ സമർപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് നാലാമത് ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചത്. ഐക്യ കേരള രൂപീകരണത്തിന് ശേഷം ഇതേ വരെ മൂന്ന് ഭരണപരിഷ്കാര കമ്മിറ്റികൾ രൂപീകരിക്കപ്പെടുകയും അവയുടെ റിപ്പോർട്ടുകൾ സമർപ്പിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ ഏറെക്കുറെയൊക്കെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുമുണ്ട്. എന്നാൽ നിരവധി നിർദ്ദേശങ്ങൾ നടപ്പിലാക്കപ്പെടാതെയും പോയിട്ടുണ്ട്. മൂന്നു ഭരണ പരിഷ്കാര കമ്മിറ്റികൾ കൂടാതെ പ്രത്യേക വിഷയങ്ങളെ ആസ്പദമാക്കിയോ, ഏതെങ്കിലും വകുപ്പിന്റെ പ്രവർത്തനങ്ങളുമായി മാത്രം ബന്ധപ്പെട്ടോ നിരവധി കമ്മിറ്റികൾ റിപ്പോർട്ടുകളോ പരിഷ്കരണ ശുപാർശകളോ സർക്കാരിൽ സമർപ്പിച്ചിട്ടുമുണ്ട്. ഇപ്രകാരമുള്ള നിരവധി ഭരണ പരിഷ്കരണ ശ്രമങ്ങളുടെയും കൂടി ആകെത്തുകയാണ് നാം ഇന്നു കാണുന്ന ഭരണ സംവിധാനം. കൃത്യമായ ഇടവേളകളിൽ ഭരണ പരിഷ്കരണ കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടില്ല എന്ന വസ്തുത നിലനിൽക്കെതന്നെ, ഈ ഭരണ പരിഷ്കാര കമ്മിറ്റികളുടെ ശുപാർശകളിൽ പ്രധാനപ്പെട്ടവ ഏറെക്കുറെ നടപ്പാക്കപ്പെട്ടിട്ടുണ്ട് എന്നതും വസ്തുതയാണ്. ഇങ്ങനെ വിവിധ ഭരണ പരിഷ്കരണ ശ്രമങ്ങൾ സംസ്ഥാന ഭരണത്തെ ഉയർന്ന ഒരു തലത്തിൽ എത്തിച്ചിട്ടുണ്ട്. ശാസ്ത്ര സാങ്കേതിക രംഗങ്ങളിലുണ്ടാകുന്ന ത്വരിത ഗതിയിലുള്ള പുരോഗതിക്കും ജനങ്ങളുടെ യുക്തിസഹമായ പ്രതീക്ഷകൾക്കും അഭിലാഷങ്ങൾക്കും സാമൂഹ്യ ജീവിതത്തിലുണ്ടാകുന്ന മാറ്റങ്ങൾക്കും അനുസരിച്ച് അവയോട് സൃഷ്ടിപരമായും ക്രിയാത്മകമായും പ്രതികരിക്കുന്ന, ജനസൗഹൃദ പരമായി പ്രവർത്തിക്കുന്ന ഒരു ഭരണ സംവിധാനത്തിന്റെ നൈരന്തര്യം ഉറപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിന് ആവശ്യമായി വന്ന സാഹചര്യത്തിലാണ് നാലാമത് ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചത്. ജനോൻമുഖവും കാര്യക്ഷമവും അഴിമതി രഹിതവുമായ സർക്കാർ സേവന സംവിധാനം വിഭാവനം ചെയ്തുകൊണ്ടാണ് നാലാമത് ഭരണ പരിഷ്കാരകമ്മീഷൻ പ്രവർത്തനം ആരംഭിച്ചത്.

## 1.1 കമ്മീഷൻ

കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ശ്രീ.വി.എസ്. അച്യുതാനന്ദൻ എം.എൽ.എ ചെയർമാനായും മുൻ ചീഫ് സെക്രട്ടറിമാരായ ശ്രീ. സി.പി.നായർ, ശ്രീമതി. നീലാ ഗംഗാധരൻ എന്നിവർ അംഗങ്ങളായും, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

മെമ്പർ സെക്രട്ടറിയായും, സ.ഉ. (എം.എസ്) നം.16/2017/ ഉഭപവ. തീയതി 06/08/2016 പ്രകാരമാണ് ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചത്. 01.12.2016 മുതൽ 31.03.2017 വരെ പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന ശ്രീമതി. ഷീല തോമസ് കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചു. റിട്ടയർമെന്റിനെ തുടർന്ന് മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി. ഷീല തോമസിനെ മെമ്പർ സെക്രട്ടറിയായി നിശ്ചയിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും അതനുസരിച്ച് 25.04.2017 മുതൽ ശ്രീമതി ഷീല തോമസ് മെമ്പർ സെക്രട്ടറിയായി തുടർന്നു വരികയുമാണ്. ശ്രീമതി. നീലാ ഗംഗാധരനെ പാർട്ട് ടൈം മെമ്പർ ആയിട്ടാണ് നിയമിച്ചിരിക്കുന്നത്.

## 1.2 കമ്മീഷൻ ഉദ്യോഗസ്ഥർ

സ.ഉ. (എം.എസ്) നം. 21/2017/ഉഭപവ. തീയതി 30/08/2016 അനുസരിച്ച്, താഴെ കാണിച്ചിരിക്കുന്ന പ്രകാരം കമ്മീഷനിൽ ഉദ്യോഗസ്ഥരുടെയും, കമ്മീഷൻ ചെയർമാന്റെ ഓഫീസിൽ പേഴ്സണൽ സ്റ്റാഫിന്റെയും തസ്തികകൾ സൃഷ്ടിച്ചു.

*ഭരണപരിഷ്കാര കമ്മീഷൻ ഓഫീസ്:*

| | | |
|---|---|---|
| അഡീഷണൽ സെക്രട്ടറി | - 1 | |
| ഫിനാൻസ് ഓഫീസർ | - 1 | |
| ഡെപ്യൂട്ടി കളക്ടർ | - 1 | |
| അണ്ടർ സെക്രട്ടറി | - 2 | |
| സെക്ഷൻ ഓഫീസർ | - 1 | |
| അസിസ്റ്റന്റ് | - 3 | |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | - 3 | |
| ഓഫീസ് അറ്റൻഡന്റ് | - 3 | (ദിവസ വേതനം) |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | - 1 | |
| ഡ്രൈവർ | - 1 | |

ഇതോടൊപ്പം, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്, തിരുവനന്തപുരം (സി.എം.ഡി, തിരുവനന്തപുരം) മുഖേന ഒരു റിസർച്ച് അസിസ്റ്റന്റിന്റെ സേവനവും 01.03.2018 മുതൽ കമ്മീഷൻ ഉപയോഗപ്പെടുത്തിപ്പോരുന്നു. അടിസ്ഥാന പഠനം, ഡാറ്റാ കളക്ഷൻ, ഡാറ്റാ അനാലിസിസ്, ഫീൽഡ് സ്റ്റഡി, വിഷയ വിദഗ്ദ്ധരുമായി ആശയവിനിമയം, ഗവേഷണം, കരട് റിപ്പോർട്ട് തയ്യാറാക്കൽ, റിപ്പോർട്ടുകളുടെ മൊഴി മാറ്റം, എന്നീ മേഖലകളിലാണ് റിസർച്ച് അസിസ്റ്റന്റിന്റെ സേവനം.

*ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെ പേഴ്സണൽ സ്റ്റാഫ്:*

| | |
|---|---|
| പ്രൈവറ്റ് സെക്രട്ടറി | - 1 |
| അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി | - 1 |
| പേഴ്സണൽ അസിസ്റ്റന്റ് | - 2 |
| സ്റ്റെനോ | - 1 |
| ക്ലാർക്ക്/ഓഫീസ് അസിസ്റ്റന്റ് | - 4 |
| ഡ്രൈവർ | - 2 |
| കുക്ക് | - 1 |
| പേഴ്സണൽ സെക്യൂരിറ്റി ഓഫീസർ | |

ചെയർമാന്റെ പേഴ്സണൽ സ്റ്റാഫിനെ കോ-ടെർമിനസ് വ്യവസ്ഥയിലാണ് നിയമിച്ചിരിക്കുന്നത്.

## 1.3 ഭരണ പരിഷ്കാര കമ്മീഷൻ ഓഫീസ്

ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചത് മുതൽ 28.03.2018 വരെ സെക്രട്ടേറിയറ്റിലെ മെയിൻ ബ്ലോക്കിൽ പഴയ നിയമസഭാ ഹാളിനടുത്താണ് പ്രവർത്തിച്ചിരുന്നത്. 28.03.2018 മുതൽ ഐ.എം.ജി മെയിൻ ക്യാമ്പസിൽ സജ്ജീകരിച്ച ഓഫീസിലേക്ക് പ്രവർത്തനം മാറ്റുകയും 11.04.2018 മുതൽ ഐ.എം.ജി മെയിൻ ക്യാമ്പസിൽ പൂർണ്ണ തോതിൽ പ്രവർത്തിച്ചു വരികയും ചെയ്യു. ചെയർമാന്റെ ക്യാബിൻ, ചെയർമാന്റെ ഓഫീസ്, കമ്മീഷൻ കോൺഫറൻസ് ഹാൾ, കമ്മീഷൻ മെമ്പർമാരുടെ ക്യാബിനുകൾ, എന്നിവ കൂടാതെ കമ്മീഷൻ സെക്രട്ടേറിയറ്റ് എന്ന നിലയിൽ അനുബന്ധ ഉദ്യോഗസ്ഥരുടെ ആഫീസുകളും ഇവിടെ പ്രവർത്തിക്കുന്നു.

അദ്ധ്യായം -2

# കമ്മീഷൻ യോഗങ്ങൾ

കമ്മീഷൻ രൂപീകരിക്കപ്പെട്ടതു മുതൽ ഇരുപത്തി രണ്ട് തവണ യോഗം ചേർന്നിട്ടുണ്ട്. കമ്മീഷൻ മീറ്റിംഗുകളിൽ ചെയർമാൻ, മെമ്പർമാർ, മെമ്പർ സെക്രട്ടറി, കമ്മീഷൻ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തിട്ടുണ്ട്. ഓരോ കമ്മീഷൻ മീറ്റിംഗുകളിലെയും പ്രധാനപ്പെട്ട തീരുമാനങ്ങൾ താഴെ ചേർക്കുന്നു.

**ഒന്നാമത് യോഗം - 14.10.2016**

ഫലപ്രദവും ജനസൗഹൃദപരവുമായ സേവന പ്രദാനം, അക്കൗണ്ടബിലിറ്റി, അടിസ്ഥാന സൗകര്യ വികസനവും അനുരക്ഷണവും എന്നീ മേഖലകളുമായി ബന്ധപ്പെട്ട റിപ്പോർട്ട് ആദ്യ ഘട്ടത്തിൽ സമർപ്പിക്കുക, അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി വിജിലൻസ് സംവിധാനത്തിന്റെ പുനരവലോകനം, ഫലപ്രദമായ സ്ഥാപന സംവിധാനം എന്നിവ നിർദ്ദേശിച്ചുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിക്കുക.

കമ്മീഷന് ഇന്ററാക്ടീവ് വെബ് പോർട്ടൽ രൂപകൽപ്പന ചെയ്യുതിനുള്ള നടപടി സ്വീകരിക്കുക.

**രണ്ടാമത് യോഗം - 21.11.2016**

പൊതുജനങ്ങളുടെ ദൈനംദിന ജീവിത സാഹചര്യങ്ങളുമായി കൂടുതൽ ബന്ധപ്പെട്ടു നിൽക്കുന്ന റവന്യൂ, രജിസ്ട്രേഷൻ, ആഭ്യന്തരം, പൊതുവിതരണവും ഉപഭോക്തൃകാര്യവും, കൃഷി, സഹകരണം, വ്യവസായം, മോട്ടോർ വെഹിക്കിൾസ്, തദ്ദേശ സ്വയംഭരണം, സാമൂഹ്യനീതി, പൊതുവിദ്യാഭ്യാസം, വനം, ആരോഗ്യം, ട്രഷറി, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം, പിന്നോക്ക ക്ഷേമം, ന്യൂനപക്ഷ ക്ഷേമം, പ്രവാസി കാര്യം, എന്നീ വകുപ്പുകൾക്കും, വൈദ്യുതി ബോർഡ്, ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്കും  പ്രാമുഖ്യം നൽകി പഠനം നടത്തുക.

**മൂന്നാമത് യോഗം - 27.01.2017**

വിജിലൻസ് സംവിധാനത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിശോധിക്കുക, കുറ്റമറ്റതും കാര്യക്ഷമവുമായ വിജിലൻസ്  സംവിധാനം രൂപപ്പെടുത്തുക, വിജിലൻസ് കമ്മീഷൻ രൂപീകരിക്കുക എന്നീ വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മീഷൻ അംഗമായ ശ്രീ. സി.പി.നായരെ ചുമതലപ്പെടുത്തി.

കമ്മീഷന്റെ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിന്, സെന്റർ ഫോർ സോഷ്യോ എക്കണോമിക് ആന്റ് എൻവയൺമെന്റൽ സ്റ്റഡീസ്, കൊച്ചി (സി.എസ്.ഇ.എസ്, കൊച്ചി), സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്, തിരുവനന്തപുരം (സി.എം.ഡി, തിരുവനന്തപുരം), ഐ.എം.ജി എന്നീ സ്ഥാപനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുക.

കമ്മീഷനിൽ തന്നെ ലഭ്യമായ മനുഷ്യ വിഭവശേഷിയും വൈദഗ്ധ്യവും ഉപയോഗപ്പെടുത്തി കമ്മീഷന്റെ പതിമൂന്നാമത് പരിഗണനാ വിഷയമായ ഉദ്യോഗസ്ഥ ശേഷി വികസനം എന്ന പഠനം നടത്തുക.

**നാലാമത് യോഗം - 18.02.2017**

മൂന്നാം ഭരണപരിഷ്കാര കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കിയതിന്റെ ഫലപ്രാപ്തി വിലയിരുത്തുന്നതിനായി പഠനം നടത്തി കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഇന്ത്യയിലും വിദേശത്തുമുള്ള അനുകരണയോഗ്യമായ മാതൃകകൾ സംബന്ധിച്ചും ഉള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്- നെ ചുമതലപ്പെടുത്തുക.

**അഞ്ചാമത് യോഗം - 06.04.2017**

ഓരോ സർക്കാർ വകുപ്പിലും കമ്മീഷനുമായി ബന്ധപ്പെട്ട് സ്ഥാപന തല കമ്മിറ്റികൾ രൂപീകരിക്കുക. പാർശ്വവൽകൃതർ, ദുർബല വിഭാഗങ്ങൾ എന്നിവരുടെ ഉന്നമനത്തിനായുള്ള ക്ഷേമ നിയമങ്ങളുടെ നടപ്പാക്കലും, ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ നടത്തിപ്പും എന്ന വിഷയവും പൊതുജനങ്ങൾക്കുള്ള വിവരം നൽകൽ, പൊതുജന പരാതി പരിഹാര സംവിധാനം എന്നിവയുടെ അവലോകനം എന്ന വിഷയവും കമ്മീഷന്റെ മുൻഗണനാ വിഷയങ്ങളായി നിശ്ചയിച്ച് പഠനം നടത്തുക.

**ആറാമത് യോഗം - 27.05.2017**

പാർശ്വവൽകൃതർ, ദുർബല വിഭാഗങ്ങൾ എന്നിവരുടെ ഉന്നമനത്തിനായുള്ള ക്ഷേമ നിയമങ്ങളുടെ നടപ്പാക്കലും, ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ നടത്തിപ്പും എന്ന വിഷയത്തിലുള്ള പഠനത്തിൽ കമ്മീഷനെ സഹായിക്കുന്നതിനുള്ള വിദഗ്ധ സമിതി അംഗങ്ങളെ തിരഞ്ഞെടുത്തു.

**ഏഴാമത് യോഗം - 3.07.2017**

കമ്മീഷന്റെ പഠനത്തെ സഹായിക്കുന്നതിന് കമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുള്ള കൺസൾട്ടന്റുമാർ, വിദഗ്ധ സമിതി അംഗങ്ങൾ എന്നിവർക്ക് അവർ പങ്കെടുക്കുന്ന യോഗങ്ങളിൽ സിറ്റിംഗ് ഫീസായി 2,000/- രൂപയും കമ്മീഷനു വേണ്ടി ചോദ്യാവലികൾ, മറ്റ്

ബന്ധപ്പെട്ട രേഖകൾ, കരട് റിപ്പോർട്ടുകൾ എന്നിവ തയ്യാറാക്കുന്ന കൺസൾട്ടന്റുമാർ, വിദഗ്ദ്ധ സമിതി അംഗങ്ങൾ എന്നിവർക്ക് പരമാവധി 20,000/- രൂപയും ഓണറേറിയം ആയി അനുവദിക്കാൻ തീരുമാനിച്ചു.

**എട്ടാമത് യോഗം - 30.08.2017**

ഉദ്യോഗസ്ഥ ശേഷി വികസനം സംബന്ധിച്ച പഠന പ്രക്രിയയുടെ ഭാഗമായി രാജ്യത്തെ പ്രധാനപ്പെട്ട പരിശീലന സ്ഥാപനങ്ങൾ സന്ദർശിച്ച് നേരിട്ട് പഠിക്കുക.

പാർശ്വവൽകൃതർ, ദുർബല വിഭാഗങ്ങൾ എന്നിവരുടെ ഉന്നമനത്തിനായുള്ള ക്ഷേമ നിയമങ്ങളുടെ നടപ്പാക്കലും, ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ നടത്തിപ്പും എന്ന വിഷയത്തിലുള്ള പഠനത്തിൽ, ഇതുമായി ബന്ധപ്പെട്ട വിവിധ സ്ഥാപനങ്ങളിൽ സന്ദർശനം നടത്തി തൽസ്ഥിതി മനസിലാക്കുക.

**ഒമ്പതാമത് യോഗം - 24.10.2017**

ഉദ്യോഗസ്ഥശേഷി വികസനം എന്ന വിഷയവുമായി ബന്ധപ്പെട്ട സംസ്ഥാന തല ശില്പശാല 2017 നവംബർ 15 ന് നടത്തുക.

ക്ഷേമ നിയമങ്ങളുടെ അവലോകനം എന്ന പഠനത്തിൽ, ഒരു ഏകദിന സെമിനാർ, 2017 ഡിസംബർ 13 ന് നടത്തുക.

ക്ഷേമനിയമങ്ങളുടെ അവലോകനം എന്ന പഠനത്തിൽ, ചെയർമാൻ പങ്കെടുക്കുന്ന മൂന്ന് പബ്ളിക് ഹിയറിംഗുകൾ മേഖല തിരിച്ചും വിഷയം തിരിച്ചും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ നടത്തുവാൻ തീരുമാനിച്ചു. ഇതിൽ തിരുവനന്തപുരത്ത് വനിതാ ക്ഷേമം എന്ന വിഷയത്തെ അധികരിച്ച് ഡിസംബർ 2-ാമത് ആഴ്ചയിൽ പബ്ളിക് ഹിയറിംഗ് നടത്തുക.

കമ്മീഷൻ ഉദ്യോഗസ്ഥർ വിവിധ പരിശീലന സ്ഥാപനങ്ങളിൽ നടത്തിയ സന്ദർശനങ്ങളുടെ സമഗ്രമായ അവലോകന റിപ്പോർട്ട് തയ്യാറാക്കുക.

പൗരകേന്ദ്രിത സേവനങ്ങൾ എന്ന വിഷയത്തിൽ പഠനം ത്വരിതഗതിയിലാക്കുക.

**പത്താമത് യോഗം - 14.12.2017**

ക്ഷേമനിയമങ്ങളുടെ അവലോകനം എന്ന പഠനത്തിൽ, കുടിയേറ്റ തൊഴിലാളികൾ, മുതിർന്ന പൗരൻമാർ എന്നീ വിഭാഗങ്ങളുടെ പഠനം സംബന്ധിച്ചുള്ള പബ്ളിക് ഹിയറിംഗ് 2018 ജനുവരി 4 ന് എറണാകുളം ടൗൺ ഹാളിൽ വെച്ചും, മാനസിക ശാരീരിക വെല്ലുവിളികൾ

നേരിടുന്നവരുടെ പഠനത്തോടനുബന്ധിച്ചുള്ള പബ്ളിക് ഹിയറിംഗ് 2018 ജനുവരി 5 ന് പാലക്കാട് ടൗൺ ഹാളിൽ വെച്ചും, മാനസികാരോഗ്യം സംബന്ധിച്ച പഠനവുമായി ബന്ധപ്പെട്ട പബ്ളിക് ഹിയറിംഗ് 2018 ജനുവരി 11 ന് കണ്ണൂരിൽ വെച്ചും നടത്തുക. പബ്ളിക് ഹിയറിംഗുകൾ സംഘടിപ്പിക്കുന്നതിൽ അതത് ജില്ലാ കളക്ടർമാർ മുഖേന ക്രമീകരണങ്ങൾ ചെയ്യുക.

### പതിനൊന്നാമത് യോഗം - 01.03.2018

2018 മാർച്ച് 8 -ന് മുമ്പ് ആവശ്യമായ ഭേദഗതികളോടെ ഉദ്യോഗസ്ഥ ശേഷി വികസനം സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുക.

ഭരണപരിഷ്കാര കമ്മീഷന്റെ ഓഫീസ് ഐ.എം.ജിയിൽ സജ്ജീകരിച്ച സാഹചര്യത്തിൽ സെക്രട്ടേറിയറ്റിൽ പ്രവർത്തിക്കുന്ന ഓഫീസ് 2018 മാർച്ച് 28 ന് ഐ.എം.ജി യിലേക്ക് മാറ്റുക.

ക്ഷേമനിയമങ്ങളുടെ അവലോകനം-1 എന്ന പഠനത്തിൽ സെന്റർ ഫോർ സോഷ്യോ എക്കണോമിക് ആന്റ് എൻവയോൺമെന്റൽ സ്റ്റഡീസ്, കൊച്ചി എന്ന സ്ഥാപനത്തിന്റെ സഹകരണം കൂടി ഉപയോഗപ്പെടുത്തുക.

പരിസ്ഥിതിയും സുസ്ഥിര വികസനവും, ധനകാര്യവും ആസൂത്രണവും, ഫലപ്രാപ്തിയുളളതും കാര്യക്ഷമവുമായ ഭരണം, അടിസ്ഥാന സൗകര്യങ്ങൾ - ഉപയോഗവും സംരക്ഷണവും തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച് പഠനം ആരംഭിക്കുന്നതിനായി സി.എം.ഡി, തിരുവനന്തപുരവുമായി ചേർന്ന് ബ്രെയിൻ സ്റ്റോമിംഗ് സെഷൻ നടത്തുക.

### പന്ത്രണ്ടാമത് യോഗം - 28.03.2018

ഐ.എം.ജി യിലെ ഓഫീസ് സൗകര്യത്തിലേക്ക് കമ്മീഷന്റെ പ്രവർത്തനം മാറ്റിയതിനോടനുബന്ധിച്ച് കംപ്യൂട്ടറുകൾ, ഫർണിച്ചറുകൾ എന്നിവ ഐ.എം.ജി മുഖേന ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക.

കമ്മീഷൻ തുടർന്ന് നടത്തുന്ന പഠനങ്ങളുമായി ബന്ധപ്പെട്ട് 2018 മെയ് 9,11 തീയതികളിൽ സി.എം.ഡി, തിരുവനന്തപുരവുമായി ചേർന്ന് ബ്രെയിൻ സ്റ്റോമിംഗ് നടത്തുക.

### പതിമൂന്നാമത് യോഗം - 10.05.2018

പൗരകേന്ദ്രിത സേവനപ്രദാനം എന്ന പഠനത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പബ്ളിക് ഹിയറിംഗ് നടത്തുക. പഠനത്തിൽ സി.എസ്.ഇ.എസ്, കൊച്ചി -യെ പങ്കാളിയാക്കുക.

ഇ - ഗവേൺസ് എന്ന വിഷയത്തിൽ പഠനം ആരംഭിക്കുക.

ഉദ്യോഗസ്ഥ സംവിധാന പരിഷ്കരണം എന്ന വിഷയത്തിൽ പഠനം ആരംഭിക്കുക.

ധനകാര്യവും ആസൂത്രണവും എന്ന വിഷയത്തിൽ പഠനം ആരംഭിക്കുക.

## പതിനാലാമത് യോഗം - 20.06.2018

പൗരകേന്ദ്രിത സേവന പ്രദാനം എന്ന വിഷയത്തിൽ 16.07.2018 ന് ആലപ്പുഴ ജില്ലയിലും തുടർന്ന് ആഗസ്റ്റ് രണ്ടാം വാരത്തിൽ തിരുവനന്തപുരത്തെ നെടുമങ്ങാടും ആഗസ്റ്റ് മൂന്നാം വാരം പത്തനംതിട്ട ജില്ലയിലും പബ്ളിക് ഹിയറിംഗ് നടത്തുക.

സുസ്ഥിര വികസനവുമായി ബന്ധപ്പെട്ട പഠനത്തിൽ, കമ്മീഷനെ സഹായിക്കുന്നതിന് സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം, കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായം സ്വീകരിക്കുക.

## പതിനഞ്ചാമത് യോഗം - 31.07.2018

ഉദ്യോഗസ്ഥ സംവിധാന പരിഷ്കരണം എന്ന പഠനത്തിൽ സി.എം.ഡി, തിരുവനന്തപുരം -നെ പങ്കാളിയാക്കാൻ തീരുമാനിച്ചു.

സുസ്ഥിര വികസനവുമായി ബന്ധപ്പെട്ട പഠനത്തിൽ, കമ്മീഷനെ സഹായിക്കുന്നതിന് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി ആന്റ് എൻവയോൺമെന്റ് എന്ന സ്ഥാപനത്തിന്റെ സഹായം സ്വീകരിക്കുക.

## പതിനാറാമത് യോഗം - 07.09.2018

സംസ്ഥാനത്ത് വെള്ളപ്പൊക്കം ഉണ്ടായ സാഹചര്യത്തിൽ പബ്ളിക് ഹിയറിംഗുകൾ മാറ്റി വെക്കാനും ചെലവു കുറഞ്ഞ രീതിയിൽ പഠനങ്ങൾ പുന:ക്രമീകരിക്കാനും നടപടി സ്വീകരിക്കുക.

കമ്മീഷൻ ഓഫീസ് പ്രവർത്തനങ്ങളിൽ കടലാസിന്റെ ഉപയോഗം പരമാവധി കുറയ്ക്കുക.

മൂന്നാം ഭരണപരിഷ്കാര കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കിയതിന്റെ ഫലപ്രാപ്തി സംബന്ധിച്ച് സി.എം.ഡി, തിരുവനന്തപുരം ലഭ്യമാക്കിയ റിപ്പോർട്ട് യോഗം പരിഗണിച്ചു. ഭരണ പരിഷ്കരണങ്ങൾ സംബന്ധിച്ച്, സ്വദേശത്തും വിദേശത്തുമുള്ള അനുകരണീയ മാതൃകകൾ

സംബന്ധിച്ച രണ്ടാം ഘട്ട റിപ്പോർട്ടു കൂടി സി.എം.ഡി, തിരുവനന്തപുരം ലഭ്യമാക്കിയതിനു ശേഷം, തുടർ നടപടികൾ സ്വീകരിക്കുക.

**പതിനേഴാമത് യോഗം - 25.10.2018**

പൊതുജനങ്ങൾ കൂടി ഉപയോഗിക്കുന്ന പൊതു കെട്ടിടങ്ങളുടെ നിർമ്മിതി, രൂപരേഖ തയ്യാറാക്കൽ, ആസൂത്രണം, ധനസമാഹരണം എന്നിവ സംബന്ധിച്ച് ഈ രംഗത്ത് പ്രവർത്തിക്കുന്ന വിദഗ്ധരുമായി ഒരു പ്രാഥമിക ചർച്ച നടത്തുക.

ഉദ്യോഗസ്ഥ സംവിധാന പരിഷ്കരണം എന്ന പഠനവിഷയവുമായി ബന്ധപ്പെട്ട് ഡിസംബർ വാരത്തിൽ ഒരു ശിൽപശാല സംഘടിപ്പിക്കുക.

**പതിനെട്ടാമത് യോഗം - 13.12.2018**

പൗരകേന്ദ്രിത സേവനപ്രദാനം എന്ന പഠന വിഷയത്തിൽ സമയപരിമിതിക്കുള്ളിൽ നിന്നു കൊണ്ട് സാധ്യമാകുന്നിടത്തോളം ജില്ലകളിൽ (കാസർഗോഡ്, വയനാട്, തൃശ്ശൂർ, കോട്ടയം, പത്തനംതിട്ട) പബ്ളിക് ഹിയറിംഗ് നടത്തുക.

യോഗം കമ്മീഷന്റെ പ്രവർത്തന പുരോഗതി വിലയിരുത്തി, കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ജനങ്ങളിലേക്കെത്തിക്കുവാൻ ഒരു താത്കാലിക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിച്ചു.

പൗരകേന്ദ്രിത സേവനങ്ങൾ സംബന്ധിച്ച പബ്ളിക് ഹിയറിംഗുകളോടൊപ്പം പാർശ്വവൽകൃത വിഭാഗങ്ങളായ പട്ടിക വർഗ്ഗക്കാർ, പട്ടികജാതിക്കാർ, മത്സ്യ തൊഴിലാളികൾ എന്നീ വിഭാഗങ്ങളുടെ പ്രത്യേക സെഷനുകൾ കൂടി സംഘടിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കുക.

**പത്തൊമ്പതാമത് യോഗം - 12.02.2019**

വിവിധ പഠനങ്ങളുടെ പുരോഗതി വിലയിരുത്തി. സമയക്രമം കർശനമായി പാലിക്കണമെന്നു തീരുമാനിച്ചു.

ജനകേന്ദ്രിത സേവനപ്രദാനം എന്ന പഠനം വിവിധ ഘട്ടങ്ങളിലായി നടത്തുന്നതിനും, ലാന്റ് റവന്യൂ വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, സർവ്വേയും ഭൂരേഖയും വകുപ്പ്, ഭക്ഷ്യ പൊതുവിതരണ വകുപ്പ്, പോലീസ് വകുപ്പ്, കൺസ്യൂമർ ഫെഡ് എന്നിവയെ ഉൾപ്പെടുത്തുന്നതിനും, ആദ്യഘട്ട പഠനം പൂർത്തിയാക്കുന്നതിന് പ്രതിഫലമായി സി.എസ്.ഇ.എസ് സമർപ്പിച്ച 6,98,500/- രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം നൽകുന്നതിനും തീരുമാനിച്ചു. കൂടാതെ

ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിലെത്തിക്കാൻ സോഷ്യൽ മീഡിയയുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി പ്രൊഫഷണൽ സർവ്വീസ് എന്ന നിലയിൽ ഐ.ടി പ്രാവീണ്യമുള്ള ഒരാളുടെ സേവനം മൂന്ന് മാസത്തേക്ക് പ്രയോജനപ്പെടുത്താൻ തീരുമാനിച്ചു.

### ഇരുപതാമത് യോഗം - 29.05.2019

ജനകേന്ദ്രിത സേവനപ്രദാനം (രണ്ടാം ഘട്ട പഠനം) സി.എസ്.ഇ.എസ്, കൊച്ചിയെ ഏൽപ്പിക്കുന്നതിനും, പ്രതിഫല തുക അംഗീകരിക്കുതിനും തീരുമാനിച്ചു.

'കുട്ടനാട് - പരിസ്ഥിതിയും വികസനവും നേരിടുന്ന പ്രശ്നങ്ങൾ' എന്ന വിഷയം സംബന്ധിച്ച് 2019 ജൂൺ മാസം, കുട്ടനാട്ടിൽ വെച്ച് ഒരു സെമിനാർ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു. 'അടിസ്ഥാന സൗകര്യങ്ങൾ - വികസനവും അനുരക്ഷണവും സംബന്ധിച്ച പഠനം' - ൽ നാറ്റ്പാക്, കോസ്റ്റ് ഫോർഡ്, ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ - ഓപ്പറേറ്റീവ് സൊസൈറ്റി, എന്നീ മൂന്ന് സ്ഥാപനങ്ങളുടെ കൂട്ടായ്മയുടെ സേവനം പ്രയോജനപ്പെടുത്താൻ തീരുമാനിച്ചു. ധനകാര്യവും, ആസൂത്രണവും എന്ന പഠനത്തിൽ സി.ഡി.എസ്, ഗിഫ്റ്റ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണം തേടാൻ തീരുമാനിച്ചു.

സേവനപ്രദാനം മെച്ചപ്പെടുത്തുതിന് വേണ്ടി ഇ-ഗവേണൻസ് -നെ എങ്ങനെ സമീപിക്കാം എന്നത് സംബന്ധിച്ച് ഒരു അഖിലേന്ത്യാ സെമിനാർ കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിലെ DARPG - യുടെ സാമ്പത്തിക പിന്തുണയോടെ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു.

### ഇരുപത്തി ഒന്നാമത് യോഗം - 22.06.2019

ജനകേന്ദ്രിത സേവന പ്രദാനം സംബന്ധിച്ച പബ്ളിക് ഹിയറിംഗുകൾ 2019 ജൂലായ് 3-ാം വാരം നടത്താൻ തീരുമാനിച്ചു.

'അടിസ്ഥാന സൗകര്യങ്ങൾ - വികസനവും അനുരക്ഷണവും', 'ധനകാര്യവും ആസൂത്രണവും', 'അക്കൗണ്ടബിലിറ്റി മെക്കാനിസം ഇൻ ഗവൺമെന്റ്' എന്നീ പഠനങ്ങൾക്കായി രൂപീകരിച്ച വിദഗ്ധ സമിതി വിപുലീകരിക്കാൻ തീരുമാനിച്ചു.

### ഇരുപത്തി രണ്ടാമത് യോഗം - 29.07.2019

പാർശ്വവൽകൃത സമൂഹം മുഖ്യധാരയിലേക്ക് (രണ്ടാം ഘട്ടം) സംബന്ധിച്ച് കമ്മീഷൻ നടത്തിവരുന്ന പഠനത്തിന് ഒരു കൺസൾട്ടൻസിയുടെ സേവനം ആവശ്യമുണ്ടെന്നുള്ള കാര്യം

പരിഗണിച്ച് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ- വികസനവും അനുരക്ഷണവും എന്ന പഠനത്തിൽ കൺസൾട്ടൻസിയായി സി.എം.ഡി. തിരുവനന്തപുരത്തെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

ധനകാര്യവും ആസൂത്രണവും എന്ന പഠനത്തിന്റെ കൺസൾട്ടൻസിയായി സി.ഡി.എസ് നെ ചുമതലപ്പെടുത്തുവാൻ തത്വത്തിൽ തീരുമാനിച്ചു.

ഇരുപത്തി രണ്ടാമത് യോഗത്തിന് ശേഷം പ്രവർത്തനം അവസാനിപ്പിക്കുന്നതുവരെ കമ്മീഷൻ യോഗങ്ങൾ കൂടിയിട്ടില്ല. കമ്മീഷൻ ചെയർമാന്റെ ആരോഗ്യ പ്രശ്നങ്ങൾ മൂലമാണ് കമ്മീഷൻ യോഗങ്ങൾ നടക്കാതെ വന്നത്. ഇക്കാലയളവിൽ ചെയർമാന് ഫയൽ സർക്കുലേറ്റ് ചെയ്തു കൊണ്ടാണ് പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുത്തിരുന്നത്.

അദ്ധ്യായം -3

# മൂന്നാം ഭരണപരിഷ്കാര കമ്മിറ്റി റിപ്പോർട്ടുകൾ ശുപാർശകളുടെ നടപ്പാക്കൽ

കമ്മീഷന്റെ സമീപന രേഖയിൽ പ്രതിപാദിച്ച വിവിധ പഠനമേഖലകളിന്മേലുള്ള പഠനങ്ങളും റിപ്പോർട്ടുകളും തയ്യാറാക്കുന്നതിന് മുന്നോടിയായി മൂന്നാമത് ഭരണപരിഷ്കാര കമ്മിറ്റി 2000-01 കാലയളവിൽ സമർപ്പിച്ച റിപ്പോർട്ടുകളിന്മേലുള്ള ശുപാർശകളുടെ നടപ്പാക്കലിന്റെ തൽസ്ഥിതി സംബന്ധിച്ച് ഭരണപരിഷ്കാര കമ്മീഷൻ ഒരു പഠനം നടത്തി. സി.എം.ഡി, തിരുവനന്തപുരത്തിന്റെ സഹകരണത്തോടെയാണ് പഠനം നടത്തിയത്. ഉത്തരവാദാധിഷ്ഠിത ഭരണം ഉറപ്പാക്കുന്ന ശുപാർശകൾ നൽകുക എന്നതായിരുന്നു മൂന്നാമത്തെ ഭരണ പരിഷ്കരണ സമിതിയുടെ ലക്ഷ്യം. ജനാധിപത്യ വികേന്ദ്രീകരണം, ഉദ്യോഗസ്ഥരുടെയും വകുപ്പുകളുടെയും യുക്തിപരമായ പുന:സംഘടന, ഓഫീസ് അച്ചടക്കം, സെക്രട്ടേറിയറ്റിൽ പ്രവർത്തിക്കുന്ന ഭരണ - ധന വകുപ്പുകളുടെ പ്രവർത്തന പുനർനിർവചനം എന്നിവ സംബന്ധിച്ച ശുപാർശകളാണ് മൂന്നാമത്തെ എ.ആർ.സി സമർപ്പിച്ചത്. "Report on Status of Implementation of the 3rd Administrative Reforms Committee Recommendations-Kerala" എന്ന തലക്കെട്ടിലുള്ള ഈ പഠനത്തിലൂടെ മൂന്നാം ഭരണ പരിഷ്കാരകമ്മീഷൻ നൽകിയ ശുപാർശകൾ എത്രമാത്രം ഫലപ്രദമായി നടപ്പിലാക്കി എന്നത് സംബന്ധിച്ച് വിശദമായി പരിശോധിക്കുന്നുണ്ട്. സർക്കാർ ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ എന്നിവരുമായി നടത്തിയ ചർച്ചകളുടെയും, വിവിധ പൊതു ഉപയോഗ സംവിധാനങ്ങൾ സന്ദർശിച്ച് നടത്തിയ നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ പഠന റിപ്പോർട്ട് തയ്യാറാക്കിയത്.

സർക്കാർ അംഗീകരിച്ച ശുപാർശകൾ നടപ്പിലാക്കുന്നതിൽ വിവിധ വകുപ്പുകളുടെ ഭാഗത്തുനിന്നുമുണ്ടാകേണ്ട പ്രതിബദ്ധതയുടെ അഭാവമാണ് മൂന്നാമത് ഭരണപരിഷ്കാര കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ മുഖ്യ തടസ്സം.

ശുപാർശകൾ നടപ്പാക്കുന്നതിന് മുന്നോടിയായി അതിന്റെ പൊരുൾ മനസ്സിലാക്കേണ്ടതും അവ ഏകോപിപ്പിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. പക്ഷേ, അത് വളരെ അപൂർവമായി മാത്രമേ സംഭവിച്ചിട്ടുള്ളൂ. സന്ദർശിച്ച മിക്കവാറും വകുപ്പുകളിലും പൊതുമേഖല സ്ഥാപനങ്ങളിലും ഈ കാഴ്ചപ്പാട് ഇല്ലെന്ന് പഠനം കണ്ടെത്തി. തൽഫലമായി ഭരണപരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിൽ ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടില്ല. എന്നാൽ, അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട ശുപാർശകൾ, പൗരാവകാശ രേഖ, സുതാര്യത, വിവരാവകാശം, പരാതി പരിഹാര സംവിധാനങ്ങൾ പോലുള്ള മൂന്നാം ഭരണപരിഷ്കാര

കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ പൗരകേന്ദ്രിത സേവനപ്രദാനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നതിന് സർക്കാർ ശ്രമം ആരംഭിച്ചിട്ടുണ്ട്. ഫയൽ - ഹാജർ എന്നിവയുടെ നിരീക്ഷണവുമായി ബന്ധപ്പെട്ട ശുപാർശകൾ ഫലപ്രദമായ ഭരണത്തിനുള്ള സാങ്കേതിക പാക്കേജുകൾ വികസിപ്പിക്കുന്നതിന് വഴിയൊരുക്കി. ധനകാര്യ വകുപ്പിലെ പരിഷ്കരണങ്ങൾ വകുപ്പിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

ഭരണപരിഷ്കാരങ്ങളുടെ നിർണ്ണായക മേഖലകളിലൊന്നായ ഉദ്യോഗസ്ഥ പരിഷ്കാരണവുമായി ബന്ധപ്പെട്ട മൂന്നാമത് ഭരണപരിഷ്കാര കമ്മിറ്റിയുടെ ശുപാർശകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി സ്ഥാപനപരമായ വെല്ലുവിളികളെ മറി കടക്കേണ്ടതായിട്ടുണ്ട്. ഭരണപരിഷ്കാര കമ്മിറ്റിയുടെ പരിഷ്കരണ അജണ്ട നടപ്പിലാക്കുന്നതിലുള്ള പുരോഗതി അടിസ്ഥാനമാക്കി കാര്യക്ഷമവും ഫലപ്രദവുമായ വകുപ്പുതല പരിഷ്കരണ അജണ്ട രൂപീകരിക്കേണ്ടതുണ്ട്. ഇതിനായി വകുപ്പുകളുടെ സന്നദ്ധതയും പ്രതിബദ്ധതയും വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. ഇതിനായി അനുയോജ്യമായി രൂപകല്പന ചെയ്ത പരിശീലനങ്ങളിലൂടെ എല്ലാ വകുപ്പുകളുടെയും പങ്കാളിത്തം ഉറപ്പാക്കാം.

## 3.1 നടപ്പിലാക്കപ്പെട്ടിട്ടില്ലാത്ത റിപ്പോർട്ടുകളും ശുപാർശകളും

**Report 1 : Citizens Charter, Grievance Redressal, Transparency and Right to Information.**

1. ഔപചാരിക സർവേകളിലൂടെ, വിവിധ തലങ്ങളിൽ, പൗരാവകാശ രേഖയുടെ അടിസ്ഥാന ലക്ഷ്യം പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കേണ്ടതുണ്ട്.
2. സമഗ്രമായ അവലോകനത്തെ അടിസ്ഥാനമാക്കി ഓരോ വർഷവും മെച്ചപ്പെടുത്തലുകൾ/മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.
3. പ്രസക്തമായ രേഖകൾ ശേഖരിക്കുകയും അവ സൂചികയിലാക്കുകയും ചെയ്ത്, സംസ്ഥാന സെൻട്രൽ ലൈബ്രറിയിലും പബ്ലിക റിലേഷൻസ് ഡയറക്ടറുടെ പക്കലും പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടത് ആവശ്യമാണ്.
4. വിഷയാടിസ്ഥാനത്തിൽ സർക്കാർ ഉത്തരവുകളുടെ സംക്ഷേപം ഉടനടി തയ്യാറാക്കി ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും ജില്ലാ ലൈബ്രറികളിലും ലഭ്യമാക്കുക.
5. വിവരങ്ങൾ സ്വമേധയാ പ്രസിദ്ധീകരിക്കുന്ന ഒരു സ്ഥിര സംവിധാനം ഉണ്ടായിരിക്കണം.
6. സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത വിശ്വാസയോഗ്യരും പൊതു സ്വീകാര്യരും ആയ പ്രമുഖരായ വ്യക്തികളെ ഉൾപ്പെടുത്തി ഒരു സോഷ്യൽ ഓഡിറ്റ് പാനൽ സർക്കാരിന് രൂപീകരിക്കാം.

7. ഒരു പ്രത്യേക വകുപ്പ്/ഓഫീസുമായി ബന്ധപ്പെട്ട പരാതി ഹർജികൾ വിഷയാടിസ്ഥാനത്തിൽ തരം തിരിക്കേണ്ടതുണ്ട്.

8. സോഷ്യൽ ഓഡിറ്റിന്റെ ആവശ്യത്തിനായി ഇനിപ്പറയുന്ന വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

   i. ആപ്ലിക്കേഷനുകളുടെ പ്രോസസ്സിംഗ് പുരോഗതി, ഭൗതികവും സാമ്പത്തികവുമായ നേട്ടങ്ങൾ.

   ii. സ്ഥാപനത്തിന്റെ ഇനം തിരിച്ചുള്ള മുതൽമുടക്ക്.

   iii. വികസന പരിപാടികൾക്കായി യോഗ്യതാ വിഭാഗങ്ങളുടെ യോഗ്യതാ മാനദണ്ഡങ്ങളും മുൻഗണനാ മാനദണ്ഡങ്ങളും.

   iv. വിവിധ പദ്ധതികളുടെ കീഴിൽ സഹായം ലഭിച്ച ഗുണഭോക്താക്കളുടെ പട്ടിക.

9. ഓരോ വകുപ്പും തങ്ങൾക്ക് ലഭിച്ച പൊതു പരിപാടികൾ, സ്വീകരിച്ച നടപടികൾ, നേരിട്ട പ്രശ്നങ്ങൾ എന്നിവയെക്കുറിച്ചും നയം, നടപടിക്രമങ്ങൾ മുതലായവയിൽ ഉയർന്ന തലങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കണം. വകുപ്പ്/ഏജൻസി തിരിച്ചുള്ള റിപ്പോർട്ട്, പി & എ.ആർ.ഡി സെക്രട്ടറി ക്ക് സമർപ്പിക്കണം.

10. ഗ്രാമ പായത്തുകൾ, ബ്ലോക്ക് പായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയുമായി ബന്ധപ്പെട്ട പൊതു പരാതികൾക്കായി ജില്ലാ കളക്ടറുടെ കീഴിൽ ജില്ലാ തലത്തിൽ പരാതി പരിഹാര സമിതികൾ രൂപീകരിക്കാം. കോർപ്പറേഷനുകളെയും ജില്ലാ പഞ്ചായത്തുകളെയും കുറിച്ചുള്ള പരാതികൾക്ക് സമാനമായ സമിതികൾ സംസ്ഥാന തലത്തിൽ ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറിയുടെ കീഴിൽ രൂപീകരിക്കാം.

11. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പൊതു പരാതികൾ പരിഹരിക്കുന്നതിന്, ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും വിശ്വാസ്യ യോഗ്യമായ സാങ്കേതിക വിദഗ്ധർ ഉൾപ്പെടുന്ന സാങ്കേതിക ഓഡിറ്റ് പാനലുകൾ രൂപീകരിക്കാം. ഈ പാനലുകൾക്ക് പരാതികൾ കമ്മിറ്റി റിപ്പോർട്ടുകൾ തുടങ്ങിയവ പരിശോധിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യാം.

12. അഡീഷണൽ ചീഫ് സെക്രട്ടറി റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഒരു ഉദ്യോഗസ്ഥ സംഘം രൂപീകരിച്ച് സർക്കാർ തലത്തിൽ നിരീക്ഷണ സംവിധാനം സജ്ജീകരിക്കാം. സെക്രട്ടറി, പി & എ.ആർ.ഡി ഈ കമ്മിറ്റിയുടെ സെക്രട്ടറിയാകാം, കൂടാതെ സ്വീകാര്യമായ ശുപാർശകളുടെ നടത്തിപ്പും നിരീക്ഷണവും സംബന്ധിച്ച

ഫയലുകൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിൽ സൂക്ഷിക്കേണ്ടതുണ്ട്. ഈ സംഘത്തിൽ സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (റവന്യൂ), സെക്രട്ടറി (നിയമം), രണ്ട് വകുപ്പ് മേധാവികൾ, രണ്ട് ജില്ലാ കളക്ടർമാർ എന്നിവരെ ഉൾപ്പെടുത്താം.

**Report II : Monitoring of Movement of Files and Attendance – Use of Information Technology**

ശുപാർശകൾ പൂർണ്ണമായി നടപ്പാക്കപ്പെട്ടില്ല

**Report III : Financial Reforms**

1. കൂടിയാലോചനകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ക്ലിയറൻസുകളുടെ വേഗത വർദ്ധിപ്പിക്കുന്നതിനുമായി ധനകാര്യ വകുപ്പിലെ നടപടിക്രമങ്ങൾ സുഗമമാക്കുക. ധനകാര്യ വകുപ്പിലെ എക്സ്പെൻഡിച്ചർ വിഭാഗങ്ങളുടെ ചുമതലയുള്ള ഉദ്യോഗസ്ഥരെ (അഡീഷണൽ സെക്രട്ടറി മുതൽ ജോയിൻറ് സെക്രട്ടറി തലം വരെ) ബന്ധപ്പെട്ട ഭരണ വകുപ്പുകളുടെ സെക്രട്ടറിമാരുടെ സാമ്പത്തിക ഉപദേഷ്ടാക്കളായി നിയമിക്കുക.

2. ആശുപത്രി ഉപകരണങ്ങളുടെ അറ്റകുറ്റപണികൾ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർമാർ, മെഡിക്കൽ കോളജുകളിലെ പ്രിൻസിപ്പൽമാർ, ആരോഗ്യ സേവനരംഗത്തെ ഡയറക്ടർമാർ എന്നിവരെ ഏൽപ്പിക്കണം.

3. സാമ്പത്തിക ഉത്തരവുകൾ - സാമ്പത്തിക നടപടികളെക്കുറിച്ച് എല്ലാ വർഷവും ഒക്ടോബർ ആദ്യ ആഴ്ചയോടെ ധനകാര്യ വകുപ്പ് ഏകീകൃത ഉത്തരവ് പുറപ്പെടുവിക്കാൻ ശുപാർശ ചെയ്യുന്നു.

4. ധനകാര്യ വകുപ്പിന്റെയും നിയന്ത്രണ ഉദ്യോഗസ്ഥരുടെയും പരസ്പര പ്രവർത്തനം - കൺട്രോളിംഗ് ഓഫീസർമാരുടെ പക്കൽ ഒരു മാസത്തേക്കോ മൂന്ന് മാസത്തേക്കോ ചെലവഴിക്കാൻ കഴിയുന്ന പണത്തിന്റെ അളവ് ധനകാര്യവകുപ്പിന് സൂചിപ്പിക്കാൻ കഴിയും. അങ്ങനെ ചെലവുകൾക്ക് മുൻഗണന നൽകാൻ കൺട്രോളിംഗ് ഓഫീസർമാർക്ക് കഴിയും. അതു പോലെ തന്നെ കൺട്രോളിംഗ് ഓഫീസർമാർ അടുത്ത മാസത്തേയ്ക്കോ അടുത്ത മൂന്ന് മാസത്തേയ്ക്കോ ഉള്ള അവരുടെ സാമ്പത്തിക ആവശ്യകത (പ്രവർത്തനഘട്ടത്തെക്കുറിച്ചും, വിഭവങ്ങൾ എങ്ങനെ ഫലപ്രദമായി വിനിയോഗിക്കും എന്നിവ കൂടി ഉൾപ്പെടുത്തി) തയ്യാറാക്കണം.

## Report IV : Personnel Reforms

1. നിയമനവുമായി ബന്ധപ്പെട്ട് കമ്പ്യൂട്ടർവത്കൃത ഡാറ്റയുടെ സഹായത്തോടെ Annual and Five Year Manpower Plans തയ്യാറാക്കാൻ എല്ലാ വകുപ്പ മേധാവികൾക്കും നിർദ്ദേശങ്ങൾ നൽകാം.

2. സ്പെഷ്യൽ റൂൾ-സിൽ ആവശ്യമായ ഭേദഗതികൾ പരിഗണിക്കുന്നതിന് പരിചയസമ്പരായ മുതിർ ഉദ്യോഗസ്ഥരുടെ ഒരു സംഘത്തിനെ പി.എസ്.സി ഓഫീസ്, സെക്രട്ടേറിയറ്റിലെ പൊതുഭരണം, പി &എ.ആർ എന്നീ വകുപ്പുകളിൽ നിന്നും നിയോഗിക്കാം.

3. അപേക്ഷകർ കൂടുതലുള്ളതും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിക്കുന്നതുമായ നിയമനങ്ങൾക്ക് സ്ക്രീനിംഗ് ടെസ്റ്റ് സംവിധാനം നടപ്പിലാക്കുക.

4. ആവശ്യമെങ്കിൽ ഇതിനകം തന്നെ അന്തിമരൂപം നൽകിയിട്ടുള്ള വകുപ്പ തിരിച്ചുള്ള സ്ഥലം മാറ്റ പൊതുമാനദണ്ഡങ്ങൾ കൂടുതൽ വിപുലമാക്കാം. ഇതിനെ അടിസ്ഥാനമാക്കി, വിവിധ തസ്തികകളിലേക്ക്, പ്രത്യേകിച്ച് ഉന്നത പദവികൾക്കും പ്രൊഫഷണലുകൾക്കും വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കാം.

5. മികച്ച പ്രകടനം നടത്തുന്നവർക്കും പിന്നോക്ക മേഖലകളിൽ സേവനമനുഷ്ഠിക്കുന്നവർക്കും ആനുകൂല്യങ്ങളും, മോശം പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്നവരെ നിരുത്സാഹപ്പെടുത്തുന്ന നടപടികളും, സ്ഥലമാറ്റ മാനദണ്ഡങ്ങളിൽ ലഭ്യമാക്കണം.

6. പൊതുതാൽപര്യമുള്ളപ്പോൾ ഒഴികെ, നിയുക്ത അധികാരി മാത്രമേ സ്ഥലം മാറ്റങ്ങൾ നടത്താവൂ.

7. സ്ഥലം മാറ്റത്തിനായുള്ള അപേക്ഷകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ നൽകുകയും, ക്രമമനുസരിച്ച് നമ്പറിടുകയും കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുകയും വേണം.

8. കരട് സ്ഥലംമാറ്റ ഉത്തരവുകൾ പ്രസിദ്ധീകരിക്കുകയും പരാതികൾ ക്ഷണിക്കുകയും വേണം. പരാതികൾ തീർപ്പാക്കി, അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കാം.

9. പരിശോധന സംഘങ്ങളെ നിയോഗിക്കുകയും വർഷത്തിൽ ഒരു മിന്നൽ പരിശോധന എങ്കിലും നടത്തി, വീഴ്ചകൾ ശ്രദ്ധയിൽപ്പെടുമ്പോൾ ഉടനടി നടപടി കൈക്കൊള്ളുകയും വേണം.

10. എല്ലാ പ്രധാന സർക്കാർ ഓഫീസുകളിലും 'കൃത്യനിഷ്ഠ സംഘങ്ങൾ' (Punctuality Groups) രൂപീകരിക്കുകയും, ഇതിൽ എല്ലാ വിഭാഗം തസ്തികകളിലേയും ജീവനക്കാർക്ക് പ്രാതിനിധ്യം നൽകുകയും വേണം.

11. ജീവനക്കാർക്ക് സുഗമമായി ഓഫീസുകളിൽ എത്തിച്ചേരുന്നതിന്, റെയിൽവേ സ്റ്റേഷൻ/ബസ് സ്റ്റാൻഡ് പോലുള്ള നിർദ്ദിഷ്ട സ്ഥലങ്ങളിൽ നിന്ന് പ്രധാന ഓഫീസ് സമുച്ചയങ്ങളിലേക്ക് നിശ്ചിത സമയങ്ങളിൽ (പ്രത്യേകിച്ചും വലിയ നഗരങ്ങളിൽ) ഗതാഗത ക്രമീകരണം നൽകുന്നതിനുള്ള പദ്ധതിയുടെ സാദ്ധ്യത സർക്കാർ പരിഗണിക്കാം.

12. പൊതു അവധി ദിനങ്ങൾ (ഞായർ, രണ്ടാമത്തെ ശനി ദിവസങ്ങൾ ഒഴികെ) അഞ്ചായി പരിമിതപ്പെടുത്താം. മറ്റ് സാധാരണ അവധി ദിവസങ്ങൾ നഷ്ടപ്പെടുന്നതിന് പകരം, ജീവനക്കാർക്ക് അവരുടെ കാഷ്വൽ ലീവ് അർഹത ഉചിതമായി വർദ്ധിപ്പിക്കാം.

**Report V : Department – Specific Administrative Reforms – Land Revenue, Land Board & Registration Department, Civil Supplies and Legal Metrology Department**

ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടില്ല. സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

**Report VIII : Department – Specific Administrative Reforms**

## a) പട്ടികജാതി വികസന വകുപ്പ്

1. അധികാര വികേന്ദ്രീകരണത്തിന്റെ പശ്ചാത്തലത്തിൽ പട്ടികജാതി വികസന വകുപ്പിനെ പുന:സംഘടിപ്പിക്കണം.
2. തദ്ദേശ സർക്കാരുകളും അനുബന്ധ വകുപ്പുകളും നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾ നിരീക്ഷിക്കുന്നതിലും വിലയിരുത്തുന്നതിലുമുള്ള ചുമതല പട്ടികജാതി വികസന വകുപ്പ് ഏറ്റെടുക്കണം.
3. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളെ, സ്ഥല ലഭ്യത അടിസ്ഥാനമാക്കി ജില്ലാ പഞ്ചായത്തുകളിലേയ്ക്കോ നഗരസഭാ കേന്ദ്രങ്ങളിലേയ്ക്കോ മാറ്റാവുന്നതാണ്.

4. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ കാര്യത്തിൽ, മൂന്ന് കോളേജ് ലക്ചറർമാരെ ഉൾപ്പെടുത്തി ഒരു പാനൽ രൂപീകരിക്കുകയും അവർ ഹോസ്റ്റലുകളിൽ താമസിച്ച് ചുമതലകൾ നിർവ്വഹിക്കുകയുമാവാം. നിലവിലെ റസിഡന്റ് ട്യൂട്ടർ സംവിധാനം വിജയകരമല്ല. പെൺകുട്ടികളുടെ ഹോസ്റ്റലുകളുടെ കാര്യത്തിൽ, സ്ത്രീകളെ മാത്രം നിയമിക്കുന്നുവെന്ന് ഉറപ്പാക്കണം.

5. സാമൂഹ്യ പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുന്നതിൽ വൈദഗ്ദ്ധ്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ, സമഗ്രമായ ഇൻഡക്ഷൻ, റിഫ്രഷർ കോഴ്സുകളെ നടത്താൻ നിയോഗിക്കാം. അക്കാദമിക് മേഖലയിൽ നിന്നുമുള്ള സാമൂഹിക പ്രതിബദ്ധതയുള്ളവരെ ഓണററി രക്ഷാകർത്താക്കളായി നിയമിക്കാം.

6. ഹോസ്റ്റലുകളെ സംബന്ധിച്ച എല്ലാ ചെലവുകളും ഓരോ മാസവും ഇനം തിരിച്ച് പരസ്യമായി പ്രസിദ്ധീകരിക്കണം. വാങ്ങലുകളുടെ കാര്യത്തിൽ, ഓരോ ഇനത്തിന്റെയും ഗുണനിലവാരം, അളവ്, ഉറവിടം, നിരക്ക് എന്നിവ പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട വിവിധ സ്ഥാപനങ്ങൾ (പ്രത്യേകിച്ച് ഹോസ്റ്റലുകൾ) പ്രവർത്തിപ്പിക്കുന്നതിനായി മാനേജ്മെന്റ് മാന്വലുകൾ തയ്യാറാക്കേണ്ടതുണ്ട്. നിലവിലുള്ള സർക്കാർ നിയമങ്ങളും മാർഗ്ഗരേഖകളും ഈ മാന്വലിൽ ഉൾപ്പെടുത്താം.

8. വകുപ്പിന്റെ എല്ലാ വികസന പ്രവർത്തനങ്ങളെയും ഉൾക്കൊള്ളുന്ന ഒരു ക്രാഷ് പരിശീലന പരിപാടി സംഘടിപ്പിക്കണം.

## b) പട്ടിക വർഗ്ഗ വികസന വകുപ്പ്

1. പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഉദ്യോഗസ്ഥരെ വിന്യസിക്കുകയും അതിനനുസൃതമായി വകുപ്പ് പുന:സംഘടിപ്പിക്കുകയും ചെയ്യുക.

2. തദ്ദേശ സർക്കാരുകൾ ഉൾപ്പെടെയുള്ള വകുപ്പുകൾ നടപ്പാക്കുന്ന സംസ്ഥാനത്തെ പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ നിരീക്ഷിക്കുന്നതിലും വിലയിരുത്തുന്നതിലും പട്ടികവർഗ്ഗ വികസന വകുപ്പ് പ്രധാന പങ്ക് വഹിക്കണം.

3. പ്രീ മെട്രിക് ഹോസ്റ്റലുകൾ ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് കേന്ദ്രങ്ങളിലേക്ക് മാറ്റാം.

4. പട്ടിക വർഗ്ഗക്കാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി കോഴിക്കോട്, പാലക്കാട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ പ്രത്യേക പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കാം.

5. ആദിവാസി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഗുണനിലവാരത്തെക്കുറിച്ചുള്ള feed back നൽകുന്നതിനായി സംസ്ഥാന തലത്തിൽ ഒരു ഉന്നത സോഷ്യൽ ഓഡിറ്റ് ടീം രൂപീകരിക്കാം.

6. ആദിവാസി മേഖലകൾ സന്ദർശിക്കാനും ജനങ്ങളുമായി ചർച്ച ചെയ്യാനും അവരുടെ ആവശ്യങ്ങൾക്കനുസൃതമായും പ്രദേശങ്ങൾക്കനുയോജ്യവുമായ പദ്ധതികൾ ആവിഷ്കരിക്കാനും, വിവിധ മേഖലകൾക്കായി 'വിദഗ്ധ ആദിവാസി വികസന ഗ്രൂപ്പുകൾ' രൂപീകരിക്കാം. വയനാട്, ഇടുക്കി, പാലക്കാട്, കാസർഗോഡ് ജില്ലകൾക്കായി ഈ ഗ്രൂപ്പുകൾ രൂപീകരിക്കാം. ആദിവാസി പരിപാടികൾ ആവിഷ്കരിക്കുന്നതിന് പ്രാദേശിക സർക്കാരുകളെ സഹായിക്കാനും ഇവർക്ക് കഴിയും.

### c) സാമൂഹ്യ ക്ഷേമ വകുപ്പ്

1. സാമൂഹ്യ ക്ഷേമ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളെ, ജില്ലാ പഞ്ചായത്തുകളുടെ നടത്തിപ്പിന് കീഴിൽ കൊണ്ടുവരാം.

2. ഓരോ സ്ഥാപനത്തിന്റെയും പ്രത്യേക ആവശ്യങ്ങൾ കണക്കിലെടുത്ത്, ഈ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്ന വ്യക്തികളെ പരിശീലിപ്പിക്കേണ്ടത് ആവശ്യമാണ്. ഇതിനായി, സാമൂഹ്യ സേവന മേഖലയിലെ വിദഗ്ധ അക്കാദമിക് സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്താം.

## Report IX : Personal Reforms – Part II

1. അനാവശ്യ രേഖകൾ നശിപ്പിച്ച് കളയുന്നതിന് ജില്ലാതല ഉദ്യോഗസ്ഥർക്ക് അധികാരം നൽകാം. അത്തരം അനാവശ്യമായ രേഖകൾ തിരിച്ചറിയാൻ ഓരോ വകുപ്പും പ്രവർത്തന നിർദ്ദേശങ്ങൾ നൽകണം. അതിനുശേഷം, ഒരു മാസത്തിനുള്ളിൽ നീക്കം ചെയ്ത രേഖകൾ റെക്കോർഡ് റൂമിലേക്ക് മാറ്റാനുള്ള ക്രമീകരണം നടത്തണം. നിലവിലുള്ള രേഖകളും പുതുതായി എത്തുന്ന രേഖകളും ശരിയായി ക്രമീകരിച്ച്, എളുപ്പത്തിൽ പരിശോധന സുഗമമാക്കുന്നതിന് തയ്യാറാക്കണം.

2. ഓഫീസുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ, വകുപ്പ് തിരിച്ചുള്ള സ്റ്റാറ്റസ് സർക്കാർ തയ്യാറാക്കുകയും, വിടവ് കണക്കാക്കുകയും ചെയ്യാം.

3. സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിനുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്. ഏറ്റവും ബുദ്ധിമുട്ടുള്ള പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് ക്വാർട്ടേഴ്സിന്റെ ആവശ്യകത നിർണ്ണയിക്കാം. ഘട്ടം ഘട്ടമായി അവ ബഡ്ജറ്റ് വിഹിതത്തിൽ ലഭ്യമാക്കാം.

4. സേവനത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള ഉയർന്ന പ്രായപരിധി ഘട്ടം ഘട്ടമായി അഞ്ച് വർഷം കുറയ്ക്കാം.

5. സർക്കാർ തലത്തിലുള്ള സെക്രട്ടറിമാരെല്ലാം തങ്ങളുടെ വകുപ്പുകൾക്കായി ഒരു ടി.എ എസ്റ്റിമേറ്റ് തയ്യാറാക്കി ധനകാര്യ വകുപ്പിന് അയയ്ക്കണം.

6. വിലയിരുത്തൽ നടത്തുന്നതിനായി, ഓരോ വകുപ്പ് മേധാവിയോടും തന്റെ വകുപ്പിന്റെ ടി.എ കുടിശ്ശികയും വരും വർഷത്തേക്കുള്ള ആവശ്യകതയും സൂചിപ്പിക്കുന്ന ഒരു സ്റ്റേറ്റ്മെന്റ് നൽകാൻ ആവശ്യപ്പെടണം.

7. സെക്രട്ടറിമാർ നടത്തുന്ന അത്തരം വിലയിരുത്തലുകളെ അടിസ്ഥാനമാക്കി ധനകാര്യ വകുപ്പ് ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കണം.

8. സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകൾക്കായി, അത്തരമൊരു ഉദ്യമം ചീഫ് സെക്രട്ടറിയോ അഡീഷണൽ ചീഫ് സെക്രട്ടറിയോ ചെയ്യണം.

9. കേരളത്തിൽ വിരമിക്കൽ പ്രായം ഉയർത്തുന്നത് നിരവധി സാമൂഹിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. എത്രയും വേഗം ഒരു തീരുമാനം എടുക്കാൻ മാത്രമേ കമ്മിറ്റി സർക്കാരിനോട് അഭ്യർത്ഥിക്കുന്നുള്ളൂ.

10. പൊതുസേവന നിയമം, 1968 (Public Services Act,1968) കാലോചിതമാക്കുക.

11. സിവിൽ സർവ്വീസ് ബോർഡ് (സി.എസ്.ബി) രൂപീകരിക്കുക.

## Report X : Execution of Public Works

1. പൊതുമരാമത്ത് വകുപ്പ്, പദ്ധതികൾ കൃത്യമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഓരോ ജോലിക്കും വിശദമായ എസ്റ്റിമേറ്റുകൾ എടുക്കേണ്ടതാണ്. കൂടാതെ, ജോലിയുടെ ഉദ്ദേശിച്ച പുരോഗതിയും പ്രതീക്ഷിക്കുന്ന ഫണ്ടുകളും കാണിക്കുന്ന PERT ചാർട്ടുകൾ നിർബന്ധമാക്കണം. പ്രവർത്തന മുൻഗണനകൾ വ്യക്തമായി പ്രതിപാദിക്കുന്നതിനായി വാർഷിക കർമ പദ്ധതി സംയോജിപ്പിക്കണം.

2. വിവിധ തരത്തിലുള്ള ചെലവു കുറഞ്ഞ സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിനായി, മാനദണ്ഡങ്ങളും ഇനം തിരിച്ചുള്ള വിവരണങ്ങളും സമഗ്രമായി പരിഷ്കരിക്കണം.
3. നിരക്കുകളുടെ പട്ടിക എല്ലാ വർഷവും പരിഷ്കരിക്കുകയും ഏപ്രിൽ 1 മുതൽ ബാധകമാക്കുകയും വേണം. ചില ഇനങ്ങൾക്ക് പെട്ടെന്ന് വിലവർദ്ധന അനുഭവപ്പെടുന്നെങ്കിൽ, ഉടനടി പ്രസ്തുത നിരക്ക് വർദ്ധിപ്പിക്കുന്നതിന് ഒരു സംവിധാനം ഉണ്ടായിരിക്കണം. ചെലവുകളിലുണ്ടാകുന്ന പ്രാദേശിക വ്യതിയാനത്തെ കൂടെ പരിഗണിക്കേണ്ടതുണ്ട്.
4. പൊതുമരാമത്ത് വകുപ്പിന്റെ എല്ലാ വർക്ക് സൈറ്റുകളിലും ഉപയോഗിക്കേണ്ട വസ്തുക്കൾ, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഫണ്ടുകൾ, പ്രധാന പ്രവർത്തനങ്ങളുടെ പട്ടിക തുടങ്ങിയ വിവിധ വിശദാംശങ്ങൾ കാണിക്കുന്ന ബോർഡുകൾ പ്രദർശിപ്പിക്കണം.
5. മുഖ്യ സാങ്കേതിക പരിശോധകന്റെ പ്രധാന്യം വർദ്ധിപ്പിക്കണം. ചില പരിശോധനകളും ഗുണനിലവാര പരിശോധനകളും പുറം കരാർ നൽകാൻ സി.റ്റി.ഇ യെ അനുവദിക്കണം.
6. 25 ലക്ഷം രൂപയും അതിൽ കൂടുതലും നിർമ്മാണ ചെലവ് വരുന്ന പണികൾക്കായി, ഒരു മൂന്നാം കക്ഷി ഗുണനിലവാര അഷ്വറൻസ് ഉറപ്പ് വരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്താം. അക്കാദമിക് സ്ഥാപനങ്ങളെ ഇതിനായി പ്രയോജനപ്പെടുത്താം.
7. വാസ്തുവിദ്യാ രൂപകല്പനകളും ഘടനാപരമായ രൂപകൽപ്പനകളും ലഭിക്കുന്നതിന്, പ്രൊഫഷണൽ കൺസൾട്ടന്റുമാരുടെ ഒരു പാനൽ, വ്യക്തി സ്ഥാപനപരമായി തയ്യാറാക്കാം. കൂടാതെ, പദ്ധതി ചിലവിന്റെ നിശ്ചിത ശതമാനം ഫീസ് ആയി നിശ്ചയിച്ച് ഇവരുടെ സേവനങ്ങൾ ഉപയോഗിക്കൽ വകുപ്പുകളെ അനുവദിക്കാം.
8. പ്രവൃത്തികളുടെ മുൻഗണന, സാമ്പത്തിക അച്ചടക്കം, ടെൻഡർ ചെയ്യുന്നതിനും ബില്ലുകൾ അടയ്ക്കുന്നതിനുമുള്ള ശരിയായ പ്രക്രിയ, പരാതി പരിഹാര സമ്പ്രദായം, സുതാര്യത, ആവശ്യകതകൾ തുടങ്ങിയ പ്രധാന കാര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു നിയമനിർമ്മാണം നടത്തേണ്ടതുണ്ട്.

### Report XI : Interface between Government and Public Sector Units

1. സർക്കാർ നിയന്ത്രണം ഉറപ്പാക്കുക.
2. ഉത്തരവാദിത്തം ഉറപ്പാക്കുക.
3. കമ്പനികളെ ഗ്രൂപ്പുകളായി പുന:സംഘടിപ്പിക്കുക.

## Report XII : Health Services Delivery

1. എല്ലാ രണ്ടാം ലെവൽ, മൂന്നാം ലെവൽ ആശുപത്രികളിലും പേക്ലിനിക്കുകൾ ആരംഭിക്കാം. സെക്കൻഡറി ആശുപത്രികളുടെ കാര്യത്തിൽ, പ്രാദേശിക സർക്കാരുകൾക്ക് പേ ക്ലിനിക്കുകൾ ആരംഭിക്കാനുള്ള സ്വാതന്ത്യം നൽകാം.
2. ആശുപത്രികൾ നവീകരിക്കുന്നതിനോ പ്രത്യേക സേവനങ്ങൾ നൽകുന്നതിനോ പ്രാദേശിക സർക്കാരുകൾക്ക് സ്വാതന്തര്യം നൽകാം. സംഭാവനകളിലൂടെയോ ഗ്രാമപഞ്ചായത്ത് അല്ലെങ്കിൽ മുനിസിപ്പാലിറ്റി സെസ് ചുമത്തുന്നതിലൂടെയോ ഉപയോക്തൃ ചാർജ്ജുകൾ വഴിയോ അധിക ചെലവ് കണ്ടെത്താം.
3. ഡോക്ടർ - രോഗി ബന്ധം ശക്തിപ്പെടുത്തുതിന്, ഓരോ തലത്തിലും വ്യക്തമായ മാനേജ്മെന്റ് പ്രോട്ടോക്കോളുകൾ തയ്യാറാക്കേണ്ടതുണ്ട്.
4. Inter-disciplinary ബന്ധം സ്ഥാപിക്കുന്നതിനായി, മൂന്ന് വൈദ്യ ശാസ്ത്ര സമ്പ്രദായങ്ങളുടെ പ്രതിനിധികൾ ഉൾപ്പെട്ട സംസ്ഥാന, ജില്ലാ, പ്രാദേശിക സർക്കാർ തലങ്ങളിൽ കൗൺസിലുകൾ രൂപീകരിക്കാം.
5. ഒരു സാമൂഹ്യ ആരോഗ്യ ആസൂത്രണ ഹാൻഡ് ബുക്ക് തയ്യാറാക്കുകയും പ്രാദേശിക തലത്തിൽ പങ്കാളിത്ത ആരോഗ്യ പദ്ധതികൾ തയ്യാറാക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് പരിശീലനം നൽകുകയും ചെയ്യാം.
6. ഓരോ തരത്തിലുള്ള ആശുപത്രികൾക്കും മാനേജ്മെന്റ് മാന്വലുകൾ തയ്യാറാക്കണം. ഈ മാന്വലുകളിൽ ആശുപത്രി പ്രവർത്തനവുമായി ബന്ധപ്പെട്ട നിർബന്ധിത വശങ്ങൾ വിശദീകരിക്കുന്ന ഒരു ഭാഗവും കാര്യക്ഷമമായ മാനേജ്മെന്റിനെ പ്രോത്സാഹിപ്പിക്കുന്നതിന് ഉപദേശ രൂപത്തിലുള്ള മറ്റൊരു ഭാഗവും ഉണ്ടായിരിക്കണം.

## Report XIII : Decentralisation Initiatives in Kerala

1. നിലവിലുള്ള ഫിനാൻഷ്യൽ മാനേജ്മെന്റ് സംവിധാനം പുതുക്കി പുനർ രൂപീകരിക്കണം.
2. തദ്ദേശ സർക്കാരുകളുടെ ഓഡിറ്റ് നടത്തുന്നതിന് ഒരു സ്വതന്ത്ര ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കണം.
3. ആഭ്യന്തര കമ്മിറ്റികൾ തദ്ദേശ സ്വയംഭരണ വകുപ്പ്, ധനകാര്യ വകുപ്പ് രൂപീകരിക്കരണം.

4. കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി ആക്ട് 1994 എന്നിവ പെരുമാറ്റ ചട്ടം നിഷ്കർഷിക്കുന്നു. വിവിധ തൊഴിലാളി സംഘടനകൾ, തദ്ദേശ സർക്കാരുകൾ, സർക്കാർ ഇതര സംഘടനകൾ, പൊതുഭരണത്തിലെ വിദഗ്ദ്ധർ എന്നിവരിൽ നിന്ന് ഇക്കാര്യത്തിൽ സർക്കാരിന് നിർദ്ദേശങ്ങൾ സ്വീകരിക്കാം. ലഭിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ഒരു കരട് കോഡ് തയ്യാറാക്കാം.
5. പ്രവർത്തനപരമായ ഡൊമെയ്നെ കൂടുതൽ നിർവചിക്കുന്നതിന് സർക്കാരിന് സെക്ടറൽ കമ്മിറ്റികൾ രൂപീകരിക്കാം.
6. പൊതുമരാമത്ത് മാന്വവൽ തദ്ദേശ സർക്കാരുകളുടെ ഉപയോഗത്തിനായി തിരുത്തിയെഴുതാം. പുതുക്കിയ മാന്വവൽ ലാളിത്യം, സുതാര്യത, ഉത്തരവാദിത്തം, കാര്യക്ഷമത എന്നിവ ഉറപ്പുവരുത്തണം.
7. വകുപ്പുതല ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും സംയുക്ത പരിശീലന പരിപാടികൾ സംഘടിപ്പിക്കണം.
8. തദ്ദേശ സ്വയംഭരണ വകുപ്പിനും ആസൂത്രണ വകുപ്പിനും ഒരു റിപ്പോർട്ടിംഗ് സംവിധാനം രൂപപ്പെടുത്തണം.
9. തദ്ദേശ സർക്കാരുകളിൽ, പ്രത്യേകിച്ചും ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ഏകോപന സംവിധാനം ശക്തിപ്പെടുത്തുക.
10. തദ്ദേശ സർക്കാരുകളുടെ തീരുമാനങ്ങളിൽ തുടർനടപടികളെടുക്കാൻ പ്രാപ്തിയുള്ള ഒരു നോഡൽ ഓഫീസർ ആവശ്യമാണ്.
11. സംയോജിത പ്രാദേശിക വികസന ആസൂത്രണത്തിനും തദ്ദേശ സർക്കാരുകൾക്ക് പ്രയോജനം ചെയ്യുന്ന സംയുക്ത പദ്ധതികൾ സ്വീകരിക്കുന്നതിനും പ്രാദേശിക സർക്കാരുകൾ ഉൾക്കൊള്ളുന്ന വിർച്വൽ സംഘടനകൾ രൂപീകരിക്കാം.

### Report XIV : Secretariat Reforms

റിപ്പോർട്ടുകൾ സർക്കാർ അംഗീകരിച്ചിട്ടില്ല.

### Report XV : Reforming the Government

റിപ്പോർട്ടുകൾ സർക്കാർ അംഗീകരിച്ചിട്ടില്ല.

അദ്ധ്യായം - 4

# കമ്മീഷൻ റിപ്പോർട്ടുകളും പ്രധാന ശുപാർശകളും

ആമുഖത്തിൽ പ്രതിപാദിച്ച വിവിധ ഭരണമേഖലകളുമായി ബന്ധപ്പെട്ട് നാലാമത് ഭരണപരിഷ്കാര കമ്മീഷൻ പതിമൂന്ന് റിപ്പോർട്ടുകൾ ശുപാർശകൾ സഹിതം സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ കമ്മീഷന്റെ പ്രസ്തുത റിപ്പോർട്ടുകളിലെ പ്രധാന ശുപാർശകളുടെ ഒരു സംക്ഷിപ്തമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4.1 വിജിലൻസ് സംവിധാനം - പരിഷ്കരണം (1st Report)

അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി വിജിലൻസ് സംവിധാനത്തിന്റെ പുനരവലോകനം, ഫലപ്രദമായ സ്ഥാപന സംവിധാനം എന്നിവ നിർദ്ദേശിച്ചു കൊണ്ടുള്ള ഒരു റിപ്പോർട്ട് ഭരണപരിഷ്കാര കമ്മീഷൻ സമർപ്പിക്കുമെന്ന് 14.10.2016 ൽ കൂടിയ കമ്മീഷന്റെ ആദ്യത്തെ യോഗത്തിൽ തന്നെ തീരുമാനമെടുത്തിരുന്നു. വിജിലൻസ് സംവിധാനത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും കുറ്റമറ്റതും കാര്യക്ഷമവുമായ വിജിലൻസ് സംവിധാനം രൂപപ്പെടുത്തിയെടുക്കുന്നതിനെക്കുറിച്ചുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കേണ്ടതുണ്ടെന്നും ഇതിനായി വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധരുമായി കൂടിയാലോചിച്ച് വിശദമായ പഠനം നടത്തി കരട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കമ്മീഷൻ അംഗം ശ്രീ. സി.പി.നായരെ ചുമതലപ്പെടുത്തുന്നതിനും 27.01.2017 ൽ കൂടിയ കമ്മീഷൻ യോഗം തീരുമാനിച്ചു.

06.04.2017 ൽ ചേർന്ന കമ്മീഷൻ യോഗം ഈ വിഷയത്തിലെ വിദഗ്ധ സമിതി അംഗങ്ങളായി ഡോ. ബി. സന്ധ്യ ഐ.പി.എസ്, ശ്രീ. ജോൺ ബ്രിട്ടോ, നിയമ സെപ്ഷ്യൽ സെക്രട്ടറി (റിട്ട.), അഡ്വ. ചെറുന്നിയൂർ പി.ശശിധരൻ നായർ, ശ്രീ. എ.സുരേന്ദ്രൻ, ഐ.ജി, വിജിലൻസ് (റിട്ട.), ശ്രീ.സി.സി.അഗസ്റ്റിൻ, വിജിലൻസ് ലീഗൽ അഡ്വൈസർ എന്നിവരെ തീരുമാനിക്കുകയുണ്ടായി. 27.05.2017 -ൽ കൂടിയ കമ്മീഷൻ യോഗം മേൽ വിദഗ്ധ സമിതിയിലേക്ക് ശ്രീ.പി.കെ.കേശവൻ ഐ.എഫ്.എസ്, ഡോ. വി.വേണു ഐ.എ.എസ് എന്നിവരെ കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

വിദഗ്ധ സമിതിയുടെ ചർച്ചകൾക്കും കൂടിയാലോചനകൾക്കും ശേഷം കേന്ദ്ര വിജിലൻസ് കമ്മീഷൻ മാതൃകയിൽ ഒരു സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള കരട് ബില്ലിന് രൂപം നൽകുകയുണ്ടായി. 03.07.2017 ൽ കൂടിയ

കമ്മീഷൻ യോഗം പ്രസ്തുത കരട് പരിഗണിക്കുകയും പഠന റിപ്പോർട്ട് 2017 ആഗസ്റ്റ് മാസത്തിൽ സർക്കാരിന് സമർപ്പിക്കുന്നതിനും, അതോടൊപ്പം സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ചും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പുന:സംഘടിപ്പിക്കുന്നത് സംബന്ധിച്ചുമുള്ള കരട് നിയമവും പ്രസ്തുത റിപ്പോർട്ടിനോടൊപ്പം സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

സന്താനം കമ്മിറ്റി ശുപാർശകൾ, കേന്ദ്ര വിജിലൻസ് കമ്മീഷൻ ആക്ട്, ഡെൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷമെന്റ് ആക്ട്, കേരള ലോകായുക്ത ആക്ട്, കേരള വിജിലൻസ് മാന്വൽ, വിജിലൻസ് കേസുമായി ബന്ധപ്പെട്ട് അടുത്തിടെയുണ്ടായ ബഹു. കേരള ഹൈക്കോടിയുടെ പരാമർശങ്ങൾ, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ 2014 - 15 ലെ ഭരണ റിപ്പോർട്ടിൽ നിന്നും എടുത്തിട്ടുള്ള സ്ഥിതിവിവരക്കണക്കുകൾ, VACB ലഭ്യമാക്കിയ സ്ഥിതിവിവരക്കണക്കുകൾ എന്നിവ പരിശോധിച്ചു കൊണ്ട് ഒരു കരട് റിപ്പോർട്ടിന് രൂപം നൽകി. 2017 ആഗസ്റ്റ് മാസത്തിൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു.

## പ്രധാന ശുപാർശകൾ

വിജിലൻസ് ഡയറക്ടറിൽ കേന്ദ്രീകരിച്ചു കൊണ്ടുള്ള വിജിലൻസ് അന്വേഷണങ്ങൾ, നിയമ പിൻബലമില്ലാത്ത നടപടിക്രമങ്ങൾ, അന്വേഷണങ്ങളിൽ രഹസ്യ സ്വഭാവമില്ലായ്മ, പരിഷ്കൃതമായ ഒരു അന്വേഷണ സംവിധാനത്തിന്റെ അഭാവം, അമിതാധികാര പ്രയോഗത്തിനും ബാഹ്യസ്വാധീനങ്ങൾക്കും വശപ്പെടാനുള്ള കൂടിയ സാധ്യത, പ്രാപ്തരല്ലാത്തവരും, താൽപര്യമില്ലാത്തവരും ഉചിതമായ പരിശീലനം ലഭിക്കാത്തവരുമായ ഉദ്യോഗസ്ഥർ എന്നിവ നിലവിലുള്ള വിജിലൻസ് സംവിധാനത്തിന്റെ എടുത്തു പറയത്തക്ക പോരായ്മകളാണ്.

ഇപ്പറഞ്ഞ കുറവുകൾ മറികടക്കുന്നതിനായി കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാതൃകയിൽ നിയമപരിരക്ഷയോടെ സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നതിന് ഭരണപരിഷ്കാര കമ്മീഷൻ ശുപാർശ ചെയ്തു. മറ്റ് പ്രധാന ശുപാർശകൾ താഴെ ചേർക്കുന്നു.

1. വിജിലൻസ് കമ്മീഷനും, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്കും സ്വതന്ത്രവും നിഷ്പക്ഷവുമായി പ്രവർത്തിക്കുന്നതിനുള്ള അധികാരങ്ങൾ നൽകുക.
2. അഴിമതി കേസുകൾ അന്വേഷിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സമഗ്രമായി പരിഷ്കരിക്കുക.

മേൽ ശുപാർശകളോടൊപ്പം, 'സ്റ്റേറ്റ് വിജിലൻസ് കമ്മീഷൻ ആന്റ് വിജിലൻസ് എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ' കരടും കമ്മീഷൻ സർക്കാരിന് സമർപ്പിച്ചു.

## 4.2 Capacity Development of Civil Servants – Kerala (2nd Report)

ഭരണപരിഷ്കാര കമ്മീഷനിൽ തന്നെ ലഭ്യമായ വൈദഗ്ദ്ധ്യവും മനുഷ്യ വിഭവശേഷിയും ഉപയോഗപ്പെടുത്തി കമ്മീഷന്റെ നാലാമത് പരിഗണനാ വിഷയത്തിലുള്ള 'Capacity Building of Government Servants' എന്ന പഠനം നടത്താമെന്ന് 27.01.2017 -ൽ കൂടിയ ഭരണ പരിഷ്കാര കമ്മീഷന്റെ മൂന്നാമത് യോഗത്തിൽ തീരുമാനമെടുത്തു. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ കർമ്മ ശേഷി വർദ്ധിപ്പിച്ച് കാര്യക്ഷമതയുള്ള സിവിൽ സർവ്വീസ് രൂപപ്പെടുത്തുന്നതിനാവശ്യമായ ശുപാർശകൾ രൂപപ്പെടുത്തുക എന്നതായിരുന്നു ഈ പഠനത്തിന്റെ ഉദ്ദേശ്യം. പൊതു സമൂഹത്തിന് ഗുണമേന്മയുള്ള സേവനം നൽകാൻ പ്രാപ്തമായ സിവിൽ സർവ്വീസ് സംവിധാനം കെട്ടിപ്പടുക്കുക, ഫലപ്രദമായ സേവനപ്രദാനത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ കണ്ടെത്തി ദൂരീകരിക്കാൻ ആവശ്യമായ നടപടികൾ കണ്ടെത്തുക, എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടു കൊണ്ടാണ് പഠനം നടത്തിയത്.

വിവരശേഖരണാർത്ഥം, നിശ്ചിത പ്രൊഫോർമയിൽ വിവരങ്ങൾ ലഭ്യമാക്കുന്നതിന് എല്ലാ വകുപ്പ മേധാവികളോടും, കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ സ്ഥാപനങ്ങളോടും ആവശ്യപ്പെട്ടു.

ഉദ്യോഗസ്ഥ ശേഷി വികസനം എന്ന പഠനത്തിൽ, 13.03.2017-ൽ പഠനത്തിന്റെ ഭാഗമായി കമ്മീഷൻ ഉദ്യോഗസ്ഥർ ഐ.എം.ജി, കോഴിക്കോട് സന്ദർശിക്കുകയും ആവശ്യമായ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. കമ്മീഷൻ ഉദ്യോഗസ്ഥർ 10.04.2017 ന് ഐ.എം.ജി കൊച്ചി സെന്ററും സന്ദർശിച്ച് വിവരശേഖരണം നടത്തി. തുടർന്ന് 10.04.2017 -ൽ ഐ.എം.ജി തിരുവനന്തപുരവും സന്ദർശിച്ച് വിവരശേഖരണം നടത്തി. സംസ്ഥാന സർക്കാരിന്റെ വിപുലവും വൈവിധ്യപൂർണ്ണവുമായ ട്രെയിനിംഗ് പരിപാടികൾ നടത്തു സ്ഥാപനമാണ് ഐ.എം.ജി. ഐ.എം.ജി യുടെ എല്ലാ യൂണിറ്റുകളിലും നടത്തിയ സന്ദർശനം പഠനത്തിന് കാതലായ ദിശാബോധം നൽകുന്നതിനും വ്യക്തമായ ശുപാർശകൾ രൂപപ്പെടുത്തുതിനും സഹായിച്ചു.

പഠനത്തിലും, റിപ്പോർട്ട് തയ്യാറാക്കുന്നതിലും കമ്മീഷനെ സഹായിക്കുന്നതിന് താഴെപറയുന്ന വിഷയ വിദഗ്ദ്ധർ ഉൾപ്പെട്ട ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചു.

ഡോ. അലക്സാണ്ടർ ജേക്കബ്, ഐ.പി.എസ് (റിട്ട.)
ശ്രീമതി. ഗായത്രി നായർ, ഐ.ഇ.എസ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്.
അഡ്വ. എ. രാജശേഖരൻ നായർ, അഡീഷണൽ സെക്രട്ടറി (റിട്ട.)
ശ്രീ. എ. മോഹനനാഥ ബാബു, അഡീഷണൽ സെക്രട്ടറി (റിട്ട.)
ശ്രീ. കെ.വിജയകുമാരൻ, അഡീഷണൽ സെക്രട്ടറി (റിട്ട.)

ഡോ. ആർ. റാം മോഹൻ, പ്രൊഫസർ, ഐ.എം.ജി

ശ്രീ. എസ്.എം. വിജയാനന്ദ്, ഐ.എ.എസ് (റിട്ട.), ശ്രീ. രാജൻ എൻ. കോബ്രാഗഡേ, ഐ.എ.എസ് എന്നിവരുടെ മാർഗ്ഗനിർദ്ദേശങ്ങളും കമ്മീഷൻ ഈ പഠനത്തിൽ സ്വീകരിച്ചിട്ടുണ്ട്.

പഠനത്തിന്റെ ഭാഗമായി താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ, കമ്മീഷൻ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന പഠനസംഘം സന്ദർശനം നടത്തി പഠനം നടത്തി.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | സംസ്ഥാന ഗ്രാമ വികസന പരിശീലന കേന്ദ്രം, കൊട്ടാരക്കര |
| 2 | എക്സ്റ്റെൻഷൻ ട്രെയിനിംഗ് സെന്റർ, കൊട്ടാരക്കര |
| 3 | കേരള ഫോറസ്റ്റ് ട്രെയിനിംഗ് സെന്റർ, അരിപ്പ |
| 4 | ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ഫാം, കുളത്തൂപ്പുഴ |
| 5 | കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ |
| 6 | കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി |
| 7 | കേരള ഫയർ സർവ്വീസ് അക്കാദമി, വിയ്യൂർ |
| 8 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, പൂജപ്പുര |
| 9 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്, വികാസ് ഭവൻ |
| 10 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റ് പി.ടി.പി നഗർ |
| 11 | ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പി.ടി.പി. നഗർ |
| 12 | പ്രീ - എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, മണ്ണന്തല |
| 13 | റീജിയണൽ അഗ്രികൾച്ചർ ടെക്നോളജി ട്രെയിനിംഗ് സെന്റർ, കഴക്കൂട്ടം |
| 14 | IITMK, ടെക്നോപാർക്ക് |

വിവിധ സ്ഥാപന സന്ദർശനങ്ങളിലൂടെ സമാഹരിച്ച വിവരങ്ങൾ വിശകലനം ചെയ്ത് ക്രോഡീകരിക്കുന്നതിന്, 07.06.2017 -ൽ വിദഗ്ധസമിതി യോഗം ചേർന്നു. പഠനവുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രവർത്തന രൂപരേഖ തയ്യാറാക്കി. 'ഉദ്യോഗസ്ഥ ശേഷി വികസനം' എന്ന മേഖലയിൽ ദേശീയ തലത്തിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകുന്ന താഴെ ചേർത്തിരിക്കുന്ന ശ്രേഷ്ഠ സ്ഥാപനങ്ങളിലും കമ്മീഷൻ ഉദ്യോഗസ്ഥർ അടങ്ങുന്ന പഠന സംഘം സന്ദർശനം നടത്തി.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ (ASCI), ഹൈദരാബാദ് |
| 2 | സെന്റർ ഫോർ ഗുഡ് ഗവർണൻസ് (CGG), ഹൈദരാബാദ് |

| | |
|---|---|
| 3 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്പ്മെന്റ് & പഞ്ചായത്ത് രാജ് (NIRD & PR), ഹൈദരാബാദ് |
| 4 | സെന്റർ ഫോർ ഇന്നോവേഷൻസ് ഇൻ പബ്ലിക് സിസ്റ്റംസ് (CIPS), ഹൈദരാബാദ് |
| 5 | യാഷ്വന്ത് റാവു ചവാൻ അക്കാഡമി ഓഫ് ഡവലപ്പ്മെന്റ് അഡ്മിനിസ്ട്രേഷൻ (YASHADA), പൂനെ |
| 6 | ഏഷ്യാ - പ്ലേറ്റൂ - സെന്റർ ഫോർ ഇനിഷ്യേറ്റീവ്സ് ഓഫ് ചേഞ്ച് (Iofc), പഞ്ചഗനി, മഹാരാഷ്ട്ര |

ഉദ്യോഗസ്ഥ പരിശീലനം സംബന്ധിച്ച് എല്ലാ സർക്കാർ വകുപ്പുകളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും, 13.10.2017 -ൽ വിദഗ്ദ്ധ സമിതി യോഗം ചേർന്ന് പ്രസ്തുത വിവരങ്ങൾ അവലോകനം ചെയ്യുകയും ചെയ്തു.

ഉദ്യോഗസ്ഥ ശേഷി വികസനം എന്ന വിഷയത്തിൽ, പഠനത്തിന്റെ ഭാഗമായി ഒരു സംസ്ഥാനതല ശില്പശാല തിരുവനന്തപുരം ഐ.എം.ജി ക്യാമ്പസിൽ സംഘടിപ്പിച്ചു.

പഠന പ്രവർത്തനങ്ങൾ, 16.03.2018 -ൽ വിദ്ഗദ്ധസമിതി യോഗം ചേർന്ന് വിലയിരുത്തി. പ്രാഥമിക രൂപത്തിൽ തയ്യാറാക്കിയ കരട് റിപ്പോർട്ട് വിദ്ഗദ്ധസമിതി പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി അന്തിമരൂപത്തിലാക്കി. മാർച്ച് 2018 -ന് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു.

**പ്രധാന ശുപാർശകൾ:**

പുതിയതായി സർക്കാർ സർവീസിലേക്ക് പ്രവേശിക്കുന്നവരെ ഫലപ്രദമായ സേവന പ്രദാനത്തിന് സജ്ജരാക്കുന്നതിനും കാര്യക്ഷമമായ പൊതുസേവകരാക്കി മാറ്റുന്നതിനുമുള്ള ഉചിതമായ പരിശീലനം നൽകുകയെന്നത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമാണ്. പുതിയതായി ജോലിയിൽ പ്രവേശിക്കുന്നവർ, അവരുടെ ജോലിയെക്കുറിച്ചും, ബന്ധപ്പെട്ട വകുപ്പ് ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളെക്കുറിച്ചും ബോധവാന്മാരാകണം. തങ്ങൾ ജനങ്ങളെ സേവിക്കേണ്ടവരാണെന്നും അവരുടെ യജമാനന്മാരല്ല എന്നും ഓരോ സർക്കാർ ഉദ്യോഗസ്ഥനും തിരിച്ചറിയണം എന്ന കാഴ്ചപ്പാടോടുകൂടി, താഴെപ്പറയുന്ന പരിശീലന മാതൃക ഭരണ പരിഷ്കാര കമ്മീഷൻ നിർദ്ദേശിച്ചു.

1. കേരളത്തിലെ സർക്കാർ ഉദ്യോഗസ്ഥരെ ആറു വിഭാഗങ്ങളിലായി തരം തിരിക്കണം.
    a. സപ്പോർട്ടിംഗ് സ്റ്റാഫ് (Supporting Staff)

       ഡ്രൈവർമാർ, ഓഫീസ് അറ്റൻഡന്റ്സ്, അറ്റൻഡേഴ്സ്, ലിഫ്റ്റ് ഓപ്പറേറ്റേഴ്സ്, സ്വീപ്പർമാർ തുടങ്ങിയ സമാന തസ്തികയിലുള്ള മറ്റു ജീവനക്കാർ.

b. കട്ടിംഗ് എഡ്ജ് (Cutting Edge)

ലോവർ ഡിവിഷൻ ക്ലാർക്ക്, അപ്പർ ഡിവിഷൻ ക്ലാർക്ക്, ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റൻസ്, വില്ലേജ് അസിസ്റ്റൻസ്, ഹെഡ് ക്ലാർക്ക്, വില്ലേജ് ഓഫീസേഴ്സ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസേഴ്സ്, സമാന തസ്തികയിലുള്ള മറ്റ് ജീവനക്കാർ.

c. സൂപ്പർവൈസറി (Supervisory)

ജൂനിയർ സൂപ്രണ്ടുമാർ, ഡെപ്യൂട്ടി തഹസിൽദാർ, ഗ്രാമ വികസന വകുപ്പിലെ എക്സ്റ്റൻഷൻ ഓഫീസർമാർ, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർമാർ, സമാന തസ്തികയിലുള്ള മറ്റു ജീവനക്കാർ.

d. ലോവർ മാനേജ്മെന്റ് (Lower Management)

സീനിയർ സൂപ്രണ്ടുമാർ, സെക്ഷൻ ഓഫീസർമാർ, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർമാർ, സെയിൽസ് ടാക്സ് ഓഫീസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ സമാന തസ്തികയിലുള്ള മറ്റു ജീവനക്കാർ.

e. മിഡിൽ മാനേജ്മെന്റ് (Middle Management)

അസിസ്റ്റന്റ് ഡയറക്ടർമാർ, അണ്ടർ സെക്രട്ടറിമാർ, ഡപ്യൂട്ടി കളക്ടർമാർ, ഡപ്യൂട്ടി ഡയറക്ടർമാർ, കെ.എ.എസ് ഉദ്യോഗസ്ഥർ തുടങ്ങിയവ.

f. സീനിയർ മാനേജ്മെന്റ് (Senior Management)

സീനിയർ കെ.എ.എസ് ഉദ്യോഗസ്ഥർ, ജോയിന്റ് ഡയറക്ടർമാർ, അഡീഷണൽ ഡയറക്ടർമാർ, ഡയറക്ടർമാർ (നോൺ ഐ.എ.എസ്), ഡപ്യൂട്ടി സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ (നോൺ ഐ.എ.എസ്) മറ്റ് തുല്യ പദവികളും.

2. സർക്കാർ സർവ്വീസിൽ ചേരുന്നതിന് മുന്നോടിയായി ഇൻഡക്ഷൻ പരിശീലനങ്ങൾ നിർബന്ധമാക്കണം. കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച് സർക്കാർ ഈ ആവശ്യത്തിനായി സംവിധാനം രൂപപ്പെടുത്താവുന്നതാണ്.

3. പ്രവർത്തന വിലയിരുത്തലുകളെ പരിശീലനവുമായി ബന്ധിപ്പിക്കാം. കാര്യശേഷി അടിസ്ഥാനമാക്കി പ്രവർത്തനം വിലയിരുത്തുന്നതിലൂടെ ഓരോ സർക്കാർ ഉദ്യോഗസ്ഥന്റെയും വ്യക്തിഗത പരിശീലന ആവശ്യങ്ങൾ കണ്ടെത്തുന്നതിനും പരിശീലന ആവശ്യകത വിലയിരുത്തുന്നതിനും സാധിക്കും. നിശ്ചിത നിലവാരത്തിൽ കാര്യശേഷി പ്രകടിപ്പിക്കാൻ സാധിക്കാത്തവർക്ക് കാര്യശേഷി നേടിയെടുക്കു

ന്നതിനാവശ്യമായ പരിശീലനം നൽകണം. പ്രകടന വിലയിരുത്തൽ സംവിധാനത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിനായി സമഗ്രമായ നിയമങ്ങൾ രൂപപ്പെടുത്തണം.

4. PAR സമർപ്പിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാനായി ഓൺലൈൻ സംവിധാനം പ്രോത്സാഹിപ്പിക്കണം.

5. പദ്ധതി വിഹിതത്തിന്റെ രണ്ടു ശതമാനം (2%) പരിശീലനങ്ങൾക്കായി മാറ്റി വയ്ക്കണം. വകുപ്പുകൾ തങ്ങളുടെ പ്ലാൻ പ്രൊപ്പോസലിൽ പരിശീലനങ്ങൾക്കായി പ്രത്യേക വിഹിതം മാറ്റിവയ്ക്കേണ്ടതില്ല. പരിശീലനത്തിനായി അനുവദിച്ച ഫണ്ടുകൾ സംസ്ഥാന പരിശീലന പദ്ധതി നടപ്പിലാക്കുന്നതിന് മാത്രമേ ഉപയോഗിക്കാവൂ. എന്നിരുന്നാലും, വിവിധ പദ്ധതികൾ, പ്രോജക്ടുകൾ, വകുപ്പുകളുടെ പരിപാടികൾ എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള പരിശീലന ഘടകങ്ങളും ഫണ്ടുകളും വകുപ്പുതല പരിശീലന സ്ഥാപനങ്ങൾ മുഖേന വകുപ്പുകൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

6. സംസ്ഥാനത്തെ ഓരോ വകുപ്പും കാര്യക്ഷമതാ ചട്ടക്കൂട് (Competency Frame Work) തയ്യാറാക്കണം. ജീവനക്കാരുടെ പ്രൊമോഷനും തുടർ പ്രവർത്തന ആസൂത്രണത്തിനും ഇത് ഒരു മാർഗരേഖയായി ഉപയോഗിക്കാം. കാര്യക്ഷമതയെ അടിസ്ഥാനമാക്കി ജീവനക്കാരെ വിലയിരുത്തുന്നതിലൂടെ പരിശീലന ആവശ്യങ്ങൾ തിരിച്ചറിയാൻ സഹായിക്കും.

7. Centre for Good Governance - Kerala (CGG - K) രൂപീകരിക്കണം. കേരള ഡവലപ്പമെന്റ് ആന്റ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസി (DISC - K) ലിനെ CGG-K യിലേയ്ക്ക് മാറ്റുകയോ/രൂപാന്തരപ്പെടുത്തുകയോ ചെയ്യാം. ഭരണ പരിഷ്കാരങ്ങൾക്കുള്ള സ്ഥിര സംവിധാനമായി ഇത് പ്രവർത്തിപ്പിക്കുകയും ചെയ്യാം.

8. എസ്.ടി.പി നടപ്പിലാക്കാനും, ഏകോപിപ്പിക്കാനും, നിരീക്ഷിക്കാനും, സഹായിക്കാനും, കാര്യശേഷി വികസന സംരംഭങ്ങളെ സുസ്ഥിരമാക്കാനും കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് പേഴ്സണൽ & ട്രെയിനിംഗ് (DoPT) വകുപ്പിന് സമാനമായ ഒരു പരിശീല വിഭാഗം രൂപീകരിക്കണം. പി ആന്റ് എ.ആർ വകുപ്പിന്റെ പരിശീലന വിഭാഗത്തെ സ്റ്റേറ്റ് ട്രെയിനിംഗ് കൗൺസിലിന്റെ സെക്രട്ടേറിയറ്റായി പ്രവർത്തിപ്പിക്കാം.

9. ജീവനക്കാരെ സിവിൽ സർവ്വീസ് മൂല്യങ്ങൾ ധാർമ്മികത എന്നിവ മുറുകെ പിടിക്കുന്ന സമർത്ഥരും വിശ്വസ്തരുമായ ഉദ്യോഗസ്ഥരാക്കി മാറ്റുകയും ശ്രദ്ധയോടും ശുഷ്കാന്തിയോടും ഉത്തരവാദിത്വത്തോടും നിഷ്പക്ഷതയോടും വസ്തുനിഷ്ഠതയോടും

പ്രവർത്തിക്കുന്നവരുമാക്കി മാറ്റണം. ഇതിനായി ഒരു സിവിൽ സർവീസ് കോഡ് ഓഫ് എത്തിക്സ് തയ്യാറാക്കണം.

10. കാര്യക്ഷമത ചട്ടക്കൂട് വിജയകരമാക്കി നടപ്പിലാക്കുന്നതിനുള്ള ഒരു മുൻ കരുതലായി പരിശീലന സ്ഥാപനങ്ങളുടെ ശൃംഖല വികസിപ്പിച്ചെടുക്കുകയും വിവിധ പരിശീലന സ്ഥാപനങ്ങളിൽ ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ പ്രാദേശികമായി പങ്കിടുകയും ചെയ്യണം.

11. സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന പുതിയ ജീവനക്കാരെല്ലാം വിശ്വസ്തതയോടെ സർക്കാരിനെ സേവിച്ചുകൊള്ളാമെന്ന് ഇന്ത്യൻ ഭരണഘടനയോട് പ്രതിജ്ഞ എടുക്കണം.

12. വകുപ്പുതല പരിശീലന സ്ഥാപനങ്ങളെയും മറ്റ് പ്രധാന പരിശീലന സ്ഥാപനങ്ങളെയും ഒരു ശൃംഖല സൃഷ്ടിച്ച്, ആയത് ഏകോപിപ്പിക്കുതിന് ഐ.എം.ജിയെ പുന:സംഘടിപ്പിക്കണം.

13. പാഠ്യപദ്ധതി, പരിശീലന കലണ്ടർ, പരിശീലന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ഫാക്കൽറ്റി തുടങ്ങിയ എല്ലാ പരിശീലന ഘടകങ്ങൾ ഉൾപ്പെടുന്ന പൊതു വെബ് പോർട്ടൽ പരിശീലനത്തിന് വേണ്ടി മാത്രം വികസിപ്പിച്ചെടുക്കാം. ഓരോ വകുപ്പുകളിലെയും ജീവനക്കാർ പങ്കെടുത്തിട്ടുള്ള പരിശീലന പരിപാടികളുടെയും പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളുടെയും വിവരങ്ങൾ പ്രസ്തുത വെബ് പോർട്ടലിൽ നൽകാം.

14. വിവിധ മേഖലകളിൽ തീവ്രമായ പരിശീലനത്തിലൂടെ കെ.എ.എസ് ഉദ്യോഗസ്ഥർക്ക് കാര്യശേഷി വികസനത്തിനാവശ്യമായ അവസരങ്ങൾ നൽകണം. ഐ.എ.എസ് ഉദ്യോഗസ്ഥരുടെ പരിശീലന രീതി കെ.എ.എസ് ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുന്നതിനും സ്വീകരിക്കണം.

**മറ്റ് ശുപാർശകൾ:**

1. പരിശീലന സ്ഥാപനങ്ങളിൽ സുതാര്യമായ തെരഞ്ഞെടുക്കൽ പ്രക്രിയയിലൂടെ മാനേജ്മെന്റ്, സർവ്വീസ് ചട്ടങ്ങൾ, ധനകാര്യവും ബജറ്റ്, പൊതുഭരണം, നിയമം, വിവര സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളിൽ വിഷയ വിദഗ്ധരുടെ 'Resource Pool' രൂപീകരിക്കണം. സംസ്ഥാന പരിശീലന കൗൺസിലിന്റെ കീഴിലുള്ള എല്ലാ പരിശീലന സ്ഥാപനങ്ങൾക്കും ആവശ്യാനുസരണം റിസോഴ്സ് പൂളിൽ നിന്നുള്ള ഫാക്കൽറ്റിമാരുടെ സേവനം പ്രയോജനപ്പെടുത്താം.

2. കേരളത്തിലെ പരിശീലന സ്ഥാപനങ്ങളിൽ, പരിശീലകർക്ക് ഏകീകൃത വേതന നിരക്ക് ഏർപ്പെടുത്തണം. ദേശീയ/അന്തർദേശീയ സ്ഥാപനങ്ങളിൽ നിന്നുമുള്ള ഗസ്റ്റ് ഫാക്കൽറ്റിമാർക്ക് ആവശ്യാനുസരണം പ്രതിഫലം നൽകണം.

3. കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ പരിശീലനത്തിനായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നത്, വകുപ്പ് മേധാവികളുമായി കൂടിയാലോചിച്ച് പി ആന്റ് എ.ആർ വകുപ്പിലെ പരിശീലന വിഭാഗം വഴി ഏകീകരിക്കണം. ഇൻഡക്ഷൻ, ട്രെയിനിംഗ്, ഘട്ടം തിരിച്ചുള്ള പരിശീലനങ്ങൾ എന്നിവ ഒഴികെ മറ്റെല്ലാ പരിശീലനങ്ങൾക്കും പി ആൻറ് എ.ആർ വകുപ്പിലെ പരിശീലന വിഭാഗത്തിന്റെ മുൻകൂർ അനുമതി ഉണ്ടായിരിക്കണം. ഇതോടനുബന്ധിച്ച ചെലവുകൾ സംസ്ഥാനത്തിന്റെ നിർദ്ദിഷ്ട പരിശീലന ഫണ്ടിൽ നിന്നും സംസ്ഥാന പരിശീലന കൗൺസിലിന് ചെലവഴിക്കാം.

4. പി & എ.ആർ വകുപ്പിന്റെ നിർദ്ദിഷ്ട പരിശീലന വിഭാഗത്തിന് ഇന്ത്യയിലെ പ്രമുഖ പരിശീലന സ്ഥാപനങ്ങളിൽ നിന്നുമുള്ള പരിശീലനാർത്ഥികളുടെയും പരിശീലകരുടെയും ‘exchange programme’ നടപ്പിലാക്കാം.

5. പരിശീലനമെന്നത് ജീവനക്കാരോടുള്ള സർക്കാരിന്റെ കടമയായും, അതേ സമയം ജീവനക്കാരുടെ അവകാശമായും കണക്കാക്കപ്പെടുന്നു. അർഹതയനുസരിച്ചുള്ള താമസം, ടിഎ, ഡിഎ എന്നിവ ബന്ധപ്പെട്ട പരിശീലന സ്ഥാപനങ്ങളിൽ നിന്നുതന്നെ പരിശീലനാർത്ഥികൾക്ക് നൽകണം. അനുയോജ്യമായ അന്തരീക്ഷം നൽകുന്നതിനായി പരിശീലന സ്ഥാപനങ്ങളിലെ ക്ലാസ് മുറികൾ, കമ്പ്യൂട്ടർ ലാബുകൾ, ഹോസ്റ്റലുകൾ, ഡൈനിംഗ് സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തണം.

6. വകുപ്പ് മേധാവികളുടെ നേതൃത്വത്തിൽ മിഡിൽ മാനേജ്മെന്റ് തലത്തിലുള്ള ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ അംഗ പരിശീലന സെല്ലുകൾ എല്ലാ വകുപ്പുകളിലും രൂപീകരിക്കണം. ഐ.എം.ജിയിൽ നിന്നുമുള്ള ഒരു ഫാക്കൽറ്റിയെ ഈ വകുപ്പുതല പരിശീലന സെല്ലിലേക്ക് നാമനിർദ്ദേശം ചെയ്യണം. ഓരോ വർഷത്തേക്കുമുള്ള കരട് പരിശീലന കലണ്ടറും പരിശീലന ബജറ്റ് നിർദ്ദേശങ്ങളും പങ്കെടുക്കാൻ പോകുന്ന പരിശീലനാർത്ഥികളുടെ താൽക്കാലിക പട്ടികയും മുൻകൂട്ടി തയ്യാറാക്കണം. കരട് പരിശീലന കലണ്ടർ, ബജറ്റ് നിർദ്ദേശങ്ങൾ, പങ്കെടുക്കാൻ പോകുന്ന പരിശീലനാർത്ഥികളുടെ താൽക്കാലിക പട്ടിക എന്നിവ ഐ.എം.ജി യിൽ നിന്നുള്ള

ഏകീകരണത്തിന് ശേഷം പി & എ.ആർ വകുപ്പിലെ പരിശീലന വിഭാഗത്തിന് സമർപ്പിക്കണം.

7. പരിശീലന മൊഡ്യൂളുകൾ ഇഗ്നോ കോഴ്സുകൾക്കനുസൃതമായി തയ്യാറാക്കണം. കാര്യശേഷി വികസന ചട്ടക്കൂടിന് വേണ്ടി പ്രത്യേകമായി തയ്യാറാക്കിയ വെബ്സൈറ്റിലൂടെ പ്രസിദ്ധപ്പെടുത്തണം.

8. ഇഗ്നോ, കേരള സർവ്വകലാശാല എന്നിവയുമായി സഹകരിച്ച് ഓൺലൈൻ സർട്ടിഫിക്കറ്റ്/ഡിപ്ലോമ കോഴ്സുകൾ തുടങ്ങാനുള്ള സാദ്ധ്യതകൾ ഐ.എം.ജി കണ്ടെത്തണം. മഹാരാഷ്ട്ര സംസ്ഥാനത്തിലെ ക്ലാസ് ബിയും അതിനു മുകളിലുള്ള ഓഫീസർമാർക്കായി മുംബൈ യൂണിവേഴ്സിറ്റിയുടെ എം.എ ഡെവലപ്മെന്റ് അഡ്മിനിസ്ട്രേഷൻ കോഴ്സ് YASHADA പൂന നൽകുന്നത് അനുകരണീയമായ ഒരു മാതൃകയാണ്.

9. പരിശീലന സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും പൊതു അന്തരീക്ഷവും നിർണ്ണായകമാണ്. ഇക്കാര്യത്തിൽ ഐ.എം.ജി യ്ക്ക് നിരവധി പരിമിതികളുണ്ട്. തിരുവനന്തപുരത്ത് ഐ.എം.ജി യ്ക്കാവശ്യമായ സ്ഥലവും മറ്റ് സൗകര്യങ്ങളുമടങ്ങിയ പുതിയ ക്യാമ്പസ് വികസിപ്പിച്ചെടുക്കാനും ഉദ്ദേശിച്ചതുപോലെ അതിനെ ഒരു സുപ്രധാന പരിശീലന സ്ഥാപന തലത്തിലേക്ക് ഉയർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം.

## **4.3** :- Welfare to Rights : Implementation of Select Legislations – A Review (3rd Report)

പാർശ്വവൽകൃതർ, ദുർബല ജനവിഭാഗങ്ങൾ, എന്നിവരുടെ ഉന്നമനത്തിനായുള്ള നിയമങ്ങളുടെ നടപ്പാക്കൽ, ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ നടത്തിപ്പ് എന്നീ വിഷയം മുൻഗണനാ ക്രമത്തിൽ നിശ്ചയിച്ച് പഠനം നടത്തുതിന് 06.04.2017 ലെ കമ്മീഷൻ യോഗം തീരുമാനമെടുത്തിരുന്നു. ഈ വിഷയത്തിൽ താഴെ ചേർത്തിരിക്കുന്നവരെ ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചു.

ഡോ.മൃദുൽ ഈപ്പൻ, പ്ലാനിംഗ് ബോർഡ് അംഗം.

ഡോ.ജി. ഹരികുമാർ, സ്റ്റേറ്റ് ഡിസബിലിറ്റി കമ്മീഷണർ.

ഡോ.ശോഭാ.ബി.നായർ, മേധാവി, സോഷ്യോളജി വകുപ്പ്, കേരള സർവ്വകലാശാല.

ശ്രീ. സുബൈർ കെ.കെ, ജില്ലാ ചൈൽഡ് വെൽഫയർ ഓഫീസർ, സാമൂഹ്യനീതി വകുപ്പ്.

ഡോ.റ്റി.കെ.ആനന്ദി, കേരള സർക്കാർ ജെൻഡർ വിദഗ്ദ്ധ.

അഡ്വ.ജെ.സന്ധ്യ, കേരള സംസ്ഥാന ബാലാവകാശ കമ്മീഷൻ മുൻ അംഗം.

ഡോ.ജയപ്രകാശൻ.കെ.പി, സെക്രട്ടറി, സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി.
ഡോ.എം.കെ.ജയരാജ്, മുൻ പ്രിൻസിപ്പൽ, എസ്.ഐ.എം.സി.
ഡോ.ബിനോയ് പീറ്റർ, സെൻർ ഫോർ മൈഗ്രേഷൻ ആന്റ് ഇൻകലൂസീവ് ഡവലപ്പ്മെന്റ്.

കൂടാതെ ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ച പഠനത്തിൽ, ഡോ.യു.നന്ദകുമാരൻ നായർ, മാനസികാരോഗ്യ പഠനത്തിൽ ഡോ. ഇന്ദു.പി.എസ് എന്നിവരുടെ സേവനങ്ങളും പ്രയോജനപ്പെടുത്തി.

ഓരോ വിഷയവിദഗ്ധർക്കും പഠനമേഖലകൾ സംബന്ധിച്ച്, 26.05.2017 ൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ചുമതലകൾ വിഭജിച്ചു നൽകി. തിരഞ്ഞെടുത്ത ഓരോ ക്ഷേമ നിയമങ്ങളും പരിശോധിച്ച് കമ്മീഷനു വേണ്ടി ചോദ്യാവലികൾ തയ്യാറാക്കുക, ബന്ധപ്പെട്ട വകുപ്പുകൾ, പൊതുജനങ്ങൾ, മാധ്യമങ്ങൾ എന്നിവയിൽ നിന്നും പ്രതികരണങ്ങൾ സ്വരൂപിക്കുക, സ്വരൂപിച്ച വിവരങ്ങൾ ചർച്ച ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുക എന്നതാണ് വിദഗ്ധ സമിതി അംഗങ്ങളുടെ ചുമതലകൾ.

Maintenance and welfare of parents and senior citizens Act, 2007 മായി ബന്ധപ്പെട്ട വിവരങ്ങൾ ചോദ്യാവലി മുഖേന വിവിധ ട്രിബ്യൂണലുകളിൽ നിന്ന് സാമൂഹ്യനീതി വകുപ്പ് മുഖേനയും POCSO Act, 2012 ബാലനീതിനിയമം - 2015, ബാല വേല നിരോധന നിയമം, 2016 എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ സാമൂഹ്യനീതി വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, പോലീസ് വകുപ്പ്, സംസ്ഥാന ബാലാവകാശ കമ്മീഷൻ, ലേബർ കമ്മീഷണർ, ജില്ലാ കളക്ടർമാർ എന്നിവരിൽ നിന്നും ചോദ്യാവലികൾ മുഖേന ശേഖരിച്ചു.

അന്യ സംസ്ഥാന തൊഴിലാളികളുടെ ക്ഷേമം സംബന്ധിച്ച നിയമത്തിന്റെ നടത്തിപ്പ് സംബന്ധിച്ച് പഠനത്തിനായി 'Kerala Migrant Labour Welfare Scheme - 2010' സംബന്ധിച്ചുള്ള വിവരങ്ങളും, Inter-state Migrant Workers Act, 1979 സംബന്ധിച്ച വിവരങ്ങളും ലേബർ കമ്മീഷണർ മുഖേന ശേഖരിച്ചു. ഈ വിഷയങ്ങളിൽ 29.08.2017, 30.08.2017, 31.08.2017 എന്നീ തീയതികളിൽ ഉദ്യോഗസ്ഥ തലത്തിൽ യോഗം ചേർന്ന് ചർച്ച ചെയ്തു.

'Mental Health Act, 2017' സാമൂഹ്യ നീതി വകുപ്പിൽ നിന്നും, Kerala Interstate Migrant workers (Regulation of Employments and conditions of Service) Rule, 1983 മായി ബന്ധപ്പെട്ട് ലേബർ കമ്മീഷണറിൽ നിന്നും 'The Commission for Protection of Child Rights Act (CPCR Act) - 2005' മായി ബന്ധപ്പെട്ട് സംസ്ഥാന ബാലാവകാശ കമ്മീഷനിൽ നിന്നും വിവരശേഖരണം നടത്തി.

Indecent Representation of Women (prohibition) Act,1986, Immoral Traffic (Prevention) Act,1956, Juvenile Justice Act,2016 എന്നിവയും പഠനവിധേയമാക്കി. 09.11.2017 ന് വിദഗ്ധ സമിതി അംഗങ്ങൾ യോഗം ചേർന്ന് പഠനപുരോഗതി വിലയിരുത്തി. ക്ഷേമം അവകാശമാകുമ്പോൾ എന്ന പഠനത്തിൽ 05.12.2017 -ൽ പൊതുജനങ്ങൾക്കായി ഒരു കേൾവിക്കൂട്ടം സംഘടിപ്പിച്ചു. 13.12.2017 -ൽ ശില്പശാലയും സംഘടിപ്പിച്ചു.

പഠനത്തിൽ കമ്മീഷനുമായി ചേർന്ന് പ്രവർത്തിക്കുന്നതിനും കരട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി സി.എസ്.ഇ.എസ്, കൊച്ചി എന്ന ഗവേഷണ സ്ഥാപനത്തിന്റെ സഹകരണവും സഹായവും സ്വീകരിക്കാൻ കമ്മീഷൻ തീരുമാനിച്ചു. സി.എസ്.ഇ.എസ് മുഖേന പഠന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും തുടർ വിവരശേഖരണം നടത്തുകയും ചെയ്തു. കരട് റിപ്പോർട്ടിൻമേൽ വിദഗ്ധ സമിതി അംഗങ്ങളുമായി 20.06.2018 -ൽ ചർച്ച നടത്തി. പഠന വിഷയവുമായി ബന്ധപ്പെട്ട വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയുടെ മേധാവികളുമായി 21.06.2018 ന് യോഗം ചേർന്ന് ചർച്ച നടത്തി.

പഠനത്തിന്റെ ഭാഗമായി, സംസ്ഥാനത്ത് ശിശു സൗഹൃദ സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഏറ്റവും കാര്യക്ഷമമായി നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ പെടുന്ന കൊല്ലം ജില്ലയിലെ മയ്യനാട് ഗ്രാമ പായത്ത്, തൃശ്ശൂർ ജില്ലയിലെ കോലഴി ഗ്രാമ പായത്ത്, തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപായത്ത് എന്നിവിടങ്ങളിൽ നേരിട്ട് പഠനം നടത്തി.

പഠനങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ, അന്തിമ രൂപത്തിൽ റിപ്പോർട്ട് തയ്യാറാക്കപ്പെട്ടു. റിപ്പോർട്ട് 2018 ഒക്ടോബർ മാസത്തിൽ സർക്കാരിൽ സമർപ്പിച്ചു.

### പ്രധാന ശുപാർശകൾ

**i. കുട്ടികൾ**

a) ബാല നീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം - 2015 -ന്റെ ചട്ടങ്ങൾ അടിയന്തിരമായി തയ്യാറാക്കുക.

b) ശിശുക്ഷേമ സമിതികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും സമയബന്ധിതമായി പുന:സംഘടിപ്പിക്കുക.

c) പ്രശ്നങ്ങൾ അനുഭവിക്കാൻ സാധ്യതയുള്ള കുട്ടികളെ തിരിച്ചറിയുന്നതിന് KPS - ന് കീഴിൽ Vulnerability Mapping സർവ്വേ നടത്തുക.

d) നിയമ സംവിധാനങ്ങളുമായി പൊരുത്തപ്പെടാത്ത കുട്ടികളെ പുനഃരധിവസിപ്പിക്കുന്നതിനുള്ള 'കാവൽ പദ്ധതി' കേരളത്തിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുക.

e) ശിശു സംരക്ഷണ സ്ഥാപനങ്ങൾ നവീകരിക്കുക. ഇത്തരം സ്ഥാപനങ്ങളെ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കുക.

f) ശിശുക്ഷേമ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് പ്രത്യേക ശ്രദ്ധയും പഠനകാര്യങ്ങളിൽ സഹായവും നൽകുന്നതിന് വിദ്യാഭ്യാസ വോളണ്ടിയർ/ ഫെസിലിറ്റേറ്റർ/ മെന്റർ സൗകര്യം ഏർപ്പെടുത്തുക. കുട്ടികളുടെ ക്ഷേമത്തിനായുള്ള സ്ഥാപനങ്ങളിൽ കുട്ടികൾ ഉൾപ്പെട്ട കമ്മിറ്റികൾ രൂപീകരിച്ച്, അവരുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കുക.

g) സംസ്ഥാനത്തെ എല്ലാ അനാഥാലയങ്ങളും ബാലനീതി നിയമത്തിന് കീഴിൽ ആക്കുക. അനാഥാലയങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം വികസിപ്പിക്കുക. അനാഥാലയങ്ങളിൽ നിന്ന് പുറത്തുവരുന്ന കുട്ടികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച് സർക്കാർ പഠനം നടത്തുക.

h) പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദമാക്കുക. കുട്ടികൾ ഉൾപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിന് പോലീസ് ഉദ്യോഗസ്ഥരുടെ കഴിവ് മെച്ചപ്പെടുത്തുക. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് മീറ്റിംഗുകളിൽ ഒരു പോലീസ് ഉദ്യോഗസ്ഥനെങ്കിലും പങ്കെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

i) എല്ലാ ജില്ലകളിലും നിരീക്ഷണ ഭവനങ്ങൾ സ്ഥാപിക്കുക, ഫോസ്റ്റർ കെയർ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് വനിതാ ശിശുവികസന വകുപ്പ് ഒരു സംസ്ഥാന സെൽ രൂപീകരിക്കുകയും ഈ പ്രവർത്തനങ്ങളിൽ ഐ.സി.ഡി.എസ് -നെ പങ്കാളിയാക്കുകയും വേണം.

j) പോക്സോ നിയമത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കണം. പോക്സോ കോടതികൾ കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുക, ലൈംഗിക ചൂഷണങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് മതിയായ സംരക്ഷണം നൽകുക, ഇത്തരം കേസുകളിൽ അന്വേഷണം, മെഡിക്കൽ പരിശോധനാ, വിചാരണ എന്നിവ ഇരയോട് കൂടുതൽ അനുഭാവപൂർണ്ണമായ തരത്തിൽ ക്രമീകരിക്കുക, നിർഭയ ഹോമുകൾ നവീകരിക്കുക, സ്കൂളുകളിൽ കുട്ടികൾക്ക് ജീവിത നൈപുണ്യ പാഠ്യക്രമങ്ങൾ ആരംഭിക്കുക.

k) സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ (SCPCR)-നെ ശാക്തീകരിക്കുക, SCPCR-ൽ ബാലനീതി സെൽ, ഹെൽപ്പ് ഡെസ്ക്, ഗവേഷണ - ഡോക്യുമെന്റേഷൻ വിഭാഗം, എന്നിവ ആരംഭിക്കണം. കമ്മീഷൻ ഉത്തരവുകൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുടെ മതിയായ സഹകരണം ഉറപ്പാക്കണം.

l) കുട്ടികളുമായി ബന്ധപ്പെട്ട നിയമങ്ങൾ നടപ്പിലാക്കുന്ന വിവിധ സ്ഥാപനങ്ങളുടെ യോജിച്ച പ്രവർത്തനം ഉറപ്പാക്കണം. ഇപ്രകാരം പ്രോജക്ടുകൾ, സ്കീമുകൾ എന്നിവയും സംയോജിപ്പിക്കണം.

m) പ്രാദേശിക സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തണം.

n) സ്കൂൾ കൗൺസലിംഗ് സംവിധാനം കാര്യക്ഷമവും വ്യാപകവും ആക്കണം.

## ii. സ്ത്രീകൾ

### a) സ്ത്രീ ധന നിരോധന നിയമം, 1961

സ്ത്രീധനം നൽകാൻ നിർബന്ധിക്കപ്പെടുന്നവരെ കുറ്റവാളികളായി പരിഗണിക്കാതെ ഇരകളായി പരിഗണിക്കണം. പ്രാദേശിക സ്ത്രീധന നിരോധന ഓഫീസുകൾ കൂടുതൽ കാര്യക്ഷമമാക്കണം. നിയമം നടപ്പാക്കുന്നതിൽ പോലീസിന്റെ കടമകൾ കൃത്യമായി നിർവചിക്കണം. സ്ത്രീധന കൈമാറ്റ സമ്പ്രദായത്തെ നിയന്ത്രിക്കുക എന്നതിൽ നിന്ന് സ്ത്രീധനം നിരോധിക്കുക എന്ന രീതിയിൽ നിയമത്തെ പുന:സംഘടിപ്പിക്കണം. സ്ത്രീകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സർക്കാർ/സർക്കാരിതര ഏജൻസികൾ വിവാഹത്തിന് സാമ്പത്തിക സഹായം നൽകുന്ന രീതി അവസാനിപ്പിക്കണം.

### b) **ഗാർഹിക പീഡനങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം, 2005**.

മതിയായ യോഗ്യതയുള്ളവരെ പ്രൊട്ടക്ഷൻ ഓഫീസർമാരായി നിയമിക്കുക. മതിയായ പരിശീലനം നൽകുക. താലൂക്ക് തലത്തിൽ പ്രൊട്ടക്ഷൻ ഓഫീസർ -മാരെ നിയമിക്കുക. ഓഫീസ്/സ്റ്റാഫ്/കൗൺസലിംഗ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ഇരകൾക്ക് സൗജന്യ നിയമസഹായം നൽകുക. പ്രത്യേക കോടതികൾ സ്ഥാപിക്കുക, ഇരയാക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനും, സാമ്പത്തിക സ്വയാശ്രയത്വം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുക.

**c) തുല്യവേതന നിയമം**

തൊഴിലാളി സ്ത്രീയോ, പുരുഷനോ എന്നത് പരിഗണിക്കാതെ തൊഴിലിന്റെ വസ്തുതാപരമായ മൂല്യനിർണ്ണയം നടത്തുന്നതിന്, യഥാർത്ഥത്തിൽ നിർവ്വഹിക്കപ്പെടുന്ന ചുമതല മാത്രം പരിഗണിക്കുന്ന ഉദാരമായ മാനദണ്ഡങ്ങൾ സ്വീകരിക്കുക. നിയമം നടപ്പിലാക്കുന്നതിന് സംസ്ഥാനതലത്തിൽ ഉപദേശക സമിതികൾ രൂപീകരിക്കുക, സ്ത്രീകൾ കൂടുതലായി ചെയ്യുന്ന ജോലികളിൽ അവരുടെ അദ്ധ്വാനത്തിന് അനുയോജ്യമായ വേതനം നിർണ്ണയിക്കുകയും പ്രസ്തുത വേതനം ലഭ്യമാകുുണ്ടന്ന് ഉറപ്പാക്കുകയും ചെയ്യുക. പരാതികൾ പരിഗണിച്ച് തീരുമാനമെടുക്കുന്നതിന് സ്ത്രീകളെ തന്നെ നിയോഗിക്കുക.

d) **തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമങ്ങൾ (തടയൽ, സംരക്ഷണം, പരിഹാരം) നിയമം, 2013.**

പേര് വെളിപ്പെടുത്താത്ത പരാതികൾ സ്വീകരിക്കുന്നതിനും, പരാതികളുടെ രഹസ്യ സ്വഭാവം പാലിക്കുന്നതിനും നടപടി സ്വീകരിക്കണം. പരാതികൾ പരിഗണിക്കുന്ന ആഭ്യന്തര കമ്മിറ്റി അംഗങ്ങൾക്ക് മതിയായ പരിശീലനം നൽകണം. പുതുക്കിയ 'Standard Operating Procedures' നടപ്പിലാക്കണം. തെറ്റായ പരാതികൾ നൽകിയാൽ ശിക്ഷിക്കപ്പെടുമെന്ന വ്യവസ്ഥ പുന:പരിശോധിക്കണം. കമ്മിറ്റി അംഗങ്ങളുടെ എണ്ണം ഒറ്റ അക്കമായി നിജപ്പെടുത്തണം. കമ്മിറ്റിയിൽ ഓഫീസിന് പുറമേനിന്നുള്ള അംഗം നിയമത്തിൽ കൃത്യമായ അറിവുള്ള ആളായിരിക്കണം. സ്ത്രീകളല്ലാത്ത മറ്റ് തൊഴിലാളികൾ നേരിടുന്ന പീഡനങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. ഇലക്ട്രോണിക് തെളിവുകൾ ശേഖരിക്കുന്നതിനും അനുമതി നൽകണം. ആഭ്യന്തര കമ്മിറ്റികളുടെ അന്വേഷണ റിപ്പോർട്ടുകൾ പുറമേയുള്ള മറ്റൊരു അധികാരി പരിശോധിച്ച് ശിക്ഷാനടപടികൾ സ്വീകരിക്കുന്ന രീതിയിൽ വ്യവസ്ഥ ചെയ്യുന്നത് പക്ഷപാതപരമായി, സ്വാധീനങ്ങൾക്ക് വഴിപ്പെട്ട് തീരുമാനങ്ങൾ എടുക്കപ്പെടുന്നത് തടയും.

**e) സ്ത്രീകളെ അസഭ്യമായി ചിത്രീകരിക്കുന്നത് (നിരോധിക്കൽ) നിയമം, 1986.**

'അസഭ്യത' എന്നതിന് കൂടുതൽ നിർവ്വഹണപരമായ നിർവചനം നൽകണം. സൈബർ ലോകത്തിലെയും, സാമൂഹ്യ ഇ - മാധ്യമങ്ങളിലെയും അപകീർത്തി/അശ്ലീലകരമായ ഇടപെടലുകളും പരിശോധിക്കപ്പെടണം. സ്ത്രീകളുടെ സഭ്യമായ ചിത്രീകരണത്തിൽ സാമൂഹികമായി അംഗീകരിക്കപ്പെട്ട പെരുമാറ്റച്ചട്ടങ്ങളെക്കുറിച്ച് കൃത്യമായി നിർവചിക്കണം. മാധ്യമങ്ങൾ/ സിനിമ/ പരസ്യം/ ഐ.റ്റി മേഖലയിലെ നിയമങ്ങളെയും, ഈ നിയമവുമായി ബന്ധിപ്പിച്ച് നടപടി

സ്വീകരിക്കണം. ചലച്ചിത്ര നിയമം രൂപീകരിക്കണം. ലിംഗനീതിയെക്കുറിച്ച് പാഠ്യക്രമത്തിൽ കുട്ടികൾക്ക് അവബോധം നൽകണം.

**f) ഇമ്മോറൽ ട്രാഫിക് (പ്രിവൻഷൻ) ആക്ട്, 1986.**

സ്ത്രീകളുടെ ജോലി (ഹോം നേഴ്സിംഗ്, വീട്ടു ജോലി) യുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജൻസികൾക്ക് ലൈസൻസ് നൽകി പ്രവർത്തനം കർശനമായി നിരീക്ഷിക്കണം. ട്രാഫിക്കിംഗ് ആരോപിക്കപ്പെടുന്ന സ്ത്രീകൾക്കെതിരെയുള്ള നടപടിക്രമങ്ങൾക്ക് വ്യക്തമായ പെരുമാറ്റച്ചട്ടം വികസിപ്പിക്കണം. ഇത്തരം സ്ത്രീകളെ പാർപ്പിക്കുന്ന 'Welfare Home' -കളുടെ അവസ്ഥ മെച്ചപ്പെടുത്തണം. വ്യക്തിഗത പുനരധിവാസ പദ്ധതികൾ ഏർപ്പെടുത്തണം. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ/പ്രവർത്തകർ എന്നിവർക്ക് (പോലീസ്, ആരോഗ്യം, വനിത കമ്മീഷൻ, സാമൂഹ്യനീതി വകുപ്പ്) പരിശീലനം നൽകണം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ/പ്രാദേശിക ജാഗ്രതാ സമിതികൾ/സ്ത്രീ കൂട്ടായ്മകൾ എന്നിവരെയും ഈ വിഷയത്തിൽ സഹകരിപ്പിക്കുകയും നിയമങ്ങൾ സ്ത്രീകൾക്ക് അനുഭാവപൂർണ്ണമായ നിലയിൽ നടപ്പിലാക്കുകയും വേണം.

**iii. മുതിർന്ന പൗരൻമാർ**

a) മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും പരിപാലനവും ക്ഷേമവും ഉറപ്പാക്കുന്ന നിയമം - 2007.

നിയമത്തെപ്പറ്റിയുള്ള സാമൂഹ്യ അവബോധം വളർത്തണം. പോലീസ്, സാമൂഹ്യ പ്രവർത്തകർ എന്നിവർ ജീവനാംശത്തിന് ഉത്തരവ് ലഭിച്ച മുതിർന്ന പൗരൻമാർ, പീഡനത്തിന് ഇരയാക്കപ്പെടാൻ സാധ്യതയുള്ള മുതിർന്ന പൗരൻമാർ എന്നിവരെ പ്രത്യേകമായി പരിഗണിക്കുകയും സന്ദർശിക്കുകയും ചെയ്യണം. നിയമ നിർവ്വഹണത്തിൽ ഉൾപ്പെട്ട വിവിധ സർക്കാർ വകുപ്പുകൾ/ഏജൻസികൾ എന്നിവരുടെ ഫലപ്രദമായ ഏകോപനം/സഹകരണം ഉറപ്പു വരുത്തണം. ട്രൈബ്യൂണൽ ഉത്തരവുകൾ പാലിക്കപ്പെടുന്നതിനുള്ള നടപടിക്രമങ്ങൾ ചട്ടത്തിൽ വ്യക്തമാക്കണം. മുതിർന്ന പൗരൻമാർക്ക് താൽക്കാലികാശ്വാസം നൽകുന്നതിന് ഫണ്ട് രൂപീകരിക്കണം. മതിയായ യോഗ്യതയുള്ളവരെ മാത്രം കൺസിലിയേഷൻ ഉദ്യോഗസ്ഥരായി നിയമിക്കണം. ട്രൈബ്യൂണലുകൾക്ക് മതിയായ സ്റ്റാഫ്, ഫണ്ട്, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നൽകണം. യാത്ര ചെയ്യാൻ സാധിക്കാത്ത പരാതിക്കാരുടെ വീട് സന്ദർശിച്ച് മൊഴി രേഖപ്പെടുത്തണം. സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുൾപ്പെടെയുള്ള സർക്കാർ ആശുപത്രികൾ വയോജന സൗഹൃദമാക്കണം. വയോജനങ്ങൾക്കുള്ള ഒരു സാമൂഹിക - സാംസ്കാരിക ആരോഗ്യ

കേന്ദ്രങ്ങളായി 'പകൽ വീടുകളെ' വികസിപ്പിക്കണം. സർക്കാർ വൃദ്ധ സദനങ്ങളിലെ അവസ്ഥ മെച്ചപ്പെടുത്തണം. ഭാര്യക്കും ഭർത്താവിനും വ്യത്യസ്ത വൃദ്ധ സദനങ്ങളിൽ താമസ സൗകര്യം നൽകുന്ന രീതി പുന:പരിശോധിക്കണം. ജനസംഖ്യയിൽ വൃദ്ധരുടെ അനുപാതം ഏറിവരുന്ന സാഹചര്യത്തിൽ, സമൂഹത്തിലെ വാർദ്ധക്യ വൽക്കരണത്തെക്കുറിച്ച് പഠനം നടത്തി നയരൂപീകരണം നടത്തണം. വയോജനങ്ങൾക്ക് പ്രത്യേക പരിഗണന എല്ലാ മേഖലകളിലും നിഷ്കർഷിക്കണം.

### iv. ഭിന്നശേഷിക്കാർ

a) ഭിന്നശേഷി അവകാശ നിയമം, 2016.

പ്രസ്തുത നിയമത്തിന് അടിയന്തിരമായി ചട്ടങ്ങൾ രൂപീകരിക്കണം. സർക്കാർ പുതിയ ഭിന്നശേഷി നയത്തിന് രൂപം നൽകണം. നിയമത്തിലെ വ്യവസ്ഥ പ്രകാരം സർക്കാർ സംസ്ഥാനതല ഉപദേശകസമിതി രൂപീകരിക്കണം. നിയമം/നയങ്ങൾ നടപ്പിലാക്കുന്നതിന്, ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കണം. സ്കൂളുകളിൽ ആവശ്യത്തിന് റിസോഴ്സ് അദ്ധ്യാപകരെ നിയോഗിക്കണം. സ്പെഷ്യൽ സ്കൂളുകളിലെ ഹയർസെക്കണ്ടറി അദ്ധ്യാപകർ പരിശീലനം നേടിയവർ ആയിരിക്കണം. സാധാരണ സ്കൂളുകളിലും, സ്പെഷ്യൽ സ്കൂളുകളിലും, ബഡ്സ് സ്കൂളുകളിലും പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനത്തെക്കുറിച്ച് സർക്കാർ വിശദമായ പഠനം നടത്തണം. എല്ലാ അംഗീകൃത വിദ്യാലയങ്ങളും ഭിന്നശേഷി വിദ്യാർത്ഥികളെ കൂടി ഉൾക്കൊള്ളുന്ന വിദ്യാഭ്യാസ സമ്പ്രദായം നടപ്പിലാക്കണം. അത്തരം മോഡ്യൂളുകൾ കരിക്കുലത്തിൽ ഉൾപ്പെടുത്തണം.

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കായിക മത്സരങ്ങൾ ഏർപ്പെടുത്തണം. ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്, തൊഴിൽ സംവരണം എന്നിവ കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്നത് ഉറപ്പാക്കണം. ഭിന്നശേഷിക്കാരുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കണം. ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിന് റിസോഴ്സ് കേന്ദ്രങ്ങൾ സ്ഥാപിക്കണം. മുഖ്യധാരാ വികസന - ദാരിദ്ര്യ - നിർമ്മാർജ്ജന പദ്ധതികളിലും ഭിന്നശേഷിക്കാരുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തണം. ഇവരുടെ സാമൂഹ്യ സുരക്ഷ, ആരോഗ്യം, പുനരധിവാസം എന്നിവയ്ക്ക് അനുയോജ്യമായ നയങ്ങൾ രൂപപ്പെടുത്തി നടപ്പിലാക്കണം. പൊതു ഇടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കണം. അപേക്ഷകളോടൊപ്പം സമർപ്പിക്കുന്ന ഭിന്നശേഷി സർട്ടിഫിക്കറ്റിന്, സ്ഥിരമായോ, നിശ്ചിത കാലത്തേക്കോ പ്രാബല്യം നൽകണം. ഭിന്നശേഷിക്കാർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ, പദ്ധതികൾ എന്നിവ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണം. സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ പ്രാദേശിക ഓഫീസുകൾ

സംസ്ഥാനത്തുടനീളം സ്ഥാപിക്കണം. വിവിധയിനം ഭിന്നശേഷിക്കാരുടെ വിശദമായ ഡാറ്റാബേസ് സൃഷ്ടിച്ച് നയ രൂപീകരണങ്ങൾക്കായി ഉപയോഗപ്പെടുത്തണം.

**v. മാനസികാരോഗ്യ പരിചരണം**

a) മാനസികാരോഗ്യ പരിചരണ നിയമം,2017.

സംസ്ഥാന മാനസികാരോഗ്യ അതോറിറ്റി ജില്ലാതല റിവ്യൂബോർഡുകൾ എന്നിവ പുന:സംഘടിപ്പിക്കണം. കേന്ദ്ര നിയമമായ മാനസികാരോഗ്യ പരിചരണ നിയമം - 2017 ന് സംസ്ഥാന സർക്കാർ ചട്ടങ്ങളും മാർഗ്ഗരേഖയും തയ്യാറാക്കണം. കുട്ടികൾക്കും, കൗമാരക്കാർക്കുമുള്ള മാനസികാരോഗ്യ പരിചരണസംവിധാനങ്ങൾ വിപുലപ്പെടുത്തണം. തുടർച്ചയായ ചികിത്സ ആവശ്യമില്ലാത്ത മാനസികാരോഗ്യക്കുറവുള്ള വ്യക്തികളുടെ ക്ഷേമത്തിനായി ഹാഫ് വേ -ഹോം, ഗ്രൂപ്പ് -ഹോം എന്നിവ സ്ഥാപിക്കണം. തടവുകാരായ മാനസിക രോഗികളെ തടവിൽ നിന്ന് മാറ്റി അനുയോജ്യമായ പരിചരണ കേന്ദ്രങ്ങളിൽ താമസിപ്പിക്കണം. ഗുരുതരമായ മാനസിക രോഗമുള്ളവർക്ക് സുരക്ഷിത സാഹചര്യങ്ങളിൽ മനുഷ്യത്വപൂർണ്ണമായ ചികിത്സയും, സർക്കാർ ആരോഗ്യ സംവിധാനങ്ങളിൽ മരുന്നുകളുടെ ലഭ്യതയും ഉറപ്പ് വരുത്തണം. കൂടുതൽ കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുകയും ഈ മേഖലയിൽ വൈദഗ്ധ്യമുള്ളവരുടെ ലഭ്യത വർദ്ധിപ്പിക്കുകയും വേണം. ചികിത്സ തേടുന്നവരുടെ വിശദമായ ഡാറ്റ സൂക്ഷിക്കണം.

**vi. ഇതര സംസ്ഥാന തൊഴിലാളികൾ**

ലേബർ കോഡുകൾ നിലവിൽവരുന്ന സാഹചര്യത്തിൽ, അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) നിയമം -1979, ആയതിന്റെ ചട്ടങ്ങൾ എന്നിവ പരിഷ്കരിക്കണം. നിയമം നടപ്പിലാക്കുന്നതിനാവശ്യമായ ഓഫീസ്, ജീവനക്കാർ, എന്നിവ അനുവദിക്കണം. 'കുടിയേറ്റ തൊഴിലാളി' എന്ന സംജ്ഞ ഏതൊരു അന്യസംസ്ഥാന തൊഴിലാളിയെയും ഉൾക്കൊള്ളുന്ന വിധത്തിൽ ഉചിതമായി പുനർ നിർവചിക്കണം.

## 4.4 Personnel Reforms- Civil Service in Kerala (4th Report)

ഭരണപരിഷ്കാര കമ്മീഷന്റെ 10.05.2018 -ൽ ചേർന്ന 13-ാമത് യോഗത്തിൽ 'Personal Reforms' എന്ന മേഖലയിൽ പഠനം ആരംഭിക്കാൻ തീരുമാനിച്ചു. കമ്മീഷന്റെ സമീപന രേഖയിൽ വിഭാവനം ചെയ്ത പ്രകാരം ഒരു പഠനമേഖലയായി തിരഞ്ഞെടുത്ത 'ഉത്തരവാദാധിഷ്ഠിത ഉദ്യോഗസ്ഥ സംവിധാനം', എന്നതിൽ ഉൾപ്പെട്ടുവരുന്നതും

'ഉദ്യോഗസ്ഥ ശേഷി വികസനം' എന്നത് പഠനത്തിന്റെ തുടർച്ചയുമാണ് ഈ പഠനം. സുതാര്യത, ഉത്തരവാദിത്വ ബോധം, കാര്യക്ഷമത, ഫലപ്രാപ്തി, ക്രിയാത്മകവും കാര്യക്ഷമവുമായ ഇടപെടൽ, ജനസൗഹൃദപരമായ സേവന തത്പരത എന്നിവ ഉൾച്ചേർന്ന ഒരു സിവിൽ സർവീസ് രൂപപ്പെടുത്തി, ഭരണ സംവിധാനത്തിന് പുരോഗമനപരവും ക്രിയാത്മകവുമായ മാറ്റങ്ങൾ കൊണ്ടുവരാൻ ആവശ്യമായ നിർദ്ദേശങ്ങൾ രൂപപ്പെടുത്തുക എന്നതായിരുന്നു പഠന ലക്ഷ്യം. ഭരണതലത്തിലെയും ഉദ്യോഗസ്ഥതലത്തിലെയും മനുഷ്യവിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുക, നടപടി ക്രമങ്ങൾ പുന:സംഘടിപ്പിക്കുക, മെച്ചപ്പെട്ട സേവന സംവിധാനങ്ങൾ രൂപീകരിക്കുക, സർക്കാർ സംവിധാനങ്ങൾ ആധുനികവൽക്കരിച്ച് ലഭ്യമായ മെച്ചപ്പെട്ട മാതൃകകൾ നടപ്പിലാക്കുക, സർക്കാരിന്റെ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും വർദ്ധിപ്പിക്കുക, നടപടിക്രമങ്ങൾ ലഘൂകരിക്കുക, സുതാര്യത ഉറപ്പുവരുത്തി സുഗമമായ സേവനപ്രദാനത്തിന് ഉതകുന്ന ഉദ്യോഗസ്ഥ സംവിധാനങ്ങൾ രൂപപ്പെടുത്തുക എന്നീ മേഖലകളിലാണ് പഠനം നടത്തിയത്.

പഠനത്തിൽ കമ്മീഷനെ സഹായിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി താഴെ ചേർത്തിരിക്കുന്ന ഉപദേശകരെയും വിഷയ വിദഗ്ധരെയും ഉൾപ്പെടുത്തി വിദഗ്ധ സമിതി രൂപീകരിച്ചു.

ശ്രീ.എസ്.എം. വിജയാനന്ദ് (മുൻ ചീഫ് സെക്രട്ടറി)
ഡോ.കെ.എം.എബ്രഹാം, (മുൻ ചീഫ് സെക്രട്ടറി)

അംഗങ്ങൾ:
ശ്രീ. വി.വി. മൊയ്തുണ്ണി, അഡീഷണൽ സെക്രട്ടറി (റിട്ട.)
ശ്രീ. കെ.വി.തോമസ്, അഡീഷണൽ സെക്രട്ടറി (റിട്ട.)
ശ്രീ. ടി.പി.ബാബു, അഡീഷണൽ സെക്രട്ടറി (റിട്ട.)
ഡോ. എസ്. സജീവ്, പ്രൊഫസർ, ഐ.എം.ജി.
ഡോ.എസ്. അജിത, അസിസ്റ്റന്റ് പ്രൊഫസർ, കേരള യൂണിവേഴ്സിറ്റി.
ശ്രീ. ഒ.ബി. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്.
ശ്രീ.കെ.ശിവകുമാർ, ജോയിന്റ് ഡെവലപ്പ്മെന്റ് കമ്മിഷണർ (റിട്ട.)

പഠനത്തിൽ കമ്മീഷനെ സഹായിക്കുന്നതിനും പഠന പ്രവർത്തനങ്ങളിൽ സഹകരിക്കുന്നതിനുമായി സി.എം.ഡി, തിരുവനന്തപുരം എന്ന സ്ഥാപനത്തെ നിശ്ചയിച്ചു.

വിദഗ്ധ സമിതി അംഗങ്ങളുമായി കൂടിയാലോചിച്ച് പഠന മേഖലയിലെ ഓരോ പ്രത്യേക വിഷയത്തിലും വിശദമായ ചോദ്യാവലികൾ തയ്യാറാക്കി.

പഠനത്തിനായി തിരഞ്ഞെടുത്ത വകുപ്പുകളെ നാലായി വർഗ്ഗീകരിച്ചു.

1) Regulatory Departments - Excise
2) Development Departments - Agriculture, ST Development, Panchayat, Urban Affairs.
3) Service Oriented Departments - Revenue
4) Enforcement Departments - Legal Metrology

വിവരശേഖരണത്തിനായി തയ്യാറാക്കിയ ചോദ്യാവലി, വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ, സർവ്വീസ് സംഘടനാ പ്രതിനിധികൾ, തെരഞ്ഞെടുത്ത സർക്കാർ ഉദ്യോഗസ്ഥർ, എന്നിവരുടെ പ്രതികരണത്തിനായി അയച്ചു കൊടുത്തു. Personal Reforms എന്ന പഠനത്തിൽ ബന്ധപ്പെട്ടു വരുന്നവരുടെ പ്രതികരണങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും, ആയതിൽ ചർച്ച നടത്തുന്നതിനുമായി 2019 ജനുവരി 7 -ന് സി.എം.ഡി യിൽ വെച്ച് ഒരു ഏകദിന സെമിനാർ സംഘടിപ്പിച്ചു.

27.02.2019 -ൽ പി.എസ്.സി ചെയർമാനുമായി കമ്മീഷൻ ചർച്ച നടത്തി. 2019 ആഗസ്റ്റിൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു.

**പ്രധാന ശുപാർശകൾ**

1) **കേരള പബ്ലിക് സർവ്വീസസ് ആക്ട് - 1968 സമഗ്രമായി പരിഷ്കരിക്കുക.**
2) **KSR:**
   a) സേവനം പ്രദാനം ചെയ്യാനാകാത്ത വിധം ശാരീരികക്ഷമത നഷ്ടപ്പെട്ട ഉദ്യോഗസ്ഥർക്ക് സർവ്വീസ് കാലയളവ് മുഴുവൻ, ലഭിച്ചു കൊണ്ടിരുന്ന വേതനം നൽകുക.
   b) സർവ്വീസിലിരിക്കെ മരണപ്പെട്ട ജീവനക്കാരുടെ കുടുംബത്തിന്, പ്രസ്തുത ജീവനക്കാരൻ സേവനത്തിൽ തുടർന്നിരുന്നെങ്കിൽ ലഭിക്കാമായിരുന്ന ആനുകൂല്യങ്ങൾ എത്രയാണോ അതിന് ആനുപാതികമായ ആനുകൂല്യങ്ങൾ, സ്ഥിരമായി തൊഴിൽക്ഷമത നഷ്ടപ്പെട്ട ജീവനക്കാർക്കും നൽകുക.
   c) പഠനാവശ്യത്തിനൊഴികെയുള്ള ശൂന്യവേതനാവധികൾ പരിമിതപ്പെടുത്തുക.
   d) KSR Appendix VII Section II I (i) -യിൽ സ്പെഷ്യൽ കാഷൽ ലീവിന് അർഹതയുള്ള പകർച്ച വ്യാധികൾ കാലാനുസൃതമായി പുതുക്കുക.
   e) KSR, KS & SSR എന്നിവയിൽ, ജീവനക്കാരെ വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കുക.
   f) TA Rules, TA Bill എന്നിവ പരിഷ്കരിക്കുക.

3) **KS & SSR**

a) ജീവനക്കാരന്റെ കഴിവ്, യോഗ്യത, തൊഴിൽ, മികവ് എന്നിവ വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി KS & SSR പരിഷ്കരിക്കുക.

b) അഡ്ഹോക്ക് ഡി.പി.സി കൾ ഒഴിവാക്കാൻ പറ്റുന്ന രീതിയിൽ ആവശ്യത്തിന് യോഗ്യരായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സെലക്ട് ലിസ്റ്റുകൾ തയ്യാറാക്കുക.

c) 'Confirmation in Service' -നുള്ള നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാക്കുക.

d) പ്രൊബേഷൻ ടെസ്റ്റ് പാസാകുന്നതിന് അനുവദിക്കുന്ന കാലപരിധി 3 വർഷമായി നിജപ്പെടുത്തുക. (പരമാവധി ആറ് അവസരങ്ങൾ).

e) സബോർഡിനേറ്റ് സർവ്വീസിന്റെയും സ്റ്റേറ്റ് സർവ്വീസിന്റെയും 'entry cadre' -ൽ മാത്രം പ്രൊബേഷൻ നിഷ്കർഷിക്കുക.

4) **കേരള ഗവൺമെൻറ് സർവ്വെന്റ്സ് കോൺടാക്ട് റൂൾസ്**

a) കേരള ഗവൺമെന്റ് സർവ്വെന്റ്സ് കോൺടാക്ട് റൂൾസ് കാലാനുസൃതമായി പരിഷ്കരിക്കുക.

5) **KCS (CC & A) Rules - 1960**

a) സ്വാഭാവിക നീതി ഉറപ്പുവരുത്തുന്നതിന്, ടി റൂളിൽ ഏതൊരു അച്ചടക്കനടപടി സ്വീകരിക്കുന്നതിന് മുമ്പായും പേഴ്സണൽ ഹിയറിംഗ് അനുവദിക്കുക.

b) ഏതൊരു അച്ചടക്കനടപടിക്ക് വിധേയനായ ഉദ്യോഗസ്ഥനും, അപ്പലേറ്റ് അതോറിറ്റി മുമ്പാകെ നേരിട്ട് അപ്പീൽ സമർപ്പിക്കുന്നതിന് അവസരം ഉണ്ടാക്കുക.

6) **സ്പെഷ്യൽ റൂളുകൾ**

a) എല്ലാ വകുപ്പുകളും നിശ്ചിത സമയപരിധിക്കുള്ളിൽ, Special Rules, Special Rule Amendments എന്നിവ തയ്യാറാക്കുന്നതിന് നിഷ്കർഷിക്കുക. ആയതിന് P&ARD നേതൃത്വം നൽകുക.

b) സർവ്വകലാശാലകൾ, അക്കാദമിക യോഗ്യതകൾ സംബന്ധിച്ച് എന്ത് തീരുമാനം എടുത്താലും ആയത് ഉടൻ തന്നെ Special Rules - ലും പ്രതിഫലിക്കത്തക്ക ഒരു സംവിധാനം സർക്കാർ തലത്തിൽ ഉണ്ടാക്കുക.

c) എല്ലാ വകുപ്പുകളുടെയും Special Rules -ന്റെ മലയാളം ഇംഗ്ലീഷ് പതിപ്പുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക.

d) വിവിധങ്ങളായ സർവ്വീസ് നിയമങ്ങളെ ഏകോപിപ്പിച്ച് ഒരു 'Kerala Civil Service Code' രൂപീകരിക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുക.

7) **കേഡർ മാനേജ്മെന്റ്**

a) എല്ലാ സർക്കാർ വകുപ്പുകളും കുറഞ്ഞത് 15 വർഷമെങ്കിലും മുൻകൂട്ടി കണ്ടു കൊണ്ട് 'Cadre Review' നടത്തുക 'Cadre Management and Review' -ന് ആവശ്യമായ എല്ലാ പശ്ചാത്തല സൗകര്യങ്ങളും സർക്കാർ ഒരുക്കിക്കൊടുക്കുക.

b) എല്ലാ തസ്തികകൾക്കും വ്യക്തമായ 'Job Description' തയ്യാറാക്കുക.

c) ജീവനക്കാരുടെ ട്രാൻസ്ഫർ നടപടികൾ 'SPARK' മുഖേനയാക്കുക.

d) ഓരോ തസ്തികയിലും, ജീവനക്കാരനെ നിശ്ചിതകാലം തുടരാൻ അനുവദിക്കുക (Tenure).

e) വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതിന് മുൻപു തന്നെ എല്ലാ വകുപ്പുകളിലും 'പൊതുസ്ഥലം മാറ്റം', വർഷത്തിലൊരിക്കൽ നടത്തുക. സ്ഥലം മാറ്റത്തിനുള്ള മാനദണ്ഡങ്ങൾ വ്യക്തവും സുതാര്യവുമാക്കുക. ഒരിക്കൽ രൂപീകരിച്ച സ്ഥലം മാറ്റ മാനദണ്ഡങ്ങൾക്ക് 10 വർഷം വരെ പ്രാബല്യം നൽകുക.

f) തൊഴിൽപരമായ പ്രത്യേക ആവശ്യകത/യോഗ്യത എന്നിവയ്ക്കനുസരിച്ച് മാത്രം അന്യത്രസേവനം അനുവദിക്കുന്ന വിധത്തിൽ, അന്യത്ര സേവന വ്യവസ്ഥകൾ പരിഷ്കരിക്കുക.

g) ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം നൽകുന്നതിന് മുൻപ്, പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്നതിനാവശ്യമായ കാര്യശേഷി ഉദ്യോഗാർത്ഥി നേടിയിട്ടുണ്ടോ എന്നത് ഉറപ്പുവരുത്തുക. ആവശ്യമെങ്കിൽ യോഗ്യതാ പരീക്ഷ നടത്തുക.

h) 'Performance Appraisal System' സമഗ്രമായി പരിഷ്കരിക്കുക. 'Key Performance Indicators' ഉപയോഗിച്ച് മെറിറ്റ് നിശ്ചയിക്കുക.

8) **സർക്കാർ സർവ്വീസിലേക്കുള്ള നിയമന നടപടികൾ**

a) സർക്കാർ വകുപ്പുകളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനത്തിന് വ്യക്തമായ 'മനുഷ്യവിഭവ ആസൂത്രണം' നടത്തുക. ഇതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് 10 വർഷത്തിൽ ഒരിക്കൽ എങ്കിലും work study നടത്തുക. ഇതിനായി 'Integrated Data Management Techniques' ഉപയോഗപ്പെടുത്തുക.

b) നിയമനാധികാരികൾ, ഒരുവർഷത്തേക്ക് ഒഴിവുകൾ കണക്കാക്കി പി.എസ്.സി യെ അറിയിക്കുക.

c) നിയമന ഉത്തരവിൽ ഉദ്യോഗാർത്ഥി ഉദ്യോഗത്തിൽ പ്രവേശിക്കേണ്ട അവസാന തീയതി വ്യക്തമായി രേഖപ്പെടുത്തുക.

d) 'Socially Sensitive Post' കൾ ഉള്ള വകുപ്പുകളിൽ, അത്തരം തസ്തികൾക്ക് യോഗ്യതകൾ നിശ്ചയിച്ച് പ്രത്യേക കേഡർ രൂപീകരിക്കുക.

e) SPARK നെ നിയമന പ്രക്രിയയിൽ ഉപയുക്തമാക്കത്തക്കവിധം സജ്ജീകരിക്കുക.

f) എല്ലാ 'by-transfer' നിയമനങ്ങളും പി.എസ്.സി മുഖേനയുള്ള തിരഞ്ഞെടുപ്പ് വഴി നടത്തുക.

g) 'ആശ്രിതനിയമനം', 'സ്പോർട്ട്സ് ക്വാട്ട' എന്നിവ വഴി നിയമിക്കപ്പെടുന്നവരുടെ സ്ഥാനക്കയറ്റത്തിന് നിർബന്ധിത വകുപ്പുതല പരീക്ഷകൾക്ക് പുറമേ ഒരു യോഗ്യതാ പരീക്ഷ കൂടി ഏർപ്പെടുത്തുക.

h) വൈദഗ്ധ്യമുള്ളവരെ സർക്കാർ സേവനത്തിലേക്ക് 'ലാറ്ററൽ എൻട്രി' വഴി നിയമിക്കുന്നത് കരാർ അടിസ്ഥാനത്തിലാക്കുക.

i) സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ നടത്തുന്നതുപോലെ ഓരോ യോഗ്യത ആവശ്യമുള്ളതും, കൂടുതൽ എണ്ണം അപേക്ഷകർ ഉള്ളതുമായ തസ്തികകൾക്ക് വേണ്ടി വർഷത്തിലൊരിക്കലോ, രണ്ടു വർഷത്തിലൊരിക്കലോ പി.എസ്.സി

പൊതു പരീക്ഷ നടത്തുക. വിദഗ്ധ സേവനം ഉപയോഗപ്പെടുത്തി പി.എസ്.സി ക്വസ്റ്റ്യൻ ബാങ്കുകൾ തയ്യാറാക്കിയെടുക്കുക. പി.എസ്.സി പരീക്ഷകളുടെ അപേക്ഷാ ഫീസ് ന്യായയുക്തമായി വർദ്ധിപ്പിക്കുക. സാധുതയുള്ള ഒരു റാങ്ക് ലിസ്റ്റ് പി.എസ്.സി -യിൽ എപ്പോഴും ലഭ്യമാകത്തകവിധം പരീക്ഷകൾ ക്രമീകരിക്കുക. റാങ്ക് ലിസ്റ്റിന്റെ കാലാവധി, അപേക്ഷ ക്ഷണിക്കുന്ന അവസരത്തിൽ തന്നെ വ്യക്തമാക്കുക.

j) തൊഴിൽ സ്വഭാവം, യോഗ്യത എന്നിവയുടെ അടിസ്ഥാനത്തിൽ തസ്തികകളുടെ ഗ്രൂപ്പിംഗ് നടത്തി, ഉദ്യോഗാർത്ഥികൾക്ക് ഇഷ്ടമുള്ള ഗ്രൂപ്പ് തസ്തിക തിരഞ്ഞെടുക്കാൻ അവസരം നൽകുക.

k) വിവിധ വകുപ്പുകളിൽ ഒരേ യോഗ്യത വേണ്ട തസ്തികകളിൽ കോമൺ സർവ്വീസ് പൂൾസ് നിയമനം നടത്തുക.

l) പി.എസ്.സി യുടെ പൊതു പരീക്ഷകൾക്ക് ഒരു ഉദ്യോഗാർത്ഥിക്ക് അപേക്ഷിക്കാവുന്ന അവസരങ്ങളുടെ എണ്ണം പൊതുവിഭാഗത്തിന് '4' ആയും, OBC ക്ക് 5 ആയും പരിമിതപ്പെടുത്തുക. പ്രായപരിധി 32 വയസ്സ് ആക്കുക. എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് ഇതിൽ ഇളവ് അനുവദിക്കുക.

m) പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ മേഖലയിലെ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ നിയമന പ്രക്രിയകൾക്ക്, 'Notified Sector Recruitment Commission' എന്ന ഒരു സ്ഥാപനം രൂപീകരിക്കുക.

n) റിട്ടയർമെന്റ് പ്രായം ഘട്ടംഘട്ടമായി 60 ആക്കി ഉയർത്തുക.

o) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് അനുയോജ്യമായ നിശ്ചിത തരം /എണ്ണം തസ്തികകൾ നീക്കിവെച്ച് അവയിൽ യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി വേഗത്തിൽ നിയമനം നടത്തുന്നതിനുള്ള സംവിധാനം രൂപീകരിക്കുക.

p) ഒരു വർഷത്തിൽ, റെഗുലർ റിക്രൂട്ട്മെന്റ് നടപടികളിലൂടെ നിയമിതരാകുന്നവർക്ക് അതേ വർഷം ആശ്രിത നിയമനം / സ്പോർട്ട്സ് ക്വാട്ട വിഭാഗങ്ങളിൽ നിയമനം നേടുന്നവരുടെ മുകളിൽ സീനിയോറിട്ടി അനുവദിക്കുക.

9) **SPARK - ഉം ജീവനക്കാര്യങ്ങളും**

a) SPARK - നെ ഒരു വിദഗ്ദ്ധ ഏജൻസി മുഖാന്തിരം സമഗ്രമായി പരിഷ്ക്കരിച്ച് സമഗ്രമായ ഒരു 'HR & Pay Roll' പാക്കേജ് ആയി വികസിപ്പിക്കുക.

b) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെയും SPARK- ൽ ബന്ധിപ്പിക്കുക.

c) GPF, RTC, GEMS (Gazetted Entitlements Management System) എന്നിവ SPARK- മായി ബന്ധിപ്പിക്കുക.

d) ജില്ലാ തലത്തിലുള്ള SPARK സേവന സംവിധാനങ്ങൾ ശക്തിപ്പെടുത്തുക.

e) ജീവനക്കാരന്റെ സർവ്വീസ് സംബന്ധമായ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട ഡി.ഡി.ഒ മാരിൽ നിക്ഷിപ്തമാക്കുക.

f) Online Leave Management സംവിധാനം SPARK മുഖേന ഏർപ്പെടുത്തുക. Attendance Monitoring, Leave Management എന്നിവ SPARK-ലെ Pay Roll Management സംവിധാനവുമായി ബന്ധിപ്പിക്കുക.

g) ഒരു ജീവനക്കാരന്റെ താൽക്കാലിക അഭാവം സേവനപ്രദാനത്തെ ബാധിക്കാതിരിക്കേണ്ടതിന് 'Automatic Charge Arrangement' സംവിധാനം ഏർപ്പെടുത്തുക. ജീവനക്കാരുടെ ലീവ്/അഭാവം എന്നിവ സംബന്ധിച്ച വിവരം പൊതുജനങ്ങൾക്കും മുൻകൂട്ടി ലഭ്യമാക്കുക.

h) ഒരാഴ്ചയിലെ പ്രവൃത്തിദിനങ്ങൾ '6' ൽ നിന്ന് '5' ആക്കി കുറയ്ക്കുക. ഇങ്ങനെ നഷ്ടമാകുന്ന പ്രവൃത്തി സമയം പരിഹരിക്കുന്നതിന് ഒരു ദിവസത്തെ പ്രവൃത്തി സമയം 1.30 മണിക്കൂർ വീതം വർദ്ധിപ്പിച്ചുകൊണ്ട് 9 am മുതൽ 5.30 pm വരെ ആക്കി മാറ്റുക. പൊതു അവധി ദിനങ്ങളുടെ എണ്ണം പരിമിതപ്പെടുത്തുക. ആകസ്മികാവധികളുടെ എണ്ണം 12 ആയി കുറക്കുക.

i) പ്രതി ദിന പ്രവൃത്തി സമയം, 'flexible timing' ആയി ക്രമീകരിക്കുക. പ്രവൃത്തി സമയത്ത് ജീവനക്കാരന്റെ ഓഫീസിലെ സാന്നിധ്യം ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് രേഖപ്പെടുത്തുക. എല്ലാ ഓഫീസുകളിലും 'Biometric' തിരിച്ചറിയൽ കാർഡുകൾ നിർബന്ധമാക്കുക. വിദ്യാലയങ്ങളുടെ പ്രവൃത്തി സമയം ഒരു മണിക്കൂർ നേരത്തെയാക്കുക.

10) **ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ**

a) ഓഫീസുകളിൽ, സന്ദർശന മുറി, ബേബി ഫീഡിംഗ് ക്യാബിൻസ്, ടോയ്ലറ്റ്സ്, ലിഫ്റ്റ്, ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപയോഗിക്കാവുന്ന റാമ്പുകൾ, വൃത്തിയുള്ള ഓഫീസ് പരിസരം എന്നിവ ഉറപ്പാക്കുക. ഇത്തരം കാര്യങ്ങളുടെ നടത്തിപ്പിന് 'House keeping' വിഭാഗം ശക്തിപ്പെടുത്തുകയും പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഒരു 'Quick Response Team' നെ നിയോഗിക്കുകയും ചെയ്യുക.

b) തൊഴിൽ പരിസരം മെച്ചപ്പെട്ടതാക്കുക.

c) സർവ്വീസ് സംഘടനകൾ/സാംസ്കാരിക സംഘടനകൾ എന്നിവരുടെ നോട്ടീസ്, കൊടി തോരണങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിന് നിശ്ചിത സ്ഥലം ഓഫീസ് പരിസരത്ത് അനുവദിക്കുക.

d) ഓരോ വകുപ്പിലെയും ഓഫീസുകൾക്കും പ്രത്യേക കളർ സ്കീം അനുവദിക്കുക. ഗ്രീൻ ബിൽഡിംഗ്/ഒരേ വാസ്തു വിദ്യ എന്നിവ നടപ്പാക്കുക.

e) എല്ലാ ഓഫീസുകളിലും വിശദമായ 'Asset Register' സൂക്ഷിക്കാൻ നടപടി എടുക്കുക.

f) പഴയതും, ഉപയോഗത്തിലില്ലാത്തതും, ഉപയോഗ ശൂന്യവുമായ വസ്തുവകകൾ ശരിയായ രീതിയിൽ നീക്കം ചെയ്യേണ്ടതിന് ഒരു സംവിധാനം ഏർപ്പെടുത്തുക.

g) ആരോഗ്യവകുപ്പ് ജീവനക്കാർ ഒഴികെയുള്ള സർക്കാർ ഉദ്യോഗസ്ഥർ താന്താങ്ങളുടെ ഓഫീസിൽ നിന്ന് പരമാവധി 20 കി.മീറ്ററും, ആരോഗ്യവകുപ്പ് ജീവനക്കാർ പരമാവധി 10 കി.മീറ്ററും ദൂരപരിധിയിൽ താമസിക്കുന്നതിന് വ്യവസ്ഥ ചെയ്യുക. സർക്കാർ പരമാവധി താമസ സൗകര്യങ്ങൾ ജീവനക്കാർക്ക് ഒരുക്കിക്കൊടുക്കുകയോ, വീട്ടു വാടക അലവൻസ് യുക്തിസഹമായ രീതിയിൽ വർദ്ധിപ്പിച്ച് നൽകുകയോ ചെയ്യുക. റവന്യൂ, ആരോഗ്യം, പോലീസ്, ഫയർഫോഴ്സ്, തദ്ദേശസ്വയം ഭരണം എന്നീ വകുപ്പുകളിലെ ജീവനക്കാർക്ക് കേന്ദ്രീകൃത താമസ സൗകര്യം ഏർപ്പെടുത്തുക. ജനകേന്ദ്രിതമായി പ്രവർത്തിക്കുന്ന വകുപ്പുകളിലെ ജീവനക്കാർക്ക് താമസ സൗകര്യങ്ങൾ നൽകുന്നതിൽ മുൻഗണന നൽകുക. ഒറ്റയ്ക്ക് താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സ് സംവിധാനങ്ങളും നിർമ്മിക്കുക.

h) ജീവനക്കാരുടെ മക്കൾക്കായി ഓഫീസിനോട് ചേർന്ന് 'day care' സൗകര്യം ഒരുക്കുക.

i) ജീവനക്കാരന്റെ തൊഴിൽ സ്വഭാവം പരിഗണിച്ച് വാഹനം/ഇന്ധന ബത്ത എന്നിവ അനുവദിക്കുക.

j) ഓഫീസുകളിലേക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് പകരം കരാർ അടിസ്ഥാനത്തിൽ വാഹന സൗകര്യം സ്വീകരിക്കുന്നത് പ്രോത്സാഹിപ്പിക്കുക.

k) വീഡിയോ കോൺഫറൻസിംഗ്, തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് മീറ്റിംഗ്/ചർച്ചകൾ എന്നിവ സംഘടിപ്പിക്കുന്നതിലൂടെ വാഹന ഉപയോഗം കുറക്കുക.

11) **അക്കൗണ്ടബിലിറ്റി**

a) ഉദ്യോഗസ്ഥൻ തന്റെ തൊഴിലിൽ പ്രകടിപ്പിക്കുന്ന ശേഷിയും നൈപുണ്യവും നിശ്ചിത കാലപരിധികളിൽ ശാസ്ത്രീയമായും സുതാര്യമായും വിലയിരുത്തി ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുക. കാര്യശേഷിയില്ലായ്മ, കൃത്യവിലോപം എന്നിവ തക്കതായ രീതിയിൽ പരിഗണിക്കപ്പെടണം. ഇതിനായി വൈദഗ്ധ്യമുള്ള മനുഷ്യവിഭവശേഷി വിദഗ്ധരുടെ സേവനം സ്വീകരിക്കാവുന്നതാണ്. സമയബന്ധിത സേവന പ്രദാനത്തെ പൗരാവകാശരേഖ, സേവനാവകാശ നിയമം എന്നിവയുമായി ബന്ധിപ്പിക്കുക. ഓഫീസ് പ്രക്രിയകൾ ഇ -ഗവേണൻസ് മാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തി സുതാര്യമാക്കുക.

b) ഉദ്യോഗസ്ഥ ശേഷി നിരീക്ഷണത്തിനുള്ള ഉപാധികളായി 'Result Frame Work Document, community score cards' സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുക. സോഷ്യൽ ഓഡിറ്റിനെയും സർക്കാർ പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കാൻ ഉപയോഗിക്കാവുന്നതാണ്.

c) ഔദ്യോഗിക ഭാഷ ലളിതമാക്കുക, എല്ലാ വകുപ്പുകളും നൽകുന്ന സേവനങ്ങൾ സംബന്ധിച്ച് സമഗ്രമായ ഒരു രേഖ തയ്യാറാക്കി പ്രദർശിപ്പിക്കുക.

d) സർക്കാർ തലത്തിൽ 'സർവ്വീസ് സ്പെസിഫിക്ക് പെർഫോർമൻസ് ഇൻഡിക്കേറ്റ്സ് ' വികസിപ്പിച്ച് ഉപയോഗപ്പെടുത്തുക.

e) മികച്ച സേവനം നൽകുന്ന ഉദ്യോഗസ്ഥർക്ക് റിവാർഡ്സ്/ ഇൻസെന്റീവ്സ്/ അംഗീകാരം ഏർപ്പെടുത്തുക.

f) ജീവനക്കാർക്ക് വാർഷിക ആരോഗ്യ പരിശോധനാ അലവൻസ് അനുവദിക്കുക.

g) ജീവനക്കാരുടെ തൊഴിൽ/ചുമതലകൾ/ഉത്തരവാദിത്വങ്ങൾ വ്യക്തമായി നിർവചിക്കുക.

h) പേഴ്സണൽ സ്റ്റാഫ് ആയി നിയമിക്കപ്പെടുന്നവർക്ക് മതിയായ പരിശീലനം നൽകുക.

12) **അച്ചടക്ക നടപടികൾ**

a) ജീവനക്കാർക്കിടയിൽ 'Punctuality Groups' രൂപപ്പെടുത്തുക.

b) എല്ലാ വകുപ്പുകളിലും 'Internal Vigilance Cell' രൂപീകരിക്കുക.

c) അച്ചടക്ക നടപടികൾ സംബന്ധിച്ച നിയമങ്ങളിൽ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുക.

d) അച്ചടക്ക നടപടികൾ പൂർത്തീകരിക്കുന്നതിന് നിശ്ചിത കാലപരിധി വ്യവസ്ഥ ചെയ്യുക. മൈനർ പെനാൽറ്റി ലഭിക്കാവുന്ന നടപടികൾ 6 മാസത്തിലും മേജർ പെനാൽറ്റി ലഭിക്കാവുന്ന നടപടികൾ ഒരു വർഷത്തിലും പൂർത്തീകരിക്കണം.

e) അന്വേഷണ ഉദ്യോഗസ്ഥരായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന് കുറഞ്ഞത് രണ്ട് വർഷത്തെ സേവന കാലാവധി ഉണ്ടായിരിക്കണം.

f) സർക്കാർ, വിജിലൻസ് ട്രൈബ്യൂണലുകളുടെ പ്രവർത്തന ശേഷിയെ സംബന്ധിച്ച് പഠനം നടത്തുക.

g) ആരോപണ വിധേയനായ ഉദ്യോഗസ്ഥന്, ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് എടുക്കാൻ സമ്മതം നൽകുക.

h) വാദി എതിർ കക്ഷികൾക്ക്, സാക്ഷി വിസ്താരത്തിന് തുല്യമായ അവകാശങ്ങൾ അനുവദിക്കുക.

i) ശൂന്യവേതനാവധിയിൽ ഉള്ള ഉദ്യോഗസ്ഥരുടെ കൃത്യമായ മേൽവിലാസം എല്ലാ വർഷവും തുടക്കത്തിൽ വകുപ്പ തലവനെ അറിയിക്കുന്നതിന് നിഷ്കർഷിക്കുക.

13) **റിട്ടയർമെൻറ്**

a) സർക്കാർ സേവനത്തിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥന് തന്റെ അറിവും അനുഭവ ജ്ഞാനവും സർക്കാരിന് വേണ്ടി വിനിയോഗിക്കാൻ താത്പര്യമുള്ള പക്ഷം അത്തരം ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കേണ്ടതാണ്. സേവനത്തിന് ഹോണറേറിയം നൽകാവുന്നതുമാണ്.

b) ജോലിയിൽ നിന്ന് വിരമിക്കുന്നതിന് ഒരു വർഷം മുൻപ് ഉദ്യോഗസ്ഥർക്ക് പ്രീ - റിട്ടയർമെന്റ് കൗൺസലിംഗ് നൽകണം.

c) ഉദ്യോഗസ്ഥന്റെ വ്യക്തി/സേവന വിവരങ്ങൾ SPARK- ൽ ഒരു Module- ൽ ഡോസിയർ ആയി സൂക്ഷിക്കേണ്ടതാണ്.

d) അച്ചടക്ക നടപടികൾ/വിജിലൻസ് കേസുകൾ/റിക്കവറി നടപടികൾ എന്നിവ റിട്ടയർമെന്റിന് ഒരു വർഷം മുൻപ് പൂർത്തിയാക്കണം. SLI, GIS നടപടിക്രമങ്ങൾ ലഘൂകരിക്കുകയും വിരമിക്കുന്ന ഉദ്യോഗസ്ഥന് സർക്കാർ ഉചിതമായ ഒരു യാത്രയയപ്പ് നൽകുകയും വേണം.

## **4.5** Towards People Centric Service Delivery ( 5th Report)

(Land Revenue, Survey & Land Records, Registration, Food & Civil Supplies and Police)

ജനകേന്ദ്രീകൃത സേവനങ്ങൾ എന്ന വിഷയം കമ്മീഷന്റെ മുൻഗണനാ വിഷയങ്ങളിലൊന്നായി നിശ്ചയിച്ച് പഠനം നടത്തുന്നതിനായി 06.04.2017 ന് ചേർന്ന കമ്മീഷന്റെ യോഗത്തിൽ തീരുമാനിച്ചു. പ്രസ്തുത പഠനം നടത്തുന്നതിനായി 03.07.2017 ന് നടന്ന കമ്മീഷന്റെ 6-ാമത് യോഗത്തിൽ വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവരെ ഉൾക്കൊള്ളിച്ച് കൊണ്ട് കമ്മീഷനെ സഹായിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചു. വിദഗ്ദ്ധസമിതി അംഗങ്ങൾ ഈ വിഷയത്തിൽ ഒരു ശില്പശാല സംഘടിപ്പിക്കാൻ തീരുമാനിക്കുകയും ആയതിനുവേണ്ടി ഒരു രൂപരേഖ തയ്യാറാക്കുകയും ചെയ്തു. വിവിധ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ഉദ്യോഗസ്ഥർ പൊതുജനങ്ങൾ എന്നിവരിൽ നിന്നും വിവരശേഖരണം ആരംഭിച്ചു.

**വിദഗ്ധ സമിതി അംഗങ്ങൾ;**

ഡോ.വി.വേണു ഗവ.പ്രിൻസിപ്പൽ സെക്രട്ടറി

ശ്രീ.എസ്.സുബയ്യ, ഐ.എ.എസ് (റിട്ട.)

ശ്രീമതി കെ.ബി വൽസല കുമാരി, ഐ.എ.എസ് (റിട്ട.)

ശ്രീ. എസ്.ഡി പിള്ള, ഐ.എ & എ.എസ് (റിട്ട.)

ഡോ. എബി ജോർജ്ജ്

ഡോ.എസ്. അജിത, അസിസ്റ്റന്റ് പ്രൊഫസർ, കേരള സർവ്വകലാശാല

ശ്രീ.കെ.വിജയകുമാർ, അഡീഷണൽ സെക്രട്ടറി (റിട്ട.)

അഡ്വ. ബിനീഷ് പി. ചാക്കോ

അഡ്വ. ഇന്ദിര രവീന്ദ്രൻ

ശ്രീ. പ്രമോദ് വി ആർ, അണ്ടർ സെക്രട്ടറി

രാജ്യത്ത് നിലവിലുള്ള മികച്ച മാതൃകകൾ പഠനവിധേയമാക്കുന്നതിന്റെ ഭാഗമായി മികച്ച സേവനം പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്ന സംസ്ഥാനത്തെ സ്ഥാപനങ്ങളിൽ ഒന്നായ പുനലൂർ താലൂക്ക് ആശുപത്രി, പുനലൂർ വില്ലേജ് ഓഫീസ്, പത്തനാപുരം ഗാന്ധിഭവൻ, സുൽത്താൻ ബത്തേരി കുടുംബാരോഗ്യ കേന്ദ്രം എന്നിവിടങ്ങൾ സന്ദർശിക്കുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. പഠനത്തിന്റെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മേധാവികൾ/പ്രതിനിധികൾ എന്നിവരുമായി 12.04.2018, 13.04.2018 എന്നീ തീയതികളിൽ ചർച്ച ചെയ്തു. 10.05.2018 ന് ചേർന്ന കമ്മീഷന്റെ 13 -ാമത് യോഗത്തിൽ പഠന വിഷയം സംബന്ധിച്ചുള്ള പൊതുജനാഭിപ്രായ ശേഖരണത്തിനും നിലവിലുള്ള സർക്കാർ സേവനങ്ങളുടെ പരിമിതികൾ പരിശോധിക്കുന്നതിനുമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പബ്ലിക് ഹിയറിംഗുകൾ നടത്തുതിന്റെ സാദ്ധ്യത പരിശോധിച്ച് നിർദ്ദേശം സമർപ്പിക്കാനും തീരുമാനിച്ചു. 'ജനകേന്ദ്രീകൃത സേവനം' എന്ന പഠനം ഈ വിഷയത്തിൽ പരിചയമുള്ള സി.എസ്.ഇ.എസ്, കൊച്ചി എന്ന സ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെ നടത്താനും തീരുമാനിച്ചു.

പഠനത്തിന് തെരഞ്ഞെടുത്ത 21 വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ തലവൻമാരുടെയും ടി സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല കമ്മറ്റികളുടെ നോഡൽ ഓഫീസർമാരുടെയും സംയുക്ത യോഗം തിരുവനന്തപുരത്ത് ഗസ്റ്റ് ഹൗസിൽ വച്ച് സംഘടിപ്പിച്ചു. സി.എം.ഡി യുമായി ചേർന്ന് ഒരു ചർച്ചാ യോഗം (Brain Storming Session) 2018 മെയ് 9,11 തീയതികളിൽ സംഘടിപ്പിച്ചു.

01.08.2017, 20.02.2018, 27.11.2019, 16.02.2020 - 'ജനകേന്ദ്രീകൃത സേവനങ്ങൾ' എന്ന പഠനത്തിന്റെ ഭാഗമായി രൂപീകരിച്ച വിദഗ്ധ സമിതി യോഗം ചേർന്ന് പഠന പുരോഗതി വിലയിരുത്തി. പഠനത്തിന്റെ ഭാഗമായി വിവിധ വകുപ്പുകളിൽ വകുപ്പുതല സമിതികൾ യോഗം ചേരണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. തുടർന്ന് 26.10.2019 ന് പോലീസ് വകുപ്പുതല കമ്മിറ്റിയുമായി കമ്മീഷൻ ചർച്ച നടത്തുകയുണ്ടായി. പഠന പുരോഗതി വിലയിരുത്തുകയും 14.01.2020 -ന് അഗ്നിശമനസേനാ തലവനുമായി കമ്മീഷൻ പഠന വിഷയത്തിൽ ചർച്ച നടത്തുകയുണ്ടായി. 'ജനകേന്ദ്രീകൃത സേവനങ്ങൾ' എന്ന പഠനത്തിൽ കമ്മീഷനെ സഹായിക്കുന്നതിനും കരട് റിപ്പോർട്ട് തയ്യാറാക്കുന്നതിൽ കമ്മീഷനെ സഹായിക്കുന്നതിന് സി.എസ്.ഇ.എസ്, കൊച്ചി എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുന്നതിന് പഠനത്തിൽ Land Revenue, Survey & Land Records, Registration, Food & Civil Supplies, Police എന്നീ വകുപ്പുകളെ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു. 2020 മാർച്ച് മാസം റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു.

പബ്ളിക് ഹിയറിംഗുകൾ: 'ജനകേന്ദ്രീകൃത സേവനങ്ങൾ' എന്ന പഠനത്തിന്റെ ഭാഗമായി പ്രസ്തുത വിഷയത്തിലെ പൊതുജനാഭിപ്രായ ശേഖരണത്തിനും നിലവിലുള്ള സർക്കാർ സേവന വിതരണത്തിലെ പരിമിതികൾ പരിശോധിക്കുന്നതിനുമായി സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ പബ്ലിക് ഹിയറിംഗ് നടത്താൻ കമ്മീഷൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ 05.12.2017 ന് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഒളിംപിയ ഹാളിൽ പബ്ലിക് ഹിയറിംഗ് നടത്തി. വനിത/ശിശു ക്ഷേമവുമായി ബന്ധപ്പെട്ട വിഷയത്തിൽ സർക്കാർ സേവനങ്ങളുടെ ലഭ്യത സംബന്ധിച്ച് വിവിധ സർക്കാർ വകുപ്പുകൾ/എൻ.ജി.ഒ കൾ എന്നിവരുടെ പ്രതിനിധികൾ, വിവിധ ജനകീയ സംഘടനാ പ്രതിനിധികൾ അവരുടെ ഉൽകണ്ഠകളും നിർദ്ദേശങ്ങളും കമ്മീഷന് മുമ്പാകെ സമർപ്പിച്ചു. 04.01.2018 -ന് എറണാകുളം ടൗൺ ഹാളിൽ പബ്ലിക് ഹിയറിംഗ് നടത്തുകയുണ്ടായി. മുതിർന്ന പൗരൻമാരുടെയും അതിഥി തൊഴിലാളികളുടെയും ക്ഷേമവുമായി ബന്ധപ്പെട്ട വിഷയത്തിൽ ജില്ലയിലെ വിവിധ വിഭാഗം ജനങ്ങളിൽ നിന്നും വിവിധ സർക്കാർ വകുപ്പുകളുടെയും എൻ.ജി.ഒ കളുടെയും പ്രതിനിധികളിൽ നിന്നും കമ്മീഷൻ വിവരശേഖരണം നടത്തുകയും പൊതുജനാഭിപ്രായവും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തു. 05.01.2018 ന് പാലക്കാട് ടൗൺ ഹാളിൽ വച്ച് നടത്തപ്പെട്ട പബ്ലിക് ഹിയറിംഗിൽ ഭിന്നശേഷിക്കാരുടെ വിവിധ പ്രശ്നങ്ങളും അവരുടെ ക്ഷേമത്തിനായിട്ടുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ പൊതുജനാഭിപ്രായവും നിർദ്ദേശങ്ങളും കമ്മീഷൻ ശേഖരിക്കുകയുണ്ടായി.

11.01.2018 -ന് കണ്ണൂർ പോലീസ് സഭാ ഹാളിൽ വച്ച് കമ്മീഷൻ ഈ പഠനത്തിന്റെ ഭാഗമായി പബ്ലിക് ഹിയറിംഗ് നടത്തി. ആയതിന്റെ ഭാഗമായി സമൂഹത്തിലെ വിവിധ വിഭാഗം

ജനങ്ങളുടെ പ്രതിനിധികളുമായും സർക്കാർ വകുപ്പുകളുടെയും എൻ.ജി.ഒ കളുടെയും പ്രതിനിധികളുമായും ആശയ സംവാദം സംഘടിപ്പിക്കുകയും വനിത/ശിശുക്ഷേമവും അവരുടെ മാനസിക ആരോഗ്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിലും ഉള്ള നിർദ്ദേശങ്ങൾ/ അഭിപ്രായങ്ങൾ ശേഖരിക്കുകയും ചെയ്തു.

23.11.2018 ന് തിരുവനന്തപുരം നെടുമങ്ങാട് ടൗൺ ഹാളിൽ വച്ച് കമ്മീഷൻ പബ്ലിക് ഹിയറിംഗ് നടത്തുകയുണ്ടായി. ആയതിന്റെ ഭാഗമായി വിവിധ സംഘടന/പൊതുജന പ്രസ്ഥാനങ്ങൾ ഉൾപ്പെടെയുള്ളവരുടെ പ്രതിനിധികളുമായും വിവിധ വകുപ്പുകൾ/എൻ.ജി.ഒ കൾ എന്നിവരുടെ പ്രതിനിധികളുമായും ആശയസംവാദം നടത്തുകയും നിലവിലുള്ള സേവന വിതരണ സംവിധാനത്തിലെ കുറവുകൾ തിരിച്ചറിയുന്നതിനും ഫലപ്രദമായി നടപ്പിലാക്കുന്നതിനുമുള്ള പൊതു അഭിപ്രായ/നിർദ്ദേശ ശേഖരണം നടത്തുകയുമുണ്ടായി.

30.11.2018 -ന് ആലപ്പുഴ മുൻസിപ്പൽ ടൗൺ ഹാളിൽ വച്ച് നിലവിലുള്ള സേവന വിതരണ സംവിധാനത്തിലെ പോരായ്മകൾ തിരിച്ചറിയുന്നതിനും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനുമുള്ള പൊതുജനാഭിപ്രായ/നിർദ്ദേശ ശേഖരണത്തിന്റെ ഭാഗമായി ആശയ സംവാദത്തിൽ സമൂഹത്തിന്റെ വിവിധ മേഖലകളിലെ പൗരപ്രമുഖരും വിവിധ സർക്കാർ വകുപ്പുകൾ/ എൻ.ജി.ഒ കൾ എന്നിവരുടെ പ്രതിനിധികൾ എന്നിവരും ഹാജരായി ഈ വിഷയത്തിൽ വിവിധ നിർദ്ദേശങ്ങൾ നല്കുകയുണ്ടായി.

വിവിധ സർക്കാർ വകുപ്പുകൾ/ ഏജൻസികൾ എന്നിവയുടെ പ്രതിനിധികളുമായും പൊതുജനസംഘടന പ്രതിനിധികളുമായും വിവിധ പൗരപ്രമുഖരുമായും ആശയസംവാദം നടത്തുന്നതിനും അഭിപ്രായ/നിർദ്ദേശശേഖരണത്തിനുമായി 20.12.2018 ന് മലപ്പുറം ജില്ലയിൽ പഠന വിഷയത്തിന്റെ അടിസ്ഥാനത്തിൽ പബ്ലിക് ഹിയറിംഗ് നടത്തുകയുണ്ടായി.

22.01.2019 ന് ജനകേന്ദ്രീകൃത സേവനങ്ങൾ എന്ന പഠന വിഷയത്തിന്റെ ഭാഗമായി പൊതുജനങ്ങളിൽ നിന്നും അഭിപ്രായ നിർദ്ദേശങ്ങൾ ശേഖരിക്കുന്നതിനായി കാസർഗോഡ് ജില്ലയിൽ ഒരു പബ്ളിക് ഹിയറിംഗ് നടത്തി. ആയതിന്റെ ഭാഗമായി 'പാർശ്വവൽകൃത സമൂഹം മുഖ്യധാരയിലേയ്ക്ക്' എന്ന വിഷയത്തിൽ തീരദേശവാസികളുടെയും മത്സ്യത്തൊഴിലാളികളുടെയും പ്രതിനിധികളുമായി ആശയസംവാദം നടത്തി അവരുടെ വിലയേറിയ അഭിപ്രായ നിർദ്ദേശങ്ങൾ ശേഖരിക്കുകയും ചെയ്തു. 'തീരദേശവും മത്സ്യ തൊഴിലാളികളും' എന്ന വിഷയത്തിൽ 22.01.2019 ന്, കാസർഗോഡ് 'District Institute of Education and Training' ഹാളിൽ വച്ച് ഹിയറിംഗ് സംഘടിപ്പിച്ചു.

ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ സംവിധാനങ്ങളുടെ പ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ, സർക്കാർ - ഇതര സേവനസംഘടനാ പ്രതിനിധികൾ,

മത്സ്യ തൊഴിലാളി പ്രതിനിധികൾ എന്നിവർ ഹിയറിംഗിൽ സംബന്ധിച്ച് തങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംസാരിച്ചു.

13.02.2019 ന് വയനാട് നടന്ന പബ്ലിക് ഹിയറിംഗിൽ 'പാർശ്വവൽകൃത സമൂഹം മുഖ്യധാരയിലേയ്ക്ക്' എന്ന വിഷയത്തിൽ പഠനത്തിന്റെ ഭാഗമായി പട്ടികവർഗ്ഗങ്ങളെ പ്രതിനിധീകരിക്കുന്ന പ്രത്യേക ക്ഷണിതാക്കളുമായി ആശയ സംവാദം നടത്തുകയും വിവരശേഖരണം നടത്തുകയും ചെയ്തു. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രശ്നങ്ങളും പ്രതീക്ഷകളുമാണ് ഈ ഹിയറിംഗിൽ പങ്കുവെയ്ക്കപ്പെട്ടത്. സർക്കാർ/സർക്കാരിതര സ്ഥാപന പ്രതിനിധികൾ, പട്ടിക വർഗ്ഗ സംഘടനാ പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ, പഠന വിഷയമായ വിഭാഗത്തിലെ സാധാരണ ജനങ്ങൾ എന്നിവർ ഹിയറിംഗിൽ പങ്കെടുത്തു. ആദിവാസി ഗോത്ര മഹാസഭാ പ്രതിനിധികൾ, വയനാട് ജില്ലാ പായത്ത് സ്റ്റാൻഡിംഗ് കമ്മറ്റി അംഗം, കൽപ്പറ്റ നിയമസഭാ മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ, ട്രൈബൽ ഡവലപ്പ്മെന്റ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ, പ്രസിഡന്റ്, ആദിവാസി ക്ഷേമസമിതി, ഐ.സി.ഡി.എസ് പ്രതിനിധികൾ, പ്രസിഡന്റ്, കേരള ആദിവാസി ഫോറം, ആദിവാസി മഹാസഭാ പ്രതിനിധി, തുടങ്ങിയവർ ഹിയറിംഗിൽ കാലിക പ്രസക്തമായ നിരവധി വിഷയങ്ങൾ കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടു വന്നു.

## പ്രധാന ശുപാർശകൾ

### റവന്യൂ വകുപ്പ്:

1. സേവനപ്രദാനവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളോട് ആവശ്യപ്പെടുന്ന സർട്ടിഫിക്കറ്റുകളുടെ പ്രസക്തിയും അതിന്റെ മാനദണ്ഡങ്ങളും സർക്കാർ അവലോകനം ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. പരീക്ഷ /ജോലി എന്നിവയ്ക്കായി അപേക്ഷ ക്ഷണിയ്ക്കുമ്പോൾ, സർട്ടിഫിക്കറ്റുകൾ കൂടി സമർപ്പിക്കാനുള്ള ആവശ്യകത നിർത്തലാക്കി പകരം ഷോർട്ട് ലിസ്റ്റ് ചെയ്ത/തിരഞ്ഞെടുത്ത പരീക്ഷാർത്ഥികളോട് മാത്രം സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയാൽ മതി എന്ന് ആവശ്യപ്പെട്ടാൽ മേൽ സൂചിപ്പിച്ച സേവനങ്ങൾ തേടുന്നവരുടെ എണ്ണം കുറയ്ക്കുവാനും അതിലൂടെ വില്ലേജ് ഓഫീസർമാരുടെ ജോലിഭാരം ലഘൂകരിക്കുവാനും സാധിക്കും. ജാതി/സമുദായ/കുടുംബ അംഗത്വ സർട്ടിഫിക്കറ്റുകളുടെ പ്രാബല്യ കാലയളവ് ആജീവനാന്തമാക്കുകയും ഇത്തരം സർട്ടിഫിക്കറ്റുകൾ ഈ കാലയളവിനുള്ളിൽ മറ്റാവശ്യങ്ങൾക്കായി വിനിയോഗിക്കാമെന്ന് ഉറപ്പാക്കുകയും വേണം. സർട്ടിഫിക്കറ്റുകളിൽ കാലാനുസൃതമായി വരുത്തേണ്ട മാറ്റങ്ങൾ യഥാസമയം അറിയിക്കേണ്ട ബാദ്ധ്യത അത് ഉപയോഗിക്കുന്നവർക്കായിരിക്കും. തെറ്റായ

വിവരങ്ങൾ നൽകുന്ന വ്യക്തിക്കുമേൽ സർക്കാർ തീരുമാനിച്ചുപ്രകാരമുള്ള പിഴ ചുമത്താവുന്നതാണ്.

2. പൊതുഭരണവുമായി ബന്ധപ്പെട്ട് വില്ലേജ് ഓഫീസർമാരുടെ ചില ചുമതലകൾ/പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളെ ഏൽപ്പിക്കുന്ന കാര്യം സർക്കാരിന് പരിഗണിക്കാവുന്നതാണ്.

3. ലാന്റ് റവന്യൂ വകുപ്പിന്റെ സേവനങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇപ്പോൾ ലാന്റ് റവന്യൂ വകുപ്പ്, ഇ - ഡിസ്ട്രിക്റ്റ്, അക്ഷയ എന്നീ മൂന്ന് വെബ്സൈറ്റുകളിൽ ലഭ്യമാണ്. ഇവ സംയോജിപ്പിച്ച് ഒറ്റ പോർട്ടലിൽ നൽകുന്നതിനോടൊപ്പം ഏതെങ്കിലും പോർട്ടലിൽ നിന്നും അതിലേയ്ക്ക് പ്രവേശനത്തിനുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തണം. ലഭ്യമായ സേവനങ്ങളെ സംബന്ധിച്ച എല്ലാ വിവരങ്ങളും മലയാളത്തിലും ലഭ്യമാക്കണം.

4. ഭൂമി സംബന്ധമായ കാര്യങ്ങളിൽ റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ജോലികൾ ശരിയായി നിർവചിക്കണം. ആന്ധ്രാപ്രദേശ് സംസ്ഥാനത്ത് നടപ്പിലാക്കിയ 'Bhudhaar' പോലുള്ള പരിപാടികൾ ആവശ്യമായ മാറ്റങ്ങളോടെ സംസ്ഥാനത്ത് നടപ്പിലാക്കുകയും വേണം.

5. സർവ്വേ വകുപ്പിന്റെ ഓഫീസുകളിലെ ഫയൽ മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തണം.

6. സേവനപ്രദാനം ഫലപ്രദമായി നടപ്പിലാക്കുന്നതിനായി താലൂക്കുകളിലെ വില്ലേജുകളുടെ എണ്ണത്തിൽ ഏകത ഉറപ്പാക്കേണ്ടതുണ്ട്.

7. വിവിധ വകുപ്പുകളുടെ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന മാന്വവൽ, 'Standard Operating Procedure' എന്നിവ അക്ഷയ ജീവനക്കാർക്ക് ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളണം. ഇതിലൂടെ, ഡാറ്റാ എൻട്രി പിശകുകൾ കുറയ്ക്കുന്നതിനും സേവനപ്രദാനം വേഗത്തിലാക്കാനും സാധിക്കും.

8. അക്ഷയകേന്ദ്രങ്ങളുടെ ലൈസൻസുകൾ പുതുക്കുന്നതിന് മുന്നോടിയായി internet connectivity, power back up എന്നിവയുമായി ബന്ധപ്പെട്ട സേവന മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ട്. അക്ഷയ കേന്ദ്രങ്ങൾക്കെതിരെയുള്ള പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള പരാതി പരിഹാര സംവിധാനം കൊണ്ടുവരികയും, മോശം പ്രകടനം കാഴ്ച വയ്ക്കുന്ന അക്ഷയകേന്ദ്രങ്ങളുടെ

ലൈസൻസ് റദ്ദാക്കാനോ അല്ലെങ്കിൽ പിഴ ചുമത്തുന്നതിനോ ഉള്ള നടപടികൾ കൈക്കൊള്ളണം.

9. അപേക്ഷ സമർപ്പിക്കുമ്പോൾ, രസീതിനോടൊപ്പം സേവനപ്രദാനം ലഭിക്കുന്ന ഉദ്ദേശ തീയതി കൂടി ഉൾപ്പെടുത്തണം.

10. അഴിമതി കുറയ്ക്കുന്നതിനായി റവന്യൂ വകുപ്പ് ഫീൽഡ് സന്ദർശനങ്ങൾക്കുള്ള ഫീസും സമയപരിധിയും മുൻകൂട്ടി നിശ്ചയിക്കണം. വില്ലേജ് ഓഫീസുകളിലെ ജീവനക്കാർക്ക് ഫീൽഡ് സന്ദർശനങ്ങൾക്കായി ഇരുചക്രവാഹനങ്ങൾ നൽകുന്ന കാര്യം പരിഗണിക്കണം.

11. വിവര സാങ്കേതിക വിദ്യയുടെയും ഇ -ഗവേണൻസ് solutions ന്റെയും ഉപയോഗത്തിലൂടെ സേവനങ്ങൾ ലഭ്യമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നതിനാൽ, എല്ലാ കമ്പ്യൂട്ടറുകൾക്കും, പ്രിന്ററുകൾക്കും, യു.പി.എസുകൾക്കും നിയമാനുസൃതമായ maintenance കരാറുകളുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്.

12. ജനസംഖ്യ, ഭൂവുടമകളുടെ എണ്ണം, ഗ്രാമവിസ്തീർണ്ണം എന്നിവ കണക്കിലെടുത്ത്, വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർമാരുടെ തസ്തിക വിന്യാസത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്.

13. റീ സർവ്വേ പ്രക്രിയയ്ക്കൊപ്പം, ഭൂതർക്കങ്ങൾ പരിഹരിക്കാനുള്ള നടപടികൾ കൂടി റവന്യൂ വകുപ്പ് കൈക്കൊള്ളണം.

14. ടോറൻസ് സംവിധാനം സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കണം.

15. റീ -സർവ്വേ ഫീസിനെക്കുറിച്ച് വ്യക്തമായി പരാമർശിച്ചിട്ടില്ലാത്തതിനാൽ, ഈ സേവനങ്ങളുമായി ബന്ധപ്പെട്ട് പലപ്പോഴും അഴിതി ആരോപണം ഉയർന്നുവരാറുണ്ട്. ആയതിനാൽ, വ്യക്തമായ ഫീസ് നിഷ്കർഷിക്കുകയും അവ പ്രസിദ്ധപ്പെടുത്തുകയും വേണം.

**ഭക്ഷ്യ - സിവിൽ സപ്ലൈസ് വകുപ്പ്:**

1. നിലവിൽ പിന്തുടരുന്ന റേഷൻ കാർഡ് വിതരണ സംവിധാനം ജന സൗഹൃദപരമാക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളണം.

2. ഓൺലൈനായി ജനങ്ങൾ അപേക്ഷ സമർപ്പിക്കുമ്പോൾ, താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്നും റേഷൻകാർഡ് കൈപ്പറ്റുന്നതിന് ജനങ്ങൾക്ക്

സൗകര്യപ്രദമായ തീയതി തിരഞ്ഞെടുക്കാനുള്ള സംവിധാനം കൂടി അതിൽ ഉൾപ്പെടുത്തണം.

3. ആധാറിന്റെ കാര്യത്തിലെ പോലെ തപാൽ മാർഗ്ഗം റേഷൻ കാർഡ് അയയ്ക്കുന്നതിനുളള സാദ്ധ്യത പരിശോധിക്കണം.

4. ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ നേരിടുന്ന സാങ്കേതിക ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.

5. താലൂക്ക് സപ്ലൈ ഓഫീസുകളിലെ വിവിധ വിഭാഗം ജീവനക്കാരുടെ ഉത്തരവാദിത്വവും ജോലിഭാരവും വിലയിരുത്തുന്നതിനായി work study നടത്തുന്നത് ഉചിതമായിരിക്കും.

6. സേവനങ്ങൾക്കായി താലൂക്ക് ഓഫീസുകൾ സന്ദർശിക്കുന്നതിൽ കൂടുതൽ പേരും സാമ്പത്തികമായി പിന്നോട്ട് നിൽക്കുന്നവരും കൂലിത്തൊഴിലാളികളുമാണ്. ഇത്തരം സന്ദർശനങ്ങൾ പലപ്പോഴും അവരുടെ വേതനം നഷ്ടപ്പെടാൻ കാരണമാകുന്നതിനാൽ, ഫിസിക്കൽ വെരിഫിക്കേഷൻ ആവശ്യമുള്ള സന്ദർഭങ്ങളിൽ, ജനങ്ങളുടെ സൗകര്യം കൂടി കണക്കിലെടുത്ത് സമയം നിശ്ചയിക്കുകയും ആയത് ജനങ്ങളെ മുൻകൂട്ടി അറിയിക്കുകയും വേണം.

7. റേഷൻ കാർഡുകളിൽ വരുത്തുന്ന തെറ്റുകൾ കുറയ്ക്കുന്നതിനായി, പൊതുവായി റിപ്പോർട്ട് ചെയ്യപ്പെടുന്ന പിശകുകളുടെ മാന്വലും ഉദ്യോഗസ്ഥർക്കായി self appraisal protocol കൾ വകുപ്പ് തയ്യാറാക്കേണ്ടതുണ്ട്. ഇതിലൂടെ ഉദ്യോഗസ്ഥർക്ക് സ്വയം പരിശോധന നടത്തി പിശകുകൾ സംഭവിക്കുന്നില്ലെന്ന് ഉറപ്പാക്കാം.

8. റേഷൻകടകളിലൂടെ ലഭിക്കുന്ന സേവനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുന്നതിനായി ഇലക്ട്രോണിക് സോഷ്യൽ മീഡിയ, റേഡിയോ തുടങ്ങിയ മാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തണം. ലഭ്യമായ പരാതി പരിഹാര മാർഗ്ഗങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും വേണം.

9. റേഷൻ കടകളിൽ വില, അളവ് എന്നിവ പ്രദർശിപ്പിക്കാൻ നടപടി സ്വീകരിക്കണം.

10. കാർഡ് പേയ്മേന്റ് സംവിധാനം റേഷൻ കടകളിൽ ഒരുക്കുകയും ജനസൗഹൃദപരമായ രീതികൾ അവലംബിക്കുന്ന റേഷൻ കടകൾ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക ആനുകൂല്യങ്ങൾ നൽകുകയും ചെയ്യാം.

11. അംഗീകൃത റേഷൻ ഡീലർമാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കുന്നതിനായി പ്രവർത്തനസജ്ജമായ പരാതി പരിഹാര സംവിധാനം സർക്കാർ സ്ഥാപിക്കേണ്ടതുണ്ട്.

12. തിരിമറി നടത്തിയ റേഷൻ കട ഉടമകൾക്ക് പിഴ അടച്ചാലുടൻ കടയുടെ പ്രവർത്തനം പുന:രാരംഭിക്കാൻ കഴിയുമെന്നതിനാൽ നിലവിലെ പിഴ സംവിധാനം ഫലപ്രദമല്ല. താൽക്കാലികമായി നിർത്തിവച്ച റേഷൻ കടയുടെ താൽക്കാലിക നടത്തിപ്പിന്റെ ചുമതല സഹകരണ സംഘങ്ങളെ ഏൽപ്പിക്കുന്നതു സംബന്ധിച്ച സാദ്ധ്യതയെക്കുറിച്ച് വകുപ്പ് സമഗ്രപഠനം നടത്തേണ്ടതുണ്ട്.

13. സപ്ലൈകോ വാടകയ്ക്ക് എടുക്കുന്ന NFSA ഗോഡൗണുകളുടെ ഗുണനിലവാരം സംബന്ധിച്ച മാനദണ്ഡങ്ങളെക്കുറിച്ച് സർക്കാർ വ്യക്തത വരുത്തണം.

**പോലീസ്:**

1. എല്ലാ പോലീസ് സ്റ്റേഷനുകളിലെയും പബ്ലിക് റിലേഷൻസ് സംവിധാനം ശക്തിപ്പെടുത്തണം. ആവശ്യമായ പരിശീലനവും പരിചയവുമുള്ള മുതിർന്ന ഉദ്യോഗസ്ഥരിൽ നിന്നുമാകണം പി.ആർ.ഒ -മാരെ തെരഞ്ഞെടുക്കേണ്ടത്. പി.ആർ.ഒ -മാരെ മറ്റു ചുമതലകൾ ഏൽപ്പിക്കാതിരിക്കുക. മുഴുവൻ സമയവും (രാവിലെ 8 മണിമുതൽ രാത്രി 8 മണി വരെ) പി.ആർ.ഒ യുടെ സാന്നിദ്ധ്യം ഉറപ്പാക്കുക. പി.ആർ.ഒ സംവിധാനം ഫലപ്രദമാകുന്നതിലൂടെ പോലീസ് സ്റ്റേഷനുകളിലെ ജോലി ഭാരം കുറയ്ക്കുന്നതിനും കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും സാധിക്കും.

2. മദ്ധ്യസ്ഥനെന്ന നിലയിൽ പോലീസ് ഇടപെടൽ ആവശ്യമായ പരാതികളിൽ (കുടുംബ തർക്കങ്ങൾ, വൈവാഹിക പ്രശ്നങ്ങൾ പോലുള്ളവ) കൗൺസലിംഗ് പരിചയവും പരിശീലനവും ലഭിച്ച ഉദ്യോഗസ്ഥരുടെ സേവനം ആവശ്യമായി വന്നേക്കാം. വികസിത രാജ്യങ്ങളിൽ കാണുന്ന പോലെ, പരാതിക്കാരനുള്ള പിന്തുണാ സംവിധാനം സാമൂഹ്യ നീതി/ശിശു വികസന വകുപ്പുമായി ചേർന്ന് വികസിപ്പിക്കേണ്ടതുണ്ട്.

3. ജനങ്ങൾക്ക് ഉദ്യോഗസ്ഥരുമായി സൗഹൃദപരമായ/സമ്മർദ്ദരഹിതമായ ആശയവിനിമയം നടത്തുന്നതിനായി പോലീസ് സ്റ്റേഷനുകളുടെ അന്തരീക്ഷം ജന സൗഹൃദപരമായിരിക്കണം. ഉദ്യോഗസ്ഥർക്ക് ഫലപ്രദമായി സേവന പ്രദാനം ചെയ്യുന്നതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും പ്രവർത്തന സാഹചര്യങ്ങളും ആവശ്യമാണ്.

4. ഫോറൻസിക് റിപ്പോർട്ടുകൾ ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ പല കേസുകളുടെയും അന്വേഷണം വൈകുന്നു. ഇത്തരം കാലതാമസങ്ങൾ ഒഴിവാക്കുന്നതിനായി, സംസ്ഥാനത്ത് ഫോറൻസിക് യൂണിറ്റുകൾ ശക്തിപ്പെടുത്തണം.

5. പോലീസ് ഉദ്യോഗസ്ഥരുടെ തൊഴിൽ സമ്മർദ്ദവും, മാനസിക പിരിമുറുക്കവും, സേവനങ്ങൾക്കായി തങ്ങളെ സമീപിക്കുന്ന ജനങ്ങളോടുള്ള പെരുമാറ്റത്തെ പ്രതികൂലമായി ബാധിക്കുന്നു. ഇത് ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

6. കേരള പോലീസ് മാന്വവൽ സമഗ്രമായി പരിഷ്കരിക്കേണ്ടതായിട്ടുണ്ട്. പുതിയ മാന്വവലിൽ സാമൂഹ്യ - സാമ്പത്തിക ഘടന, കുറ്റകൃത്യങ്ങളുടെ സ്വഭാവം, ജോലി ഭാരം എന്നീ ഘടകങ്ങൾ കൂടി കണക്കിലെടുക്കണം.

7. വകുപ്പിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും ജനകേന്ദ്രിത സേവനപ്രദാനം ഉറപ്പാക്കുന്നതിനുമായി, പി ആന്റ് എ.ആർഡി. വകുപ്പ് നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ശുപാർശകൾ നിശ്ചിതസമയപരിധിക്കുള്ളിൽ സർക്കാർ പഠിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

8. ഉദ്യോഗസ്ഥരുടെ നിരന്തര സ്ഥലമാറ്റം ബന്ധപ്പെട്ട യൂണിറ്റിന്റെ സുഗമമായ പ്രവർത്തനങ്ങളെയും ഉദ്യോഗസ്ഥരുടെ ആത്മവിശ്വാസത്തെയും പ്രതികൂലമായി ബാധിക്കുന്നു. കെ.പി. ആക്ടിൽ സബ് ഇൻസ്പെകടർമാരുടെ കാലാവധിയെക്കുറിച്ച് മാത്രമേ പരാമർശിക്കുന്നുള്ളൂ. എല്ലാ ഉദ്യോഗസ്ഥതലത്തിലും ഇത് ബാധകമാക്കണം.

9. ക്രമസമാധാന ചുമതലകൾക്കായി പോലീസ് സ്റ്റേഷനുകളിൽ ചെറുപ്പക്കാരെ വിന്യസിക്കുന്നതിനും അതു വഴി സിവിൽ പോലീസിന് കൂടുതൽ ചുമതല ഉറപ്പാക്കുന്നതിനുമായി സിവിൽ പോലീസും, സായുധ പോലീസും തമ്മിലുള്ള നിലവിലെ അനുപാതം സിവിൽ പോലീസിന് അനുകൂലമായി പുനർ നിശ്ചയിക്കേണ്ടതുണ്ട്.

10. പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ ജീവനക്കാരുടെ എണ്ണം വളരെ കുറവാണ്. സിവിൽ പോലീസിൽ WCPO കളുടെ മതിയായ അംഗസംഖ്യയുണ്ടെങ്കിൽ മാത്രമേ ഫ്രണ്ട് ഡെസ്ക് കൈകാര്യം ചെയ്യൽ, സ്ത്രീകളിൽ നിന്നുള്ള പരാതികൾ WCPO സ്വീകരിക്കൽ മുതലായ പ്രവർത്തനങ്ങൾ ഫലപ്രദമാകുകയുള്ളൂ.

11. പോലീസ് വകുപ്പിന്റെ വിവിധ വെബ്സൈറ്റുകൾ സംയോജിപ്പിക്കുകയും ജനങ്ങൾക്ക് ആവശ്യമായ എല്ലാ വിവരങ്ങളും ഒരിടത്തുനിന്നു തന്നെ എളുപ്പത്തിൽ ലഭ്യമാകുന്ന തരത്തിൽ തയ്യാറാക്കുകയും വേണം.

**രജിസ്ട്രേഷൻ വകുപ്പ്:**

1. രജിസ്ട്രേഷൻ വിശദാംശങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള പ്രക്രിയ ലളിതമാക്കുകയും ജനസൗഹൃദപരമാക്കുകയും വേണം.

2. രജിസ്ട്രേഷനായി പ്രമാണങ്ങൾ തയ്യാറാക്കുന്ന രീതിയിൽ സമഗ്രമായ മാറ്റം ആവശ്യമാണ്. പ്രമാണം തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്ന ഭാഷയും രീതിയും ലളിതമാക്കുകയും ഏകീകരിക്കുകയും വേണം.

3. ഇ -ഗവേണൻസിന്റെയും ഓൺലൈൻ സേവന പ്രദാനത്തിന്റെയും ഉപയോഗം കൂടിയിട്ടുണ്ടെങ്കിലും, ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കാൻ എല്ലാ ജനങ്ങളെയും പ്രാപ്തരാക്കുന്നതിനുള്ള സർക്കാർ ശ്രമം വിജയിക്കുന്നതുവരെ ഓഫ് ലൈൻ സംവിധാനം തുടരേണ്ടതാണ്.

4. ജനങ്ങൾക്ക് സംതൃപ്തി ലഭിക്കുന്ന രീതിയിൽ സേവനപ്രദാനം ഉറപ്പാക്കുന്നതിനായി ജോലിഭാരം, വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എന്നിവ വിലയിരുത്തിയതിന് ശേഷം വകുപ്പിന്റെ പ്രവർത്തനങ്ങൾ പുനർക്രമീകരിക്കണം.

5. രജിസ്ട്രേഷൻ സമയത്ത് ഫയലിംഗ് ഷീറ്റ് ഉപയോഗിക്കുന്ന രീതി മാറ്റി പകരം യഥാർത്ഥ പ്രമാണം സ്കാൻ ചെയ്ത് സോഫ്റ്റ് കോപ്പി സൂക്ഷിക്കുന്ന രീതി അവലംബിക്കണം.

6. ശരിയായ രീതിയിൽ തരം തിരിച്ച് സൂക്ഷിച്ചാൽ മാത്രമേ റെക്കോർഡുകൾ വേഗത്തിലും കാര്യക്ഷമമായും വീണ്ടെടുക്കാൻ സാധിക്കുകയുള്ളൂ. ലൈബ്രറികളിൽ ഉപയോഗിക്കുന്നതുപോലുള്ള ഒരു തരം തിരിക്കൽ സംവിധാനം വകുപ്പ് വികസിപ്പിക്കണം.

7. ഡിജിറ്റൈസേഷൻ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഘട്ടം ഘട്ടമായുള്ള നിർദ്ദിഷ്ട സമയപരിധികൾ നിശ്ചയിക്കുകയും ആവശ്യമായ സംവിധാനങ്ങൾ കൊണ്ടുവരികയും വേണം.

8. സമകാലിക വിവരങ്ങൾ പുതുക്കുന്നതിനും ജനങ്ങൾക്ക് ഫലപ്രദമായ സേവനങ്ങൾ നൽകുന്നതിനുമായി ഉദ്യോഗസ്ഥർക്ക് യഥാസമയം പരിശീലനങ്ങൾ നൽകണം.

9. നിലവിൽ, encumbrance സർട്ടിഫിക്കറ്റുകൾക്ക് മാത്രമേ സബ് രജിസ്ട്രാറുടെ ഡിജിറ്റൽ ഒപ്പ് ലഭ്യമായിട്ടുള്ളൂ. സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾക്ക് കൂടി ഇത് ബാധകമാക്കിയാൽ, ആളുകൾക്ക് ആവശ്യമുള്ളപ്പോൾ പകർപ്പ് എടുക്കാൻ സാധിക്കും.

10. രജിസ്ട്രേഷൻ, റവന്യൂ, സർവ്വേ വകുപ്പുകൾക്കായി ഒരേ സോഫ്റ്റ് വെയറിന്റെ ഉപയോഗവും തടസ്സമില്ലാത്ത സേവനവും നിർബന്ധമാക്കിയ ഒരു പൊതു ഐ.ടി പ്രോട്ടോക്കോൾ വികസിപ്പിക്കണം.

11. ആധാരം എഴുത്തുകാരുടെ ഇടപാടുകൾ നിരീക്ഷിക്കുകയും അമിത ചാർജ്ജ് ഈടാക്കുന്നതായി കണ്ടാൽ ലൈസൻസ് അസാധുവാക്കൽ പോലുള്ള നടപടികൾ നടപ്പിലാക്കുകയും ചെയ്യണം.

12. എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ആധാരം എഴുത്തുകാരുടെ ഓഫീസുകളിലും നിർദ്ദിഷ്ട ഫീസ് പ്രദർശിപ്പിക്കണമെന്ന നിബന്ധന കർശനമായി പാലിക്കണം.

13. സബ് രജിസ്ട്രാർമാർക്ക് നിലവിൽ ലഭിക്കുന്ന സ്ഥിരം അഡ്വാൻസ് തുക കാലാനുസൃതമായി വർദ്ധിപ്പിക്കുക.

## 4.6 Welfare to Rights II: Implementation of Select Legislations-A Review-Phase II (6th Report)

കമ്മീഷന്റെ 6-ാമത് റിപ്പോർട്ടാണിത്. കമ്മീഷന്റെ സമീപന രേഖയിലെ മൂന്നാമത്തെ ഇനമായ 'പാർശ്വവൽകൃത സമൂഹം മുഖ്യധാരയിലേക്ക് ' എന്ന വിഷയത്തിൽ ഒന്നാം ഘട്ട പഠനം പൂർത്തിയാക്കി റിപ്പോർട്ടും ശുപാർശകളും സർക്കാരിന് സമർപ്പിച്ചിരുന്നു. കുട്ടികൾ, സ്ത്രീകൾ, മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, മുതിർന്ന പൗരൻമാർ, കുടിയേറ്റ തൊഴിലാളികൾ എന്നീ വിഭാഗങ്ങളെയാണ് പ്രസ്തുത പഠനത്തിൽ പരിഗണിച്ചത്. പാർശ്വവൽകൃത വിഭാഗങ്ങളായി പരിഗണിക്കപ്പെടുന്ന മത്സ്യതൊഴിലാളികൾ, തീരദേശ വാസികൾ, പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങൾ, ചേരിനിവാസികൾ, തെരുവിൽ ജീവിക്കുന്നവർ എന്നിവരെ ഉൾക്കൊള്ളുന്നതാണ് ഈ പഠനം.

പാർശ്വവൽക്കരിക്കപ്പെട്ട വിവിധ ജനവിഭാഗങ്ങൾ അർഹതപ്പെട്ട രീതിയിൽ ഭരണസംവിധാനങ്ങളിൽ പ്രതിനിധീകരിക്കപ്പെടുകയോ, ഭരണഘടനാപരമായി നിർവ്വചിക്കപ്പെട്ട തുല്യനീതിയുടെ അടിസ്ഥാനത്തിൽ അഭിസംബോധന ചെയ്യപ്പെടുകയോ ചെയ്യുന്നില്ല എന്നത് സമകാലിക ഭാരതത്തിലെ നിസ്തർക്കമായ ഒരു യാഥാർത്ഥ്യമാണ്. വിദ്യാഭ്യാസ/ ആരോഗ്യ/ സാമ്പത്തിക/ സാമൂഹിക മണ്ഡലങ്ങളിൽ ഉന്നത ജീവിത സൂചികകളാൽ അടയാളപ്പെടുത്തപ്പെടുന്ന കേരളത്തിന്റെ പൊതു ജീവിത പശ്ചാത്തലത്തിലും ഇക്കാര്യം നിഷേധിക്കാനാവില്ല തന്നെ. മേൽപ്പറഞ്ഞ സാമൂഹ്യ വിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നടപ്പാക്കപ്പെട്ട നിയമങ്ങളുടെ നടത്തിപ്പും ഫലപ്രാപ്തിയുമാണ് ഈ പഠനത്തിലൂടെ പരിശോധിച്ചത്.

പഠനത്തിൽ കമ്മീഷനെ സഹായിക്കുന്നതിന് താഴെ പറയുന്നവർ ഉൾപ്പെടുന്ന ഒരു വിദഗ്ധ സമിതി രൂപീകരിച്ചു.

ശ്രീമതി. കെ.ബി.വൽസലാകുമാരി ഐ.എ.എസ് (റിട്ട.)

ശ്രീ. ശ്രീജിത്. സി.എസ്, അസിസ്റ്റന്റ് പ്രൊഫസർ, ഭൗതികശാസ്ത്രവിഭാഗം, സെന്റ് മേരീസ് കോളേജ്, സുൽത്താൻ ബത്തേരി.

ശ്രീമതി. ഈശ്വരീരേശൻ, സാമൂഹ്യപ്രവർത്തക.

ശ്രീ. വി.ആർ.ജോഷി, പിന്നോക്കേ വിഭാഗ ക്ഷേമ വകുപ്പിന്റെ മുൻ ഡയറക്ടർ

ഡോ.സിദ്ദിഖ് ആർ, അസിസ്റ്റന്റ് പ്രൊഫസർ, സാമ്പത്തിക ശാസ്ത്രം, കേരള സർവ്വകലാശാല

ശ്രീമതി. സോണിയ ജോർജ്ജ്, സാമൂഹ്യപ്രവർത്തക, SEWA

ശ്രീ. എ.ജെ.വിജയൻ, സാമൂഹ്യ പ്രവർത്തകൻ.

പഠനവുമായി ബന്ധപ്പെട്ട ഗവേഷണ ഏകോപനം താഴെ പറയുന്നവർ നിർവ്വഹിച്ചു.

ഡോ. സെലിൻ സണ്ണി.

ഡോ. ഫാ. എം.കെ ജോസഫ്, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, കൊച്ചി.

പഠനവുമായി ബന്ധപ്പെട്ട് മൂന്ന് പബ്ലിക് ഹിയറിംഗുകൾ സംഘടിപ്പിച്ചു.

സംസ്ഥാനതല ശില്പശാല - തിരുവനന്തപുരം (07.12.2019)

'ക്ഷേമം അവകാശമാകുമ്പോൾ' എന്ന ആശയത്തെ മുൻനിർത്തി ഒരു സംസ്ഥാനതല ശില്പശാല 07.12.2019 -ൽ ഐ.എം.ജി, തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. പാർശ്വവൽകൃത വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനാവശ്യമായ ശുപാർശകൾ രൂപപ്പെടുത്തുക എന്നതായിരുന്നു ശില്പശാലയുടെ ലക്ഷ്യം.

യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തിയ ശ്രീ.എസ്.എം. വിജയാനന്ദ് (മുൻ ചീഫ് സെക്രട്ടറി) 'കേരള മോഡൽ വികസന'ത്തിൽ നിന്ന് പുറത്താക്കപ്പെട്ടവർ സംസ്ഥാനത്ത് ഉണ്ടെന്നും, ഇത്തരം പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ കേരളത്തിന്റെ അസമത്വ - സാമൂഹ്യ ഘടനയ്ക്ക് കാരണമാകുന്നുവെന്നും, സ്വന്തം ജീവിത പരിസരങ്ങളിൽ നിന്ന് അന്യവൽക്കരിക്കപ്പെടുന്നവർ പിന്നീട് തീവ്ര സാമൂഹ്യ ഭീഷണിയുടെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുമ്പോൾ മാത്രം അവരുടെ പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കുന്നത് നിരർത്ഥകമായിരിക്കുമെന്നും, പാർശ്വവൽക്കരിക്കപ്പെടുന്ന എല്ലാ ന്യൂനപക്ഷങ്ങളും ഗൗരവമായി പരിഗണിക്കപ്പെടണമെന്നും അഭിപ്രായപ്പെട്ടു.

തുടർന്ന് മത്സ്യതൊഴിലാളികൾ, തീരദേശവാസികൾ, തെരുവ് ജീവിതങ്ങൾ, ചേരിനിവാസികൾ, പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗങ്ങൾ, എന്നിവരുടെ പ്രശ്നങ്ങൾ / പരിഹാര നിർദ്ദേശങ്ങൾ എന്നിവ ശില്പശാലയിലെ ക്ഷണിതാക്കൾ നാല് ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച ചെയ്യുകയും ഓരോ ഗ്രൂപ്പുകളും തങ്ങളുടെ നിർദ്ദേശങ്ങൾ സംക്ഷിപ്തമായി അവതരിപ്പിക്കുകയും ചെയ്തു.

വിദഗ്ധ സമിതി അംഗങ്ങളുടെ ആദ്യ യോഗം 21.05.2019 -ൽ നടത്തി. ഈ യോഗത്തിൽ പഠനത്തിനായുള്ള ആശയക്കുറിപ്പ് അന്തിമമാക്കി. പഠനവുമായി ബന്ധപ്പെട്ട് നടത്തേണ്ട തുടർ പ്രവർത്തനങ്ങൾ തീരുമാനിച്ചു. 'Urban Homeless in kerala' എന്ന മേഖലയിൽ കുടുംബശ്രീ മുൻപ് നടത്തിയ ഒരു സർവ്വേ റിപ്പോർട്ട് പഠനത്തിൽ ഉപയോഗപ്പെടുത്തുവാൻ തീരുമാനിച്ചു.

പഠനത്തിലും, വിവരശേഖരണത്തിലും കരട് റിപ്പോർട്ട് തയ്യാറാക്കുന്നതിലും കമ്മീഷനെ സഹായിക്കുന്നതിന് 'Research Institute, Rajagiri College of Social Sciences, Kochi' എന്ന സ്ഥാപനത്തിന്റെ സഹകരണം സ്വീകരിക്കാൻ തീരുമാനിച്ചു.

വിദഗ്ധസമിതി അംഗങ്ങളുടെ രണ്ടാമത്തെ യോഗം, 15.10.2019 - ൽ ചേർന്നു. പഠനത്തിന്റെ അതിരുകൾ നിശ്ചയിക്കുകയും പ്രത്യേക ഊന്നൽ കൊടുക്കേണ്ട മേഖലകൾ കണ്ടെത്തുകയും ചെയ്തു. അപ്രകാരം പഠനം പൂർത്തിയാക്കി കരട് റിപ്പോർട്ട് തയ്യാറാക്കുകയും, വിദഗ്ധ സമിതി അംഗങ്ങളുടെയും കമ്മീഷന്റെയും ഭേദഗതികൾ/നിർദ്ദേശങ്ങൾ എന്നിവയ്ക്കനുസരിച്ച് റിപ്പോർട്ട് അംഗീകരിക്കപ്പെടുകയും ചെയ്തു.

സെപ്റ്റംബർ - 2020 ന് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു.

## പ്രധാന ശുപാർശകൾ

### I. മത്സ്യത്തൊഴിലാളികൾ

#### i. കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്റ്റ്, 1980

1. തെക്ക പടിഞ്ഞാറൻ മൺസൂൺകാലത്തെ ട്രോളിംഗ് നിരോധനം, നിയമ വിരുദ്ധ ട്രോളറുകളുടെ മീൻ പിടിത്തത്തിന് കാരണമാകുന്നു. നിയമത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുന്നതിലൂടെയും ഉചിതമായ മേൽനോട്ട സംവിധാനത്തിലൂടെയും മൽസ്യ തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കണം.

2. നിയമവിരുദ്ധ ട്രോളർമാർക്കെതിരെ എടുത്ത കേസുകൾ സംബന്ധിച്ച വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ടതും ഇതു സംബന്ധിച്ച വിവരങ്ങൾ മത്സ്യത്തൊഴിലാളികളുടെ സൊസൈറ്റികൾക്ക് ലഭ്യമാക്കേണ്ടതുമാണ്.

3. ട്രോളിംഗ് നിരോധന സമയത്തും പകർച്ചവ്യാധികളുടെ വ്യാപനം പോലെയുള്ള സന്ദർഭങ്ങളിലും മത്സ്യത്തൊഴിലാളികൾ നേരിടുന്ന വിഷമതകളെക്കുറിച്ച് സർക്കാർ ഒരു സമഗ്ര പഠനം നടത്തേണ്ടതിന്റെ ആവശ്യകതയുണ്ടെന്നും മീൻ പിടിത്തം നടത്തുന്നതിൽ നിന്ന് മത്സ്യത്തൊഴിലാളികളെ തടയുന്ന കാലയളവുകളിൽ അവരെ തുണയ്ക്കാനുള്ള വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തണമെന്നും കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്യുന്നു.

4. മത്സ്യത്തൊഴിലാളി സമൂഹത്തിന് ഗുണകരമായ ഇൻഷുറൻസ് പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

5. കാലാവസ്ഥ മുന്നറിയിപ്പുകളുടെ ആവൃത്തി വർധിച്ചു വരുന്ന സാഹചര്യങ്ങളിലെല്ലാം കടലിൽ സാഹസികമായി പോകുന്നതിനെ നിരോധിക്കുകയും, ഇത് മൂലം ക്ലേശിക്കുന്ന കുടുംബങ്ങൾക്ക് റേഷൻ വസ്തുക്കളും മറ്റ് അവശ്യ വസ്തുക്കളും ലഭ്യമാക്കാനുതകുംവിധം ഈ നിയമം ഭേദഗതി ചെയ്യേണ്ടത് ആവശ്യമാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

**ii. കേരള ഫിഷർമെൻ വെൽഫയർ ഫണ്ട് ആക്ട്,1985**

1. 'മത്സ്യത്തൊഴിലാളി' എന്നതിന്റെ നിർവചനം ഉൾപ്പെടുത്താനായി KFWF നിയമം ഭേദഗതി ചെയ്യാവുന്നതാണ്.

2. അംഗത്വത്തിന് അർഹരായ വ്യക്തികളുടെ പട്ടിക തയ്യാറാക്കുന്ന ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നത് സർക്കാരിന് പരിഗണിക്കാവുതാണ്.

3. നിയമം കൂടുതൽ ലിംഗ സമത്വവും കൂടുതൽ ജനസൗഹൃദവുമാക്കുന്നതിന് 'ഫിഷർമെൻ' 'ഫിഷർഫോക്ക്' എന്ന പ്രയോഗം സർക്കാരിന് പരിഗണിക്കാവുന്നതാണ്.

4. ക്ഷേമനിധിയിൽ അംഗങ്ങളെ പ്രവേശിപ്പിക്കുന്നതിനായി കാര്യക്ഷമവും സുതാര്യവുമായ സംവിധാനം ബോർഡ് ഒരുക്കുകയും ക്ഷേമനിധി

അംഗത്വത്തിൽ നിന്നും അനർഹരെ കണ്ടുപിടിച്ച് ഒഴിവാക്കാൻ അടിയന്തിര നടപടി എടുക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

5. ക്ഷേമനിധിയിലേക്കുള്ള അംഗങ്ങളുടെ വരിസംഖ്യ കൃത്യമായി പിരിച്ചെടുക്കാനും കുടിശ്ശിക തീർക്കാനും ഉപഭോക്തൃസൗഹൃദപരമായ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടത് ആവശ്യമാണ്. അതിനായി, സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പരിഹാരങ്ങൾ നിലവിൽ വരേണ്ടതുണ്ട്.

6. മത്സ്യത്തൊഴിലാളി മേഖലയിൽ ഉരുത്തിരിഞ്ഞു വരുന്ന വെല്ലുവിളികളെ കൈകാര്യം ചെയ്യാനും കാര്യശേഷിയും സാമ്പത്തിക സഹായവും നൽകി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് തുല്യബലാബലമുള്ള ഒരു കർമമേഖല സൃഷ്ടിച്ചുകൊടുക്കാൻ ക്ഷേമനിധി ബോർഡ് മുൻകൈയെടുക്കണം.

7. മത്സ്യത്തൊഴിലാളികളുടെ മാറുന്ന ആവശ്യങ്ങൾക്ക് അനുരൂപമാകാനും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മാനവ വികസന സൂചികകൾ സംസ്ഥാനത്തെ പൊതുജനങ്ങളുടേതിനോട് സമാനമാകാനും വേണ്ടി സർക്കാർ ചലനാത്മകമായൊരു സമീപനം സ്വീകരിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

8. തീരമേഖലയിലെ ആശുപത്രികൾ, വിദ്യാലയങ്ങൾ, മറ്റ് സേവനങ്ങൾ (എണ്ണം/1000 ആളുകൾ) തുടങ്ങിയ സൗകര്യങ്ങളുടെ നിർവചനത്തിനും അവ സ്ഥാപിക്കുന്നതിനും സുതാര്യമായ നടപടിക്രമങ്ങളും നിർവചനങ്ങളിൽ വ്യക്തതയും ഉണ്ടാക്കണം. ഇത് നിയമത്തിന്റെ ഭാഗമാക്കുകയും വേണം.

9. മത്സ്യത്തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, ഇടക്കാലതൊഴിൽ എന്നിവ പ്രോത്സാഹിപ്പിക്കാനായി ക്ഷേമനിധി ഉപയോഗിക്കുന്നതിന് തനതായ വകുപ്പുകൾ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ ഉൾപ്പെടുത്തണം. തീരമേഖലയിൽ ഗ്രന്ഥശാലകൾ, വായനശാലകൾ തുടങ്ങിയ സാമൂഹ്യ വിദ്യാഭ്യാസ കേന്ദ്രങ്ങൾ കൂടുതലായി സ്ഥാപിക്കാനും ഓൺലൈൻ വിദ്യാഭ്യാസത്തിന് സൗകര്യങ്ങളൊരുക്കാനും ക്ഷേമനിധി വിനിയോഗിക്കേണ്ടതാണ്.

### iii. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) നിയമം, 1999.

1. ക്ഷേമനിധിയുടെ അംഗങ്ങൾക്കായി കാര്യശേഷി വികസന പരിപാടികൾ സർക്കാർ ആവിഷ്കരിക്കുകയും മത്സ്യമേഖലയുമായി ബന്ധപ്പെട്ട ഗാർഹിക

സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. മത്സ്യത്തൊഴിലാളികൾക്ക് പുതിയ മേഖലകളിൽ നൈപുണ്യം നൽകുകയും നിലവിലുള്ളവയെ നവീകരിക്കുകയും ചെയ്യുന്നതു വഴി അവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ കൈവരുകയും തൊഴിലില്ലായ്മ കുറയുകയും ചെയ്യും.

**iv. കേരള ഉൾനാടൻ മത്സ്യബന്ധന, ജലജന്തുജാല (അക്വാകൾച്ചർ) കൃഷി നിയമം, 2010**

1. ജലജന്തുജാല കൃഷി, ഉൾനാടൻ മത്സ്യമേഖലാ വികസനം എന്നിവയെക്കുറിച്ച് വിവരങ്ങൾ നൽകാനാകുന്നവിധത്തിൽ വകുപ്പുദ്യോഗസ്ഥർക്ക് തീവ്ര പരിശീലനം കൊടുക്കാവുന്നതാണ്. ഉൾനാടൻ മീൻകൃഷിയിലെ ആധുനിക രീതികളുമായി അവരെ പരിചയപ്പെടുത്തുകയും വേണം. വ്യത്യസ്ത വിസ്തൃതികളിലും പ്രദേശങ്ങളിലുമുള്ള സ്വകാര്യ കുളങ്ങളിൽ ജലജന്തുജാല കൃഷി പ്രോത്സാഹിപ്പിക്കാനുള്ള തനിമയുള്ള പദ്ധതികൾ വികസിപ്പിച്ചെടുക്കേണ്ടതാണ്.

2. കൃഷിയിലേക്കിറങ്ങാൻ ആഗ്രഹിക്കുന്നവർക്കോ മത്സ്യമേഖലയിൽ ഉള്ളവർക്കോ പ്രായോഗിക കാർഷിക സേവനങ്ങളോ ആവശ്യമായ വിവരങ്ങളോ ലഭ്യമാക്കാനുള്ള ഫലപ്രദമായൊരു സംവിധാനം ഇപ്പോൾ നിലവിൽ ഇല്ല. ജലജന്തുജാല കൃഷിയെ സംസ്ഥാനത്ത് ആദായകരമായ ഒരു സാമ്പത്തിക പ്രക്രിയയായി പ്രോത്സാഹിപ്പിക്കുന്നതിനും മീനിന്റെ വർദ്ധിച്ചുവരുന്ന ആവശ്യം നേരിടുന്നതിനും അടിയന്തിര നടപടികൾ സർക്കാർ എടുക്കേണ്ടതുണ്ട്.

3. ജലജന്തു ജന്യകൃഷിയിലും ഉൾനാടൻ മത്സ്യബന്ധന വികസനത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് കൂടുതൽ ഫലപ്രദവും ഉപഭോക്തൃ സൗഹൃദപരവുമാകണം.

4. മത്സ്യബന്ധന വകുപ്പ് കൂടുതൽ മീൻ ഇനങ്ങളെ വിൽപ്പനയ്ക്കായി ഉൾപ്പെടുത്തുകയും കേരളത്തിൽ പ്രചാരക്കുറവുള്ള ഇനങ്ങളുടെ ഉൽപ്പാദനം പരിമിതപ്പെടുത്തി പകരം ജനങ്ങൾ ഇഷ്ടപ്പെടുന്ന കരിമീൻ പോലുള്ള നാടൻ ഇനങ്ങളുടെ കുഞ്ഞുങ്ങളെ വളർത്തുകയും വിപണനം നടത്തുകയും ചെയ്യേണ്ടതാണ്.

5. മത്സ്യത്തൊഴിലാളികളുടെ സർവതോന്മുഖമായ വികസനത്തിനുള്ള കാര്യപരിപാടികൾ നടപ്പിലാക്കാൻ വിവിധ നിയമങ്ങളിലെ വ്യവസ്ഥകളുടെ നടപ്പാക്കലും വിവിധ പദ്ധതികളുടെ സംയോജനവും ആവശ്യമാണ്.

**v. പ്രാഥമിക സൗകര്യങ്ങൾ**

1. മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവനനിർമ്മാണ പദ്ധതികളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. കടലെടുക്കൽ സംഭവിക്കാത്ത ദൂരെയുള്ള സ്ഥലങ്ങളിൽ ഭവനസൗകര്യം നൽകിക്കൊണ്ട്, മത്സ്യത്തൊഴിലാളികളെ വർഷാവർഷം കടൽക്ഷോഭ കാലങ്ങളിൽ ക്യാമ്പുകളിലേക്ക് മാറ്റുന്ന സ്ഥിതി ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്.

**vi. വിദ്യാഭ്യാസം**

1. മികച്ച ഗുണനിലവാരമുള്ള ഉന്നതവിദ്യാഭ്യാസം നേടാൻ അർഹരായ വിദ്യാർത്ഥികൾക്ക് സർക്കാർ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഉന്നത വിദ്യാഭ്യാസരംഗത്തുനിന്നുള്ള അവരുടെ കൊഴിഞ്ഞുപോക്ക് തടയാൻ ആൺ/പെൺ കുട്ടികൾക്കായുള്ള ഹോസ്റ്റൽ സൗകര്യവും അനിവാര്യമാണ്.
2. സമുദ്രസംബന്ധിയായ വിഷയങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ പരമ്പരാഗത ജ്ഞാനത്തെ ശേഖരിച്ച് സുസ്ഥാപിതമാക്കാൻ സർക്കാർ ശ്രമിക്കണമെന്നും ഈ മേഖലയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കണമെന്നും കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**vii. തൊഴിൽ**

1. വർഷം മുഴുവൻ തൊഴിൽ സന്നദ്ധരാകാൻ വേണ്ടി യുവജനങ്ങൾക്കും തൊഴിലെടുക്കാൻ പ്രാപ്തരായവർക്കും കാര്യശേഷി വികസനം നൽകുന്നത് മുൻഗണനാ വിഷയമായി എടുക്കണം. ഉയർന്നുവരുന്ന അവസരങ്ങളിൽ നിന്ന് നേട്ടം കൊയ്യാൻ അഭ്യസ്തവിദ്യരായ യുവജനങ്ങളെ പ്രാപ്തരാക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മുൻകൈയെടുക്കാവുന്നതും നൂതനമായ പദ്ധതികൾ ആവിഷ്കരിക്കാവുന്നതുമാണ്.
2. ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മത്സ്യതൊഴിലാളികളുടെ കാര്യശേഷി (2018 -ലെ പ്രളയത്തിന് സമാനമായി) മെച്ചപ്പെടുത്താനുള്ള ഒരു പദ്ധതി സർക്കാർ വികസിപ്പിച്ചെടുക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യു.
3. ജലകേളികളെയും വിനോദ സഞ്ചാരത്തെയും മത്സ്യബന്ധന സമൂഹങ്ങളുമായി സംയോജിപ്പിച്ച് അവർക്ക് സാമ്പത്തികവും സാമൂഹികവുമായി നേട്ടങ്ങൾ ഉണ്ടാക്കാൻ ഉതകുന്ന പദ്ധതികൾ വികസിപ്പക്കണം.

### viii. ഉപജീവനം

1. ട്രോളിംഗ് നിരോധനക്കാലത്തും, മത്സ്യബന്ധനത്തിന് കടലിൽ ഇറങ്ങുന്നത് അപകടകരമാകുന്ന വേളകളിലും മത്സ്യത്തൊഴിലാളികളുടെ ദൈനം ദിന ഉപജീവനം ഉറപ്പാക്കാനും പിന്തുണയേകാനും സർക്കാർ സഹായം നൽകേണ്ട ആവശ്യമുണ്ട്.
2. മത്സ്യബന്ധന വേളകളിൽ വേണ്ടത്ര സുരക്ഷാ ഉപകരണങ്ങൾ, ലൈഫ് - ജാക്കറ്റ്, ആധുനിക വാർത്താ വിനിമയ സൗകര്യങ്ങൾ, മറ്റ് ആരോഗ്യരക്ഷാ ഉപകരണങ്ങൾ എന്നിവ അർഹരായ മത്സ്യത്തൊഴിലാളികൾക്ക് നൽകാൻ ആവശ്യമായ നടപടികൾ എടുക്കേണ്ടതാണ്.
3. ചെറുകിട മത്സ്യബന്ധനത്തൊഴിലാളികൾക്ക് വിപണനസംഘങ്ങൾ വഴി ചെലവു കുറഞ്ഞ വായ്പയിലൂടെ അടിസ്ഥാനസൗകര്യങ്ങൾ, ശീതസംഭരണികൾ, ശീതികരിച്ച ചരക്കുകടത്ത് വാഹനങ്ങൾ തുടങ്ങിയവ നൽകാവുന്നതാണ്.

### ix. വെള്ളവും ശുചിത്വവും

1. ഗുണനിലവാരമുള്ള ശുദ്ധജലം വർഷം മുഴുവൻ ഉറപ്പാക്കുന്ന പദ്ധതികൾ സർക്കാർ നടപ്പാക്കേണ്ടതുണ്ട്.
2. ജനസാന്ദ്രതയേറിയ തീരമേഖലകളിൽ ശുചിത്വപ്രശ്നം കൂടുതൽ സങ്കീർണ്ണമാകയാൽ, വിവിധ കേന്ദ്ര - സംസ്ഥാന സർക്കാർ പദ്ധതികളെ സംയോജിപ്പിച്ച് കൊണ്ട്, സാദ്ധ്യമായിടങ്ങളിൽ അതതു ഭവനങ്ങൾക്ക് ശുചി മുറി സൗകര്യം ഉണ്ടാക്കുന്നതാകും ഉത്തമം. അത് സാദ്ധ്യമല്ലാത്തിടങ്ങളിൽ പൊതുശുചിമുറി സൗകര്യവും ഒരുക്കണം.

### x. ആരോഗ്യരക്ഷ

1. തീരമേഖലകളിലെ ആരോഗ്യരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള ആരോഗ്യകേന്ദ്രങ്ങളെ മാതൃകാ കേന്ദ്രങ്ങളായി മാറ്റിയെടുക്കണം.
2. വിവിധ ആരോഗ്യ രക്ഷാസേവനങ്ങളെയും വിവിധ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളുടെ ഗുണങ്ങളെയും കുറിച്ച് അവബോധം സൃഷ്ടിക്കാൻ നിശ്ചിത ഇടവേളകളിൽ പ്രാദേശിക സംഘടനകളുടെ സഹകരണത്തോടെ സർക്കാർ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതുണ്ട്.

### xi. ലിംഗനീതി പ്രശ്നങ്ങൾ

1. വനിത ഘടക പദ്ധതികളുടെ പങ്കാളികളെ (പ്രത്യേകിച്ച് ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും) WCP യെക്കുറിച്ച് ബോധവാന്മാരാക്കുകയും അതിന്റെ പ്രവർത്തനങ്ങൾ, പദ്ധതി നിർവ്വഹണ രീതികൾ, അതിന്റെ ലക്ഷ്യങ്ങൾ നേടാനുള്ള മറ്റ് നിർണായക ഘടകങ്ങൾ, സ്ത്രീകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുക എന്നിവയിൽ പരിശീലിപ്പിക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്.
2. തീരദേശ സ്ത്രീ സമൂഹം നേരിടുന്ന പ്രശ്നങ്ങളായ മൂലധനക്കുറവ്, മദ്ധ്യവർത്തികളാലുള്ള ചൂഷണം ചെയ്യപ്പെടൽ, ആരോഗ്യ പ്രശ്നങ്ങൾ, മതിയായ വിദ്യാഭ്യാസത്തിന്റെ അഭാവം തുടങ്ങിയവ നേരിടാൻ കുടുംബശ്രീ നിയോഗിച്ച കോസ്റ്റൽ കമ്മ്യൂണിറ്റി വോളണ്ടിയർമാർക്ക് സജീവമായ പങ്ക് വഹിക്കാനാകും.
3. തൊഴിലിടങ്ങളിൽ ലിംഗസമത്വവും തുല്യതയും ഉറപ്പാക്കാൻ പരിപാടികളും വ്യവസ്ഥകളും ആവശ്യമാണ്.
4. മത്സ്യത്തൊഴിലാളികളിലെ സ്ത്രീകൾക്ക് കാര്യശേഷിയും അവസരങ്ങളും നൽകുന്നതിനായി ഫിഷറീസ് വകുപ്പുവഴി കാര്യശേഷി വികസനം, കർമശേഷി വികസനം എന്നിവയ്ക്കുള്ള പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്.
5. മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സഹായസംഘമായ (SAF) ന്റെ പ്രവൃത്തികൾ കൂടുതൽ സ്ത്രീകൾക്ക് സഹായകരമാകുംവിധം ഉയർത്തേണ്ടതുണ്ട്.

### xii. മാലിന്യസംസ്കരണ സംവിധാനം.

1. തീരമേഖലയിലെ മാലിന്യസംസ്കരണത്തിനായി കാര്യക്ഷമമായൊരു സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ പരിഹരിക്കാനുള്ള തീവ്രമായ ബഹുജനപരിശീലനം, കർശനമായ മേൽനോട്ടം, ശിക്ഷാനടപടികൾ എന്നിവ ആവശ്യമാണ്.

### xiii. സമുദ്ര മലിനീകരണം

1. ബന്ധപ്പെട്ട എല്ലാ തല്പര കക്ഷികളെയും സഹകരിപ്പിച്ച്, കേടായ മത്സ്യബന്ധന വലകളും മറ്റുപകരണങ്ങളും മത്സ്യത്തൊഴിലാളികളിൽ നിന്ന്

ശേഖരിക്കാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പങ്കാളിത്ത സംവിധാനം ഒരുക്കേണ്ടതുണ്ട്.

2. വിവേചനരഹിതമായി കടലിലേക്ക് വിഷപദാർത്ഥങ്ങൾ തള്ളുകയും വ്യവസായ മലിനജലം മാലിന്യ നിർഗമനക്കുഴലുകൾ വഴി തുറന്നു വിടുകയും ചെയ്യുന്നവർക്കെതിരെ കനത്ത പിഴ ചുമത്തുന്നതുൾപ്പെടെ ശിക്ഷാ നടപടികൾ എടുക്കേണ്ടതാണ്.

3. വ്യവസായ ശാലകളിൽ നിന്നുള്ള ഖര, ദ്രാവക മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് നിരീക്ഷിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനം ഉണ്ടാകേണ്ടതുണ്ട്.

4. മത്സ്യബന്ധന യാനങ്ങൾക്കും മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് സംവിധാനം നടപ്പാക്കേണ്ടതുണ്ട്. ഊർജ്ജ ക്ഷമതയുള്ളതും പരിസ്ഥിതി സൗഹൃദപരവുമായ എൻജിനുകൾ രൂപകല്പന ചെയ്യാനുള്ള ഗവേഷണ വികസന സംവിധാനങ്ങൾക്കായി സർവകലാശാലകളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

### xiv. ദുരന്തനിവാരണ സംവിധാനം

1. പ്രകൃതി ദുരന്തങ്ങളുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ദുരന്തകാലങ്ങളിൽ ഫലപ്രദമായ മുന്നറിയിപ്പ് സംവിധാനം ഒരുക്കുന്ന പ്രവർത്തനങ്ങൾ വേഗത്തിലാക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. മാത്രമല്ല, മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ തനതായ ആവശ്യങ്ങൾ പരിഗണിച്ച് ദുരന്തലഘൂകരണ പദ്ധതികൾ തയ്യാറാക്കുകയും, സദാ സമയവും സുസജ്ജമായ ലൈഫ് ബോട്ടുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവയും ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

2. തീരദേശ മേഖലയുടെ പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുകയും ദീർഘകാലാടിസ്ഥാനത്തിൽ എതിർ ഫലങ്ങൾ ഉളവാക്കുകയും ചെയ്യുന്ന സാങ്കേതിക വിദ്യകളെ ഒഴിവാക്കിക്കൊണ്ട് തീരദേശ സംരക്ഷണവും കടലാക്രമണം തടയലും മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ടതാണ്.

3. ദുരന്ത പ്രത്യാഘാതങ്ങളിൽ നിന്നും, പ്രതികരണത്തിൽ നിന്നും പഠിച്ച പാഠങ്ങൾ ക്രമാനുഗതമായി വിശകലനം ചെയ്യുകയും ഭാവി ഇടപെടലുകളെയും പ്രതിരോധ പ്രവർത്തനങ്ങളെയും മെച്ചപ്പെടുത്താൻ ഉപയോഗിക്കുകയും ചെയ്യണം.

## xv. ബാങ്കിംഗും ഇൻഷുറൻസും

1. മത്സ്യത്തൊഴിലാളികളുടെ ജീവിതങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള പ്രയത്നങ്ങൾ വിജയിക്കണമെന്നുണ്ടെങ്കിൽ അവർക്ക് ബാങ്കുകളിൽ നിന്നും വായ്പ ലഭിക്കാനുള്ള സംവിധാനം സർക്കാർ ഒരുക്കണം. സഹകരണ സ്ഥാപനങ്ങളിലൂടെയുള്ള വായ്പകളെ പ്രോത്സാഹിപ്പിച്ചു കൊണ്ടോ, മത്സ്യത്തൊഴിലാളികൾക്ക് അനുയോജ്യമായ ബാങ്കിംഗ് നയങ്ങൾ സ്വീകരിച്ചു കൊണ്ടോ ഇത് സാദ്ധ്യമാക്കാവുന്നതാണ്. സമയബന്ധിതമായ വായ്പാ തിരിച്ചടവിന്റെ ആവശ്യകതയെക്കുറിച്ചുള്ള അവബോധം മത്സ്യത്തൊഴിലാളികളിൽ ഉളവാക്കുകയും ചെയ്യേണ്ടതുണ്ട്.
2. മത്സ്യത്തൊഴിലാളി സമൂഹത്തിന് ഗുണകരമായ ഇൻഷുറൻസ് പദ്ധതികൾ രൂപപ്പെടുത്തേണ്ടതുണ്ട്. ഇൻഷുറൻസ് പരിരക്ഷയ്ക്കു പുറമേ, പരേതന്റെ കുടുംബാഗങ്ങൾക്ക് കാര്യശേഷി പരിശീലനം നൽകുകയും തൊഴിൽ ആവശ്യകത നേടാനുള്ള അവസരങ്ങൾ ഉറപ്പാക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

## xvi. പൊതു വിതരണ സംവിധാനം

1. പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കൽ അനിവാര്യമാണ്.

## xvii. സമഗ്രമായ സാമൂഹ്യ സുരക്ഷാ പദ്ധതികൾ

1. സംസ്ഥാനത്തിലെ എല്ലാ മത്സ്യത്തൊഴിലാളികളെയും ഉൾക്കൊള്ളുന്ന സമഗ്രമായ സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പാക്കേണ്ടതുണ്ട്.
2. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് ശമ്പളത്തോടെയുള്ള പ്രസവാവധി അനുവദിക്കണം. കാര്യശേഷി വികസനം, ഉപജീവനമാർഗ വികസന പരിപാടികൾ, സാമൂഹ്യ മൂലധന വികസന സംരംഭങ്ങൾ തുടങ്ങിയവ നടപ്പാക്കുകയും ചെയ്യേണ്ടതുണ്ട്.

## xviii. മത്സ്യത്തൊഴിലാളികളുടെ അവകാശങ്ങൾ / പദ്ധതികളെക്കുറിച്ചുള്ള ബോധവൽക്കരണം.

1. വിവിധ നിയമങ്ങൾ/നയങ്ങൾ എന്നിവയെക്കുറിച്ച് മത്സ്യത്തൊഴിലാളികളെ ബോധവത്കരിക്കേണ്ടത് തികച്ചും അനിവാര്യമാണ്. തൽപ്പര കക്ഷികളുടെ

സംഘങ്ങളിലൂടെയും പ്രദേശത്ത് പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളിലൂടെയും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലൂടെയും ബോധവത്കരണം നടത്താനാകും.

**xix. ഇ - സാക്ഷരത**

1. സേവനങ്ങൾ ഓൺലൈനിൽ ലഭിക്കുന്നതിന് മത്സ്യത്തൊഴിലാളികളെ ശാക്തീകരിക്കേണ്ടതുണ്ട്.

**xx. സഹകരണ സംഘങ്ങൾ**

കാര്യക്ഷമമായും ഫലപ്രദമായും പ്രവർത്തിച്ചാൽ സഹകരണ സംഘങ്ങൾക്ക് മത്സ്യത്തൊഴിലാളികളുടെ ജീവിതങ്ങളെ മെച്ചപ്പെടുത്താനുള്ള വളരെയധികം സാദ്ധ്യതകളാണുള്ളത്.

1. തങ്ങളുടെ ഉത്തരവ് സാക്ഷാത്കരിക്കുന്നതിൽ, ഈ സംഘങ്ങൾ എത്ര മാത്രം ഫലപ്രദമാകുമെന്ന് സർക്കാർ പഠിക്കേണ്ടതുണ്ട്. ഈ സംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ലെന്ന് പഠനത്തിലൂടെ വ്യക്തമാകുകയാണെങ്കിൽ അവയെ 'മത്സ്യഫെഡു' മായി ബന്ധപ്പെട്ട സംഘങ്ങളിൽ ലയിപ്പിക്കാവുന്നതാണ്.
2. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി ലേലം നടത്താമോ എന്ന് സർക്കാർ പരിശോധിക്കണം.

**xxi. സാങ്കേതിക വിദ്യകളുടെ ഉപയോഗവും കാര്യശേഷി വികസനവും**

1. സഹകരണ സംഘങ്ങൾ വഴിയോ ഫിഷറീസ് വകുപ്പ് വഴിയോ മത്സ്യത്തൊഴിലാളി മേഖലയിൽ ആധുനിക സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തേണ്ടതുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ കാര്യശേഷി വികസനം /പരിശീലനത്തിന്റെ നിലവാരം സർക്കാർ വിപുലീകരിക്കേണ്ടതുണ്ട്.

**xxii. നിരീക്ഷണവും വിലയിരുത്തലും**

1. മത്സ്യത്തൊഴിലാളികൾക്കായുള്ള നിയമനിർമ്മാണങ്ങൾ, നടപ്പാക്കിയ പദ്ധതികൾ, പരിപാടികൾ, പരിഹാര നടപടികൾ എന്നിവയുടെ കാലാകാലങ്ങളിലുള്ള അവലോകനത്തിനും പരിഹാര നടപടികൾക്കുമായി

കാര്യക്ഷമവും ഫലപ്രദവുമായ ഒരു നിരീക്ഷണ വിലയിരുത്തൽ സംവിധാനം നിലവിലുണ്ടെന്ന് സർക്കാർ ഉറപ്പാക്കണം.

2. മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കിയ പദ്ധതികളുടെയും സ്ഥാപനങ്ങളുടെയും പ്രസക്തി, ഫലപ്രാപ്തി, ഉൾക്കൊള്ളൽ എന്നിവയെക്കുറിച്ച് പഠിക്കാനും മത്സ്യത്തൊഴിലാളികളുടെ ജീവിതഗുണനിലവാരം മെച്ചപ്പെടുത്തുന്നതിലും ആ സമൂഹത്തെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിലും അവയുടെ ഇടപെടലുകൾ വിലയിരുത്താനും സർക്കാർ നടപടികൾ എടുക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഇത് ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ ചെയ്യേണ്ടതുണ്ട്. കേരളത്തിലെ മത്സ്യത്തൊഴിലാളികളും മറ്റ് സമൂഹങ്ങളും തമ്മിൽ നിലനിൽക്കുന്ന സാമൂഹ്യ - സാമ്പത്തിക അസന്തുലിതാവസ്ഥ കുറച്ചു കൊണ്ടു വരാൻ മത്സ്യത്തൊഴിലാളികളുടെ സജീവ പങ്കാളിത്തത്തോടെ സുസ്ഥിരവും സുസംഘടിതവുമായ നടപടി സർക്കാർ എടുക്കേണ്ടതുണ്ട്.

## II. പട്ടിക ജാതി - പട്ടിക വർഗ്ഗക്കാർ

### i. Protection of Civil Rights (PCR) Act, 1955 and Rules, 1977

1. എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്കിടയിൽ ഈ നിയമത്തെക്കുറിച്ച് വ്യാപകമായി ബോധവൽക്കരണം നടത്തുക.
2. ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകൾ പെട്ടെന്ന് തീർപ്പാക്കുക.
3. മിശ്ര വിവാഹിതർക്ക് മതിയായ സുരക്ഷയും, ആനുകൂല്യങ്ങളും ലഭ്യമാക്കുക.

### ii. SC/ST (Prevention of Atrocities) Act, 1989 and Rules, 1995.

1. കേസുകൾ പെട്ടെന്ന് തീർപ്പാക്കുക. നിയമം നടപ്പാക്കുന്നതിൽ പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക. ഇരകൾക്ക് സൗജന്യ നിയമസഹായം നൽകുക. അതിക്രമം നടന്നതിന് ഏഴു ദിവസത്തിനുള്ളിൽ ഇരയ്ക്ക് സമാശ്വാസവും പുന:രധിവാസവും ലഭ്യമാക്കുക.

### iii. The Scheduled Tribes and other Traditional Forest Dwellers (Recognition of Forest Rights) Act, 2006

1. വനാവകാശ നിയമം കൃത്യമായി നടപ്പിലാക്കപ്പെടുന്നത് സർക്കാർ നിരീക്ഷിക്കണം.
2. വനഭൂമിയിലുള്ള അവകാശം തെളിയിക്കുന്നതിന്, കൈവശാവകാശ സാക്ഷ്യപത്രത്തിന് പകരം ക്രയവിക്രയാവകാശങ്ങളോടു കൂടിയ 'പട്ടയം' അനുവദിക്കണം.
3. വന വിഭവങ്ങൾ ശേഖരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമുള്ള അനുമതി 'വന സംരക്ഷണ സമിതികളിൽ' നിന്ന് എടുത്തു മാറ്റി, പട്ടിക വർഗ്ഗക്കാർക്ക് നൽകണം.
4. ഇവർക്ക് നഷ്ടപ്പെട്ട ഭൂമി, സമയബന്ധിതമായി തിരിച്ചു നൽകണം.

**iv. പഞ്ചായത്തുകൾ (പട്ടികമേഖലകളിലേക്ക് വ്യാപിപ്പിക്കൽ) നിയമം, 1996 (PESA)**

1. നിയമം പരീക്ഷണാടിസ്ഥാനത്തിൽ, തിരഞ്ഞെടുത്ത പട്ടിക വർഗ്ഗ മേഖലകളിൽ നടപ്പാക്കുകയും, പിന്നീട് സംസ്ഥാനമൊട്ടുക്ക് നടപ്പാക്കുകയും വേണം.

**പൊതു ശുപാർശകൾ**

1. പട്ടിക ജാതി - പട്ടിക വർഗ്ഗ കോളനികളിൽ ഭൂമി, ശുദ്ധമായ കുടിവെള്ളം, ഗതാഗത സൗകര്യങ്ങൾ, ഭവനം, വിദ്യാഭ്യാസ സൗകര്യങ്ങൾ എന്നിവ ഒരുക്കണം.
2. എസ്.സി/എസ്.റ്റി വിഭാഗങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ പിന്തുണയ്ക്കായി പ്രീ - സ്കൂൾ തലം മുതൽ പദ്ധതികൾ വേണം. ഉദാരമായ സ്കോളർഷിപ്പ്, റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ, വിദ്യാഭ്യാസ വായ്പ, തൊഴിൽ പരിശീലനം എന്നിവ നൽകണം.
3. തൊഴിൽ, സംരംഭകത്വ ശേഷി പ്രോത്സാഹിപ്പിക്കണം.
4. സർക്കാർ ഉദ്യോഗങ്ങളിലെ സംവരണം കൃത്യമായി നിരീക്ഷിച്ച്, സംവരണത്തോതിനനുസരിച്ച് നിയമനം നടക്കുന്നില്ലെങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കണം.
5. മെച്ചപ്പെട്ട ആരോഗ്യ പരിപാലന സംവിധാനങ്ങൾ, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന പദ്ധതികൾ, കുടുംബ കാർഡുകളുടെ വിതരണം, ലഹരി വിമുക്തിക്കായുള്ള പ്രത്യേക പദ്ധതികൾ എന്നിവ നടപ്പാക്കണം. പട്ടിക വർഗ്ഗക്കാരുടെ തനത് ഭക്ഷ്യവിഭവങ്ങൾ,

ഗൃഹ നിർമ്മാണം എന്നിവ സംരക്ഷിച്ചു കൊണ്ട് ആധുനിക വികസന പദ്ധതികൾ നടപ്പാക്കണം. പട്ടിക വർഗ്ഗക്കാരിലെ ഒറ്റപ്പെട്ടവരും പിന്നോക്കം നിൽക്കുന്നവരുമായ ജന വിഭാഗങ്ങളെ പ്രത്യേകമായി പരിഗണിക്കണം.

## III. ചേരി നിവാസികൾ

1. സംസ്ഥാനത്തെ ചേരി നിവാസികളുടെ ജീവിതത്തെക്കുറിച്ച് വിശദമായ ഗവേഷണ പഠനങ്ങൾ നടത്തണം.
2. ചേരി നിവാസികൾക്ക്, അവർ താമസിക്കുന്ന ഭൂമിയിൽ ഉടമസ്ഥാവകാശം നൽകുകയും, കെട്ടുറപ്പുള്ള വീടുകൾ നിർമ്മിച്ചു നൽകുകയും വേണം. കൂടാതെ ചേരി പ്രദേശങ്ങളിൽ, കളിസ്ഥലം, സാംസ്കാരിക കേന്ദ്രം, പൊതു ഉപയോഗത്തിനായുള്ള കെട്ടിടങ്ങൾ, ലൈബ്രറികൾ എന്നിവ ഉൾക്കൊള്ളുന്ന അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കണം.
3. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ അംഗനവാടി/ പ്രീ - സ്കൂൾ തലം മുതലുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. സ്കോളർഷിപ്പ്, വിദ്യാഭ്യാസ വായ്പ, കരിയർ മാർഗ്ഗനിർദ്ദേശങ്ങൾ, കൗൺസിലിംഗ് എന്നിവയ്ക്ക് പ്രത്യേക സൗകര്യങ്ങൾ ഒരുക്കണം.
4. കാര്യശേഷി വികസനം, ജീവസന്ധാരണം എന്നിവയുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലനങ്ങൾ ചേരികളിലെ കുട്ടികൾക്ക് നൽകുകയും, സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കാൻ സാമ്പത്തിക പിന്തുണയും സഹായവും നൽകുകയും വേണം.
5. ചേരി നിവാസികൾക്കിടയിലെ ആരോഗ്യ സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യാനും അവർക്കിടയിൽ സാംക്രമിക രോഗങ്ങൾ പടരുന്നത് തടയാനും, മാനസികാരോഗ്യ സംരക്ഷണത്തിനും, ശുചിത്വ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, എന്നിവരുടെ നേതൃത്വത്തിൽ ആരോഗ്യ രക്ഷാ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.
6. ശുദ്ധ ജല ലഭ്യത ഉറപ്പാക്കൽ, പരിസര ശുചിത്വം കാത്തുസൂക്ഷിക്കൽ, മാലിന്യ നിർമ്മാർജ്ജനം എന്നീ മേഖലകളും പ്രാധാന്യത്തോടെ കൈകാര്യം ചെയ്യപ്പെടണം.
7. ചേരികളിൽ ജീവിക്കുന്ന സ്ത്രീകളെ ലിംഗ നീതി പ്രശ്നങ്ങളിൽ സംവേദനക്ഷമതയുള്ളവരാക്കാനും, ആവശ്യമായ സന്ദർഭങ്ങളിൽ നിയമ പിന്തുണ നൽകാനും, സ്ത്രീകൾക്ക് സാമ്പത്തിക സ്വയം പര്യാപ്തത നൽകാനും,

സ്ത്രീകൾക്കെതിരെ അതിക്രമങ്ങളെ ചെറുക്കാനും, സാമൂഹ്യ നീതി, സ്ത്രീ ശിശു വികസന വകുപ്പ്, എൻ.ജി.ഒ കൾ എന്നിവ ഒത്തുചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണം.

8. മദ്യം, മയക്കുമരുന്ന് എന്നിവയുടെ പിടിയിൽ നിന്ന് ചേരി നിവാസികളെ രക്ഷിക്കുന്നതിന്, ജാഗ്രതാ സംവിധാനങ്ങൾ സൃഷ്ടിക്കണം. ബോധവൽക്കരണം, കൗൺസിലിംഗ് സംവിധാനങ്ങൾ ഒരുക്കണം.

## IV. കോളനി നിവാസികൾ

1. സംസ്ഥാനത്തെ എല്ലാ അംഗീകൃത കോളനികളിലെയും വിവര ശേഖരണം, (സാമൂഹ്യ - സാമ്പത്തിക അവസ്ഥ ഉൾപ്പെടെ) ഒരു സെൻസസ് പ്രക്രിയയിലൂടെ നടത്തണം. അക്കാദമിക് തലത്തിൽ, കോളനി ജീവിതങ്ങളെക്കുറിച്ചുള്ള പഠന ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം.

2. ഒരു കോളനിയിലെ ഓരോ കുടുംബത്തിനും ചുരുങ്ങിയത് 3 സെന്റ് ഭൂമിയെങ്കിലും സ്വന്തമായി നൽകണം. ഇവർക്കായ് ഭവന സമുച്ചയങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ, ആവശ്യത്തിന് പൊതുസ്ഥലം, കളിസ്ഥലം, മാലിന്യ സംസ്കരണോപാധികൾ എന്നിവയ്ക്കും സ്ഥലം കണ്ടെത്തണം.

3. കോളനികളിലെ യുവജനങ്ങൾക്ക് കരിയർ/തൊഴിൽ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന 'റിസോഴ്സ് സെന്ററുകൾ' ആരംഭിക്കണം. മുതിർന്നവർക്കായി സാക്ഷരതാ സാമ്പത്തിക പരിശീലന പദ്ധതികൾ ആരംഭിക്കണം.

4. ആരോഗ്യ ശുചിത്വ കാര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യ വകുപ്പുമായി ചേർന്ന് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കണം. ശുദ്ധജല വിതരണം, മാലിന്യ നിർമ്മാർജ്ജനം എന്നിവയ്ക്ക് കാര്യക്ഷമമായ നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കണം.

5. സ്ത്രീ ശാക്തീകരണം, സ്ത്രീകൾക്കുള്ള നിയമസഹായം, കൗൺസിലിംഗ് എന്നിവയ്ക്ക് വനിതാ -ശിശു വികസന വകുപ്പ്, സാമൂഹ്യ നീതി വകുപ്പ് എന്നിവ മുഖാന്തിരം നടപടികൾ സ്വീകരിക്കണം.

6. മദ്യം/മയക്കുമരുന്ന് എന്നിവ കോളനി ജീവിതങ്ങളിൽ പിടിമുറുക്കാതിരിക്കാനാവശ്യമായ മുൻ കരുതലുകൾ സ്വീകരിക്കണം.

## V. തെരുവ് നിവാസികൾ

1. തെരുവ് നിവാസികളുടെ സമഗ്രമായ വിവരശേഖരണം നടത്തണം.
2. അഭയ കേന്ദ്രങ്ങൾ, താൽക്കാലിക/സ്ഥിരം പാർപ്പിട സൗകര്യങ്ങൾ എന്നിവ തെരുവ് നിവാസികൾക്കായി ഒരുക്കണം. വീട്, രാത്രി താമസിക്കാനിടം, പുനരധിവാസ കേന്ദ്രങ്ങൾ, കുട്ടികൾക്കുള്ള ഹോസ്റ്റലുകൾ, രോഗികൾക്കായുള്ള സാന്ത്വന ചികിത്സാ കേന്ദ്രങ്ങൾ, എന്നിവ ആവശ്യമാണ്.
3. തെരുവിൽ താമസിക്കുന്ന സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ സുരക്ഷ, ഉറപ്പാക്കാൻ പോലീസ് പദ്ധതികൾ തയ്യാറാക്കണം.
4. താൽക്കാലിക തിരിച്ചറിയൽ രേഖകൾ അനുവദിച്ച് ഇവർക്ക് അർഹമായ റേഷൻ വിഹിതം, ICDS - ന് കീഴിലുള്ള പോഷകാഹാരം, PDS സേവനങ്ങൾ എന്നിവ നൽകണം.
5. തെരുവ് കുട്ടികൾക്ക് അവരുടെ മാതൃഭാഷയിൽ പ്രീ സ്കൂൾ - സ്കൂൾ വിദ്യാഭ്യാസം, തൊഴിൽ നൈപുണ്യം എന്നിവ നൽകുന്നതിന് സർക്കാർ - പൊതു രംഗത്തുള്ളവർ എന്നിവരുടെ യോജിച്ച പ്രവർത്തനം ആവശ്യമാണ്. തൊഴിൽ പരിശീലനം നേടാനും തൊഴിൽ കണ്ടെത്താനും ജൻശിക്ഷൺ സൻസ്ഥാൻ, ദേശീയ നഗര ഉപജീവനം മാർഗ്ഗ ദൗത്യം, ദീൻദയാൽ അന്ത്യാ യോജന എന്നീ പദ്ധതികൾ പ്രയോജനപ്പെടുത്തണം. തൊഴിലുറപ്പ് പദ്ധതികളിൽ ഇവരെയും ഉൾപ്പെടുത്തണം. ബാങ്കിംഗ്/ഇൻഷ്വറൻസ് സേവനങ്ങൾ ലഭ്യമാക്കണം. ആരോഗ്യ ഇൻഷ്വറൻസ്, സർക്കാരിന്റെ ആരോഗ്യ രക്ഷാ പദ്ധതികൾ, സേവനങ്ങൾ എന്നിവ ലഭ്യമാക്കണം. നിയമാവബോധവും നിയമസഹായവും സൗജന്യമായി ഇവരിലേക്കെത്തിക്കണം.
6. സർക്കാർ സേവനങ്ങൾ ലഭ്യമാകുന്നതിന് തെരുവ് നിവാസികൾക്കും ഭവന രഹിതർക്കും മുന്നിലുള്ള ആദ്യ കടമ്പ സാധുവായ തിരിച്ചറിയൽ രേഖ ഇല്ല എന്നതാണ്. ഇത് മറികടക്കാൻ ഇവരുടെ രജിസ്ട്രേഷന് നിയമ നിർമ്മാണം നടത്തണം. നാടോടികളെയും പ്രസ്തുത നിയമത്തിന് കീഴിൽ കൊണ്ടുവരണം.

## **4.7** Public Infrastructure- Development & Management (7th Report)

ഭരണ പരിഷ്കാര കമ്മീഷന്റെ സമീപന രേഖയിലെ 7 -ാമത് പഠന മേഖലയാണ് അടിസ്ഥാന സൗകര്യങ്ങൾ - ഉപയോഗവും അനുരക്ഷണവും (Infrastructure - Optimum

Usage and Conversation). ഈ പഠന മേഖലയുമായി ബന്ധപ്പെട്ടാണ് കമ്മീഷന്റെ 7-ാമത് റിപ്പോർട്ടായ ‘Public Infrastructure- Development & Management’ തയ്യാറാക്കിയിട്ടുള്ളത്.

റോഡുകൾ, പാലങ്ങൾ, ബസ് സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ, റെയിൽവേ, വ്യാപാര സമുച്ചയങ്ങൾ, അണക്കെട്ടുകൾ, തടയണകൾ, ജലസംഭരണികൾ, ജലനിർഗ്ഗമന സംവിധാനങ്ങൾ, ജലശുദ്ധീകരണ സംവിധാനങ്ങൾ, വിപണന കേന്ദ്രങ്ങൾ, അറവുശാലകൾ, വെയർഹൗസുകൾ, തുറമുഖങ്ങൾ, ഹാർബറുകൾ, ഓഫീസ് സമുച്ചയങ്ങൾ, സ്കൂൾ - കോളേജ് കെട്ടിടങ്ങൾ, അംഗന വാടികൾ, ആശുപത്രികൾ, സ്റ്റേഡിയങ്ങൾ, ക്വാർട്ടേഴ്സുകൾ, ഗ്രന്ഥശാലകൾ തുടങ്ങി നിരവധിയായ നിർമ്മിതികൾ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങളുടെ ഭാഗമായി പൊതുധനം വ്യയം ചെയ്ത് നാം നിർമ്മിച്ചെടുത്തിട്ടുണ്ട്. ഇവയുടെ പ്രവർത്തനം/ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട മറ്റ് ഉപ അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, വിവരസാങ്കേതിക വിദ്യ, ജലവിതരണം, ടെലിഫോൺ എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, ഫർണിച്ചറുകൾ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയും സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങളുടെ ഭാഗമാണ്. എന്നാൽ, സർക്കാർ ആഫീസുകൾ, പൊതു സ്ഥാപനങ്ങളായ പോലീസ് സ്റ്റേഷനുകൾ, സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ, അതിഥി മന്ദിരങ്ങൾ, ആഫീസ് സമുച്ചയങ്ങൾ തുടങ്ങിയ കെട്ടിടങ്ങളുടെ രൂപകല്പന നിർമ്മാണം, അറ്റകുറ്റപ്പണി, അനുരക്ഷണ പ്രവർത്തനങ്ങൾ എന്നിവയും, കൂടാതെ, റോഡ് ഇൻഫ്രാസ്ട്രകച്ചറിനെ കേന്ദ്രീകരിച്ചുള്ള തെരഞ്ഞെടുത്ത കാര്യങ്ങളും, പൊതുവായി അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട ധന സ്രോതസ്സുകൾ, അടിസ്ഥാന സൗകര്യ വികസന മാനേജ്മെന്റ് പ്രക്രിയ നടത്തിപ്പ് എന്നീ മേഖലകളിൽ കേന്ദ്രീകരിച്ചുള്ള ഒരു പഠനം നടത്തുന്നതിന് കമ്മീഷൻ തീരുമാനിച്ചു. താഴെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പരിശോധിച്ച് പോരായ്മകൾ പരിഹരിച്ച് സുശക്തമായി പുന:സംഘടിപ്പിക്കുന്നതിനാവശ്യമായ ശുപാർശകളാണ് ഈ പഠനത്തിലൂടെ രൂപപ്പെടുത്തിയെടുത്തത്.

1. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത/ആവശ്യകത എന്നിവ നിശ്ചയിക്കൽ - രീതിശാസ്ത്രം, നടപടിക്രമങ്ങൾ, സംഘടനാ സംവിധാനം തുടങ്ങിയവ.
2. അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം/ആർജ്ജിക്കൽ, ഉടമസ്ഥത, അനുരക്ഷണം, കൈമാറ്റം, കൈയ്യൊഴിക്കൽ എന്നിവ.
3. അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായുള്ള ധനലഭ്യത/ഭൂമിലഭ്യത.
4. അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രോജക്ടുകളുടെ മാനേജ്മെന്റ്.
5. അപൂർണ്ണമോ ഉപേക്ഷിക്കപ്പെട്ടതോ ആയ നിർമ്മിതികളുടെ കൈകാര്യം.

6. സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

കമ്മീഷനെ പഠനത്തിൽ സഹായിക്കുന്നതിന് വേണ്ടി, എൻജിനീയറിംഗ്, പ്രോജക്റ്റ് മാനേജ്മെന്റ്, ധനകാര്യം, ആസൂത്രണം എന്നീ മേഖലകളിൽ വൈദഗ്ധ്യമുള്ള താഴെ ചേർത്തിരിക്കുന്നവർ ഉൾപ്പെടുന്ന ഒരു വിദഗ്ധ സംഘം രൂപീകരിച്ചു.

ശ്രീമതി. ബീന. എൽ, ചീഫ് എിനീയർ, PWD
ശ്രീമതി. ഡാർളിൻ ഡിക്രൂസ്, ചീഫ് എിനീയർ, PWD
ശ്രീമതി. ഗായത്രി നായർ IES, അഡ്വൈസർ, സ്റ്റേററ് പ്ലാനിംഗ് ബോർഡ്.
ശ്രീ. ഇ.കെ. ഹൈദ്രു, ചീഫ് എിനീയർ, PWD
ശ്രീ. എൻ.ആർ. റോയ്, ചീഫ് (I&I) ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്.
ശ്രീ. രമേശൻ പാലേരി, ULCCS, കോഴിക്കോട്
ശ്രീ. പി.ബി. സാജൻ, കോസ്റ്റ്ഫോർഡ്.
ശ്രീ. സതീഷ് ചന്ദ്രൻ, GEC, തിരുവനന്തപുരം
ഡോ. ബി.ജി. ശ്രീദേവി, ചീഫ് സയൻറിസ്റ്റ്, നാറ്റ്പാക്ക്
ശ്രീ. കെ. സുന്ദരൻ, ചീഫ് എിനീയർ (റിട്ട.) PWD
ശ്രീ. വിൽസൺ. കെ.സി, സയൻറിസ്റ്റ്, (NATPAC)

പഠനത്തിന്റെ ഒരു ഭാഗം, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, തിരുവനന്തപുരം - ന്റെ സഹായത്തോടെയാണ് പൂർത്തിയാക്കിയത്. സി.എം.ഡി മുഖേന MByon Consultants and Management Services -ന്റെ സേവനവും റിപ്പോർട്ട് തയ്യാറാക്കുന്നതിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

Social Infrastructure- Life Cycle Approach, Road Infrastructure, Infrastructure Development & Management എന്നിങ്ങനെ പഠനത്തെ മൂന്നു ഭാഗങ്ങളായി തിരിച്ചാണ് പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്.

വിദഗ്ധ സമിതി അംഗങ്ങളുടെ പ്രാഥമിക ആലോചനാ യോഗം 09.04.2019 - ന് സംഘടിപ്പിച്ചു. തുടർന്ന് 26.04.2019 ന് രണ്ടാം യോഗവും ചേർന്ന് പഠനത്തിലെ അനുബന്ധ പ്രവർത്തനങ്ങളുടെ മുൻഗണനാക്രമം നിശ്ചയിച്ചു. പഠനത്തിനുള്ള സങ്കല്പന രേഖ അന്തിമരൂപത്തിൽ തയ്യാറാക്കി. താഴെ ചേർത്തിരിക്കുന്നവർ ഉൾക്കൊള്ളുന്ന ഒരു ഉപദേശക സമിതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പഠനം ഏകോപിപ്പിക്കുന്നതിന് തീരുമാനിച്ചു.

ശ്രീ. എസ്.എം. വിജയാനന്ദ്, IAS (റിട്ട.)
ശ്രീ. പി.എച്ച്. കുര്യൻ, IAS (റിട്ട.)

ശ്രീ. രവി രാമൻ, സംസ്ഥാന ആസൂത്രണ ബോർഡ് അംഗം

ശ്രീ. ഈപ്പൻ വർഗ്ഗീസ്, ചീഫ് ടൗൺ പ്ലാനർ (റിട്ട.)

ശ്രീ. ജി.ശങ്കർ, ഹാബിറ്റാറ്റ്.

എന്നാൽ സമയ പരിമിതി കാരണം ഈ ഉപദേശക സമിതിയുടെ സേവനം യഥാവിധം ഉപയോഗിക്കാൻ കമ്മീഷന് കഴിഞ്ഞില്ല. 22.05.2019 -ൽ വിദഗ്ധ സമിതി അംഗങ്ങളുടെ ഒന്നാം യോഗം സംഘടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ പഠന സംഘത്തെ രണ്ട് ഉപഗ്രൂപ്പുകളായി തിരിക്കാൻ തീരുമാനിച്ചു. ഒന്നാം ഉപഗ്രൂപ്പ് റോഡ് സംബന്ധമായ കാര്യങ്ങളും രണ്ടാം ഉപഗ്രൂപ്പ്, കെട്ടിടങ്ങൾ സംബന്ധിച്ച കാര്യങ്ങളും പഠിക്കുന്നതിന് നേതൃത്വം നൽകാൻ തീരുമാനിച്ചു. കൂടാതെ പഠനത്തിൽ NATPAC, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ - ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS), കോസ്റ്റ് ഫോർഡ് എന്നീ ഏജൻസികളുടെ സേവനങ്ങളും പ്രയോജനപ്പെടുത്താൻ തീരുമാനിച്ചു.

വിദഗ്ധ സമിതി അംഗങ്ങളുടെ രണ്ടാം യോഗം 03.06.2019 ൽ ചേർന്നു. വിദഗ്ധ സമിതിയുടെ ആദ്യ യോഗത്തിൽ NATPAC തയ്യാറാക്കി അവതരിപ്പിച്ച 'Check list for rapid building assessment' വിശദമായി ചർച്ച ചെയ്യുകയും ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തു. ഒന്നും രണ്ടും ഉപഗ്രൂപ്പുകളുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ check list, Questionnaire എന്നിവ തയ്യാറാക്കുന്നതിനും തീരുമാനിച്ചു.

വിദഗ്ധസമിതിയുടെ മൂന്നാമത് യോഗം 19.06.2019 - ന് ചേർന്നു. പഠനത്തിന്റെ ഭാഗമായി ഫീൽഡ് സർവ്വേ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കാസർഗോഡ്, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ നടത്തുവാൻ തീരുമാനിച്ചു. കൂടാതെ എല്ലാ സർക്കാർ വകുപ്പുകളുടെയും ആസ്തികൾ സംബന്ധിച്ച് എല്ലാ വകുപ്പുകളിൽ നിന്നും വിവരശേഖരണം നടത്താൻ തീരുമാനിച്ചു.

വിദഗ്ധ സമിതിയുടെ നാലാമത് യോഗം 29.07.2019 -ൽ വിളിച്ച് ചേർത്തു. ഈ പഠനത്തിൽ, സി.എം.ഡി, തിരുവനന്തപുരം -ന്റെ സ്ഥാപന പിന്തുണ സ്വീകരിക്കാൻ തീരുമാനിച്ചു. തുടർന്ന് 13.08.2019 -ൽ വിദഗ്ധ സമിതി അംഗങ്ങൾ സി.എം.ഡി - യിൽ യോഗം ചേർന്ന് ചോദ്യാവലികൾ, ചെക്ക് ലിസ്റ്റുകൾ എന്നിവ പൂർത്തീകരിച്ചു. തുടർന്ന് 19.09.2019 -ൽ വിദഗ്ധസമിതി യോഗം ചേർന്ന് വിവരശേഖരണത്തിനുള്ള ചോദ്യാവലികൾ അന്തിമരൂപത്തിൽ അംഗീകരിച്ചു. അടിസ്ഥാന സൗകര്യങ്ങൾ, വികസനവും അനുരക്ഷണവും എന്ന പഠനത്തിൽ ആസ്തികൾ സംബന്ധിച്ചുള്ള പഠനം തിരുവനന്തപുരം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നടത്തി. തിരുവന്തപുരത്ത് ആസ്തി പഠനം നടത്തേണ്ടുന്ന

സർക്കാർ സ്ഥാപനങ്ങൾ ഏവ എന്നതും തീരുമാനിച്ചു. തയ്യാറാക്കിയ ചോദ്യാവലികൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് വിവരശേഖരണത്തിനായി ലഭ്യമാക്കി.

08.11.2019 -ൽ വിദഗ്ദ്ധ സമിതി യോഗം ചേർന്ന് പഠന പുരോഗതി വിലയിരുത്തി. തുടർന്ന് 11.02.2020 -ന് രാവിലെ 10.30 ന് വിദഗ്ദ്ധസമിതി യോഗം, വിവിധ വകുപ്പ മേധാവികളുടെ യോഗം എന്നിവ നടത്തി. 12.02.2020 ന് ഗവ.കോൺട്രാക്ടർമാരുടെ പ്രതിനിധികളുമായും യോഗം നടത്തി. 11.02.2020 -ൽ നടത്തിയ വിദഗ്ദ്ധ സമിതിയുടെ 9 -ാമത് യോഗത്തിൽ, റിപ്പോർട്ടിന്റെ അന്തിമ രൂപത്തെക്കുറിച്ച് ചർച്ച ചെയ്യുകയും, റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട ചില പ്രത്യേക മേഖലകളിൽ കൂടി പഠനം നടത്തി കുറിപ്പുകൾ തയ്യാറാക്കുന്നതിനും തീരുമാനിച്ചു.

ഈ വിഷയത്തിൽ തയ്യാറാക്കിയ കരട് റിപ്പോർട്ട് സംബന്ധിച്ച് 19.02.2020 ന് ചർച്ച നടത്തുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. അന്തിമ റിപ്പോർട്ടും ശുപാർശകളും 2020 നവംബർ - ൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു.

### പ്രധാന ശുപാർശകൾ

**I. ആസ്തി നിർമ്മിതിയുടെ പ്ലാനിംഗ് - ബഡ്ജറ്റിംഗ് ഘട്ടത്തിൽ താഴെ പറയുന്ന പോരായ്മകൾ അനുഭവപ്പെടുന്നു.**

1) പ്രോജക്ട് തയ്യാറാക്കുന്ന ഘട്ടത്തിൽ ഉപയോക്താവിന്റെ ആവശ്യങ്ങൾ കൃത്യമായി മനസ്സിലാക്കാതിരിക്കുക.
2) വ്യക്തമായ ആസൂത്രണ പരിപാടികളുടെ അഭാവം.
3) മൾട്ടി - ഇയർ പ്ലാനിംഗ് (റോളിംഗ് പ്ലാൻ) -ന്റെ ആവശ്യകത.
4) Document Repository, Standard checklist എന്നിവയുടെ അഭാവം.

**1. പ്രോജക്ട് തയ്യാറാക്കൽ**

ശരിയായ രീതിയിൽ, ആവശ്യങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയുള്ള ഉപയോക്താവിനെ ഡി.പി.ആർ തയ്യാറാക്കുന്നതിന് മുൻപ് ഒരിക്കലെങ്കിലും കൺസൾട്ട് ചെയ്യണം.

**2. ആസൂത്രണം**

ആസൂത്രണ പ്രക്രിയ ഫലവത്താകാൻ, ചുരുങ്ങിയ ചില ഗുണ മേന്മാ മാനദണ്ഡങ്ങൾ എങ്കിലും പാലിച്ചിരിക്കണം. നിർദ്ദിഷ്ട ചെക്ക് ലിസ്റ്റുകൾ തയ്യാറാക്കി

ഉപയോഗപ്പെടുത്തിയാൽ ആസൂത്രണ പ്രക്രിയ മികച്ച ഗുണനിലവാരമുള്ളതാക്കി മാറ്റാൻ സാധിക്കും.

നിലവിലെ അവസ്ഥയിൽ, ആസ്തി നിർമ്മിതിയുമായി ബന്ധപ്പെട്ട ആസൂത്രണത്തിന്റെ ഫലം എത് ഒരു മീറ്റിംഗ് മിനിട്ട്സ് അല്ലെങ്കിൽ ഉപയോക്താവിന്റെ ചില ആവശ്യങ്ങൾ/പ്രതീക്ഷകൾ എന്നിവ മാത്രമാണ്. ഇതിനുപരിയായി ഒരു 'മോഡൽ പ്ലാനിംഗ് ഡോക്യുമെന്റ് ', ഓരോ ആസ്തിനിർമ്മിതിയുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായി തയ്യാറാക്കുകയും പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിന് അവശ്യരേഖയായി പരിഗണിക്കപ്പെടുകയും വേണം. ഇപ്രകാരം പദ്ധതിയുമായി ബന്ധപ്പെട്ട പ്ലാനിംഗ്, 'ഡാറ്റയിൽ അധിഷ്ഠിതമായ പ്ലാനിംഗ് ' ആയി ഉയർത്താൻ കഴിയും.

### 3. Multi Year Planning

35 വർഷത്തേക്ക് Rolling plans ആണ് യഥാർത്ഥമായ ആസൂത്രണത്തിനും വരവ് - ചിലവ് നിർണ്ണയത്തിനും അഭികാമ്യം. താഴെ ചേർത്തിരിക്കുന്ന പ്രകാരത്തിലുള്ള പ്രവർത്തനങ്ങൾ മൾട്ടി - ഇയർ പ്ലാനിംഗിന് ഉപയോഗിക്കാം.

a) Top down Budgeting.
b) Bottom up Estimation.
c) Reconciliation of top down and bottom up Expenditure estimates.

### 4. ഡോക്യുമെന്റ് റിപ്പോസിറ്ററികൾ രൂപപ്പെടുത്തുക.

നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട് യുക്തിഭദ്രമായി ശേഖരിച്ച സൂക്ഷിച്ചിട്ടുള്ള ആസൂത്രണ/നിർവ്വഹണ/പരിപാലന രേഖകൾ ഭാവി ആസൂത്രണങ്ങൾക്ക് ഏറെ ഗുണപ്രദമാണ്. വിജയകരമായതും, പരാജയപ്പെട്ടതുമായ പദ്ധതികളുടെ രേഖകൾ ശരിയായി സൂക്ഷിക്കുന്നത് തുടർ പഠനങ്ങൾക്കും സംവിധാനങ്ങളെയും സങ്കേതങ്ങളെയും മെച്ചപ്പെടുത്തുന്നതിനും സഹായകരമാണ്.

### 5. രൂപകൽപ്പനയുമായി ബന്ധപ്പെട്ട ശുപാർശകൾ

a) ഉന്നത നിലവാരമുള്ള ഡി.പി.ആർ തയ്യാറാക്കണം.

b) മതിയായ യോഗ്യതയും പരിചയവുമുള്ള Design Consultants ന്റെ സേവനം ഉപയോഗിക്കണം.

c) രൂപ കൽപ്പനാ ഘട്ടത്തിലും ഉപയോക്താവുമായി പര്യാലോചിച്ച് ആവശ്യങ്ങൾ/അഭിപ്രായങ്ങൾ നേടണം.

**6. പദ്ധതികൾ കരാർ നൽകൽ**

a) കരാർ പത്രം എന്നത് ഒരു 'Techno – Commercial - Legal' രേഖയായി തയ്യാറാക്കണം. Procurement process -ൽ Bid Document തയ്യാറാക്കുന്നതിൽ വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങുന്ന നിയമനിർമ്മാണം സർക്കാർ നടത്തുകയും, ഉദ്യോഗസ്ഥരെ കരാറുകളിൽ ഏർപ്പെടുന്നതിന്റെ നിയമ, സാങ്കേതിക, സാമ്പത്തിക വശങ്ങൾ സംബന്ധിച്ച് പരിശീലനം നൽകുകയും വേണം.

b) വർക്ക് പ്ലാൻ തയ്യാറാക്കുകയും Mile-stones അടിസ്ഥാനമാക്കി കരാർ തുക നൽകുകയും ചെയ്യണം.

c) 'Project level and site level with job description' എന്നതും കരാറിൽ ഉൾപ്പെടുത്തണം.

d) സമയബന്ധിതമായി 'Project Review' നടത്തുന്നതിനും വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തണം.

**7. നിർമ്മാണം**

നിർമ്മാണത്തിന്റെ എല്ലാ ഘട്ടങ്ങളും നിരന്തരമായി നിരീക്ഷിക്കപ്പെടുകയും പോരായ്മകൾ തിരുത്തപ്പെടുകയും ചെയ്യണം.

**8. ഗുണമേന്മ ഉറപ്പ് വരുത്തൽ**

ഗുണമേന്മ നിഷ്കർഷകൾ സംബന്ധിച്ച് PWD മാനുവലിൽ ഉൾപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പ് വരുത്തുക. Q.C പരിശോധനകൾ, Q.C റിപ്പോർട്ടുകൾ, റിപ്പോർട്ടുകളുടെ അംഗീകാരം നൽകൽ എന്നീ മേഖലകളിൽ ഉചിതമായ IT സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുക.

**9. ഓപ്പറേഷൻസ് & മെയിന്റനൻസ്**

a) ഓരോ ആസ്തികൾക്കും കൃത്യമായി വാർഷിക മെയിന്റനൻസ് ചെക്ക് ലിസ്റ്റുകൾ തയ്യാറാക്കി സൂക്ഷിക്കുക. ആയത് കൃത്യമായി നടപ്പിലാക്കുക.

b) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരിക്കുന്ന ആസ്തികളുടെ പരിപാലനം അവരിൽ തന്നെ നിക്ഷിപ്തമാക്കുക.

c) ഓഫീസ് കോംപ്ലക്സുകളിൽ, ഏതെങ്കിലും ഒരു ഓഫീസിന് ഹൗസ് കീപ്പിംഗ്/മെയിന്റനൻസ് ചുമതലകൾ നൽകുക.

d) പരിപാലനത്തിൽ പൊതുജന പങ്കാളിത്തവും സ്വീകരിക്കുക.

e) Socially oriented organizations, CSR ഫണ്ടുകൾ എന്നിവ സാമൂഹ്യ ആസ്തി നിർമ്മിതിക്ക് പ്രയോജനപ്പെടുത്തുക.

## II. ഭാഗം-2 റോഡ് - ഗതാഗത അടിസ്ഥാനസൗകര്യങ്ങൾ

1) ഏതൊരു നിർമ്മാണ പ്രക്രിയയ്ക്കും മുൻപായി 'Need Analysis' നടത്തുക. 'Network planning' നടത്തുക. പദ്ധതികളുടെ മുൻഗണനാ ക്രമം നിശ്ചയിക്കുക. DPR തയ്യാറാക്കുന്നതിൽ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുക. നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളും, ഗുണനിലവാര നിബന്ധനകളും കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുക. യൂട്ടിലിറ്റി പ്ലാനുകൾ മുൻകൂട്ടി തയ്യാറാക്കുകയും നിലവിലുള്ള യൂട്ടിലിറ്റി സ്ട്രക്ച്ചേഴ്സ് മാറ്റി സ്ഥാപിക്കുന്നതിനോ, പുതുക്കുന്നതിനോ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തിനും നിരീക്ഷണത്തിനുമായി ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ തയ്യാറാക്കുകയും ചെയ്യുക.

2) നിർമ്മാണത്തിലെ പിഴവ്, ഗുണമേന്മയില്ലായ്മ, സുസ്ഥിരതയില്ലായ്മ എന്നിവ ഒഴിവാക്കാൻ ആസ്തി നിർമ്മിതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നേരിട്ട് ഉത്തരവാദിത്വം നൽകുക. വകുപ്പുകളുടെ സാങ്കേതിക കേഡർ പുനഃക്രമീകരിച്ചും, പ്രോസസ് റീഎഞ്ചിനീയറിംഗ് നടത്തിയും ഡിജിറ്റൽ/ഐ.ടി സേവനങ്ങൾ ഉപയോഗപ്പെടുത്തിയും വകുപ്പുകളിലെ മനുഷ്യവിഭവശേഷി ക്ഷാമം പരിഹരിക്കുക.

3) നിർമ്മാണം/പുതുക്കിപ്പണിയൽ എന്നിവയ്ക്ക് ശേഷം 5 വർഷം വരെ റോഡുകളുടെ പരിപാലനം നിർമ്മാണ കരാർ ഏറ്റെടുത്ത കരാറുകാരന് തന്നെ നൽകുക. എസ്റ്റിമേറ്റിൽ ഇതിനാവശ്യമായ തുക കൂടി ഉൾപ്പെടുത്തുക.

4) ടാർ ചെയ്ത റോഡുകളിൽ മഴക്കാലത്ത് വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലങ്ങളിൽ വെള്ളം ചോർത്തിക്കളഞ്ഞ് റോഡ് സംരക്ഷിക്കുന്നതിനാവശ്യമായ ഉപകരണങ്ങളും സജ്ജീകരണങ്ങളും നൽകി LSG/PW വിഭാഗങ്ങളെ പ്രാപ്തരാക്കുക.

5) തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനുകളിൽ നടപ്പാക്കിയ 'സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ' സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുക.

6) രാഷ്ട്രീയ, മത പരിഗണനകൾ നൽകാതെ റോഡ് കൈയ്യേറ്റം ഒഴിപ്പിക്കുന്ന നടപടികൾ കർശനമാക്കുക.

7) ശാസ്ത്രീയ രൂപകൽപ്പന നടത്തി, ഊർജ്ജക്ഷമതയുള്ള Street Lighting സംവിധാനങ്ങൾ ഏർപ്പെടുത്തുക.

8) റോഡുകൾ ഹരിതാഭമാക്കുന്നതിനാവശ്യമായ പദ്ധതികൾ DPR ഘട്ടം മുതൽക്കേ ഉൾപ്പെടുത്തുക.

9) പ്രധാന പാതകളിലെ വാഹന ബാഹുല്യം നിയന്ത്രിക്കുന്നതിന് പ്രധാന പാതകളിലേക്കുള്ള Access നിയന്ത്രിക്കുക, സമാന്തര പാതകൾ നിർമ്മിക്കുക, പാതകൾ കൂടിച്ചേരുന്ന കവലകൾ ശാസ്ത്രീയമായി രൂപകൽപ്പന ചെയ്യുക.

10) റോഡുകൾക്കനുബന്ധമായി വാഹന പാർക്കിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. പാതയോരങ്ങളിൽ യാത്രികർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, പാതയോരങ്ങളിൽ കെ.എസ്.ഇ.ബി ട്രാൻസ്ഫോമേഴ്സ്, RMU തുടങ്ങിയവ സുരക്ഷിതമായ രീതിയിൽ സ്ഥാപിക്കുക.

11) റോഡ് നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യത വർദ്ധിപ്പിക്കുക, കെട്ടിട/നിർമ്മാണ അവശിഷ്ടങ്ങൾ ഈ ആവശ്യത്തിനായി സംസ്കരിച്ച് ഉപയോഗിക്കുക, ഇതിനായി പി.പി.പി വ്യവസ്ഥയിൽ കമ്പനികൾ സ്ഥാപിക്കുക.

12) IPR Code നടപ്പാക്കുക, LSG, PW വകുപ്പുകളിൽ 'Road Asset Management System' നടപ്പാക്കുക.

## III. ഭാഗം-3 അടിസ്ഥാന സൗകര്യങ്ങൾ - വികസനവും പരിപാലനവും

1) പ്ലാനിംഗ് വകുപ്പിൽ 'പ്രോജക്ട് ഫിനാൻസിംഗ് ആന്റ് മാനേജ്മെന്റ് ' സെൽ സ്ഥാപിക്കുക. ബജറ്റിൽ പദ്ധതികൾ ഉൾപ്പെടുത്തുന്നതിന് മുൻപ് സെല്ലിന്റെ പരിശോധന നടത്തുക.

2) അടിസ്ഥാന സൗകര്യ വികസനത്തിനായി 20 - 30 വർഷം മുന്നിൽ കണ്ടു കൊണ്ട് ഒരു 'അടിസ്ഥാന സൗകര്യ വികസന മാസ്റ്റർ' പ്ലാൻ തയ്യാറാക്കുക. എല്ലാ വർഷവും മാസ്റ്റർ പ്ലാൻ പരിശോധിച്ച് മാറ്റങ്ങൾ വരുത്തുക.

3) PW/LSG വകുപ്പുകൾ അടിയന്തിരമായി സംസ്ഥാനത്തെ Civil Infrastructure സംബന്ധിച്ച് ഒരു Data base തയ്യാറാക്കുക, ഇത് കാലികമായി പരിഷ്കരിക്കുക. IT സാങ്കേതിക വിദ്യകൾ ഇതിനായി പ്രയോജനപ്പെടുത്തുക.

4) വകുപ്പുകൾ/സ്ഥാപനങ്ങൾ തങ്ങളുടെ കൈവശമുള്ള ഭൂമിയുടെ വിശദമായ പ്ലാൻ തയ്യാറാക്കി സൂക്ഷിക്കുക. LSG ക്ക് കൈമാറിയതൊഴികെ മറ്റെല്ലാ സർക്കാർ നിർമ്മിതികളെയും സംബന്ധിച്ച വിശദമായ ഡാറ്റ, PW വകുപ്പ് തയ്യാറാക്കി സൂക്ഷിക്കുക.

5) സർക്കാർ വസ്തുവകകളുടെ ക്രയവിക്രയാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കുക.

6) ആസ്തി പരിപാലനത്തിന് സമഗ്രമായ പദ്ധതി തയ്യാറാക്കി നടപ്പാക്കുക. 5% ബജറ്റ് പ്രൊവിഷൻ ആസ്തി പരിപാലനത്തിനായി നീക്കി വെക്കുക.

7) എല്ലാ സർക്കാർ ഓഫീസുകളിലും 'Space Audit' നടത്തി ഇതിൽ നിന്ന് ലഭിക്കുന്ന വിവരം ലഭ്യമായ ഓഫീസ് സ്ഥലം പരമാവധി പ്രയോജന പ്പെടുത്തുന്നതിനും ഭാവി ആസൂത്രണങ്ങൾക്കുമായി ഉപയോഗിക്കുക.

8) ലാന്റ് അക്വിസിഷേൻ നടപടികൾക്ക് മുമ്പായി നെഗോഷ്യയേഷനുകളിലൂടെ സർക്കാരിലേക്ക് ഭൂമി എടുക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുക. നിശ്ചിത സമയപരിധിക്കുള്ളിൽ നടപ്പാക്കേണ്ട പദ്ധതികളിൽ മാത്രം 'Freezing of Land', പരമാവധി 3 വർഷത്തേക്ക് നടത്തുക.

9) അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങൾക്കും ലഭ്യമാക്കുക.

10) പൂർത്തീകരിക്കാൻ സാധിക്കാത്തതോ/ഉപേക്ഷിച്ചതോ ആയ പദ്ധതികളുടെ സമഗ്രവിവരം ഒരു Task Force മുഖേന ശേഖരിച്ച് അവയെ പുന: രുപയോഗിക്കുന്നതിനുള്ള സാദ്ധ്യതകൾ തേടുക.

11) 'പ്രോജക്ട് മാനേജ്മെന്റ് ' എന്ന വിഷയത്തിൽ ഉദ്യോഗസ്ഥർക്കായി സർട്ടിഫിക്കറ്റ്/ഡിപ്ലോമ കോഴ്സുകൾ സംസ്ഥാനത്ത് ആരംഭിക്കുക.

12) ‘Infrastructure Development Bill’, നിയമമാക്കുക. മതിയായ ‘Risk - Sharing’ വ്യവസ്ഥകളോടെ ‘Public - Private Participation’, അടിസ്ഥാന സൗകര്യ വികസന മേഖലയിലും പ്രയോജനപ്പെടുത്തുക.

## 4.8 Sustainable Development- Governance Issues (8th Report)

കമ്മീഷന്റെ 8-ാമത് റിപ്പോർട്ടാണിത്. കമ്മീഷന്റെ സമീപന രേഖയിലെ രണ്ടാമത്തെ പഠന മേഖലയായി തിരഞ്ഞെടുത്ത ‘പരിസ്ഥിതിയും സുസ്ഥിരവികസനവും’ (Environment and Sustainable Development) എന്ന വിഷയത്തിൽ പഠനം നടത്താൻ, 01.03.2018 -ൽ ചേർന്ന കമ്മീഷന്റെ പതിനൊന്നാമത് യോഗത്തിൽ തീരുമാനമെടുത്തു. അത്യന്തം കാലികപ്രസക്തിയുള്ള ഈ പഠനത്തിൽ, കേരളത്തിന്റെ സവിശേഷമായ പാരിസ്ഥിതിക പ്രത്യേകതകൾ, ഉയർന്ന ജനസംഖ്യയും ജനസാന്ദ്രതയും, വികസനപ്രവർത്തനങ്ങൾക്കായി പരിമിതമായ പാരിസ്ഥിതിക വിഭവങ്ങളിൽമേലുള്ള അമിത ചോദനവും, അത് ഉയർത്തുന്ന വെല്ലുവിളികളും, ഉയർന്ന സാമൂഹ്യ - ആരോഗ്യ നിലവാരം പുലർത്തുന്ന സമൂഹത്തിന്റെ വർദ്ധിച്ചു വരുന്ന വികസന ആവശ്യങ്ങൾ, എന്നീ ഘടകങ്ങളെ പരിഗണിച്ചു കൊണ്ട്, പാരിസ്ഥിതിക പ്രശ്നങ്ങൾ / പരിസ്ഥിതി നാശം എന്നിവ ലഘൂകരിച്ച് എപ്രകാരം സുസ്ഥിര വികസനം സാധ്യമാക്കിയെടുക്കാം എന്നു വിശദമായി പരിശോധിച്ചു. വികസനാവശ്യങ്ങളും, പരിസ്ഥിതി സംരക്ഷണവും ഒന്നിച്ചു നിറവേറ്റിക്കൊണ്ടു പോകുന്നതിനാവശ്യമായ സമഗ്രവും ശാസ്ത്രീയവുമായ നയങ്ങൾ രൂപീകരിച്ച് നടപ്പിലാക്കേണ്ടത് സുസ്ഥിരവികസനം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

പഠനത്തിനായി താഴെ പറയുന്നവർ ഉൾക്കൊള്ളുന്ന ഒരു വിദഗ്ധസമിതി രൂപീകരിച്ചു.

ഡോ. പി. ഹരിനാരായണൻ, പ്രിൻസിപ്പൽ സയന്റിസ്റ്റ്, KSCSTE

ഡോ. ഇന്ദു. പി.എസ്, വകുപ്പ് മേധാവി, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം, മെഡിക്കൽ കോളേജ്, തിരുവനന്തപുരം.

ശ്രീ. എൻ. ജഗജീവൻ, കൺസൾട്ടന്റ്, ഹരിതകേരളം മിഷൻ, (പ്രത്യേക ക്ഷണിതാവ്)

ഡോ. ജയിംസ് ജേക്കബ്, ഡയറക്ടർ, റബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം.

ശ്രീ. എൻ.ആർ. റോയ്, ചീഫ് (ഐ &ഐ) ഡിവിഷൻ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്.

ഡോ. കേശവ് മോഹൻ, മുൻ ഡയറക്ടർ, ഐ.എൽ.ഡി.എം.

ശ്രീമതി. നിർമല മറിയാമ്മ സാനു ജോർജ്ജ്, PhD ടീം ലീഡർ, DFID – CCIP

ഡോ. കെ.ജി. പത്മകുമാർ, ഡയറക്ടർ, IR & TCBSF, ആലപ്പുഴ

ഡോ. ഷീല. എ.എം, സീനിയർ എൻവയോൺമെന്റൽ എിനീയർ, പി.സി.ബി.

ഡോ. എ.സുഹൃത് കുമാർ, അസ്സോസിയേറ്റ് പ്രൊഫസ്സർ,
ഗവൺമെന്റ് ലോ കോളേജ്, തിരുവനന്തപുരം.

ഡോ. സി.പി. വിനോദ്, ചെയർമാൻ, ലോക്കൽ ഗവൺമെന്റ് കമ്മീഷൻ.

ഉപദേശക സമിതി അംഗങ്ങളായി താഴെ ചേർത്തിരിക്കുന്നവരുടെ സേവനവും സ്വീകരിച്ചു.

ശ്രീ.വി.കെ. കേശവൻ ഐ.എഫ്.എസ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്.

ഡോ. ആർ.വി.ജി മേനോൻ, ഫോർമർ ഡയറക്ടർ, അനെർട്ട്

ഡോ. ജോയ് ഇലമൺ, ഡയറക്ടർ, കില.

കൂടാതെ ശ്രീ. രാജീവ് സദാനന്ദൻ ഐ.എ.എസ് (റിട്ട.) ന്റെ വിലപ്പെട്ട ഉപദേശങ്ങളും പഠനത്തിൽ മുതൽക്കൂട്ടായി.

പഠനത്തിന് മുന്നോടിയായി, സി.എം.ഡി തിരുവനന്തപുരവുമായി സഹകരിച്ച് ഒരു 'Brainstorming Session' ന് നടത്തി. പ്രസ്തുത ഏകദിന ചർച്ചാ യോഗം പഠനത്തിന് ദിശാബോധം നൽകുതിന് പര്യാപ്തമായിരുന്നു. ബഹു. കമ്മീഷൻ ചെയർമാൻ വി.എസ്. അച്യുതാനന്ദൻ എം.എൽ.എ യുടെ അധ്യക്ഷതയിൽ മൂന്ന് സെഷനുകളായിട്ടാണ് യോഗം നടത്തിയത്. ഒന്നാം സെഷനിൽ 'Land use, Land Issues' എന്ന വിഷയം, രണ്ടാം സെഷനിൽ 'Water Resources', 'Drinking water', മൂന്നാം സെഷനിൽ 'Sanitation and waste Management' എന്നീ വിഷയങ്ങളിൽ ഈ മേഖലകളിൽ പ്രഗത്ഭരായിട്ടുള്ളവരുമായി ആശയവിനിമയം നടത്തി.

വിദഗ്ധ സമിതിയുടെ ആദ്യയോഗം 21.06.2018 -ന് ചേർന്ന് പഠനത്തിന്റെ ആശയക്കുറിപ്പിന് അംഗീകാരം നൽകി. യോഗത്തിൽ ഈ പഠനമേഖലയുമായി ബന്ധപ്പെട്ടുവരുന്ന ആക്ട്സ്/റൂൾസ് എന്നിവ കണ്ടെത്തി പഠനം നടത്താനും പഠനത്തിന്റെ വിശദമായ രീതിശാസ്ത്രം നിർണ്ണയിക്കാനും തീരുമാനിച്ചു.

വിദഗ്ധ സമിതിയുടെ രണ്ടാമത് യോഗം 31.07.2018 ൽ നടത്തി. പ്രസ്തുത യോഗത്തിൽ പഠനത്തിന്റെ രീതിശാസ്ത്രം അംഗീകരിച്ചു. പഠനത്തിനായി അഞ്ച് സബ് ഗ്രൂപ്പുകളും, ഓരോ സബ് ഗ്രൂപ്പിലെയും കൺവീനർ / കോ-കൺവീനർ ഉൾക്കൊള്ളുന്ന ഒരു 'Cross cutting Group' ഉം രൂപീകരിച്ചു.

വിദഗ്ദ്ധ സമിതിയുടെ അംഗങ്ങളുടെ മൂന്നാമത് യോഗം 07.09.2018 -ന് ഗവ.ഗസ്റ്റ് ഹൗസിൽ വച്ച് ചേർന്നു. യോഗത്തിൽ പഠനത്തിന്റെ അതിരുകൾ വിപുലീകരിക്കുകയും, അനുകരണീയമായ മാതൃകകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. ഗ്രൂപ്പ് കൺവീനർമാരുടെ നേതൃത്വത്തിൽ ഗ്രൂപ്പ് യോഗങ്ങൾ ചേർന്ന് പഠനം ആസൂത്രണം ചെയ്തു. ഓരോ ഗ്രൂപ്പിലും ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ പുന:ക്രമീകരിച്ചു.

പഠനത്തിൽ കമ്മീഷനെ സഹായിക്കുന്നതിനും, കരട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും 'Kerala State Council for Science, Technology and Environment (KSCSTE)', തിരുവനന്തപുരം എന്ന സ്ഥാപനത്തിന്റെ സഹകരണം പ്രയോജനപ്പെടുത്താൻ തീരുമാനിച്ചു.

17.10.2018 -ൽ പഠനവുമായി ബന്ധപ്പെട്ട്, കമ്മീഷൻ ചെയർമാന്റെ അദ്ധ്യക്ഷതയിൽ ആലോചനാ യോഗം ചേർന്നു. വിഷയവിദഗ്ദ്ധർ, വകുപ്പ് /സ്ഥാപനമേധാവികൾ, ശാസ്ത്രജ്ഞർ, എൻ.ജി.ഒ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. യോഗത്തിൽ 'Constructed wetland' എന്ന സാങ്കേതിക വിദ്യയെ സംബന്ധിച്ച് ബംഗളൂരു ആസ്ഥാനമായി പ്രവർത്തിക്കുന്ന AYALA എന്ന സ്ഥാപനത്തിന്റെ അവതരണം സംഘടിപ്പിച്ചു. തുടർന്ന് പാർപ്പിടം, ജലം, ആരോഗ്യം, കൃഷി, പരിസ്ഥിതി, റോഡ്, വികസനം, ആസൂത്രണം, മലിനീകരണ നിയന്ത്രണം, തദ്ദേശ വികസനം, കാലാവസ്ഥ വ്യതിയാനം, ഊർജ്ജ സംരക്ഷണം, തീരമേഖലാ സംരക്ഷണം തുടങ്ങിയ മേഖലകളിൽ നിന്നും ക്ഷണിക്കപ്പെട്ട വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് ആശയ സമാഹരണം നടത്തി.

18.12.2018 -ൽ വിദഗ്ദ്ധ സമിതിയുടെ മൂന്നാമത് യോഗം നടത്തി. പഠന പുരോഗതി വിലയിരുത്തി. റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട ചില സുപ്രധാന മേഖലകൾ തീരുമാനിച്ചു.

07.01.2019 -ന്, തിരഞ്ഞെടുത്ത പ്രതിനിധികളെ ഉൾപ്പെടുത്തി സി.എം.ഡി -യിൽ വെച്ച് ശില്പശാല സംഘടിപ്പിച്ചു. പഠനത്തിൽ, വിഷയാവഗാഹമുള്ളവരുടെയും പൊതുജനങ്ങളുടെയും വിഷയവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർക്കാർ/സർക്കാർ ഇതര ഏജൻസികളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കമ്മീഷനിൽ ലഭ്യമാക്കുന്നതിന് പത്രമാധ്യമങ്ങളിലൂടെ അഭ്യർത്ഥിക്കുകയും അപ്രകാരം വിവരശേഖരണം നടത്തുകയും ചെയ്തു.

ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി, കേരള വാട്ടർ അതോറിറ്റി, ഹരിത കേരള മിഷൻ, എന്നീ ഏജൻസികളിലെ നിർവ്വഹണ ഉദ്യോഗസ്ഥരുമായി 17.07.2019 ന്, അവരുടെ പ്രവർത്തന മേഖലകളിൽ നേരിടുന്ന പ്രശ്നങ്ങൾ/വെല്ലുവിളികൾ സംബന്ധിച്ച് ചർച്ച നടത്തി.

വിദഗ്ദ്ധ സമിതിയുടെയും, ഉപദേശകസമിതിയുടെയും നാലാമത് യോഗം 25.02.2019 -ന് ചേർന്നു. പഠന പുരോഗതി വിലയിരുത്തി.

തുടർന്ന് ഉപസമിതികളുടെ യോഗം പ്രത്യേകമായി വിളിച്ച് ചേർത്ത് പ്രവർത്തന പുരോഗതി അവലോകനം ചെയ്തു.

സുസ്ഥിര വികസനം - ഭരണപരമായ പ്രശ്നങ്ങൾ എന്ന പഠനത്തിൽ, 'കുട്ടനാടിന്റെ പരിസ്ഥിതിയും വികസനവും നേരിടുന്ന പ്രശ്നങ്ങൾ' എന്ന വിഷയത്തിൽ ആലപ്പുഴ ജില്ലയിൽ മങ്കൊമ്പ് നെല്ല് ഗവേഷണ സ്ഥാപനത്തിൽ വെച്ച് 2019 ജൂലായ് 10-ന് ഒരു ഏകദിന സെമിനാർ നടത്തി. 'കുട്ടനാടിന്റെ സുസ്ഥിര വികസനം - ഭരണപരമായ പ്രശ്നങ്ങൾ' എന്ന ആശയത്തെ ആസ്പദമാക്കിയുള്ള ചർച്ചകളാണ് സംഘടിപ്പിച്ചത്. കമ്മീഷൻ ചെയർമാൻ ശ്രീ. വി.എസ്.അച്യുതാനന്ദൻ എം.എൽ.എ അദ്ധ്യക്ഷ്യം വഹിച്ചു. 2018 -ലെ പ്രളയം ഏറെ ആഘാതം സൃഷ്ടിച്ച കുട്ടനാടിന്റെ മുൻകാല വികസന പ്രവർത്തനങ്ങൾ ശാസ്ത്രീയവും സുസ്ഥിരവുമായിരുന്നോ എന്നത് പരിശോധിക്കേണ്ടതുണ്ടെന്നും കുട്ടനാടിന്റെ സമഗ്രവും ശാസ്ത്രീയവുമായ വികസന പാരിപ്രേക്ഷ്യത്തിനാവശ്യമായ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ് സെമിനാറിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് നടന്ന ചർച്ചയിൽ കുട്ടനാട് നിലവിൽ അഭിമുഖീകരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് സ്ഥിരപരിഹാരത്തിനായും കുട്ടനാടിന്റെ സുസ്ഥിര വികസനത്തിനുമായി സ്വീകരിക്കേണ്ടുന്ന നടപടികൾ സംബന്ധിച്ച ശുപാർശകൾ രൂപപ്പെട്ടു.

വിദഗ്ധ സമിതി 25.07.2019 -ന് യോഗം ചേർന്ന് പഠന പുരോഗതി അവലോകനം ചെയ്തു. ഉപസമിതികളുടെ പ്രവർത്തനം വിലയിരുത്തി.

തുടർന്ന് 2019 ആഗസ്റ്റ് 12 മുതൽ 21 വരെ ഓരോ ഉപസമിതിയെയും പ്രത്യേകമായി വിളിച്ച് കരട് റിപ്പോർട്ടുകൾ സമാഹരിച്ചു.

ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും വകുപ്പ് തിരിച്ചുള്ള യോഗം 06.11.2019, 12.11.2019 എന്നീ തീയതികളിൽ നടത്തി, നിശ്ചിത മാതൃകയിൽ വിവരശേഖരണം നടത്തി.

സമാഹരിക്കപ്പെട്ട വിവരങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് 2020 ഡിസംബറിൽ സർക്കാരിന് സമർപ്പിച്ചു.

**പ്രധാന ശുപാർശകൾ**

**I. ജൈവവൈവിദ്ധ്യം, വനങ്ങൾ, കൃഷി, മത്സ്യസമ്പത്ത്**

1) നെൽവയലുകളും ചതുപ്പുകളും മഴവെള്ളം സംഭരിച്ചു നിർത്തുകയും മഴക്കാല വെള്ളപ്പൊക്കത്തെ വലിയ പരിധിയിൽ തടയുകയും ചെയ്യുന്നു. കുട്ടനാട്

പ്രദേശങ്ങളിൽ ‘flood season cropping’ നടത്തി പാടശേഖരങ്ങളിലെ വെള്ളം കായലുകളിലേക്ക് ഒഴുക്കി വിടുന്ന പ്രവൃത്തികൾ നിയന്ത്രണ വിധേയമാക്കണം.

2) ‘Organic farming Policy 2010’ ന് അനുസൃതമായി, ഓരോ വിളകൾക്കും ‘Organic farming Protocol’ രൂപപ്പെടുത്തി നടപ്പിലാക്കണം.

3) സംസ്ഥാനത്ത് ‘Plant Health Clinic’ കൾ സ്ഥാപിച്ച് കൃഷി രീതികൾ ആധുനികവത്കരിക്കണം. ഇതിൽ കർഷകർക്ക് പരിശീലനം നൽകണം. കൃഷി/അനുബന്ധമേഖലയിലെ എല്ലാ കർഷകരുടെയും സമ്പൂർണ്ണ ഡാറ്റാ ബാങ്ക് തയ്യാറാക്കി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായി വിവരം പങ്ക് വെക്കുക.

4) സംസ്ഥാന തലത്തിലുള്ള കാർഷിക സ്കീമുകൾ ഏതെല്ലാം തുടരണമെന്നുള്ളതും, ഒരേ സ്വാഭാവമുള്ള പദ്ധതികൾ ഏതെല്ലാം സംയോജിപ്പിക്കണമെന്നതും അടിയന്തിരമായി പരിശോധിക്കുക.

5) കൃഷി, അനുബന്ധ വകുപ്പുകൾക്കായി ഒരു പ്രത്യേക ‘Quality Control Wing’ സ്ഥാപിക്കുക.

6) പദ്ധതി നിർവ്വഹണത്തിൽ ഐ.റ്റി യുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക. വ്യക്തി/ഗുണഭോക്താവ് കേന്ദ്രിത പദ്ധതികൾ തദ്ദേശ സ്വയം ഭരണ സംവിധാനത്തിൽ താഴ്ന്ന തട്ടിലൂടെ നടപ്പിലാക്കുക.

7) നിരോധിത രാസവസ്തുക്കളുടെ കടത്തൽ/ഉപയോഗം എന്നിവ കർശനമായി തടയുക. ബയോ - പെസ്റ്റിസൈഡ്സ്, ജൈവ കീടനാശിനികൾ എന്നിവയെയും Insecticides Act - ന് കീഴിൽ കൊണ്ടു വരികയും ഇവയുടെ ഉത്പാദനം/വിതരണം എന്നിവയ്ക്ക് മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്യുക.

8) കാർഷിക മേഖലയിൽ ‘watershed’ അധിഷ്ഠിത വികസന പദ്ധതികൾ നടപ്പിലാക്കുക. കാർഷിക മേഖലയിൽ നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിന് മുൻപ്, അതിന്റെ സുസ്ഥിരതയെക്കുറിച്ച് പഠനം നടത്തുക.

9) കുട്ടനാട് മേഖലയിൽ മഴവെള്ള സംഭരണം, ഭൂമിയുടെ ശാസ്ത്രീയ വിനിയോഗം എന്നിവ നടപ്പാക്കുക.

10) കൃഷി അനുബന്ധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ സംസ്ഥാനത്ത് 'collective / group farming' പ്രോത്സാഹിപ്പിക്കുക. കാർഷിക മേഖലയിലെ സാമൂഹ്യ, സാമ്പത്തിക, പാരിസ്ഥിതിക, രാഷ്ട്രീയ പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുക.

11) കുട്ടനാട് മേഖലയിൽ Integrated farming, കാർഷിക വിളകളെയും വളർത്തു മൃഗങ്ങളെയും സംയോജിപ്പിച്ചുള്ള കൃഷി രീതികൾ കായൽ പ്രദേശത്ത് കൂട് മത്സ്യകൃഷി, കാർഷിക ടൂറിസം, വിത്തിനങ്ങളുടെയും വളർത്തു മൃഗങ്ങൾക്കുള്ള ഭക്ഷ്യ വസ്തുക്കളുടെയും ഉത്പാദനം എന്നീ പരമ്പരാഗത കൃഷികളുമായി സംയോജിപ്പിച്ച് കൊണ്ടുപോകുക.

12) കൃഷിയിലെ നാട്ടറിവ്, പരമ്പരാഗത വിത്തിനങ്ങൾ, എന്നിവ പരിരക്ഷിക്കുക.

13) നദീതീര സംരക്ഷണ നിയമം, ചെറുകിട ധാതു ഖനന നിയമം എന്നിവ കാലോചിതമായി പരിഷ്കരിക്കുക.

14) നെൽകൃഷി ഭൂമി ചെറിയ തുണ്ടുകളായി മുറിച്ച് കൈമാറ്റപ്പെടുന്നത് തടയുന്ന വിധത്തിൽ 'Kerala Conservation of Paddy land' ഭേദഗതി ചെയ്യുക. നിലം നികത്തുന്നതിന് അനുമതി നൽകുന്ന വിഷയത്തിൽ, Local land Monitoring Committee - യുടെ തീരുമാനങ്ങൾ ജില്ലാ തലത്തിൽ/സംസ്ഥാന തലത്തിൽ അപ്പീൽ സമർപ്പിക്കുന്നതിന് ഒരു സംവിധാനം സ്ഥാപിക്കുക. 12.08.2008 -ന് മുൻപ് നികത്തിയ ഭൂമികളെ, നെൽവയൽ /ചതുപ്പ് നിലങ്ങൾ എന്നിവയെ സംബന്ധിച്ച ഡാറ്റ ബാങ്കിൽ നിന്ന് ഒഴിവാക്കുക.

## II. മണ്ണ്

1) പ്രകൃതി വിഭവങ്ങളെ കൈകാര്യം ചെയ്യുന്ന വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. 'Department of Soil Survey and Soil Conservation', കൃഷി വകുപ്പുമായി യോജിച്ച് പ്രവർത്തിക്കണം. 'Soil Survey and Soil Conservation' വകുപ്പിലെ വികസന പ്രവർത്തനങ്ങൾ കൃഷി വകുപ്പുമായി കൂടിയാലോചിച്ച് നടപ്പാക്കണം. സാങ്കേതിക നവീകരണം നടത്തി വകുപ്പിനെ ശക്തിപ്പെടുത്തണം.

2) സംസ്ഥാനത്ത് Agro - Ecological Unit -കൾക്ക് ഭൂവിനിയോഗ ആസൂത്രണം നടത്തണം. സംസ്ഥാനത്തെ ഭൂവിനിയോഗം സംബന്ധിച്ച് 'Spatial Plan Zonation' നടത്തണം.

3) മണ്ണ് പര്യവേഷണവുമായി ബന്ധപ്പെട്ട എല്ലാ പഠനങ്ങളും റിപ്പോർട്ടുകളും ബന്ധപ്പെട്ട എല്ലാവർക്കും ലഭ്യമാകുന്ന രീതിയിൽ സൂക്ഷിക്കപ്പെടണം.

4) ചടയമംഗലത്ത് പ്രവർത്തിക്കുന്ന IIWDM-K എന്ന സ്ഥാപനത്തെ 'Green Skill Development Programme' -ന്റെ കേന്ദ്രമാക്കി മാറ്റണം.

5) മണ്ണ് പര്യവേഷണ വകുപ്പിനെ 'Watershed Management' പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസി ആക്കി മാറ്റണം.

**III. മത്സ്യ മേഖല**

1) പരമ്പരാഗത മത്സ്യതൊഴിലാളികളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി 'Traditional Fisher Folk (Protection of Rights) Act' നടപ്പിലാക്കുക.

2) മത്സ്യങ്ങളുടെ വില നിർണ്ണയം, മാർക്കറ്റിംഗ് എന്നിവ മത്സ്യഫെഡ് മുഖാന്തിരമാക്കുക. മത്സ്യ തൊഴിലാളികളുടെ സാമ്പത്തിക ഭദ്രതയ്ക്ക് 'Micro financing' പദ്ധതികൾ നടപ്പിലാക്കുക.

3) മത്സ്യത്തൊഴിലാളികളുടെ മക്കൾ, യുവജനങ്ങൾ എന്നിവരുടെ തൊഴിൽശേഷി, നൈപുണ്യ വികസനം (മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, വിപണനം) എന്നിവയ്ക്കായി തദ്ദേശസ്വയം ഭരണ വകുപ്പ് മുഖേന തീരദേശ മേഖലയിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കുക.

4) ഉൾനാടൻ ജലാശയങ്ങൾ/ഓരു ജലാശയങ്ങൾ എന്നിവ വ്യാപകമായി രാസ/ജൈവ മലിനീകരണത്തിന് വിധേയമാകുന്നു. ജലാശയങ്ങളിലെ ആവാസ വ്യവസ്ഥയും ജൈവവൈവിദ്ധ്യവും സംരക്ഷിക്കുന്നതിന് ബയോ ഡൈവേർസിറ്റി ബോർഡിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾ / സെക്ടറുകൾ / ഏജൻസികൾ എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

5) വിനാശകാരികളായ വിദേശ ഇനം ജല ജീവികൾ നമ്മുടെ ജലാശയങ്ങളിൽ കലരുന്നത് തടയുന്നതിനാവശ്യമായ കർശന നടപടികൾ സ്വീകരിക്കുക.

6) ഫിഷറീസ് വകുപ്പിനെയും അനുബന്ധ ഏജൻസികളെയും സാങ്കേതിക മേഖലയിൽ നവീകരിക്കുക. വകുപ്പിന്റെ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കുക. സമഗ്ര അക്വാകൾച്ചർ നയം നടപ്പിലാക്കുക.

## IV. ജൈവ വൈവിധ്യം

1) ജൈവ വൈവിധ്യ പരിപാലനം എന്ന ലക്ഷ്യപ്രാപ്തി നേടാൻ, കാര്യക്ഷമതയുള്ളതും ബന്ധപ്പെട്ട 28 വകുപ്പുകളെയും ഉൾക്കൊള്ളുന്നതുമായ 'Sectoral Scheme', ആവിഷ്കരിച്ച് നടപ്പിലാക്കണം.

2) ജൈവ വിഭവങ്ങളുടെ സുസ്ഥിര ഉപഭോഗത്തിനായി സംസ്ഥാനത്താകമാനം ബാധകമായ ഭൂ-വിനിയോഗ പദ്ധതി നടപ്പിലാക്കണം.

3) ജൈവ വൈവിധ്യ സംരക്ഷണത്തിന്, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളെ ഉത്തരവാദപ്പെടുത്തുന്ന രീതിയിൽ, പഞ്ചായത്തീരാജ് നിയമങ്ങൾ പരിഷ്കരിക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ച 'Bio diversity Management Committee' -കളെ, ആവശ്യമായ അധികാരങ്ങൾ നൽകി ശാക്തീകരിക്കുക.

4) ജൈവ വിഭവങ്ങളെ ഉപയോഗപ്പെടുത്തുന്ന വ്യവസായ സ്ഥാപനങ്ങൾ, നിശ്ചിത ലാഭവിഹിതം ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനായി നീക്കി വെക്കുക. Biological diversity Act 2002 -ൽ ഇതിനാവശ്യമായ നിയമ ഭേദഗതി വരുത്തുക.

5) ഉയർന്ന മൂല്യമുള്ള ജൈവ വിഭവങ്ങളുടെ വിപണനം 'Access and Benefit Sharing' മാതൃകയിൽ, ഇത്തരം ജനിതക ശേഖരങ്ങളുടെ ഉടമകളും സംരക്ഷകരുമായ ജനസമൂഹങ്ങൾക്ക് ഗുണകരമായ രീതിയിലും ഇവയുടെ സംരക്ഷണം ഉറപ്പു വരുത്തുന്ന രീതിയിലും നടപ്പിലാക്കുക.

6) Watershed Management Committee -കൾ രൂപീകരിച്ച് ജൈവ വൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ചുമതല ഇവരെ ഏല്പിക്കുക.

7) 'Kerala State Bio diversity Board' -ന് കീഴിൽ ജില്ലാതല 'Bio diversity Board'-കൾ രൂപീകരിക്കുക, ശക്തിപ്പെടുത്തുക.

8) 'The Kerala Biological Diversity Rules - 2008', കാലാനുസൃതമായി പരിഷ്കരിക്കുക.

## V. വനം

1) സംസ്ഥാനത്ത് 'Landscape based land use policy' നടപ്പിലാക്കണം. സംസ്ഥാനത്തെ വൈവിദ്ധ്യപൂർണ്ണമായ കാർഷിക - പാരിസ്ഥിതിക മേഖലകളെ തരംതിരിച്ച്, ജൈവ സമ്പത്തിന് ഭീഷണിയുയർത്തുന്ന ഇടപെടലുകളെ പ്രതിരോധിക്കാൻ തക്ക നിയമ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഭൂവിനിയോഗ നയം പരിസ്ഥിതി സംരക്ഷണത്തിനും വനസംരക്ഷണത്തിനും അത്യന്താപേക്ഷിതമാണ്.

2) 'സംരക്ഷിത പാരിസ്ഥിതിക മേഖല'കളുടെ അതിരുകളെ ശാസ്ത്രീയമായി പുനർനിർണ്ണയിക്കണം.

3) സംസ്ഥാനത്തിന്റെ ഗണ്യമായ ജൈവസമ്പത്ത് ഉൾക്കൊള്ളുന്ന പാരിസ്ഥിതിക മേഖലകൾ വനം വകുപ്പിന്റെ അധികാര സീമയ്ക്ക് വെളിയിലാണ് സ്ഥിതി ചെയ്യുന്നത്. ഇത്തരം പ്രദേശങ്ങളിലെ ജൈവ സമ്പത്തിന്റെ സംരക്ഷണത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

4) ജൈവ സമ്പത്തിന്റെ സ്വഭാവിക പരിപാലകരായ തദ്ദേശീയ ജനവിഭാഗങ്ങളെ (ഉദാ: പട്ടിക വർഗ്ഗ വിഭാഗങ്ങൾ) പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഊർജ്ജിതമായി ഇടപെടുവിക്കുവാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും കൂട്ടായ പ്രവർത്തനങ്ങൾ ഉറപ്പാക്കണം.

5) 'Kerala Forest Act – 1961', 'Environment Protection Act -1986' എന്നിവയിൽ വനപ്രദേശങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവരെ ശിക്ഷിക്കുന്നതിനാവശ്യമായ വകുപ്പുകൾ കൂട്ടി ചേർക്കണം. ടൂറിസം ഓപ്പറേറ്റേഴ്സ്, വിനോദ സഞ്ചാരികൾ എന്നിവരെ ഇത്തരം കാര്യങ്ങളിൽ ബോധവത്കരിക്കണം.

6) 'Kerala Captive Elephant (Management and Maintenance) Rules – 2012', നിയമലംഘകർക്കുള്ള ശിക്ഷാ നടപടികൾ കൂടി ഉൾപ്പെടുത്തി സമഗ്രമാക്കണം.

7) Kerala Forest (Regulation of Saw Mills and other Industrial Units)- Rules കാലാനുസൃതമായി പരിഷ്കരിക്കണം.

8) വനം വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പോലീസ്, പി.ഡബ്ല്യു.ഡി, എന്നീ വകുപ്പുകളുടെ ഏകോപനം, വനം വകുപ്പുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കൂടുതൽ കാര്യക്ഷമമാക്കണം.

9) ഹ്രസ്വകാലത്തേയ്ക്ക്, സ്വകാര്യ ഭൂമിയിലെ കണ്ടൽ വനങ്ങളുടെ സംരക്ഷണത്തിന് സർക്കാർ സഹായം നൽകുകയും, ദീർഘ കാല പദ്ധതിയായി ഇത്തരം പ്രദേശങ്ങൾ സർക്കാർ ഏറ്റെടുക്കുകയും വേണം.

10) 'Community Conserved Area' (CCA) -കൾക്ക് പ്രത്യേക പരിഗണന നൽകണം. നഗര പ്രദേശങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളോടു ചേർന്നു കിടക്കുന്ന അധിക ഭൂമി എന്നിവിടങ്ങളിൽ ചെറുവനങ്ങൾ നിർമ്മിച്ച് പരിപാലിക്കുന്നത് സ്വാഗതാർഹമാണ്.

11) ആനത്താരകൾ കണ്ടെത്തി സംരക്ഷിക്കുന്നത് മനുഷ്യ - മൃഗ സംഘർഷങ്ങൾ ഒരു പരിധി വരെ കുറയ്ക്കും.

12) Non Timber Forest Produce (NTFP) ശേഖരിക്കൽ, വിൽപ്പന, മൂല്യവർദ്ധനവ് എന്നിവയിൽ വനം വകുപ്പ് മുഖാന്തിരം, വനവിഭവങ്ങളെ ആശ്രയിച്ചു ജീവിക്കുന്ന ജനവിഭാഗങ്ങളുടെ പങ്കാളിത്തം അനുവദിക്കുകയും, ഇത്തരം ഉൽപ്പന്നങ്ങളുടെ വിപണി മൂല്യവും വൈവിദ്ധ്യവൽക്കരണവും വർദ്ധിപ്പിക്കുക വഴി കൂടുതൽ വരുമാനം ആർജ്ജിക്കാൻ ഇവരെ പ്രാപ്തരാക്കുകയും ചെയ്യുക.

13) Joint Forest Management പദ്ധതികൾക്ക് നിയമ പിന്തുണ നൽകുക.

14) വികസന - ആസൂത്രണ മേഖലകളിൽ പാരിസ്ഥിതിക ഘടകങ്ങൾക്ക് മതിയായ പ്രാധാന്യം നൽകുക.

15) 01.01.1977 -ന് മുൻപ് വനം കൈയ്യേറി കൃഷി ചെയ്ത് വരുന്നവർക്ക് വനമല്ലാത്ത പ്രദേശങ്ങൾ കൃഷിക്കായ് നൽകുക. 01.01.1977 -ന് ശേഷമുള്ള വനം കൈയ്യേറ്റങ്ങൾ പൂർണ്ണമായും ഒഴിപ്പിക്കുക.

16) തീരദേശം, തീരകടൽ, എന്നിവയുടെ സംരക്ഷണത്തിന് 'Marine Conservation Foundation' ആരംഭിക്കുക. 'Kerala Coastal Zone Management Authority' യിൽ വനം വകുപ്പ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തുക.

17) മൃഗശാലകളെ വനം വകുപ്പിന്റെ പരിധിയിൽ കൊണ്ടു വരിക.

18) വനത്തിലെ ജല സ്രോതസ്സുകളുടെ സംരക്ഷണം, അധിനിവേശ സ്വഭാവമുള്ള ജീവി വർഗ്ഗങ്ങളുടെ നിയന്ത്രണം, മനുഷ്യ- വന്യമൃഗ സംഘർഷം, കാലാവസ്ഥാ വ്യതിയാനം, എന്നീ മേഖലകൾക്ക് വന നിയമങ്ങൾ, നയ പരിപാടികൾ, ആസൂത്രണം, ഗവേഷണം എന്നീ മേഖലകളിൽ മതിയായ പ്രാധാന്യം നൽകണം.

## VI. മാലിന്യ സംസ്കരണം, ആരോഗ്യവും ശുചിത്വവും, മലിനീകരണം.

1) മാലിന്യ സംസ്കരണത്തിന് ഭൂമി ഏറ്റെടുക്കുമ്പോൾ, പ്രസ്തുത സ്ഥലത്തിന്റെ പാരിസ്ഥിതികവും, നിയമപരവുമായ അനുയോജ്യത, ഒരു സാങ്കേതിക സമിതിയെ നിയോഗിച്ച് ഉറപ്പാക്കണം. ഉന്നത സാങ്കേതിക നിലവാരമുള്ള സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കണം. കേന്ദ്രീകൃതവും വികേന്ദ്രീകൃതവുമായ രീതിയിൽ മാലിന്യ നിർമ്മാർജ്ജനം നടത്തുന്നതിനുള്ള ചുമതല, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കണം. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന മാലിന്യ നിർമ്മാർജ്ജന യൂണിറ്റുകളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തണം.

2) മാലിന്യങ്ങൾ തരം തിരിക്കുകയും നിർമ്മാർജ്ജനത്തിന് സജ്ജമാക്കുകയും ചെയ്യുക എന്നത് മാലിന്യം സൃഷ്ടിക്കുന്ന വ്യക്തിയുടെ പ്രാഥമിക ചുമതല ആയിരിക്കണം. മാലിന്യ ശേഖരണത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർദ്ദിഷ്ട സ്ഥലം/സൗകര്യം ഒരുക്കിക്കൊടുക്കുകയും പൊതുസ്ഥലങ്ങളിൽ മാലിന്യം ഉപേക്ഷിക്കുന്നത് കർശനമായി തടയുകയും വേണം.

3) സെപ്റ്റേജിൽ നിന്ന് വളം/ഊർജ്ജം ഉല്പാദിപ്പിക്കുന്ന പദ്ധതികൾ ഓരോ ജില്ലയിലും ആരംഭിക്കണം.

4) ജൈവ വിഘടനത്തിന് വിധേയമാകുന്ന ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നമ്മുടെ സംസ്ഥാനത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തി

നടപ്പിലാക്കണം. മാലിന്യ ശേഖരണം, ഗതാഗതം, നിർമ്മാർജ്ജനം എന്നിവയ്ക്ക് പൊതുവായ Protocol നിശ്ചയിക്കണം. സാനിറ്ററി മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിന് ശാസ്ത്രീയമായ മാനദണ്ഡങ്ങൾ നിശ്ചയിക്കണം.

5) മാലിന്യ സംസ്കരണം, മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കൽ എന്നീ മേഖലയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കണം.

6) വികേന്ദ്രീകൃത ആസൂത്രണത്തിലും, വികസന പദ്ധതികളിലും 'Green Appraisal Protocol' -ന്റെ പ്രാധാന്യം പരിശോധിക്കണം.

7) 'Unified Public Health Act' കേരളത്തിൽ നടപ്പിലാക്കണം. പൊതുജനാരോഗ്യ സംവിധാനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടി സഹകരിപ്പിച്ച് മെച്ചപ്പെടുത്തണം. 'Urban Health Wing'-കളുടെ പ്രവർത്തനം, ആരോഗ്യ വകുപ്പുമായി ബന്ധിപ്പിക്കണം.

8) പൊതു ജനാരോഗ്യം, മാലിന്യ നിർമ്മാർജ്ജനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദഗ്ധരെ അവരുടെ പ്രത്യേക പ്രവർത്തന മേഖലകളിൽ ദീർഘ കാലം തുടരാൻ അനുവദിക്കുന്നത് അവരുടെ തൊഴിൽ വൈദഗ്ധ്യം മെച്ചപ്പെടുത്താൻ ഉപകരിക്കും. Kerala State Pollution Control Board തുടങ്ങിയ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുകയും പ്രവർത്തന മേഖല വിപുലപ്പെടുത്തുകയും വേണം. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മാലിന്യ നിർമ്മാർജ്ജന മേഖലയിൽ മതിയായ യോഗ്യതയുള്ളവരെ നിയമിക്കുകയും 'Green Skill Development Programme' പോലെയുള്ള തുടർ പരിശീലനങ്ങൾ നൽകുകയും വേണം.

9) പായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവ ഭേദഗതി വരുത്തി നിയമലംഘനത്തിന് ഉയർന്ന ശിക്ഷ ഏർപ്പെടുത്തുക. അറവു ശാലകളുടെ ശുചിത്വം, അറവു മാലിന്യങ്ങളുടെ സംസ്കരണം എന്നിവ ഉറപ്പാക്കുന്നതിനുള്ള വകുപ്പുകൾ നിയമത്തിൽ ചേർക്കണം. ഭക്ഷ്യ സുരക്ഷ, ഭക്ഷ്യ മേഖലയിലെ മാലിന്യ നിർമ്മാർജ്ജനം എന്നിവ കാര്യക്ഷമമാക്കാൻ ഭക്ഷ്യ സുരക്ഷാ വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നിവയുടെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം ഉറപ്പാക്കുക. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി 'Food Inspector' മാരുടെ അധികാര പരിധി പുനർനിർണ്ണയിക്കുക.

10) നാഷണൽ ഗ്രീൻ ട്രിബ്യൂണൽ മുന്നോട്ട് വച്ച 'Environmental Compensation' എന്ന ആശയം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുക.

11) ബയോ മെഡിക്കൽ മാലിന്യങ്ങൾ, കെട്ടിടാവശിഷ്ടങ്ങൾ എന്നിവ തരം തിരിക്കുന്നതിനും സംസ്കരിക്കുന്നതിനും ജില്ലാ തലത്തിൽ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക. ഉയർന്ന അളവിൽ മാലിന്യങ്ങൾ പുറന്തള്ളുന്ന വ്യവസായ സ്ഥാപനങ്ങൾ, വ്യവസായ പാർക്കുകൾ എന്നിവ യോടനുബന്ധിച്ച് മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ നിർബന്ധമാക്കുക.

12) 'Waste Management' -മായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും സാങ്കേതിക സഹായം നൽകുന്ന പൊതു കേന്ദ്രങ്ങൾ, റിസർച്ച് ആന്റ് ഡവലപ്മെന്റ് കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കണം. വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളുമായുള്ള ക്രിയാത്മകമായ സഹകരണം, ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളുടെയും ഫലപ്രദമായ ഏകോപനം, സ്വകാര്യ സംരംഭങ്ങളെ പ്രോതാസാഹിപ്പിക്കുന്നതിനും മാലിന്യ നിർമ്മാർജ്ജന യജ്ഞത്തിൽ കണ്ണി ചേർക്കുന്നതിനുമുള്ള നടപടികൾ, എന്നിവ ഉറപ്പാക്കുക. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുക, ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഓൺ ലൈൻ ഡാറ്റാ ബേസുകൾ നിർമ്മിക്കുക, വിൽപ്പന കേന്ദ്രം വഴി തന്നെ പ്ലാസ്റ്റിക് മാലിന്യങ്ങൾ തിരിച്ചെടുക്കുന്ന 'Extended Producer Responsibility (EPR)' സംവിധാനങ്ങൾ ഏർപ്പെടുത്തുക.

## VII. ഊർജ്ജം, വ്യവസായങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, ടൂറിസം

1) അമിതമായ ഊർജ്ജ ഉപഭോഗം, നടത്തുന്ന വ്യവസായ സ്ഥാപനങ്ങളുടെ ഊർജ്ജാവശ്യങ്ങൾ കൃത്യമായി ഓഡിറ്റ് ചെയ്യണം. സർക്കാർ കെട്ടിടങ്ങൾ പരമാവധി ഊർജ്ജ സംരക്ഷണം സാധ്യമാകുന്ന രീതിയിൽ രൂപകൽപ്പന ചെയ്യണം.

2) പുനരുപയോഗിക്കാവുന്ന ഊർജ്ജ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുകയും, സംരക്ഷിക്കുകയും ചെയ്യണം. (ഉദാ: 'Floating Solar Photo voltaic Power Projects'(FSPV). പരമ്പരാഗതമല്ലാത്ത, പുനരുപയോഗിക്കാവുന്ന ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്ന

തിനാവശ്യമായ നിയമ/നയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം. വീടുകളിൽ സോളാർ വൈദ്യുതി ഉത്പാദിപ്പിച്ച് general grid -ലേക്ക് കൈമാറ്റം നടത്തുന്നതിനുള്ള നിബന്ധനകൾ, കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തുക. കൂടിയ തോതിൽ വൈദ്യുതി ഉപയോഗിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ ഊർജ്ജാവശ്യത്തിന്റെ നിശ്ചിത ശതമാനം, പുനരുല്പാദിപ്പിക്കാവുന്ന ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് സ്വന്തമായി ഉല്പാദിപ്പിക്കുന്നത് നിഷ്കർഷിക്കുക.

3) ചിലവു കുറഞ്ഞ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക.

4) ‘Energy Management Centre’ -നെ ഊർജ്ജ ഉൽപ്പാദന, വിതരണ, സംരക്ഷണ പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസി ആയി ഉപയോഗപ്പെടുത്തുക. എനർജി മാപ്പിംഗ്, ഓഡിറ്റിംഗ് എന്നിവ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖാന്തിരം നടത്തുക, അനെർട്ടിനെ ‘Energy Management Centre’ മായി ലയിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായുക. അനെർട്ടിന്റെ പ്രവർത്തനങ്ങൾ പുനർ നിർവചിക്കുക. KSEB, ANERT, Electrical Inspectorate, Local Self Government, Energy Management Centre എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കുക.

5) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന ‘Energy Conservation Building Code’ നടപ്പിലാക്കുക.

6) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി സർക്കാർ എടുത്തിട്ടുള്ള തീരുമാനങ്ങളെ ഉൾക്കൊള്ളുന്ന രീതിയിൽ, 'സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ' പരിഷ്കരിക്കുക.

7) ഊർജ്ജ ക്ഷമതാ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്ന വൈദ്യുതോപകരണങ്ങൾ മാത്രം സംസ്ഥാനത്ത് വിൽപ്പന നടത്താൻ അനുവദിക്കുക.

## VIII. വ്യവസായങ്ങൾ

1) ഭക്ഷ്യ സംസ്കരണം, ഐ.റ്റി ഹാർഡ് വെയർ, ഇലക്ട്രോണിക്സ്, ടൂറിസം, കൃഷി എന്നിവയുമായി ബന്ധപ്പെട്ട ചെറുകിട, ഇടത്തരം സംരംഭങ്ങളെ

പ്രോത്സാഹിപ്പിക്കുക. K-SWIFT, Invest Kerala Portal തുടങ്ങിയ സങ്കേതങ്ങളെ ഉപയോഗപ്പെടുത്തി ഇത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ലളിതമാക്കുക.

2) പൊതു - സ്വകാര്യമേഖലയുടെ സംയുക്ത സംരംഭങ്ങൾ, പി.പി.പി മോഡൽ സംരംഭങ്ങൾ, തൊഴിലാളി സംഘടനകളുടെ നിക്ഷേപ സംരംഭങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുക.

3) സംസ്ഥാനത്തെ ഇൻഡസ്ട്രിയൽ പാർക്ക്, കിൻഫ്ര പാർക്ക് എന്നിവയുടെ പ്രവർത്തനം സി.എം.ഡി മുഖേന സമഗ്രമായി പരിശോധിക്കുക.

4) KSIDC, SIDCO, KSIE എന്നിവയുടെ പ്രവർത്തനം ഒരു കുടക്കീഴിൽ ഒരുമിപ്പിക്കുക.

## IX. ഖനനം

1) മൈനിംഗ് & ജിയോളജി വകുപ്പിനെ പരിസ്ഥിതി വകുപ്പിന്റെ കീഴിലാക്കുക. വകുപ്പിനെ ആധുനീകരിക്കുക. വിവര സാങ്കേതിക വിദ്യ സങ്കേതങ്ങൾ ഉപയോഗിച്ച് വകുപ്പിന്റെ സുതാര്യത, കാര്യക്ഷമത എന്നിവ വർദ്ധിപ്പിക്കുക.

2) മോട്ടോർ വാഹന വകുപ്പിൽ നിന്ന് വാഹനങ്ങളുടെ വിവരങ്ങൾ മൈനിംഗ് & ജിയോളജി വകുപ്പിന് നേരിട്ട് വെബ് സേവനങ്ങളിലൂടെ ലഭ്യമാക്കുന്നത് വേഗത്തിൽ ഇ - പാസ്സ് നൽകുന്നതിന് സഹായകരമാകും. വാഹനങ്ങളിൽ ജി.പി.എസ് ഘടിപ്പിക്കുന്നതും, വാഹനങ്ങളുടെ ഭാരവാഹക ശേഷി ക്ലിപ്തപ്പെടുത്തുന്നതും അനധികൃത ഖനനം തടയാൻ സഹായിക്കും.

3) ഡ്രോൺ സർവ്വേ ഉപയോഗിച്ച് ഖനിജങ്ങളുടെ 3-ഡി മാപ്പിംഗ്, ഖനനം ചെയ്യാവുന്ന ധാതുക്കളുടെ അളവ് എന്നിവ ശേഖരിക്കുന്നത് അനധികൃത ഖനനം തടയും.

4) മൈനിംഗ് എഞ്ചിനീയറിംഗിൽ ഡിപ്ലോമ കോഴ്സുകൾ സംസ്ഥാനത്ത് ആരംഭിക്കുക.

5) ഖനനത്തിന് ആധുനിക സാങ്കേതിക വിദ്യകൾ നടപ്പിലാക്കുക.

6) പരിസ്ഥിതി ആഘാത പഠനം നടത്തി, യോഗ്യമായവയ്ക്ക് വേഗത്തിൽ പാരിസ്ഥിതികാനുമതി നൽകുന്നതിന്, സംസ്ഥാന തലത്തിൽ ഒരു അതോറിറ്റി സ്ഥാപിക്കുക.

## X. അടിസ്ഥാന സൗകര്യങ്ങൾ

1) സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യകത കണക്കിലെടുത്ത് അടിസ്ഥാന സൗകര്യ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുക; ഇതോടൊപ്പം ഒരു 'Implementation Plan' -ഉം തയ്യാറാക്കി ഉപയോഗിക്കുക. മാസ്റ്റർ പ്ലാൻ കാലാനുസൃതമായി പരിഷ്കരിച്ചു കൊണ്ടിരിക്കണം. ഇതിനായി ഈ മേഖലയിൽ വൈദഗ്ധ്യമുള്ള ഒരു ടീമിനെ നിയോഗിക്കുക.

2) മാസ്റ്റർ പ്ലാനിൽ ഓരോ പദ്ധതിയും പൂർത്തീകരിക്കുന്നതിന് നിശ്ചിത സമയക്രമം നിഷ്കർഷിക്കുക.

3) 'Town and country planning Act – 2016' ൽ ആവശ്യമായ ഭേദഗതികൾ വരുത്തി 'Inter District Spatial Plans' തയ്യാറാക്കുന്നതിനുള്ള വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തുക.

4) Town and country planning Act 2016 -ും പഞ്ചായത്തീരാജ് ആക്ടും തമ്മിൽ ശരിയാംവണ്ണം യോജിപ്പിച്ച് പ്രവർത്തിപ്പിക്കുക. ജില്ലാ തല പദ്ധതികൾ, Town and country planning Act - 2016 ന് അനുയോജ്യമായ വിധത്തിൽ തയ്യാറാക്കുക.

5) കെട്ടിട നിർമ്മാണത്തിനുള്ള അനുമതികൾ ഏക ജാലക സംവിധാനത്തിലൂടെ വേഗത്തിൽ ലഭ്യമാക്കുക. നിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പാക്കുക.

## XI. ടൂറിസം

1) ടൂറിസം പദ്ധതികളുടെ സ്വീകാര്യത പരിശോധിച്ച് അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുക.

2) ടൂറിസം പദ്ധതികളുടെ 'Green Appraisal', 'Life Cycle Appraisal', 'Socio-economic Appraisal' എന്നിവ നിർണ്ണയിച്ച് മാത്രം പദ്ധതികൾക്ക് അനുമതി നൽകുക.

3) ടൂറിസം പദ്ധതികൾക്കായി അന്തർ വകുപ്പ് സ്ഥല കൈമാറ്റ നടപടികൾ ലളിതമാക്കുക.

4) കെട്ടുവള്ളങ്ങൾ മൂലം കായൽ ജലമലിനീകരണം നിയന്ത്രിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുക.

5) ഫാം, ഹെൽത്ത് ടൂറിസത്തിന്റെ അനന്തര സാധ്യതകൾ ശാസ്ത്രീയ പദ്ധതികൾ ആവിഷ്കരിച്ച് പ്രയോജനപ്പെടുത്തുക.

**XII. ജലം**

1) ജല സ്രോതസ്സുകളുടെ സുസ്ഥിര വിനിയോഗം, സംരക്ഷണം, ഉപഭോഗ ആസൂത്രണം എന്നിവയ്ക്കായി 'Integrated Water Resources Management' (IWRM) സംവിധാനം രൂപപ്പെടുത്തുക. നദീ സംരക്ഷണത്തിനായി ഒരു സ്വതന്ത്ര സംവിധാനമായി 'River Basin Authority' സ്ഥാപിക്കുക. അംഗീകൃത 'Water Shed Management Plans' അനുസരിച്ച് ബന്ധപ്പെട്ട എല്ലാ വകുപ്പുകൾ/ഏജൻസികൾ/അതോറിറ്റികൾ എന്നിവയെ ഏകോപിപ്പിച്ച് പ്രവർത്തിക്കാൻ ഈ അതോറിറ്റിയെ അനുവദിക്കുക.

2) നീർത്തട/നീർമറി പ്രദേശങ്ങളുടെ അനുരക്ഷണത്തിനായി, 'Water Shed Management Committee' കളെ നിയോഗിക്കുക. ജല ലഭ്യത/വിനിയോഗം സംബന്ധിച്ച എല്ലാ വിവരങ്ങളും ടി കമ്മിറ്റികൾ ശേഖരിച്ച് സൂക്ഷിക്കുക. ജല സ്രോതസ്സുകൾക്ക് 'Water Account, Water Budget' എന്നിവ രൂപപ്പെടുത്തുക.

3) State River Basin Authority -യുടെ കീഴിൽ 'വേമ്പനാട് ഡെവലപ്പ്മെന്റ് അതോറിറ്റി' സ്ഥാപിക്കുക.

4) ജല സ്രോതസ്സുകളുടെ സമ്പൂർണ്ണ വിവരങ്ങൾ ശേഖരിച്ച്, സൂക്ഷിച്ച് ലഭ്യമാക്കുന്ന ഒരു 'വെബ് പോർട്ടൽ' രൂപപ്പെടുത്തുക.

5) മൂന്ന് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന കുട്ടനാട് ജല ശേഖര പ്രദേശം അപൂർവ്വ ആവാസ വ്യവസ്ഥകളെ ഉൾക്കൊള്ളുന്ന സവിശേഷ പ്രാധാന്യമുള്ള ഒരു പാരിസ്ഥിതിക മേഖലയാണ്. മേഖലയെ പൂർണ്ണമായി ഉൾക്കൊള്ളുന്ന ഭരണ നിർവ്വഹണ സംവിധാനം കുട്ടനാട് പ്രദേശത്തിന്റെ സമഗ്ര, സുസ്ഥിര വികസനത്തിന് ആവശ്യമാണ്. ഉയർന്ന ഉദ്യോഗസ്ഥർ, കർഷകർ, പരിസ്ഥിതി ശാസ്ത്രജ്ഞർ, എന്നിവരടങ്ങിയ ഒരു ഉപദേശക സമിതിയെ നിയോഗിച്ച്, ടി സമിതിയുടെ ശുപാർശകൾ കൂടി പരിഗണിച്ച്

മേഖലയിലെ സംരക്ഷണ, വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

6) ദേശീയ ജലനയം -2012 മായി പൊരുത്തപ്പെടുന്ന പുതുക്കിയ സംസ്ഥാന ജലനയം പ്രഖ്യാപിക്കണം.

7) വേമ്പനാട് കായലിന്റെ ജലസംവഹന ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സമഗ്രവും ശാസ്ത്രീയവുമായി രൂപകൽപ്പന ചെയ്യണം.

8) എം.എസ് സ്വാമിനാഥൻ കമ്മീഷൻ ശുപാർശ ചെയ്ത പോലെ, കുട്ടനാട് മേഖലയിൽ, ഏക വിള കൃഷികൾ അവസാനിപ്പിച്ച് മിശ്ര/സംയോജിത കൃഷി രീതികൾ അവലംബിക്കണം. കുട്ടനാട്ടിലെ തനത് മണ്ണ് ഉപയോഗിച്ച് നിർമ്മിക്കുന്ന ബണ്ടുകൾ ശുദ്ധ ജല ശേഖരണത്തിന് ഏറെ പ്രയോജനപ്പെടും.

9) വെള്ളപ്പൊക്ക സൂചനകൾ മനസ്സിലാക്കുന്നതിന് നദികളിൽ Stream Guages (Staff Guages) -കൾ സ്ഥാപിക്കണം.

10) കുഴൽ കിണർ നിർമ്മിച്ചുകൊടുക്കുന്ന ഏജൻസികൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കണം. പ്രസ്തുത ഏജൻസികളിൽ നിന്ന് പ്രതിമാസം വിവരശേഖരണം നടത്തണം. ഇത്തരം വിവരങ്ങൾ ജല വകുപ്പ് വെബ് പോർട്ടലിൽ പ്രസിദ്ധീകരിക്കണം.

11) കേരള വാട്ടർ അതോറിറ്റി ഉൾപ്പെടെയുള്ള കുടിവെള്ള വിതരണ സ്ഥാപനങ്ങളുടെ ജല ഉപഭോഗം, വിതരണ ശൃംഖലകളിൽ പാഴായിപ്പോകുന്ന വെള്ളം എന്നിവ സംബന്ധിച്ച കണക്കുകൾ ഓഡിറ്റ് ചെയ്യപ്പെടണം. ജലനഷ്ടം കുറക്കുന്നതിന് സമയബന്ധിത നടപടികൾ സ്വീകരിക്കണം. വെള്ളത്തിന്റെ നിരക്കുകൾ കാലാനുസൃതമായി പരിഷ്കരിക്കണം. ജലനഷ്ടം തിരിച്ചറിയുന്നതിനും, പരിഹരിക്കുന്നതിനും നിലവിൽ തിരുവനന്തപുരം നഗരത്തിൽ ഉപയോഗിക്കുന്ന 'IBM Analytics and Mobility Solutions' എന്ന മാർഗ്ഗം സംസ്ഥാനത്താകമാനം ഉപയോഗിക്കണം.

12) മലിനജലം ശാസ്ത്രീയമായി സംസ്കരിച്ച് ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിന് നടപടികൾ സ്വീകരിക്കണം.

13) ജലാശയങ്ങൾ, നദികൾ, മറ്റ് ജലവാഹിനികൾ എന്നിവയിലെ കൈയ്യേറ്റം, നികത്തൽ എന്നിവ തടയുന്നതിന് ഇവയുടെ യഥാർത്ഥ അതിരുകൾ സർവ്വേ

നടത്തി രേഖപ്പെടുത്തുകയും കൈയ്യേറ്റങ്ങൾ അടിയന്തിരമായി ഒഴിപ്പിക്കുകയും വേണം.

## XIII. കാലാവസ്ഥ, വ്യതിയാനം, ദുരന്ത നിവാരണം.

a) Environment (Protection) Act, 1986

1) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മതിയായ പ്രാതിനിധ്യം നൽകുക.

2) Directorate of Environment and Climatic Change (DOECC) -നെ Environment (Protection) Act -1986 നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തുക. DOECC യുടെ കീഴിൽ പ്രവർത്തിക്കുന്ന SEIAA, SWAK, KCZMA തുടങ്ങിയ സ്ഥാപനങ്ങളെ കാര്യക്ഷമമായി ഏകോപിപ്പിക്കുന്ന രീതിയിൽ DOECC -യെ പുന:സംഘടിപ്പിക്കുക.

3) കാലാവസ്ഥാ വ്യതിയാനം, ദുരന്തനിവാരണം എന്നീ മേഖലകളിലെ ഗവേഷണ പ്രവർത്തനങ്ങൾക്ക്, Kerala State Council for Science, Technology and Environment -നെ, നോഡൽ ഏജൻസി ആക്കിക്കൊണ്ട്, ഫണ്ടുകൾ അനുവദിക്കുക.

4) ഈ മേഖലയിലെ പരിശീലന പരിപാടികൾ State Disaster Management Authority, (SDMA), Institute of Land and Disaster Management (ILDM) എന്നിവ ഒരുമിച്ച് സംഘടിപ്പിക്കുക.

5) ദുരന്ത നിവാരണത്തിന് പ്രത്യേക പോലീസ് സേനയെ നിയോഗിക്കുക. SDRF ബറ്റാലിയനെ ഫയർ & റസ്ക്യൂ വകുപ്പിന് കീഴിലാക്കുക. ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് പോലീസ് സേനയിലെ എല്ലാവർക്കും ട്രെയിനിംഗ് നൽകുക.

6) ദുരന്ത നിവാരണത്തിന് തദ്ദേശ തലത്തിൽ പ്ലാനിംഗ് നടത്തുക. വാർഡ് തലത്തിൽ ദുരന്ത നിവാരണ സംഘങ്ങൾ രൂപീകരിക്കുക.

7) ദുരന്ത സാധ്യതാ മേഖലകളിൽ ജീവിക്കുന്നവരെ പുനരധിവസിപ്പിക്കുകയും ഇത്തരം മേഖലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. ഇത്തരം പ്രദേശങ്ങളെ രേഖപ്പെടുത്തുന്ന രീതിയിൽ ഭൂവിനിയോഗ നയങ്ങൾ രൂപീകരിക്കുക.

b) Environment Policy - 2009.

1) കാലാവസ്ഥ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ എന്നിവയെ ചെറുക്കുന്ന /ലഘൂകരിക്കുന്ന നടപടികൾ നയ രേഖയിൽ ഉൾപ്പെടുത്തുക.

2) സംസ്ഥാനത്ത് വികേന്ദ്രീകൃത ഭരണ സംവിധാനം നിലനിൽക്കുന്നതിനാൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ, താഴെ തട്ടിൽ നിന്നു തന്നെ ആരംഭിക്കണം. 'Local Level Action Plans on Climate Change' (LAPCC), Local Level Climate Change Cell (LLCCE) എന്നിവ രൂപീകരിക്കണം.

3) കാലാവസ്ഥയ്ക്കനുയോജ്യമായ കൃഷി രീതികൾ, പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണം, ജൈവകൃഷി, കണ്ടൽ വനങ്ങളുടെ സംരക്ഷണം, ഭൂഗർഭ ജലശോഷണം തടയൽ, മഴവെള്ള സംഭരണം, അണക്കെട്ടുകളുടെ ആഴം വർദ്ധിപ്പിക്കൽ, നദികളിൽ ഓരോ സീസണിലും ലഭ്യമായ ജലത്തിന്റെ അളവ് നിരീക്ഷിക്കൽ, ചതുപ്പുനിലങ്ങളുടെ ജലസംവഹന ശേഷി പരിശോധന, ഊർജ്ജക്ഷമതയുള്ള ഗ്രീൻ ബിൽഡിംഗ് സാങ്കേതിക വിദ്യയുടെ വ്യാപനം, പാരിസ്ഥിതിക വിഷയങ്ങളിൽ ഡിജിറ്റൽ വിവരശേഖരണം, ദുരന്തങ്ങളെ സംബന്ധിച്ച ശാസ്ത്രീയ വിവരങ്ങളുടെ ശേഖരണവും വ്യാപനവും, കെട്ടിടങ്ങളുടെ 'safety audit', Disaster Management Professionals -ന്റെ സേവനം താഴെ തട്ടിലേക്കും വ്യാപിപ്പിക്കൽ, സംസ്ഥാന, ജില്ല, തദ്ദേശ ഭരണ കൂടങ്ങളുടെയും ബന്ധപ്പെട്ട വകുപ്പുകൾ, അതോറിറ്റികൾ, ഏജൻസികൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയുടെ ഫലപ്രദമായ ഏകോപനം, carbon foot printing, Bench Marking, Green Appraisal protocol എന്നിവ Environment Policy -2009 ൽ ഉൾക്കൊള്ളിക്കണം.

c) Kerala Conservation of Paddy Land and Wetland Act, 2008

1) കാലാവസ്ഥാ വ്യതിയാനം എന്ന പ്രതിഭാസത്തെ, ശരിയായി ഉൾക്കൊള്ളുന്ന രീതിയിൽ നിയമത്തെ പരിഷ്കരിക്കണം. 'കാർഷിക വികസനം' എന്നത് 'കാലാവസ്ഥാ വ്യതിയാനങ്ങളെ അതിജീവിക്കുന്ന സുസ്ഥിര കൃഷി' എന്ന കാഴ്ചപ്പാടിലേക്ക് മാറുന്ന രീതിയിൽ നിയമം പുന:സംഘടിപ്പിക്കണം.

2) നിയമത്തിൽ 'കോൾ നിലങ്ങൾ' വ്യക്തമായി നിർവ്വചിക്കണം. ചതുപ്പനിലങ്ങൾ, വെള്ളപ്പൊക്ക സാധ്യതയുള്ള സ്ഥലങ്ങൾ എന്നിവിടങ്ങളിലെ കെട്ടിടനിർമ്മാണം നിയന്ത്രണ വിധേയമാക്കണം.

3) നിയമത്തിൽ നിർദ്ദേശിച്ചിരിക്കുന്ന വിധത്തിൽ ജി.എസ്.ഐ അധിഷ്ഠിതമായ ഡിജിറ്റൽ - സ്പേഷ്യൽ - ടെംപോറൽ ഡാറ്റാ ബേസ് നിർമ്മിച്ചെടുത്ത് പൊതുജനങ്ങൾക്ക് ലഭ്യമാക്കണം.

4) State Wetland Authority of Kerala (SWAK) സാങ്കേതിക വിദഗ്ദ്ധരെ ഉൾപ്പെടുത്തി പുന:സംഘടിപ്പിക്കണം. DOECC നോഡൽ ഏജൻസി ആയതിനാൽ ആവശ്യമായ സാങ്കേതിക സഹായം SWAK -ന് നൽകണം.

d) 'One Health' സമീപനം.

സൂക്ഷ്മാണു ജീവികൾ മരുന്നുകളോട് പ്രതിരോധം വളർത്തിയെടുക്കുന്നത് തടയാൻ 'വൺ ഹെൽത്ത് ' സമീപനം സംസ്ഥാനത്ത് നടപ്പിൽ വരുത്തണം. കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധികളുടെ വ്യാപനത്തിന് ഇടവരുത്തുന്നു. ആയതിനാൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ, വളർത്തുമൃഗങ്ങൾ, പക്ഷികൾ, മത്സ്യങ്ങൾ എന്നിവയിലൂടെ രോഗകാരികൾ പടരുന്നത് തടയുന്നതിനും, ആശുപത്രികൾ, ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങൾ എന്നിവയിലൂടെ സൂക്ഷ്മ ജീവികളുടെ വ്യാപനം തടയുന്നതിനും, ആന്റിബയോട്ടിക്ക് മരുന്നുകൾ ശാസ്ത്രീയമായി മാത്രം ഉപയോഗിക്കുന്നതിലൂടെ രോഗകാരികൾ ആന്റിബയോട്ടിക് ഔഷധങ്ങളോട് പ്രതിരോധ ശേഷി വളർത്തിയെടുക്കുന്നത് തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 4.9 Accountability and Pubic Grievance Redress Mechanisms in Government. (9th Report)

കമ്മീഷന്റെ 9-ാമത് റിപ്പോർട്ടാണിത്. ഭരണപരിഷ്കാര കമ്മീഷന്റെ സമീപന രേഖയിലെ 7-ാമത്തെ പഠനമേഖലയായി തിരഞ്ഞെടുത്ത 'ഉത്തരവാദാധിഷ്ഠിത ഉദ്യോഗസ്ഥ സംവിധാനം' (Towards more accountable bureaucracy) -ൽ 'ഉദ്യോഗസ്ഥ ശേഷി വികസനം' 'ഉദ്യോഗസ്ഥ പരിഷ്കാരം', എന്നീ രണ്ട് റിപ്പോർട്ടുകൾ ഇതിനോടകം തന്നെ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ പഠന മേഖലയിൽ ഉൾപ്പെട്ടുവരുന്ന വിഷയമാണ് 'സർക്കാരിലെ അക്കൗണ്ടബിലിറ്റിയും പൊതുജന പരാതി പരിഹാര സംവിധാനവും' എന്നത്. ഈ മേഖലയിൽ ഉൾപ്പെട്ട നിലവിലുള്ള അക്കൗണ്ടബിലിറ്റി ഉറപ്പാക്കുന്നതിനുള്ള

സംവിധാനങ്ങളും, പൊതുജന പരാതി പരിഹാര സംവിധാനങ്ങളും പരിശോധിച്ച്, ആയത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനാവശ്യമായ ശുപാർശകൾ സർക്കാരിൽ സമർപ്പിക്കുക എന്നതാണ് പഠനത്തിന്റെ ലക്ഷ്യം.

സർക്കാർ സംവിധാനത്തിൽ, തീരുമാനങ്ങൾ എടുക്കുകയും നടപ്പിലാക്കുകയും ചെയ്യുമ്പോൾ ബന്ധപ്പെട്ട അധികാരികൾ തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തിന് ആനുപാതികമായി തങ്ങളുടെ പ്രവൃത്തിക്ക് ഉത്തരവാദപ്പെടുക എന്നത്, അഴിമതിരഹിതവും സുതാര്യവുമായ ഒരു ഭരണ സംവിധാനം കെട്ടിപ്പടുക്കുന്നതിന് അനിവാര്യമാണ്. സർക്കാർ സംവിധാനങ്ങളുടെ സേവനപ്രദാനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ സമയബന്ധിതമായും കാര്യക്ഷമമായും തീർപ്പാക്കേണ്ടതുണ്ട്. പരാതി പരിഹാരം പൊതുജനങ്ങൾക്ക് അനായാസം ലഭ്യമാകുകയും വേണം എങ്കിൽ മാത്രമേ 'ജനകേന്ദ്രിത സേവനപ്രദാനത്തിലൂടെയുള്ള സദ്ഭരണം' എന്ന ലക്ഷ്യം സാർത്ഥകമാക്കപ്പെടുകയുള്ളൂ. പഠനത്തിൽ, ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം, ഓരോ സ്ഥാപനവുമായി ബന്ധപ്പെട്ട നിയമങ്ങൾ, അടിസ്ഥാന സൗകര്യങ്ങളും മനുഷ്യ വിഭവ ശേഷിയും, ഓരോ സ്ഥാപനത്തിന്റെയും അധികാരങ്ങൾ, പരിമിതികൾ, പ്രവർത്തനത്തിലെ തടസ്സങ്ങളും ബുദ്ധിമുട്ടുകളും, പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ എന്നിവ ഉൾപ്പെടുത്തി വിശദ പരിശോധന നടത്തി.

പഠനത്തിൽ കമ്മീഷനെ സഹായിക്കുന്നതിന് താഴെ ചേർത്തിരിക്കുന്ന വിഷയ വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു വിദഗ്ധ സമിതി, രൂപീകരിച്ചു.

ശ്രീ. ടി.പി.ബാബു, അഡീഷണൽ സെക്രട്ടറി (റിട്ട.)

അഡ്വ. ബിനീഷ്. പി. ചാക്കോ

ശ്രീ. ബി. ഗോപകുമാരൻ നായർ, അഡീഷണൽ സെക്രട്ടറി

ശ്രീ. ജയകേശൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്

ശ്രീ. മോഹൻ ലാൽ, അഡീഷണൽ സെക്രട്ടറി (റിട്ട.)

ശ്രീ. എസ്.ഡി.പിള്ള, IA & AS (റിട്ട.)

ശ്രീ. എം.കെ രാജേന്ദ്രൻ, ഡയറക്ടർ, ഖാദി ബോർഡ് (റിട്ട.)

ഡോ.എ. സുഹൃത്കുമാർ, പ്രൊഫ., ഗവ.ലോ കോളേജ്, തിരുവനന്തപുരം (റിട്ട.)

ശ്രീ. സുരേഷ് ചന്ദ്രൻ, അഡീണൽ ലോ സെക്രട്ടറി (റിട്ട.)

ശ്രീ. ഉദയഭാനു കണ്ടേത്ത്, സീനിയർ ഓഡിറ്റ് ഓഫീസർ (റിട്ട.)

താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളെയാണ് പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**അക്കൗണ്ടബിലിറ്റി:**

1) C & AG ഓഡിറ്റ്
2) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് (സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്).
3) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പെർഫോർമൻസ് ഓഡിറ്റ് സംവിധാനം.
4) അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ
5) ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ്
6) ചീഫ് ടെക്നിക്കൽ എക്സാമിനർ
7) ഇൻസ്പെക്ഷൻ വിംഗ് - സ്റ്റോർ & പർച്ചേസ് വകുപ്പ്
8) ഇന്റേണൽ ഓഡിറ്റ്

**പരാതി പരിഹാരം:**

1) Kerala State Human Rights Commission.
2) State Information Commission.
3) Kerala State Commission for Backward Classes.
4) Kerala State Commission for Economically Backward classes among forward Communities.
5) Kerala State Commission for Scheduled Castes and Scheduled Tribes.
6) Kerala State Commission for Minorities.
7) Kerala State Womens Commission.
8) Kerala State Commission for persons with disabilities.
9) Kerala State Commission for Protection of Child Rights (KSCPCR).
10) Kerala State Electricity Ombudsmen.
11) Local Self Government Institutions Tribunal.
12) Ombudsman for Local Self Government.
13) Vigilance Tribunal.
14) Kerala Administrative Tribunal.
15) Police Complaints Authority.
16) Non - Resident Indians (Keralites) Commission.

പഠനത്തെ സംബന്ധിച്ച് വിഷയവിദഗ്ദ്ധരുമായി ഒരു പ്രാഥമിക കൂടിയാലോചനാ യോഗം 26.04.2019 -ന് ചേർന്നു. പഠനത്തിൽ ഉൾപ്പെടുത്തേണ്ട സ്ഥാപനങ്ങൾ ഏവ എന്നത് തീരുമാനിച്ചു. പഠനത്തിനായുള്ള ആശയക്കുറിപ്പ് അന്തിമമാക്കി.

27.05.2019 -ന് വിദഗ്ദ്ധ സമിതി അംഗങ്ങളുടെ രണ്ടാമത്തെ യോഗം ചേർന്നു. പഠനത്തിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളെ മൂന്ന് ഗ്രൂപ്പുകളായും വിദഗ്ദ്ധ സമിതി അംഗങ്ങളെ മൂന്ന് ഉപസമിതികളായും തിരിച്ചു. ഓരോ ഗ്രൂപ്പ് സ്ഥാപനങ്ങളെപ്പറ്റിയും പഠനം നടത്തുന്നതിനുള്ള ചുമതല ഓരോ ഉപസമിതികൾക്ക് നൽകി.

തുടർന്ന് 07.08.2019 -ൽ വിദഗ്ദ്ധ സമിതി അംഗങ്ങളുടെ മൂന്നാമത് യോഗം ചേർന്നു. ഉപസമിതി അംഗങ്ങളുടെ യോഗം സമയബന്ധിതമായ ക്രമത്തിൽ നടത്താൻ തീരുമാനിച്ചു.

പഠനത്തിൽ ഉൾപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് താഴെ ചേർത്തിരിക്കുന്ന വിവരങ്ങൾ ശേഖരിച്ചു.

1) Acts, Rules, Regulations, Governing functioning of the statutory body.
2) Directives, Circulars, Office Memorandum etc. issued for regulating the functioning of the body.
3) Terms of reference.
4) Administration/Annual Reports for last 3 years.
5) Budget details.
6) Annual Action Plans.
7) Hand Book.
8) Constraints, if any, faced by the Institution.

തുടർന്ന് 30.09.2019, 01.10.2019, 05.10.2019, 10.10.2019 എന്നീ തീയതികളിൽ ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളുടെയും പ്രതിനിധികളുമായി വിശദമായ ചർച്ചകൾ നടത്തി വിവരങ്ങൾ ശേഖരിച്ചു.

പഠനത്തിലും, വിവരശേഖരണത്തിലും, കരട് റിപ്പോർട്ട് തയ്യാറാക്കുന്നതിലും കമ്മീഷനെ സഹായിക്കുന്നതിന് സി.എം.ഡി, തിരുവനന്തപുരത്തിന്റെ സ്ഥാപന പിന്തുണ തേടാൻ തീരുമാനിക്കുകയും തുടർന്ന് സി.എം.ഡി അധികൃതരുമായി ചർച്ച ചെയ്ത് അവരുടെ സഹകരണവും പങ്കാളിത്തവും പഠനത്തിൽ ലഭ്യമാക്കുകയും ചെയ്തു.

തുടർന്ന്, ഓരോ ഉപസമിതികളുടെയും ചർച്ച സംഘടിപ്പിച്ച് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പ്രാഥമിക റിപ്പോർട്ടുകൾ തയ്യാറാക്കി. സി.എം.ഡി, തിരുവനന്തപുരത്തിന്റെ

സഹായത്തോടെ ലഭ്യമായ വിവരങ്ങൾ/സ്ഥിതി വിവരക്കണക്കുകൾ/ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങൾ എന്നിവ അടിസ്ഥാനപ്പെടുത്തി റിപ്പോർട്ട് പൂർത്തീകരിച്ചു.

2021, ജനുവരി മാസത്തിൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചു.

**പ്രധാന ശുപാർശകൾ**

**I. അക്കൗണ്ടബിലിറ്റി**

1) മതിയായ കാരണങ്ങൾ ഇല്ലെങ്കിൽ ഒരു വർഷത്തിൽ ഒന്നിലധികം തവണ ഒരേ സ്ഥാപനത്തിൽ ഓഡിറ്റ് നടത്തരുത്. സംസ്ഥാന തലത്തിൽ, വാർഷിക ഓഡിറ്റ് പ്രോഗ്രാം തയ്യാറാക്കി വകുപ്പുകളെ അറിയിക്കണം. സി ആന്റ് എ ജി, സംസ്ഥാന ഓഡിറ്റ് വകുപ്പ് പെർഫോമൻസ് ഓഡിറ്റ് എന്നിവയുടെ വാർഷിക ഓഡിറ്റ് പ്രോഗ്രാം ഏപ്രിൽ മാസത്തിൽ തയ്യാറാക്കപ്പെടണം.

2) അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് നടത്തിയ സ്ഥാപനത്തിൽ വീണ്ടും മറ്റൊരു ഏജൻസി, ഓഡിറ്റ് നടത്തുമ്പോൾ എ.ജി യുടെ അഭിപ്രായം കൂടി തേടേണ്ടതാണ്. ഓഡിറ്റ് നടത്തുന്നവരേയും, അവരുടെ കണ്ടെത്തലുകളിൽ ഉത്തരവാദപ്പെടുത്തേണ്ടതാണ്.

3) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എ.ജി യുടെ 'Technical Guidance Supervision' -ന് കീഴിൽ ഓഡിറ്റിന് വിധേയമാക്കണം. അവയിൽ വീണ്ടും എ.ജി യുടെയോ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെയോ, ഓഡിറ്റ് നടത്തേണ്ടതില്ല. സംസ്ഥാന ഓഡിറ്റ് വകുപ്പ് സി.എ.ജി യുടെ ടി.ജി.എസ് സ്കീമിൽ പെടുന്നതാകയാൽ ആവശ്യമെന്ന് തോന്നുന്ന പക്ഷം മാത്രമെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് നടത്തിയ സ്ഥാപനങ്ങളിൽ സി.എ.ജി -യുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് നടത്തേണ്ടതുള്ളൂ.

4) ഉദ്യോഗസ്ഥരുടെ പെർഫോർമൻസ് അപ്രൈസൽ, Last Pay Certificate എന്നിവയിൽ ഓഡിറ്റ് ക്ലിയറൻസ് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുക. ഓഡിറ്റ് ബാധ്യതകൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തണം.

5) നിയമസഭാ കമ്മിറ്റികൾ, ഓഡിറ്റ് റിപ്പോർട്ടിലെ എല്ലാ ഖണ്ഡികകളും അതാതുവർഷം തന്നെ തീർപ്പാക്കണം.

6) ഓഡിറ്റ് സംബന്ധിച്ച പ്രവൃത്തികളിൽ വിവരസാങ്കേതിക വിദ്യയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തണം.

7) ഓഡിറ്റ് കമ്മറ്റി യോഗങ്ങൾ സമയാസമയങ്ങളിൽ ചേരുകയും കമ്മറ്റി ശുപാർശകൾ കൃത്യമായി നടപ്പിലാക്കുകയും ചെയ്യണം. ഉദ്യോഗസ്ഥർക്ക് ഇക്കാര്യങ്ങളിൽ ആവശ്യമായ ട്രെയിനിംഗ് നൽകുക.

8) 'Performance Audit' നെ സ്ഥാപനങ്ങളുടെ ആഭ്യന്തര തെറ്റ് തിരുത്തൽ സംവിധാനമായി ഉപയോഗപ്പെടുത്തണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്ന സ്ഥാപനം എന്ന നിലയിൽ Performance Audit സംവിധാനം പ്രവർത്തിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മറ്റ് ഏജൻസികളുടെ ഓഡിറ്റിംഗ് നിരുത്സാഹപ്പെടുത്തണം. സ്റ്റോർ പർച്ചേസ് വകുപ്പ്, ധനകാര്യ ഇൻസ്പെക്ഷൻ വകുപ്പ് തുടങ്ങിയ സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക സാഹചര്യങ്ങളിലൊഴികെ സ്ഥിരമായി ഓഡിറ്റ് നടത്തേണ്ടതില്ല. 'Information Kerala Mission' തയ്യാറാക്കിയ 'സാംഖ്യ' എന്ന സോഫ്റ്റ് വെയർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഉപയോഗപ്പെടുത്തണം.

9) സോഷ്യൽ ഓഡിറ്റ് പ്രോത്സാഹിപ്പിക്കുക. സ്ഥാപനങ്ങളിലെ ഓഡിറ്റ് വിവരങ്ങൾ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുക.

10) സംസ്ഥാന ഓഡിറ്റ് വകുപ്പിനെ സ്വതന്ത്രാധികാരങ്ങളുള്ള ഒരു 'Quasi Judicial' സ്ഥാപനമാക്കുക. സംസ്ഥാന ഓഡിറ്റ് വകുപ്പ്, പെർഫോർമൻസ് ഓഡിറ്റ് എന്നിവയെ 'സ്റ്റേറ്റ് ഓഡിറ്റ് കമ്മീഷൻ' ആയി രൂപാന്തരപ്പെടുത്തുക. ഒരു മുതിർന്ന ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറലിനെ 'സംസ്ഥാന ഓഡിറ്റ് കമ്മീഷൻ' ആയി ചുമതലപ്പെടുത്തുക. കമ്മീഷന്റെ റിപ്പോർട്ടുകൾ നേരിട്ട് നിയമസഭയ്ക്ക് നൽകുന്നതിനും, ഭരണ നിർവ്വഹണത്തിനും അധികാരങ്ങൾ നൽകുക. കമ്മീഷന്റെ അപ്പലേറ്റ് അധികാരം ഹൈക്കോടതിക്ക് നൽകുക.

11) സർക്കാർ ഉദ്യോഗസ്ഥരുടെ അക്കൗണ്ടബിലിറ്റിയെ, അവരുടെ ചുമതല/ഉത്തരവാദിത്വം എന്നിവയുമായി ബന്ധിപ്പിക്കുക.

## II. Internal Audit, Inspections.

1) Internal Audit wing (IAW), Internal Vigilance Wing (IVW) എന്നിവയിലെ തസ്തികകൾ സെലക്ഷൻ തസ്തികകളാക്കുക. അനുയോജ്യമായ പരീക്ഷകൾ നടത്തി യോഗ്യരായവരെ ഈ തസ്തികയിൽ നിയമിക്കുക.

2) വകുപ്പുകളിൽ ഇന്റേണൽ ഓഡിറ്റ് സ്വതന്ത്രമായി നടത്തുന്നതിന് സാഹചര്യം ഉണ്ടാക്കുക. IA, IV എന്നിവരുടെ കണ്ടെത്തലുകൾ വകുപ്പുകളുടെ വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തുക. IA, IV എന്നിവയുടെ പ്രവർത്തനത്തിനാവശ്യമായ മാന്വലുകൾ, പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പുറപ്പെടുവിക്കുക. തദ്ദേശ സ്ഥാപനങ്ങളിൽ ഓഡിറ്റിനായി ഒരു സ്റ്റാൻഡിംഗ് കമ്മറ്റി രൂപീകരിക്കുക.

3) വകുപ്പുകൾ നടപ്പാക്കുന്ന ഓരോ പദ്ധതികൾക്കും പ്രത്യേക 'പ്രോജക്റ്റ് കോഡുകൾ' അനുവദിക്കുന്നത് ഓഡിറ്റ് പ്രവൃത്തികൾ സുഗമമാക്കും.

4) ഇന്റേണൽ ഓഡിറ്റ് പ്രവൃത്തികൾ ഓഡിറ്റ് റിപ്പോർട്ടിലെ ശുപാർശകൾ എന്നിവ സമയബന്ധിതമാക്കി നടപ്പിലാക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുക.

5) ഇന്റേണൽ ഓഡിറ്റ് വിംഗിനുള്ള TA ceiling പുന:പരിശോധിക്കുക. പ്രാദേശിക/ജില്ലാ തലത്തിൽ ഇന്റേണൽ ഓഡിറ്റ് വിംഗുകൾ സ്ഥാപിക്കുക. ഓഡിറ്റ് ബാധ്യതകൾ തിരിച്ച് പിടിക്കുന്നതിനും, ആവശ്യമെങ്കിൽ വിജിലൻസ് പരിശോധന നടത്തുന്നതിനും നടപടി ഉണ്ടാകണം.

6) ധനകാര്യ പരിശോധനാ വിഭാഗത്തിന് ഇലക്ട്രോണിക്സ്/ഐ.ടി എഞ്ചിനീയർമാരുടെ സേവനം ലഭ്യമാക്കുക.

7) ജില്ലാ പർച്ചേസ് കമ്മറ്റികൾ ശക്തിപ്പെടുത്തുകയും, ഓൺ ലൈൻ സേവനങ്ങൾ ഏർപ്പെടുത്തുകയും വേണം.

8) വിവിധ വകുപ്പുകളിലെ ഇൻസ്പെക്ഷൻ വിഭാഗങ്ങൾ, സി.റ്റി.ഇ, ധനകാര്യ പരിശോധനാ വിഭാഗം, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ Administrative Vigilance Cell, സ്റ്റോർ പർച്ചേസ് വകുപ്പിന്റെ ഇൻസ്പെകഷൻ വിഭാഗം, എന്നിവയെ ഒന്നിച്ചു ചേർത്ത് ഒരു പ്രത്യേക പരിശോധനാ വിഭാഗമാക്കി മാറ്റണം. തദ്ദേശസ്വയം ഭരണ വകുപ്പുകളിലെ ഓഡിറ്റ് ആധിക്യം കുറയ്ക്കുന്നതിനും സമ്പൂർണ്ണവും സമഗ്രവുമായ ഓഡിറ്റ് നടത്തുന്നതിനും, ഇത് സഹായിക്കും. ഇക്കാര്യം പരിശോധിക്കുന്നതിന് സർക്കാർ ഒരു കമ്മറ്റിയെ നിയോഗിക്കണം.

## III. പൊതുജന പരാതി പരിഹാരം. (Public Grievance Redress)

1) പരാതി പരിഹാര സംവിധാനങ്ങളിലെല്ലാം online ആയി പരാതികൾ രജിസ്റ്റർ ചെയ്യുന്നതിന് സൗകര്യമൊരുക്കുക.

2) ക്വാസി ജുഡീഷ്യൽ സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, തൊഴിൽ നൈപുണ്യം സിദ്ധിച്ച മനുഷ്യ വിഭവം എന്നിവ പ്രദാനം ചെയ്യുക.

3) പരാതി പരിഹാര സംവിധാനങ്ങൾ, പരാതികളെ വിശകലനം ചെയ്യുകയും, ഭാവിയിൽ ഇത്തരം പരാതികൾ ഉണ്ടാകാതിരിക്കുന്നതിനാവശ്യമായ ശുപാർശകൾ സർക്കാരിൽ നൽകുകയും ചെയ്യണം. പരാതി പരിഹാര സംവിധാനങ്ങളിൽ നിന്ന് ലഭിക്കുന്ന ഇത്തരം 'feed backs' ഭരണ സംവിധാനത്തിന്റെ തുടർച്ചയുള്ള മെച്ചപ്പെടുത്തലുകൾക്ക് സഹായകരമായ ഒരു ഉപാധിയാക്കി മാറ്റാൻ സാധിക്കും.

4) പരാതി പരിഹാര സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമനങ്ങൾക്ക് സ്പെഷ്യൽ റൂളുകൾ തയ്യാറാക്കുക. ജീവനക്കാർക്ക് വിവിധ കമ്മീഷനുകൾ തമ്മിൽ സ്ഥലം മാറ്റം അനുവദിക്കുക.

5) പാർശ്വവൽകൃത/ദുർബല ജനവിഭാഗങ്ങൾക്കിടയിൽ ഇത്തരം പരാതി പരിഹാര സംവിധാനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ഇത്തരം സ്ഥപനങ്ങളെക്കുറിച്ച് അവബോധം നൽകുകയും 'Civil Rights' സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യുക. സർക്കാർ മേഖലയിലെ പരിശീലന സ്ഥാപനങ്ങളായ IMG, KILA, ILDM എന്നിവയിലെ പരിശീലന പരിപാടികളിൽ, പരാതി പരിഹാര സംവിധാനങ്ങളെക്കുറിച്ചുള്ള ഒരു മോഡ്യൂൾ ഉൾപ്പെടുത്തുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇക്കാര്യത്തിൽ മികച്ച പങ്ക് വഹിക്കാൻ സാധിക്കും.

6) പൊതുജന പരാതി പരിഹാര സ്ഥാപനങ്ങൾ അവരുടെ 'Organisational Structure', ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ, ചുമതലകൾ എന്നിവ എഴുതി പ്രദർശിപ്പിക്കണം.

7) പരാതികൾ സ്വീകരിക്കുക/തള്ളിക്കളയുക, സ്വീകരിക്കപ്പെട്ട പരാതികൾ, അവയുടെ സ്വഭാവമനുസരിച്ച്, തീർപ്പാക്കപ്പെടുക എന്നതിന്റെ ഓരോ ഘട്ടവും

പ്രത്യേകമായി പരിഗണിച്ച് സമയക്രമം നിശ്ചയിക്കുത് സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുന്നതിന് സഹായകരമാണ്. അനധികൃതമായി പരാതി പരിഹാര നടപടികളിൽ താമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. സ്ഥാപനങ്ങളിൽ സോഷ്യൽ ഓഡിറ്റ് അനുവദിക്കണം. സർക്കാർ/നിയമസഭാ കമ്മറ്റി - യുടെ പരിശോധന നിശ്ചിത കാലയളവുകളിൽ സ്ഥാപനങ്ങളിൽ നടത്തണം.

8) വിവിധ പരാതി പരിഹാര സംവിധാനങ്ങളെ ഒരു കുടക്കീഴിൽ 'പരാതി പരിഹാര ഭവൻ' എന്ന പേരിൽ ഓഫീസ് സമുച്ചയം നിർമ്മിച്ച് അതിൽ പ്രവർത്തിപ്പിക്കാവുന്നതാണ്. സ്ഥാപനങ്ങൾക്ക് പൊതു Establishment/ Secretariat നടപ്പിലാക്കാവുന്നതുമാണ്. എല്ലാ സ്ഥാപനങ്ങൾക്കുമായി പൊതു വെബ് പോർട്ടൽ സ്ഥാപിക്കുക. പരാതി പരിഹാരവുമായി ബന്ധപ്പെട്ട മൊബൈൽ ആപ്ലിക്കേഷനുകൾ വികസിപ്പിക്കുക.

9) എല്ലാ സ്ഥാപനങ്ങളുടെയും ജില്ലാ തല സിറ്റിംഗ് ഒരു മാസം ഇടവിട്ടെങ്കിലും സംഘടിപ്പിക്കുക.

10) സർക്കാർ പ്രതിയായി വരുന്ന കേസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഹിയറിംഗിന് ഹാജരാകുന്നത് ഉറപ്പാക്കുക.

11) മതിയായ യോഗ്യതയുള്ളവരെ മാത്രം കമ്മീഷനുകളിൽ മെമ്പർമാരായി നിയോഗിക്കുക.

12) ഏറെപ്പേരെ പൊതുവായി ബാധിക്കുന്ന വിഷയങ്ങളിൽ ജില്ല/താലൂക്ക്/വില്ലേജ് തലത്തിൽ അദാലത്തുകൾ സംഘടിപ്പിച്ച് പ്രശ്നപരിഹാരം സുഗമമാക്കുക.

13) സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ 'Investigating Wing' -ന്റെ പ്രവർത്തനം പുന:പരിശോധിക്കപ്പെടണം.

14) സംസ്ഥാന വിവരാവകാശ കമ്മീഷൻ, വിവരാവകാശ നിയമം ബാധകമാക്കിയിട്ടുള്ള എല്ലാ ഓഫീസുകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു വെബ്സൈറ്റ് തയ്യാറാക്കണം. സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങളും, അപേക്ഷകളും, അവയ്ക്കു നൽകിയ മറുപടികളും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാവുന്നതാണ്. അപേക്ഷകൾ തീർപ്പാക്കുന്നതിന്, അദാലത്തുകൾ സംഘടിപ്പിക്കണം.

15) വിവരാവകാശ നിയമത്തിലെ സെക്ഷൻ 18 പ്രകാരമുള്ള പരാതി പരിഹാരം, സെക്ഷൻ 19 പ്രകാരമുള്ള അപ്പീലുകൾ എന്നിവയ്ക്ക് സമയക്രമം നിശ്ചയിക്കണം.

16) സംസ്ഥാന വിവരാവകാശ കമ്മീഷന് പരാതികൾ തീർപ്പാക്കുന്നതിൽ സമയക്രമം നിശ്ചയിക്കണം.

17) പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ - മാർക്ക് പരിശീലനം നൽകുക, ആർ.ടി.ഐ രജിസ്റ്റർ എല്ലാ ഓഫീസുകളിലും കൃത്യമായി സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുക, സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷകന് നൽകുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം എടുക്കുക.

18) സംസ്ഥാന വിവരാവകാശ കമ്മീഷൻ മാതൃകയിൽ 'സംസ്ഥാന സേവനാവകാശ കമ്മീഷൻ', സ്വതന്ത്ര അധികാരങ്ങളോടെ രൂപീകരിക്കുക. സേവനാവകാശ നിയമം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് പഠനം നടത്താൻ ഒരു കമ്മിറ്റിയെ നിയോഗിക്കുക.

19) സേവനാവകാശ നിയമത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവാൻമാരാക്കുക. സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക. പി.എസ്.സി പരീക്ഷ സിലബസിൽ ഉൾപ്പെടുത്തുക.

20) സംസ്ഥാന വനിതാ കമ്മീഷന് കീഴിൽ എല്ലാ ജില്ലകളിലും മൂന്ന് വനിതാ അഭിഭാഷകരെ ഉൾപ്പെടുത്തി 'സൗജന്യ നിയമസഹായ കേന്ദ്രങ്ങൾ' ആരംഭിക്കുക. വനിതാ കമ്മീഷന് സൈബർ സെക്യൂരിറ്റി വിദഗ്ധരുടെ സേവനം നൽകുക. പ്രാദേശിക തലത്തിലുള്ള 'മഹിളാ ജാഗ്രതാ സമിതി' കളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.

21) പോലീസ് കംപ്ലൈന്റ് അതോറിറ്റിയെ കാര്യക്ഷമമാക്കുന്ന രീതിയിൽ 'പോലീസ് ആക്ട് -2011' ഭേദഗതി വരുത്തുക. കസ്റ്റഡി മരണങ്ങളിൽ അന്വേഷണം നടത്തുന്നതിനും, വ്യാജ കേസുകൾ തള്ളിക്കളയുന്നതിനും അതോറിറ്റിക്ക് അധികാരം നൽകുക.

22) Kerala State Electricity Board Ltd (KSEBL) ന്റെ എല്ലാ സേവനങ്ങളും സേവനാവകാശ നിയമത്തിന്റെ കീഴിൽ കൊണ്ടു വരിക. നിലവിൽ Electricity Ombudsman എന്നത് 'Consumer Grievance Redressal Forum' ന്റെ

അപ്പലേറ്റ് അതോറിറ്റി ആണ്. The Kerala State Electricity Regulatory Commissions (Consumer Grievance Redressal Forum and Electricity Ombudsman Regulations) -2005 ന്റെ സെക്ഷൻ 22-ൽ ആവശ്യമായ ഭേദഗതി വരുത്തി, ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന് നേരിട്ട് പരാതികൾ സ്വീകരിക്കുന്നതിന് അധികാരം നൽകുക. അപ്പീൽ സമർപ്പിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന ഫീസ് കുറയ്ക്കുക. ഉപഭോക്തൃ പരാതി പരിഹാര സംവിധാനങ്ങളിൽ മതിയായ യോഗ്യതയുള്ളവരെ നിയമിക്കുകയും, ഉദ്യോഗസ്ഥർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുകയും ചെയ്യുക. തർക്കപരിഹാരത്തിന്, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിലവിലുള്ളതിലും ഉയർന്ന ധനകാര്യ പ്രത്യായോജന അധികാരം നൽകുക.

23) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരിക. 'LSG Ombudsman' ന് പെനാൽറ്റി നിശ്ചയിച്ച് നടപ്പാക്കുന്നതിന് അധികാരം നൽകുക. അപ്പീൽ തീർപ്പാക്കുന്നതിന് അനുവദിക്കപ്പെട്ടിട്ടുള്ള സമയപരിധി കുറയ്ക്കുക. അപ്പീൽ ഫീസ് ഒഴിവാക്കി നൽകുക. സ്വമേധയാ അപ്പീൽ സ്വീകരിക്കാൻ ഓംബുഡ്സ്മാന് അധികാരം നൽകുക. വെബ്സൈറ്റ്, ഓൺലൈൻ ഫയലിംഗ് സംവിധാനം എന്നിവ സജ്ജീകരിക്കുക. എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനെ തദ്ദേശ സ്വയം ഭരണ വകുപ്പ് ട്രിബ്യൂണൽ ജഡ്ജിയായി ചുമതല നൽകുക.

24) സംസ്ഥാനത്ത് വിജിലൻസ് ട്രിബ്യൂണലുകളുടെ പ്രവർത്തനം അവസാനിപ്പിക്കുകയും, ചുമതല പൂർണ്ണമായും 'Enquiry Commission and Special Judge' ന് നൽകുകയും ചെയ്യുക. സംസ്ഥാനത്ത് പുതിയ രണ്ട് EC &SJs -നെ കൂടി നിയമിക്കുക. വിജിലൻസ് ട്രിബ്യൂണലുകളിലെ സ്റ്റാഫിനെ സമാന തസ്തികകളിൽ പുനർവിന്യസിക്കുക. ഗസറ്റഡ് ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടികൾ EC & SJs -ന് വിട്ടു നൽകുകയും, സർക്കാർ 30 ദിവസത്തിനകം 'Prosecution Sanction' നൽകുകയും ചെയ്യുക.

25) സർക്കാർ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനങ്ങളെയും KAT-ന്റെ പരിധിയിൽ കൊണ്ടു വരിക. ജില്ലകളിൽ സിറ്റിംഗ് നടത്തുന്നതിന് സൗകര്യം

ഏർപ്പെടുത്തുക. KAT-നെ ഐ.ടി അധിഷ്ഠിത സാങ്കേതിക വിദ്യകളിലൂടെ ആധുനീകരിക്കുക.

## 4.10 People Centric Service Delivery in Local Self Government Institutions (10th Report)

ഫലപ്രദമായ സേവന പ്രദാനത്തിന് വിഘാതമാകുന്ന ഘടകങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തി പരിഹാര നിർദ്ദേശങ്ങൾ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 'ജനകേന്ദ്രീകൃത സേവനങ്ങൾ' എന്ന വിഷയത്തിൽ പഠനം നടത്തുതിന് ഭരണപരിഷ്കാര കമ്മീഷൻ തീരുമാനിക്കുകയുണ്ടായി. വിവിധ സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിലവിലുള്ള സംവിധാനങ്ങളും നടപടിക്രമങ്ങളും അടിസ്ഥാന സൗകര്യങ്ങൾ, മനുഷ്യ വിഭവശേഷി, ഉദ്യോഗസ്ഥ ശ്രേണി ബന്ധം, മറ്റ് വകുപ്പുകളുമായുള്ള ബന്ധം, സർവ്വീസ് സ്റ്റാൻഡേർഡ്സിന്റെ ലഭ്യത എന്നിവ പഠന വിധേയമാക്കാൻ തീരുമാനിച്ചു. പഠനത്തിന്റെ വ്യാപ്തി, ഘടന എന്നിവ പരിശോധിച്ച് പഠന വകുപ്പുകളെ രണ്ടായി തിരിക്കുകയുണ്ടായി. ആദ്യ ഘട്ടത്തിൽ റവന്യൂ, രജിസ്ട്രേഷൻ, സർവ്വേയും ഭൂരേഖയും പോലീസ്, ഭക്ഷ്യവും പൊതുവിതരണവും എന്നീ വകുപ്പുകളെയും കൺസ്യൂമർഫെഡിനേയും ഉൾക്കൊള്ളിച്ച് പഠനം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കമ്മീഷന്റെ 5-ാമത് റിപ്പോർട്ടായി ജനകേന്ദ്രീകൃത സേവനങ്ങൾ - ഒന്നാം ഭാഗം (Towards People Centric Service Delivery) എന്ന റിപ്പോർട്ട് പുറത്തിറക്കുകയും ചെയ്തു. രണ്ടാം ഘട്ട പഠനത്തിന്റെ ഭാഗമായി തദ്ദേശസ്വയം ഭരണ വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങൾ, ആരോഗ്യവും കുടുംബക്ഷേമവും, കാർഷിക വികസനവും കാർഷിക ക്ഷേമവും, മൃഗസംരക്ഷണം, ക്ഷീര വികസനം, ഹോമിയോപ്പതി, ആയുഷ്, സാമൂഹ്യ നീതി, വനിതാ ശിശു വികസനം, മോട്ടോർ വാഹനം, ജലഗതാഗതം തുടങ്ങിയ വകുപ്പുകളും കെ.എസ്.ഇ.ബി, അനെർട്ട്, കേരള വാട്ടർ അതോറിറ്റി, എൺവയൺമെന്റ് മാനേജ്മെന്റ് സെന്റർ ജലനിധി, പൊതുഗതാഗതം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ജലവിതരണപദ്ധതികൾ എന്നീ സ്ഥാപനങ്ങളുമാണ് ഉൾക്കൊള്ളിച്ചിരുന്നത്.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്ക് അനിഷേധ്യമായ ഒന്നാണ്. ഈ സാഹചര്യത്തിൽ പഠന വിഷയത്തിൽ ഉൾപ്പെട്ട വകുപ്പുകളിലൂടെ ജനങ്ങൾക്ക് പ്രദാനം ചെയ്യപ്പെടുന്ന സേവനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂടെ പങ്കാളിത്തത്തോടെ എപ്രകാരം ഫലപ്രദമായി നടപ്പിലാക്കാം എന്നാണ് ഈ പഠനത്തിലൂടെ കമ്മീഷൻ ശ്രമിച്ചിരിക്കുന്നത്. സി.എസ്.ഇ.എസ്, കൊച്ചി എന്ന സ്ഥാപനത്തിന്റെ പിന്തുണയോടെയാണ് കമ്മീഷൻ പഠനം പൂർത്തീകരിച്ചത്. ജനങ്ങൾക്ക് ഏറ്റവും എളുപ്പത്തിൽ സമീപിക്കാവുന്നതും അവരുടെ അടുത്തുള്ളതുമായ സർക്കാർ എന്ന തലത്തിൽ തദ്ദേശസ്വയം ഭരണ

സ്ഥാപനങ്ങൾക്ക് സേവന പ്രദാന വിഷയങ്ങളിൽ സവിശേഷമായ സ്ഥാനമുണ്ട്. വിവിധ സർക്കാർ സ്ഥാപനങ്ങളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും ജനങ്ങൾക്കുള്ള സേവനപ്രദാന രീതി വ്യത്യസ്തമാണ്. ആയതിനാൽ തന്നെ ഈ സേവനവിതരണവും അവയ്ക്കു നേരിടേണ്ടി വരുന്ന പ്രയാസങ്ങളുമാണ് കമ്മീഷൻ പ്രധാനമായും പഠനവിധേയമാക്കിയത്. ആയതിനാൽ കമ്മീഷൻ സ്വീകരിച്ച മാർഗ്ഗങ്ങൾ ചുവടെ പറയുന്നവയാണ്.

1) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും സേവനവിതരണം സംബന്ധിച്ച മൂന്ന് പഠന റിപ്പോർട്ടുകളുടെ അവലോകനം.
2) വിവിധ സ്ഥാപനങ്ങളിലെ സന്ദർശനം.
3) വിവിധ സ്ഥാപന മേധാവികൾ, ഉദ്യോഗസ്ഥർ, ഫീൽഡ് സ്റ്റാഫ്, തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ എിവരുമായുള്ള കൂടിക്കാഴ്ചകൾ
4) സമൂഹത്തിലെ വിവിധ തുറകളിലുള്ള ജനങ്ങൾ/ജനപ്രതിനിധികൾ എന്നിവരുമായുള്ള കൂടിക്കാഴ്ചകൾ.

വിശദമായ പഠനത്തിന്റെൻറെ ഭാഗമായി ഏഴ് ഗ്രാമപായത്തുകൾ, 2 മുനിസിപ്പാലിറ്റികൾ, ഒരു കോർപ്പറേഷൻ എന്നിവ തെരഞ്ഞെടുക്കുകയും ദുർബല വിഭാഗങ്ങളായ ഗോത്രവർഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, ഭാഷാ ന്യൂനപക്ഷങ്ങൾ എന്നിവയ്ക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ/വകുപ്പുകൾ വിവിധ സേവനങ്ങൾ പ്രദാനം ചെയ്യുന്ന രീതി പഠന വിധേയമാക്കുകയുണ്ടായി. പ്രസ്തുത സ്ഥാപനങ്ങൾ ചുവടെ പറയുവയാണ്.

1) മഞ്ചേരി ഗ്രാമ പഞ്ചായത്ത്
2) എടവണ്ണ ഗ്രാമ പഞ്ചായത്ത്
3) ശ്രീകൃഷ്ണപുരം ഗ്രാമ പഞ്ചായത്ത്
4) രാമങ്കരി ഗ്രാമ പഞ്ചായത്ത്
5) മറയൂർ ഗ്രാമ പഞ്ചായത്ത്
6) മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത്
7) നീണ്ടകര ഗ്രാമ പഞ്ചായത്ത്
8) തളിപ്പറമ്പ് മുനിസിപ്പാലിറ്റി
9) ആറ്റിങ്ങൽ മുനിസിപ്പാലിറ്റി
10) കൊച്ചി കോർപ്പറേഷൻ

ആദ്യഘട്ടമായി MGP, KLGSDP, Kerala Right to Service Act, 2012 എന്നിവ പ്രകാരം സേവന വിതരണം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

പരിശോധിക്കുകയുണ്ടായി. ഈ സന്ദർശനങ്ങളുടെ ഭാഗമായി വിവിധ ഉദ്യോഗസ്ഥർ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, ഗുണഭോക്താക്കൾ എന്നിവരുമായി അഭിമുഖങ്ങൾ/ചർച്ചകൾ നടത്തി സന്ദർശന ഓഫീസിലെ നടപടികളും രേഖകളുടെയും രജിസ്റ്ററുകളുടെയും പരിശോധനയും നടത്തുകയുണ്ടായി. ആവശ്യമായ രേഖകൾ ശേഖരിക്കുന്നതിനും ഉദ്യോഗസ്ഥരുടെ ലഭ്യത കുറവും മൂലം ചില സ്ഥാപനങ്ങളിൽ ഒന്നിലേറെ പ്രാവശ്യം സന്ദർശനം നടത്തേണ്ടതായി വന്നു.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലൂടെ നൽകപ്പെടുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ശുപാർശകൾ, കൈമാറ്റം ചെയ്യപ്പെട്ട മറ്റ് സർക്കാർ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഇത്തരത്തിലുള്ള ശുപാർശകൾ, ഒരു കേന്ദ്രീകൃത മാനദണ്ഡ പ്രകാരം പ്രസ്തുത സേവനങ്ങൾ എങ്ങനെ ഫലപ്രദമായി ജനങ്ങൾക്ക് നൽകാം എന്നിവയിൽ ഊന്നിയാണ് ഈ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവ സന്ദർശിച്ചും ആവശ്യമായ രേഖകൾ/വിവരങ്ങൾ ശേഖരിച്ചും പഠന വിധേയമാക്കി ആയവ ക്രോഡീകരിച്ചു കൊണ്ട് സി.എസ്.ഇ.എസ് ന്റെ സ്ഥാപന പിന്തുണയോടു കൂടി "People Centric Service Delivery in Local Self Government Institutions" എന്ന പേരിൽ റിപ്പോർട്ട് തയ്യാറാക്കി.

റിപ്പോർട്ട് 2021 ഫെബ്രുവരി മാസത്തിൽ സർക്കാരിന് സമർപ്പിച്ചു.

## പ്രധാന ശുപാർശകൾ

### I. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സേവന പ്രദാനം

1) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തങ്ങൾക്ക് കൈമാറ്റം ചെയ്തു കിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സംസ്ഥാനതലത്തിൽ നിരീക്ഷണസംവിധാനങ്ങൾ വികസിപ്പിക്കണം.

2) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിലവിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത സേവനങ്ങൾ ആർ റ്റി എസി ന്റെ പരിധിയിൽ കൊണ്ടുവരണം.

3) ഗ്രാമീണ/നഗര വേർതിരിവില്ലാതെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുവായ സമയമാനദണ്ഡങ്ങൾ പാലിക്കണം. അതുപോലെ, ഓഫ് ലൈൻ/ ഓൺലൈൻ ആപ്ലിക്കേഷനുകൾക്കും തുല്യമായ സമയക്രമം പാലിക്കണം.

4) ഘട്ടംതിരിച്ച് സമയപരിധി നിശ്ചയിക്കുന്നതിലൂടെ ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്തം ഉറപ്പാക്കാൻ സഹായിക്കും. സമയപരിധിയ്ക്കുള്ളിൽ തീർപ്പാക്കാത്ത അപേക്ഷയെക്കുറിച്ചും അതിനുള്ള കാര്യകാരണങ്ങൾ ഉൾപ്പെടെ ഉന്നത ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതുണ്ട്.

5) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡുകളിലും അവരുടെ വെബ്സൈറ്റുകളിലും കൈമാറ്റം ചെയ്തു കിട്ടിയ സ്ഥാപനങ്ങളുടെ സേവനനിലവാരം കൂടി പ്രസിദ്ധപ്പെടുത്തണം.

6) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ എല്ലാ സേവനങ്ങളും വകുപ്പുതല സേവനങ്ങളും കൂടി ഏകീകരിച്ച് ഒരു കേന്ദ്ര സേവന പോർട്ടൽ വികസിപ്പിക്കണം.

7) പൊതുഭരണവുമായി ബന്ധപ്പെട്ട് VLO മാരുടെ ചില പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ വകുപ്പിനെ ഏൽപ്പിക്കാൻ കഴിയുമോ എന്ന് സർക്കാർ പരിഗണിക്കേണ്ടതുണ്ട്.

8) സമയബന്ധിതമായി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനായി സാമൂഹിക പ്രവർത്തകരായ ട്രൈബൽ പ്രൊമോട്ടർമാർ, ആശ ജീവനക്കാർ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

9) ഹോസ്പിറ്റൽ കിയോസ്കുകളിലെ ജീവനക്കാർക്ക് ജനന-മരണ രജിസട്രേഷൻ സംബന്ധിച്ച മതിയായ പരിശീലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകണം.

10) കെട്ടിടനമ്പർ അനുവദിക്കുന്നതുമുതൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്നതുവരെയുള്ള അപേക്ഷകൾ ഓൺലൈനാക്കാനുള്ള നടപടികൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കൈക്കൊള്ളണം.

11) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വാർഷികറോഡ് നിർമ്മാണ-പരിപാലന കലണ്ടർ തയ്യാറാക്കുകയും, അത് മറ്റ് വകുപ്പുകളും/ഏജൻസികളുമായി പങ്കിടണം.

12) റോഡുകളുടെ ഗുണനിലവാരഫലം പി.ഡബ്ല്യൂ.ഡി യിൽ നിന്നും ലഭിക്കുന്നതിനുള്ള കാലതാമസം കണക്കിലെടുത്ത് ഗുണനിലവാരം പരിശോധിക്കുന്നതിനായി ലാബുകൾ സ്ഥാപിക്കാനുള്ള സാധ്യത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പരിശോധിക്കേണ്ടതുണ്ട്. അതുപോലെ,

നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഒരു പ്രത്യേക മാനുവൽ തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാക്കണം.

13) വർഷത്തിൽ രണ്ടുതവണയെങ്കിലും അദാലത്തുകൾ സംഘടിപ്പിക്കാനുള്ള സാധ്യത പരിശോധിക്കണം. പൊതുപരാതി പരിഹാരവും സേവനാവകാശത്തിൽ ഉൾപ്പെടുത്തണം.

14) സേവനപ്രദാനവുമായി ബന്ധപ്പെട്ട സങ്കീർണ്ണതകൾ ലഘൂകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും നൽകുന്ന പരിശീലനത്തിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതുണ്ട്.

15) സേവനപ്രദാനവുമായി ബന്ധപ്പെട്ട പ്രകടനങ്ങളുടെ അടിസ്ഥാനത്തിൽ മികച്ച തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള അവാർഡുകൾ സർക്കാർ സ്ഥാപിക്കേണ്ടതുണ്ട്.

## II. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ കിട്ടിയ സ്ഥാപനങ്ങളിലെ സേവന പ്രദാനം.

### i. അംഗനവാടികൾ

1) മൂന്ന് വർഷത്തിനുള്ളിൽ എല്ലാ അംഗൻവാടികളിലും ആവശ്യമായ സൗകര്യങ്ങളും സംസ്ഥാനതലത്തിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി സേവനങ്ങൾ നൽകുന്നതിനുള്ള സംവിധാനവും വനിത-ശിശു വികസനവകുപ്പ് ഉറപ്പാക്കണം.

2) സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതുവരെ സംസ്ഥാനസർക്കാരും പ്രാദേശിക സർക്കാരുകളും നൽകേണ്ട വാടക ഒന്നിച്ച് പങ്കിടേണ്ടതുണ്ട്.

3) എല്ലാവിഭാഗം ജനങ്ങളിലേയ്ക്കും സേവനങ്ങൾ എത്തുന്നുവെന്നുറപ്പാക്കുന്നതിനായി, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കൂടി വനിത ശിശുവികസന വകുപ്പ് വിലയിരുത്തേണ്ടതുണ്ട്.

4) വ്യത്യസ്ത ദിവസങ്ങളിൽ വ്യത്യസ്ത ഭക്ഷണങ്ങളിൽ തുടങ്ങിയ ശിശുസൗഹൃദ മെനുവിനായി കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഭക്ഷണവിഭവങ്ങൾ, പാചകക്കുറിപ്പ്, പാചകം തുടങ്ങിയവയ്ക്കുള്ള സ്വാതന്ത്ര്യം കൂടി അംഗനവാടികൾക്ക് നൽകണം.

5) അംഗനവാടികളിലെ വിദ്യഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിനായി, പ്രീ - സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം പോലുള്ള നടപടികൾ കൈക്കൊള്ളണം.

6) Anganwadi Level Monitoring & Support Committee (ALMSC) ശക്തിപ്പെടുത്തുന്നതിനും, ശാക്തീകരിക്കുന്നതിനുമുള്ള പരിപാടികൾ വനിത-ശിശു വികസനവകുപ്പ് ഏർപ്പെടുത്തണമെന്ന് ARC ശുപാർശ ചെയ്യുന്നു.

7) അംഗനവാടികൾ നൽകുന്ന എല്ലാ സേവനങ്ങളും വനിതശിശുവികസന വകുപ്പ് നിശ്ചയിക്കുകയും, അംഗനവാടികളുടെ പ്രകടനം നിരീക്ഷിക്കുന്നതിനുള്ള സൂചകങ്ങൾ വികസിപ്പിക്കുകയും വേണം.

8) അംഗനവാടികളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി വനിത ശിശുവികസനം, ആരോഗ്യം, കുടുംബക്ഷേമം, സാമൂഹ്യനീതി തുടങ്ങിയ ബന്ധപ്പെട്ട വകുപ്പുകൾ തമ്മിൽ സംസ്ഥാനതലത്തിൽ ശരിയായ ഏകോപനം സ്ഥാപിക്കേണ്ടതുണ്ട്.

9) ഗുണഭോക്താക്കളുടെ സാന്നിദ്ധ്യം കൂടുതലായതിനാൽ, കോവിഡ് മഹാമാരിക്കു ശേഷവും ഓൺലൈൻ മീറ്റിംഗുകൾ തുടരണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

**ii. പൊതുജനാരോഗ്യ സ്ഥാപനങ്ങൾ**

1) ഫലപ്രദമായ നിരീക്ഷണവും മേൽനോട്ടവും ഉറപ്പാക്കുന്നതിനായി, തദ്ദേശസ്വയംഭരണവകുപ്പും ആരോഗ്യവകുപ്പും ഭരണ-സാങ്കേതിക പ്രവർത്തനങ്ങളെ സംബന്ധിച്ച് പരസ്പരമാലോചിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്.

2) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ആരോഗ്യമേഖലയുമായിബന്ധപ്പെട്ട പദ്ധതികളെക്കുറിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജീവനകാർക്കും ആരോഗ്യമേഖലയിലെ ഉദ്യോഗസ്ഥർക്കും അനുസ്ഥാപന പരിശീലനവും സാങ്കേതിക മാർഗ്ഗനിർദ്ദേശവും നൽകണം.

3) സാമൂഹ്യസാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആദിവാസി മേഖലകളിൽ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിനായി കരാർ അടിസ്ഥാനത്തിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കണമെന്ന്

കമ്മീഷൻ ശുപാർശ ചെയ്യുന്നു. ഈ പ്രദേശങ്ങളിലേക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാർക്ക് മതിയായ താമസസൗകര്യം ഉറപ്പുവരുത്തണം.

4) ഉദ്യോഗസ്ഥരുടെ അഭാവം മൂലം സേവനങ്ങൾ തടസ്സപ്പെടാതിരിക്കാനായി മീറ്റിംഗുകൾ വീഡിയോകോൺഫറൻസിംഗ് മറ്റ് ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി നടത്തുന്നുവെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഡി.എം.ഒ യും ഉറപ്പാക്കണം മെഡിക്കൽ ക്യാമ്പുകളും മറ്റ് പരിപാടികളും സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്താതെ സംഘടിപ്പിക്കണം.

5) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും എച്ച്.എം.സി രൂപീകരിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണവകുപ്പ് ഉറപ്പാക്കേണ്ടതുണ്ട്. എച്ച്.എം.സി കൾ മരുന്നുകളുടെ സുഗമമായ ലഭ്യത ഉറപ്പാക്കണം.

6) സുഗമമായ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നിനായി എച്ച്.എം.സികൾ മാസത്തിലൊരിക്കലെങ്കിലും യോഗം ചേരണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

7) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി, ഒരു ക്ലറിക്കൽ ജീവനക്കാരനെ നിയമിക്കാനുള്ള സാദ്ധ്യത സർക്കാർ പരിശോധിക്കേണ്ടതുണ്ട്.

8) എല്ലാ ശാഖകളിൽ നിന്നും ചികിത്സയ്ക്കെത്തുന്ന രോഗികൾക്കായി അടിസ്ഥാന പരിശോധനകൾ നടത്തുന്നതിനായി ഒരുകേന്ദ്രീകൃത ലബോറട്ടറി ആരംഭിക്കുന്നതിനുള്ള സാദ്ധ്യത എൽ.എസ്.ജി.ഐ കൾ പരിഗണിക്കണം.

9) അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ, പൊതുജന ആരോഗ്യകാര്യങ്ങളിലേക്ക് നയിക്കുന്ന റോഡുകൾക്ക് മുൻഗണന നൽകണം.

10) ആരോഗ്യസംരക്ഷണ സ്ഥാപനങ്ങളുടെ ആവശ്യമായ എല്ലാ വിശദാംശങ്ങളും (ജീവനക്കാരുടെ വിവരങ്ങൾ, ലഭ്യമായ സേവനങ്ങൾ, സമയം, നിരക്കുകൾ എന്നിവയുൾപ്പെടെ) അച്ചടിച്ച് വിതരണം ചെയ്യാനുള്ള നടപടികൾ എച്ച്.എം.സി വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണം.

### iii. കൃഷിഭവനുകൾ

1) എൽ.എസ്.ജി.ഐ പദ്ധതികളോടൊപ്പം വകുപ്പുതല പദ്ധതികളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി, കൃഷിഭവന്റെ പ്രവർത്തനം സംസ്ഥാന സർക്കാർ അവലോകനം ചെയ്യേണ്ടതുണ്ട്.

2) കൂടുതൽ മികച്ച ഭരണസംവിധാനവും സേവനപ്രദാനവും വികസിപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണവകുപ്പും കൃഷിവകുപ്പും ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്.

3) ജലസേചനം, കൃഷി എന്നീ വകുപ്പുകളുടെ മെച്ചപ്പെട്ട ഏകോപനവും ഒരുമിച്ചുള്ള പ്രവർത്തനങ്ങളും അടിയന്തിരമായി ആവശ്യമാണ്.

4) കൃഷിഭവന്റെ പ്രവർത്തനങ്ങൾ കാലാനുസൃതമായും വാർഷികമായും വിലയിരുത്തണം.

5) കൃഷിഭവന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വാർഡ് പഞ്ചായത്തുതല കൃഷിവകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പിലും, ഗ്രാമസഭ/വാർഡ്സഭയിലെ വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയിലും ചർച്ച ചെയ്യപ്പെടണം.

6) കൃഷിഭവനിലെ ഓഫീസ് ഭരണകൂടത്തിന്റെ സമഗ്രമായ നവീകരണം കൂടുതൽ കാലതാമസമില്ലാതെ ചെയ്യേണ്ടതുണ്ട്.

7) കൃഷിഭവനുകളുടെ പ്രവർത്തനം സംബന്ധിച്ച് കൃഷിവകുപ്പ് പഠനം നടത്തേണ്ടതുണ്ട്.

8) വിവിധപദ്ധതികൾക്കുള്ള ഡേറ്റബേസുകൾ ഏകീകരിക്കുന്നതിലൂടെ കർഷകരുടെയും ഉദ്യോഗസ്ഥരുടെയും ജോലിഭാരം കുറയ്ക്കാൻ സാധിക്കും. സംയോജിത ഡാറ്റാബേസ് കൃഷിഭവനിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് പ്രയോജനപ്പെടുത്തണം.

9) നടപടികൾ ലഘൂകരിക്കുന്നതിലൂടെയും മികച്ച ഓഫീസ് ഭരണത്തിലൂടെയും ലഭിക്കുന്ന സമയം അടിസ്ഥാന യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുന്നതിനും ഫീൽഡ് വർക്കുകൾക്കായി ചെലവഴിക്കാനും കർഷകർക്ക് സമയോചിതമായ ഉപദേശം നൽകുന്നതിനും പ്രയോജനപ്പെടുത്താം.

10) കൃഷിഭവനുകളെയും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പരിധിയിലേക്ക് കൊണ്ടുവരണം.

11) കൃഷി ഓഫീസറുടെ ഒഴിവുകൾ വേഗത്തിൽ നികത്തേണ്ടതുണ്ട്.

12) കർഷകർക്ക് ക്ലീനിക്-ഫീൽഡ് തലത്തിൽ സേവനങ്ങൾ നൽകുന്നതിനായി എല്ലാ കൃഷിഭവനുകളിലും പ്ലാന്റ് ഹെൽത്ത് ക്ലീനിക്കുകൾ സ്ഥാപിക്കേണ്ടതുണ്ട്.

13) കൃഷിസംബന്ധിച്ച വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനായി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ലഭ്യമായ വിവരപ്രചരണ സംവിധാനങ്ങളും പ്രയോജനപ്പെടുത്താം.

14) കൃഷിഭവനുകളിൽ നിന്നും പരിശോധനാ ഫലങ്ങൾ വേഗത്തിൽ ലഭിക്കുന്നതിനായി ആർ.റ്റി.എസ് സമയമാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

15) വിവിധ പദ്ധതികൾക്കായി കർഷകരെ തെരഞ്ഞെടുക്കുന്നതിന് സുതാര്യമായ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ നടക്കുന്നുണ്ടെന്ന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്.

16) കൃഷിഭവന്റെ ഫലപ്രദമായ പ്രവർത്തനത്തിന് അടിസ്ഥാനസൗകര്യങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഒരുക്കേണ്ടതുണ്ട്.

17) കൃഷിഭവനിലെ ഉദ്യോഗസ്ഥരുടെയും കർഷകപ്രതിനിധികളുടെയും പങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വിളകലണ്ടർ തയ്യാറാക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

18) കൃഷി, ക്ഷീരവികസനം, മൃഗസംരക്ഷണം എന്നിവയുടെ വികസനം ചെയ്യുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വർഷത്തിലൊരിക്കൽ പ്രത്യേക ഗ്രാമസഭ/ വാർഡ്സഭ സംഘടിപ്പിക്കേണ്ടതുണ്ട്.

19) ഈ കമ്മീഷന്റെ എട്ടാമത്തെ റിപ്പോർട്ടിൽ ശുപാർശ ചെയ്തതുപോലെ, സംസ്ഥാനം ഒരു 'നീരൊഴുക്ക് അടിസ്ഥാനമാക്കി'യുള്ള വികസന പ്രക്രിയയിലേക്ക് കൂടുതൽ കാലതാമസമില്ലാതെ നീങ്ങേണ്ടതുണ്ട്.

20) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും കൃഷിഭവനും തമ്മിലുള്ള ബന്ധം പുനർ നിർവചിക്കണം.

## iv. മൃഗാശുപത്രികൾ

1) ഈ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾ രൂപകൽപ്പന ചെയ്യുമ്പോൾ, പങ്കാളിത്ത സമീപനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണം.

2) മൃഗഡോക്ടർ അല്ലെങ്കിൽ പാരാമെഡിക്കൽ സ്റ്റാഫിന്റെ അഭാവം കാരണം സേവനങ്ങൾക്ക് തടസ്സം ഒരു സാഹചര്യത്തിലും ഉണ്ടാകില്ലെന്ന് സർക്കാർ ഉറപ്പാക്കേണ്ടതുണ്ട്.

3) മൊബൈൽ സേവനങ്ങളിലൂടെയും ഫാംഗേറ്റ് പിന്തുണയിലൂടെയും കർഷകരുടെ പടിവാതിൽക്കൽ സേവനങ്ങൾ എത്തിക്കുന്നത് സർക്കാരിന് പരിഗണിക്കാം.

4) വകുപ്പുകളും ബ്ലോക്ക് പഞ്ചായത്തുകളും രാത്രി ശസ്ത്രക്രിയവിദഗ്ദരുടെ എല്ലാ ഒഴിവുകളും നികത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കണം. ബ്ലോക്ക് തലത്തിലെങ്കിലും രോഗനിർണ്ണയത്തിനും ശസ്ത്രക്രിയയ്ക്കും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് കൂടി വകുപ്പ് /ബ്ലോക്ക് പഞ്ചായത്ത് ഉറപ്പാക്കണം.

5) നിശ്ചിത സമയത്തും അതിനു പുറമെയും അടിയന്തിര വെറ്ററിനറി പരിചരണം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ഉണ്ടാകണം. റിപ്പോർട്ട് ചെയ്യപ്പെടുന്ന മെഡിക്കൽ പ്രശ്നങ്ങളുടെ തീവ്രതയനുസരിച്ച് അടിയന്തിര പരിചരണം നൽകുന്നതിനായി സമയമാനദണ്ഡങ്ങൾ നിശ്ചയിക്കുകയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വെറ്ററിനറി സെന്ററിനെയും പൗരാവകാശരേഖയിൽ ഉൾപ്പെടുത്തുകയും ചെയ്യാം.

6) ഓഫീസ് നടപടിക്രമങ്ങൾ, ഫയലിംഗ് സംവിധാനം അപേക്ഷകൾ കൈകാര്യം ചെയ്യുന്ന രീതി എന്നിവ പരിഷ്കരിക്കുന്നതിലൂടെ ഓഫീസ് ജോലികൾ കുറയ്ക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്. ഓഫീസ് ഫയൽ മാനേജ്മെന്റ് എന്നിവയ്ക്കായി ഇ.ആർ.പി കൊണ്ടുവരുന്നതിന്റെ സാദ്ധ്യത വകുപ്പ് പരിഗണിക്കേണ്ടതുണ്ട്.

7) വളർത്തു മൃഗ വ്യവസായത്തിന്റെ വർദ്ധിച്ചുവരുന്ന പ്രാധാന്യം തിരിച്ചറിഞ്ഞ് വകുപ്പ് അതനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്.

8) നന്നായി ചിട്ടപ്പെടുത്തിയ ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ സാദ്ധ്യതകൾ വകുപ്പ് കണ്ടെത്തി നടപ്പിലാക്കണം.

9) കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യങ്ങളുടെ ചുമതല തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായതിനാൽ റോഡ്, വിശ്രമസ്ഥലം, മൃഗങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയിലെല്ലാം ഈ സ്ഥാപനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ഏ.ആർ.സി ശുപാർശ ചെയ്യുന്നു.

10) നിലവിലെ രോഗനിരീക്ഷണ സംവിധാനം ദുർബലമായതിനാൽ, ആരോഗ്യവകുപ്പ് പിന്തുടരുന്ന രോഗനിരീക്ഷണ സംവിധാനം വകുപ്പിന് സ്വീകരിക്കാം.

11) ഭൂമിശാസ്ത്രപരമായ വിസ്തീർണ്ണം, മൃഗങ്ങളുടെ / പക്ഷികളുടെ സാന്ദ്രത, പ്രദേശത്തിന്റെ ഭൂ-സവിശേഷതകൾ തുടങ്ങിയ ഘടകങ്ങൾ അനുസരിച്ച് പ്രാദേശിക തലത്തിൽ സബ് സെന്ററുകളുടെയും എൽ.ഐ.എസിന്റെയും എണ്ണം നിശ്ചയിക്കേണ്ടതുണ്ട്.

12) ക്ഷീരവകുപ്പിൻറെയും ക്ഷീരസഹകരണസംഘത്തിന്റെയും പ്രവർത്തനങ്ങൾ മൃഗസംരക്ഷണവകുപ്പിന്റെ പ്രവർത്തനങ്ങളുമായി അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു. ആയതിനാൽ, ക്ഷീരകർഷകർക്കുള്ള സേവനപ്രദാനം മെച്ചപ്പെടുത്തുന്നതിനായി ഈ രണ്ടു വകുപ്പുകളുടെയും ഏകോപനം ആവശ്യമാണ്.

## V. ക്ഷീര വികസന ഓഫീസ്.

1) സേവനങ്ങൾക്കായി വകുപ്പ് മാനദണ്ഡങ്ങൾ വികസിപ്പിക്കുകയും, ബന്ധപ്പെട്ട അപ്പീൽ അധികാരികളുടെ വിവരങ്ങൾകൂടി ഉൾപ്പെടുത്തി സേവനാവകാശനിയമവും പൗരാവകാശരേഖയും പുതുക്കുകയും വേണം. സമയക്രമം പരിഷ്കരിക്കുമ്പോൾ, സാങ്കേതികവിദ്യയുടെ വർദ്ധിച്ച ഉപയോഗത്തോടെ സേവനങ്ങൾക്കായി ആവശ്യമായ യഥാർത്ഥ സമയം കൂടി പരിഗണിക്കണം.

2) ഫീൽഡ് തലത്തിൽ തത്സമയ ഡാറ്റ അപ്ഡേഷനുള്ള ഉപകരണങ്ങൾ ഉദ്യോഗസ്ഥർക്ക് വകുപ്പ് നൽകേണ്ടതുണ്ട്. ഇതിനായി ആവശ്യമായ പരിശീലനങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകണം.

3) പാവപ്പെട്ട കർഷകർക്ക് പ്രയോജനപ്പെടുന്ന പുതിയ പദ്ധതികൾ രൂപകൽപ്പന ചെയ്യാനുള്ള സാദ്ധ്യതകൾ വകുപ്പും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും പരിശോധിക്കണം.

4) പണപെരുപ്പം സബ്സിഡിയെ കാര്യമായി ബാധിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി പദ്ധതികളുടെ കോസ്റ്റ് എസ്റ്റിമേറ്റുകൾ വാർഷികമായി പുതുക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. സബ്സിഡി വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി വകുപ്പ് സബ്സിഡി വിതരണം ചെയ്യുന്നതിനുള്ള സമയമാനദണ്ഡങ്ങൾ നിശ്ചിയിക്കുക.

5) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി, സുതാര്യമായ പ്രക്രിയ അവലംബിക്കുകയും, തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പട്ടിക ബന്ധപ്പെട്ട വകുപ്പുകളുടെ വെബ്സൈറ്റുകളിലും നോട്ടീസ് ബോർഡുകളിലും പ്രദർശിപ്പിക്കുകയും വേണം.

6) എല്ലാ ഡി.ഇ.എസ്.ഒ കളെയും ബന്ധിപ്പിച്ചു കൊണ്ടുള്ള ഒരു ആപ്ലിക്കേഷൻ അധിഷ്ഠിത അപ്പോയ്മെന്റ് സംവിധാനത്തിന്റെ സാദ്ധ്യത വകുപ്പ് പരിശോധിക്കണം.

7) എല്ലാ ഡി.ഇ.എസ്.ഒ കളും ക്ഷീരസഹകരണ അംഗങ്ങൾക്കിടയിൽ മാത്രമല്ല, ക്ഷീര സഹകരണ ശൃംഖലയ്ക്കു പുറത്തുള്ള ക്ഷീരകർഷകർക്ക് ഫലപ്രദമായി വിവരങ്ങൾ ലഭ്യമാക്കണം.

8) സമകാലീന വിവരങ്ങൾ യഥാക്രമം പുതുക്കുന്ന വെബ്സൈറ്റിലൂടെ കൂടുതൽ വിവരങ്ങൾ നൽകുന്നതിനായി വകുപ്പ് ശ്രദ്ധിക്കേണ്ടതുണ്ട്.

9) ബ്ലോക്ക് തലത്തിൽ കർഷകർക്കായി പരിശീലനം/ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്ന നിലവിലെ രീതി പരിഷ്കരിച്ച് പകരം ഗ്രാമപഞ്ചായത്തു തലത്തിലാക്കി മാറ്റണം.

10) മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുകളും സംയോജിത പ്രവർത്തനങ്ങൾക്കായി സർക്കാർ മുൻകൈയെടുക്കണം. കർഷകരുടെ ആവശ്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ കൈമാറുന്നതിനുള്ള സംവിധാനം വെറ്ററിനറി സ്ഥാപനങ്ങൾക്കും, ഡി.ഇ.എസ്.ഒ കൾക്കും ക്ഷീര സഹകരണസ്ഥാപനങ്ങൾക്കുമിടയിൽ ഉണ്ടാകണം.

11) ഡി.എഫ്.ഐ കളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിരീക്ഷിക്കേണ്ടതുണ്ട്.

12) ക്ഷീരവികസന, മൃഗസംരക്ഷണ വകുപ്പുകൾ സംയുക്തമായി കന്നുകാലികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള പൊതുഡേറ്റ ബേസ് കൊണ്ടുവരണം.

**vi. മത്സ്യഭവനുകൾ**

1) മത്സ്യമേഖലയിലെ വിവിധ ഏജൻസികളുടെ എല്ലാ സേവനങ്ങളും ലഭ്യമാകുന്ന സിംഗിൾ വിൻഡോ സംവിധാനം ആയി മത്സ്യഭവനങ്ങൾ പ്രവർത്തിക്കേണ്ടതുണ്ട്.

2) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനമെന്ന നിലയിൽ ഗ്രാമപഞ്ചായത്തുകളുടേയും മത്സ്യഭവന്റെയും സേവനങ്ങൾ സമന്വയിപ്പിക്കുന്നതിനും മത്സ്യമേഖലയിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കു ന്നതിനുമായി ബ്ലോക്ക് പഞ്ചായത്തിൽ അവരുടെ അധികാരപരിധി ഉണ്ടായിരിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

3) മത്സ്യഭവനുകളിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പങ്കിനെക്കുറിച്ച് നിർവ്വചിക്കുന്നതിനും മത്സ്യമേഖലകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന ഇടപെടലുകളെക്കുറിച്ച് അറിയുന്നതിനുമായി മത്സ്യവകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പ് സംഘടിപ്പിക്കാവുന്നതാണ്.

4) അധികാര വികേന്ദ്രീകരണത്തിൽ വിഭാവനം ചെയ്ത പദ്ധതികൾ നടപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും മത്സ്യഭവനും തമ്മിലുള്ള കൂട്ടായ പ്രവർത്തനം അത്യാവശ്യമാണ്. മത്സ്യസമൂഹത്തിലെ പ്രതിനിധികളെ പദ്ധതി രൂപീകരണഘട്ടത്തിൽ ഉൾപ്പെടുത്തിയാൽ അവരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് പദ്ധതികൾ രൂപീകരിക്കാൻ സാധിക്കും.

5) മത്സ്യഭവനിലൂടെ നൽകുന്ന സേവനങ്ങളെല്ലാം സമന്വയിപ്പിച്ച് ഓൺലൈനിലൂടെ സുഗമമാക്കുന്നതിലൂടെ ജീവനക്കാരുടെ ഭരണച്ചുമതലകൾ കുറയ്ക്കുന്നതിനും ഫീൽഡ് പ്രവർത്തനങ്ങളിൽ കൂടുതൽ

ശ്രദ്ധ കേന്ദ്രീകരിക്കാനും സാധിക്കും. ഇതിനായി ഫിഷറീസ് വകുപ്പ് എഫ്.ഐ.എം എസി-ന്റെ സാധ്യത വർദ്ധിപ്പിക്കേണ്ടതുണ്ട്.

6) 'ഫണ്ടുകളുടെ ലഭ്യത' എന്ന നിബന്ധനകളില്ലാതെ സേവനാവകാശത്തിലെ സമയമാനദണ്ഡങ്ങൾ പുതുക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

7) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മത്സ്യവകുപ്പിന്റെയും പൗരാവകാശ രേഖയിൽ സേവനമാനദണ്ഡങ്ങൾ ഉൾപ്പെടുത്തേണ്ടതും അവരുടെ വെബ്സൈറ്റുകളിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്.

8) മൊബൈൽ സന്ദേശങ്ങൾ/ സോഷ്യൽമീഡിയ എന്നിവയിലൂടെ വളരെ ചിട്ടയോടുകൂടി വിവരങ്ങൾ പ്രചരിപ്പിക്കാം.

9) മത്സ്യഭവൻ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുമ്പോൾ, ഉൾനാടൻ മേഖലയിലെയും സമുദ്രവ്യത്യാസങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട്.

10) ഫണ്ടുകളുടെ അഭാവം മൂലം സേവനങ്ങളുടെ സമയബന്ധിതമായ വിതരണത്തെ ബാധിക്കില്ലെന്ന് ഉറപ്പാക്കുന്നതിനായി വർഷത്തിന്റെ തുടക്കത്തിൽ തന്നെ ഫണ്ടുകൾ നീക്കിവെയ്ക്കുക.

11) മത്സ്യത്തൊഴിലാളികൾ മത്സ്യഭവൻ സന്ദർശിക്കുന്നത് കുറയ്ക്കുന്നതിനായി സാധ്യമായ സേവനങ്ങളെല്ലാം ഓൺലൈനായോ, വാതിൽപ്പടിയിലോ നൽകുക. പണമടയ്ക്കുന്നതിനായി പ്രമോട്ടർമാരുടെ സേവനങ്ങളും പ്രയോജനപ്പെടുത്തണം.

12) കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായതിനാൽ ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തുനിന്ന് പ്രവർത്തിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്കു വേണ്ട സൗകര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകണമെന്ന് കമ്മിഷൻ ശുപാർശ ചെയ്യുന്നു.

13) മത്സ്യഫെഡിന്റെ പദ്ധതികൾ മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗത്തിൽ ചെലുത്തുന്ന സ്വാധീനം വിലയിരുത്തുന്നതിനായി വകുപ്പ് ഒരു പഠനം ഏറ്റെടുക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു. 'വ്യാസ'യിൽ ലഭ്യമായ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനും

ലഭ്യമായ ഉൽപ്പന്നങ്ങളുടെ ശ്രേണി വർദ്ധിപ്പിക്കാനും മത്സ്യഫെഡ് പ്രത്യേക ശ്രമങ്ങൾ നടത്തണം.

14) മത്സ്യബന്ധനവികസനത്തിനായി സംയോജിത സമീപനം സുഗമമാക്കുന്നതിന് അനുബന്ധവകുപ്പുകൾ തമ്മിലുള്ള ഏകോപനം ബ്ലോക്ക് പഞ്ചായത്തുകൾ ഉറപ്പാക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

15) സജീവമായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പദ്ധതികൾ ലഭ്യമാക്കുന്നതിനായി സജീവമല്ലാത്ത സംഘങ്ങളുടെ പുനരുജ്ജീവനത്തിനുള്ള പരിപാടികൾ മത്സ്യഫെഡ് സംഘടിപ്പിക്കണം.

16) മത്സ്യഭവനുകളുടെ അധികാര പരിധിയിൽ വിൽക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കണമെന്ന് ശുപാർശ ചെയ്യുന്നു. മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണം ഇപ്പോൾ ലൈഫ് മിഷനിലൂടെ നടപ്പിലാക്കുന്നതിനാൽ മോട്ടിവേറ്റേഴ്സിന്റെ നിയമനം നിർത്തലാക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

## III. Towards People centric service delivery from LSGIS.

1) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെയും ജീവനക്കാർക്കും ജനപ്രതിനിധികൾക്കും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സാമ്പത്തിക ഭരണപരമായ അധികാരം സംബന്ധിച്ച് ആശയക്കുഴപ്പം ഉള്ളതിനാൽ അതിനെ സംബന്ധിച്ച് വ്യക്തമായ ഒരു നിർവ്വചനം നൽകേണ്ടതുണ്ട്.

2) വകുപ്പുതല പദ്ധതികളെ മാറ്റങ്ങളില്ലാതെ സംസ്ഥാനത്തുടനീളം നടപ്പാക്കുന്ന പദ്ധതികൾ പ്രാദേശിക സാഹചര്യം പരിഗണിച്ച് മാറ്റങ്ങൾ അനുവദിക്കുന്ന പദ്ധതികൾ എന്നിങ്ങനെ രണ്ടായി തരംതിരിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

3) കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യശേഷി പ്രാദേശിക സാഹചര്യത്തിന് അനുയോജ്യമായ പദ്ധതികൾ തിരിച്ചറിയുന്നതിനും നടപ്പിലാക്കുന്നതിനുമായി ശക്തിപ്പെടുത്തേണ്ടതുണ്ട്.

4) കൈമാറ്റം ചെയ്യപ്പെട്ടവ ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എല്ലാ സേവനങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് പുതിയ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് മുൻകൈയെടുക്കണം. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പൗരാവകാശ രേഖയിൽ അത് നിയന്ത്രിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും സേവന മാനദണ്ഡങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട്.

5) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഓഫീസ് ഭരണകൂടത്തിന്റെ വ്യവസ്ഥ സംസ്ഥാന സർക്കാർ പുതുക്കേണ്ടതുണ്ട്.

6) ഓരോ തവണയും സേവനം ആവശ്യപ്പെടുമ്പോൾ, രേഖകൾ ആവർത്തിച്ച് സമർപ്പിക്കേണ്ടതിന്റെ ആവശ്യകത ഒഴിവാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനം നേടുന്നവരുടെ ഡാറ്റ യോജിപ്പിക്കേണ്ടതുണ്ട്.

7) സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള മീറ്റിംഗുകൾ, വർക്ക് ഷോപ്പുകൾ, പരിശീലനപരിപാടികൾ എന്നിവ കഴിയുന്നത്രയും ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുക.

8) നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിലൂടെയും ഓഫീസ് ഭരണം മെച്ചപ്പെടുത്തുന്നതിലൂടെയും ലാഭിക്കുന്ന സമയം യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുന്നതിനും ജനങ്ങൾക്ക് സമയബന്ധിതമായ സേവനം നൽകുന്നതിനും ചെലവഴിക്കാം.

9) പ്രാദേശികതലത്തിൽ വിവരങ്ങൾ പ്രചരിപ്പിക്കാൻ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുടെയും ഐ.ടിയുടെ മികച്ച ഉപയോഗത്തിലൂടെയും കൂടുതൽ ഫലപ്രദമാക്കേണ്ടതുണ്ട്.

10) പൊതുജനങ്ങൾക്ക് സ്ഥാപനങ്ങളിൽ എത്തുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടത്.

11) ഐ.എൽ.ജി.എം.എസിലൂടെ ലഭ്യമായ സേവനങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന്റെ അടിയന്തിര ആവശ്യമുണ്ട്.

12) വാർഡ്/ഡിവിഷൻ തലത്തിൽ സ്ഥാപിക്കുന്ന ഇ-ലേണിംഗ് സെന്ററിൽ എല്ലാ പൊതുജനങ്ങൾക്കും പ്രവേശനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവ സ്വീകരിക്കണം.

13) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ സേവനങ്ങളുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരികളായി പ്രവർത്തിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

14) എല്ലാവർഷവും കൃഷി അനുബന്ധ മേഖലകൾ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനു മാത്രമായി ഒരു ഗ്രാമസഭയെങ്കിലും വിളിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

15) ബന്ധപ്പെട്ട വകുപ്പുകൾ വ്യത്യസ്ത സന്ദർഭങ്ങളിൽ കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ ജീവനക്കാരുടെ ആവശ്യകത വീണ്ടും വിലയിരുത്തണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

16) കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിലെ പദ്ധതികളുടെയും ഇടപെടലുകളുടെയും വിശദാംശങ്ങൾ മാപ്പിംഗ് ചെയ്യുന്നതിനുള്ള ജി ഐ എസ് പ്ലാറ്റ്ഫോം സംസ്ഥാന തലത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. പ്രാദേശിക തലത്തിൽ ആസൂത്രണത്തിനായി ജി ഐ എസ് ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നൽകണം.

17) ക്ഷീരസഹകരണ യൂണിറ്റിന്റെയും മത്സ്യഭവന്റെയും പ്രവർത്തനങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്തുകൾ ഉറപ്പാക്കേണ്ടതുണ്ട്.

18) കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളും ഐ എസ് ഒ സർട്ടിഫിക്കേഷന്റെ പരിധിയിലേക്ക് കൊണ്ടുവരേണ്ടതുണ്ട്.

19) സേവന പ്രദാനവുമായി ബന്ധപ്പെട്ട് മികച്ച പ്രകടനം കാഴ്ചവെയ്ക്കുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് അവാർഡ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കണം.

20) അനുഭവങ്ങൾ പങ്കിടുന്നതിനായി തദ്ദേശസ്വയംഭരണവകുപ്പ് സെമിനാറുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുന്നതിനോടൊപ്പം മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് സന്ദർശനങ്ങളും ഒരുക്കണം.

21) മേൽപ്പറഞ്ഞ എല്ലാ ശുപാർശകളും പങ്കാളിത്ത ഭരണതത്ത്വത്തെ അടിസ്ഥാനമാക്കിയുള്ളതാണ് ഭരണഘടനയുടെ 73, 74 ഭേദഗതികളുടെ ആശയങ്ങളെയും കാഴ്ചപ്പാടുകളെയും കുറിച്ച് ജനപ്രതിനിധികൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി അടിയന്തിര നടപടികൾ കൈക്കൊള്ളണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അവബോധ പ്രചാരണം മാദ്ധ്യമങ്ങളിലൂടെ ഐ ആന്റ് പി ആർ ഡി യ്ക്ക് സംഘടിപ്പിക്കാം.

## 4.11 e-Governance (11th Report)

ഫലപ്രദവും ജനസൗഹൃദപരവും ധാർമ്മികവും സുതാര്യവുമായ സിവിൽ സർവ്വീസ്, വേഗതയും കൃത്യതയും അക്കൗണ്ടബിലിറ്റിയും ഉറപ്പാക്കുന്ന ഭരണ സംവിധാനം എന്നീ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് വിവര സാങ്കേതികവിദ്യയുടേയും അനുബന്ധ ശാസ്ത്ര സാങ്കേതിക സൗകര്യങ്ങളുടെയും ഗുണപരമായ ഉപയോഗപ്പെടുത്തൽ അത്യന്താപേക്ഷിതമാണ്. ഇതിനായി വിവരസാങ്കേതികവിദ്യയുടെ ഉപയോഗം പരമാവധി ഉറപ്പുവരുത്തേണ്ടതുണ്ട്. സേവന പ്രദാനത്തിന്റെ എല്ലാ മേഖലയിലും ഐ.ടിയുടെ ഉപയോഗം പ്രായോഗികമാക്കാനുള്ള പഠനങ്ങൾ നടത്തുക എന്നത് കമ്മീഷന്റെ സമീപന രേഖയുടെ ഭാഗമാണ്.

ഈ വിഷയവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി കമ്മീഷനെ സഹായിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കി ശുപാർശകൾ രൂപപ്പെടുത്തുന്നതിനും പഠന മേഖലയിൽ പരിജ്ഞാനമുള്ള ശ്രീ. പ്രമോദ് വി.ആർ. (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ലീഗൽ മെട്രോളജി വകുപ്പ്, തിരുവനന്തപുരം), ശ്രീ. അനൂപ് എം. ആർ. (സെക്ഷൻ ഓഫീസർ, ആരോഗ്യ കുടുംബക്ഷേമ (എച്ച്) വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം), ശ്രീ. സന്തോഷ് കുമാർ എസ്. (സീനിയർ കൺസൾട്ടൻറ്, സ്റ്റേറ്റ് ഇ-ഗവേണൻസ് മിഷൻ ടീം, തിരുവനന്തപുരം), ശ്രീ. ജയചന്ദ്രൻ എം.ബി. (സീനിയർ ടെക്നോളജി ഓഫീസർ, IIITM-K, തിരുവനന്തപുരം), ശ്രീ. ബിനു കുമാർ എൻ.എസ്. (അസിസ്റ്റൻറ് സെക്ഷൻ ഓഫീസർ, ഐ.ടി. സെൽ വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം), ശ്രീ. അരുൺ എം. (പ്രോഗ്രാം ഹെഡ്, KSDI) ശ്രീ. സുമേഷ് ദിവാകരൻ (പ്രൊഫസർ, ഗവ.എഞ്ചിനീയറിംഗ് കോളേജ്, തിരുവനന്തപുരം), ശ്രീ. ജോസഫ് സി. മാത്യു (മുൻ ഐ.ടി. ഉപദേഷ്ടാവ്) എന്നിവരെ ഉൾപ്പെടുത്തി വിദഗ്ധ സമിതി രൂപീകരിച്ചു. 29.04.2019-ൽ കൂടിയ ആദ്യ യോഗത്തിൽ പഠനത്തിന്റെ ആശയക്കുറിപ്പ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ, രീതിശാസ്ത്രം എന്നിവ ഉൾപ്പെടുത്തി തയ്യാറാക്കുവാൻ തീരുമാനിച്ചു.

തയ്യാറാക്കിയ കരട് ആശയക്കുറിപ്പ് അംഗീകരിക്കുന്നതിനും, പഠനത്തിൽ സ്വീകരിക്കേണ്ട തുടർനടപടികളെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നതിനുമായി 13.06.2019, 25.07.2019, 03.09.2019 തീയതികളിൽ വിദഗ്ധ സമിതി അംഗങ്ങളുടെ കൂടിയാലോചനാ യോഗങ്ങൾ നടത്തി.

2019 സെപ്റ്റംബർ 30, ഒക്ടോബർ 5 എന്നീ തീയതികളിൽ തിരഞ്ഞെടുത്ത വകുപ്പുകളിലെ നോഡൽ ഓഫീസർ (ഐ.ടി.) മാരുടെ യോഗം വിളിച്ചു ചേർത്തു. പ്രസ്തുത യോഗത്തിനു മുന്നോടിയായി വിദഗ്ധ സമിതി അംഗങ്ങൾ തയ്യാറാക്കിയ Online Template

(Excel Worksheet for Data Collection) വകുപ്പ മേധാവികൾക്കു നൽകുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. പഠനത്തിന്റെ ഭാഗമായി ജനങ്ങൾക്ക് സേവനം നൽകുന്ന റവന്യൂ രജിസ്ട്രേഷൻ, സർവ്വേ, മോട്ടോർ വെഹിക്കിൾ, സിവിൽ സപ്ലൈസ്, വ്യവസായം, പോലീസ്, ആരോഗ്യം, തദ്ദേശശ്വയംഭരണ സ്ഥാപനങ്ങൾ, ജലം, ഊർജ്ജം, സാമൂഹ്യ നീതി, മൃഗസംരക്ഷണം, കാർഷിക വികസന കാർഷിക ക്ഷേമം, ക്ഷീര വികസനം തുടങ്ങിയ പ്രധാന വകുപ്പുകൾ/ഏജൻസികളുമായി 2019 സെപ്റ്റംബർ 31, ഒക്ടോബർ 5 തീയതികളിൽ ചർച്ചകൾ നടത്തി.

'Total Solution Providers' ആയിട്ടുള്ള സംസ്ഥാനത്തെ വിവിധ സ്ഥാപനങ്ങളായ NIC, KELTRON, IKM, Uralungal Labour Contract Society, C-DIT, C-DAC, IHRD, LBS, SIDCO, IMG എന്നിവയുടെ പ്രതിനിധികളുമായുള്ള ചർച്ച 31.10.2019-ൽ സംഘടിപ്പിച്ചു. TSP കളുടെ പ്രവർത്തനം സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ, നൽകുന്ന സേവനങ്ങൾ, ലക്ഷ്യങ്ങൾ നേടുന്നതിൽ ഈ സ്ഥാപനങ്ങൾ നേരിടുന്ന പരിമിതികളും ബുദ്ധിമുട്ടുകളും, അവ മറികടക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങളെക്കുറിച്ചും വിശദമായ ചർച്ചകൾ നടത്തി. പഠനവുമായി ബന്ധപ്പെട്ട് ഐ.ടി. മിഷൻ ഡയറക്ടറുമായി 19.11.2019-ൽ ചർച്ച നടത്തി.

ഇ-ഗവേണൻസ് എന്ന വിഷയത്തിൽ ഏറെ സാങ്കേതിക, പ്രായോഗിക പരിജ്ഞാനം റിപ്പോർട്ട് തയ്യാറാക്കുന്നതിന് അത്യന്താപേക്ഷിതമായതിനാൽ റിസർച്ച് അസിസ്റ്റന്റുമാരുടെ സേവനം റിപ്പോർട്ട് തയ്യാറാക്കുന്നതിനായി വിനിയോഗിച്ചു. തിരഞ്ഞെടുത്ത ഇ-ഗവേണൻസ് ആപ്ലിക്കേഷനുകളെക്കുറിച്ചുള്ള ഫീൽഡ് സ്റ്റഡികൾ പഠനത്തിന്റെ ഭാഗമായി നടത്തി. ഇ-ഗവേണൻസിന്റെ വിവിധ വശങ്ങളെക്കുറിച്ച് കൂടുതൽ ആഴത്തിൽ മനസ്സിലാക്കുന്നതിനും, ഇ-ഗവേണൻസുമായി ബന്ധപ്പെട്ട് പൗരന്മാരും സേവനദാതാക്കളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും തടസ്സങ്ങളും മനസ്സിലാക്കുന്നതിനുമായി കമ്മീഷൻ ഇ-സർട്ടിഫിക്കറ്റ്, ഇ-ഹെൽത്ത് എന്നിങ്ങനെ രണ്ട് വ്യത്യസ്ത പദ്ധതികൾ വിശകലനം ചെയ്തു. കേരളത്തിലെ മൂന്ന് വ്യത്യസ്ത ജില്ലകളിൽ നിന്നുള്ള ആറ് ഗ്രാമങ്ങളെ സർവ്വേയുടെ ഭാഗമായി തെരഞ്ഞെടുത്തു. വിവരശേഖരണത്തിന്റെ ഭാഗമായി വ്യക്തിഗതവിവര ശേഖരണവും ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും സംഘടിപ്പിച്ചു.

Department of Administrative Reforms and Public Grievances (DARPG), Institute of Management in Government (IMG) എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് ഭരണ പരിഷ്കാര കമ്മീഷൻ 2019 ആഗസ്റ്റ് 26, 27 തീയതികളിൽ 'e-governance for Better Governance' എന്ന ദേശീയ ശില്പശാല സംഘടിപ്പിച്ചു. സർക്കാർ നൽകുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി രാജ്യത്തുടനീളം നടപ്പാക്കിയ ഇ-ഗവേണൻസ്

സംരംഭങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പങ്കിടുന്നതിന് ശില്പശാലയിലൂടെ സാധിച്ചു. രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും, കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള പ്രഭാഷകരും പ്രതിനിധികളും അവരുടെ അഭിപ്രായങ്ങളും, കാഴ്ചപ്പാടുകളും ആശയങ്ങളും ശില്പശാലയിൽ പങ്കിട്ടു.

റിസർച്ച് അസിസ്റ്റന്റുമാർ തയ്യാറാക്കിയ കരട് റിപ്പോർട്ടിന്മേൽ വിദഗ്ധ സമിതി അംഗങ്ങൾക്കുള്ള അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ ശേഖരിക്കുന്നതിനായി 05.02.2020-നും 07.10.2020-നും വിദഗ്ധ സമിതി അംഗങ്ങളുടെ യോഗം വിളിച്ചു ചേർത്തു. യോഗത്തിൽ തീരുമാനിച്ചതു പ്രകാരം കരട് റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ/തിരുത്തലുകൾ വരുത്തി വിദഗ്ധ സമിതി അംഗങ്ങൾ തയ്യാറാക്കിയ അന്തിമ റിപ്പോർട്ട് കമ്മീഷനു സമർപ്പിച്ചു. ഇതോടൊപ്പം ഇ-ഗവേണൻസ് നയം സംബന്ധിച്ച ശുപാർശകളും കൂടി കൂട്ടിച്ചേർത്തതും രണ്ട് ഭാഗങ്ങളോട് കൂടിയതുമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

## പ്രധാനശുപാർശകൾ

### I. ഇ-ഗവേണൻസ് ഫ്രെയിംവർക്ക്

1) Kerala State IT Mission (KSITM), Information Kerala Mission (IKM) എന്നിവയെ യോജിപ്പിച്ച് ഒറ്റസ്ഥാപനമാക്കുക. പുതിയ സ്ഥാപനത്തെ ഭാവി ഐ ടി ആവശ്യകതകൾ തൃപ്തിപ്പെടുത്താനുതകുംവിധം രൂപകൽപ്പന ചെയ്യുക. ടി സ്ഥാപനത്തിലെ 20% ജീവനക്കാരെ എല്ലാവർഷവും മാറ്റി നിയമിക്കുക. ഒരേ ജീവനക്കാരനെ തുടർച്ചയായി പരമാവധി 5 വർഷം മാത്രം നിയമിക്കുക. ഐ ടി വ്യവസായ മേഖലയിൽ പ്രാബല്യത്തിലുള്ള വേതനം ജീവനക്കാർക്ക് നൽകുക. യോഗ്യത, തൊഴിൽ നൈപുണ്യം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം നിയമനം. മേൽപ്പറഞ്ഞ പ്രകാരം, രണ്ട് സ്ഥാപനങ്ങളെ (KSITM, IKM) സംയോജിപ്പിക്കുന്നില്ലായെങ്കിൽ KSITM നെ ഇ-ഗവേണൻസ് മേഖലയിലെ ഉന്നതാധികാര സ്ഥാപനമായി പരിവർത്തിപ്പിക്കുക. മറ്റെല്ലാ TSP (Total Service Providers) നെയും KSITM നു കീഴിൽ കൊണ്ടുവരിക.

2) സർക്കാരിനു വേണ്ടിയുള്ള വെബ്-ആപ്ലിക്കേഷനുകൾ, മൊബൈൽ ആപ്ലിക്കേഷനുകൾ എന്നിവ രൂപകൽപ്പന ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതു വരെയുള്ള പ്രവർത്തനങ്ങളുടെ മേൽനോട്ടം, KSITM ന്റെ നേതൃത്വത്തിൽ രൂപീകരിക്കുന്ന ഉന്നതതല സമിതിക്ക് നൽകുക.

3) പ്രധാന ഐ ടി പ്രോജക്ടുകൾ ഒരു വിദഗ്ധ സമിതിയുടെ ഓഡിറ്റിനു വിധേയമാക്കി, ജി പി ആർ മാതൃകാപ്രവർത്തനരീതികൾ എന്നിവ ശരിയാംവണ്ണം ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നത് പരിശോധിക്കുക.

4) 'TSP Norms' പുനർനിശ്ചയിക്കുക സർക്കാർ റ്റി എസ് പി കളുടെ ഒരു ഗ്രിഡ് രൂപീകരിക്കുക, വകുപ്പുകൾക്കാവശ്യമായ ഐ ടി ആപ്ലിക്കേഷനുകൾ തയ്യാറാക്കുന്നതിന് ഓപ്പൺ ടെണ്ടറുകളിലൂടെ റ്റി.എസ്.പി -കളെ തെരഞ്ഞെടുക്കുക. തെരഞ്ഞെടുക്കപ്പെട്ട ടെണ്ടർ/റ്റി.എസ്.പി-യുമായി വകുപ്പുകൾ, നിയമപരമായ എല്ലാ ഉത്തരവാദിത്വങ്ങളും വ്യക്തമാക്കുന്ന രീതിയിൽ തയ്യാറാക്കിയ SLA (Service Level Agreement) ഒപ്പിടുക.

5) NIC യുടെ പ്രവർത്തനം കാലാനുസൃതമായി പരിഷ്കരിക്കുക.

6) ഉപയോക്താവിന്റെ ആവശ്യങ്ങൾ കൃത്യമായി മനസ്സിലാക്കി, 'Government Process Re-engineering' ആശയങ്ങളെ ഉൾക്കൊണ്ടുകൊണ്ട് 'user Acceptance TOSA' നടത്തി മാത്രം ആപ്ലക്കേഷനുകൾ തയ്യാറാക്കി ഉപയോഗിക്കുക. സോഴ്സ് കോഡുകളുടെ ഉടമസ്ഥത സർക്കാരിൽ നിക്ഷിപ്തമാക്കുക. ആവശ്യമുള്ള പക്ഷം, ഒരേ ആപ്ലിക്കേഷനുകൾ, ഒന്നിലധികം വകുപ്പുകളിൽ ഉപയോഗിക്കുന്നത് അനുവദിക്കുക. Software change Management process, 'Version Control' എന്നിവ KSITM മുഖേന ഉറപ്പാക്കുക. പ്രോസസ് റീ എഞ്ചിനീയറിംഗ്, വർക്ക് സ്റ്റഡി എന്നിവയിൽ ഐടി സാധ്യതകളെ കൂടി ഉൾപ്പെടുത്തുക.

7) കാര്യക്ഷമതയുള്ള 'Inter Departmental Data Sharing frame work' , 'Open Data Policy frame work', എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കുക.

8) ഉപയോഗത്തിലില്ലാത്തതും, ഉപയോഗക്ഷമമല്ലാത്തതുമായ ആപ്ലിക്കേഷനുകൾ, സ്റ്റേറ്റ് ഡാറ്റ സെന്ററിൽ നിന്ന് നീക്കം ചെയ്യുക.

9) End to end ഇ-സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്ന രീതിയിൽ ഇ-ഗവേണൻസ് സംവിധാനത്തെ ശക്തിപ്പെടുത്തുക. അക്ഷയകേന്ദ്രങ്ങൾ പോലെയുള്ള സേവനദാതാക്കളുടെ സഹായമില്ലാതെ പൊതുജനങ്ങൾക്ക് ഇ-സേവനങ്ങൾ നേരിട്ട് സർക്കാരിൽ നിന്ന് സ്വീകരിക്കുവാൻ സാധിക്കുന്ന വിധത്തിൽ, ഇ-ഗവേണൻസ് പദ്ധതികൾ രൂപപ്പെടുത്തി നടപ്പിലാക്കണം. പൊതുജനങ്ങളുമായി ഏറ്റവും കൂടുതൽ സംവദിക്കുന്ന വകുപ്പുകളിൽ

ഉപയോഗിക്കുന്ന ഇ-ആപ്ലിക്കേഷനുകളുടെ 'user interface' അടിയന്തിരമായി മെച്ചപ്പെടുത്തുക.

10) എല്ലാ വകുപ്പുകളിലും ഐ ടി സെൽ, വെർച്ച്വൽ ഐ ടി കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുക. ഇവിടങ്ങളിൽ ഐ ടി യോഗ്യതയുള്ള ജീവനക്കാരെ നിയോഗിക്കുകയും തുടർ പരിശീലനങ്ങൾ നൽകുകയും ചെയ്യുക. പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിൽ എല്ലാ ജീവനക്കാർക്കും മതിയായ പരിശീലനം നൽകുക. സർക്കാർ ഐ ടി സ്ഥാപനങ്ങൾ ട്രെയിനിംഗ് സ്ഥാപനങ്ങൾ എന്നിവയിൽ ഇത്തരത്തിലുള്ള കോഴ്സുകൾ ആരംഭിക്കുക. പൊളിറ്റിക്കൽ, പോളിസി തലത്തിൽ പ്രവർത്തിക്കുന്നവർക്കും ഇ-ഗവേണൻസ് പ്രോജക്ടുകൾ സംബന്ധിച്ച് അവബോധം സൃഷ്ടിക്കാനുതകുന്ന പരിശീലനങ്ങൾ നൽകുക.

11) നാഷണൽ ഇ-ഗവേണൻസ് പ്രോഗ്രാമിനു (NEGP) കീഴിലുള്ള SSDG (State Service Delivery Gateway) പുനരുജ്ജീവിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുക. ഇതിലൂടെ e-governance Service കൾക്കായി 'Single Point Access' ഒരുക്കിയെടുക്കാൻ സാധിച്ചാൽ, ഇ-ഗവേണൻസിൽ കുതിച്ചുചാട്ടത്തിനു വഴിയൊരുക്കും.

12) എം-ഗവേണൻസ് പ്രോത്സാഹിപ്പിക്കുക. Unified Mobile Application for New Age Governance (UMANG) എന്നിവ കേന്ദ്രസർക്കാരിന്റെ All-in-one single unified secure multi channel, Multi Platform, Multi lingual service freeware Mobile App- സംസ്ഥാനത്ത് പ്രയോജനപ്പെടുത്തുക.

## II. ഇ-ഗവേണൻസ് അടിസ്ഥാന സൗകര്യങ്ങൾ

1) സ്റ്റേറ്റ് ഡാറ്റാ സെന്ററിലെ 'Cloud Infrastructure facility' പരമാവധി പ്രയോജനപ്പെടുത്തുക. വകുപ്പുകൾ അനാവശ്യമായി സോഫ്റ്റ് വെയർ/ഹാർഡ് വെയർ വാങ്ങിക്കുന്നത് നിയന്ത്രിക്കുക. പ്രത്യേക സുരക്ഷ ആവശ്യമില്ലാത്ത എല്ലാ ആപ്ലിക്കേഷനുകളും Cloud virtualized പ്ലാറ്റ്ഫോമുകളിലേക്ക് മാറ്റുക. ആവശ്യാനുസരണം സ്റ്റോറേജ് അനുവദിക്കുക.

2) ആപൽഘട്ടങ്ങളിൽ ഡാറ്റയുടെ സുരക്ഷിതത്വം, സേവനങ്ങളുടെ നൈരന്തര്യം എന്നിവ ഉറപ്പാക്കുന്നതിന് 'Business continuity plan and Disaster Recovery Infrastructure' സ്ഥാപിക്കുക.

3) ഇ-ഗവേണൻസ് സേവനങ്ങൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിന് ഉന്നത നിലവാരത്തിലുള്ള കണക്ടിവിറ്റി പ്രദാനം ചെയ്യുക.

4) Integrated Citizen Cell Centers ആരംഭിക്കുക.

**III. ഡാറ്റാ സെക്യൂരിറ്റി, പ്രൈവസി**

1) വ്യക്തിപരമായ വിവരങ്ങൾ, വ്യക്തിയുടെ സമ്മതമില്ലാതെ, ഉപയോഗിക്കരുത്.

2) വ്യക്തിപരമായി തിരിച്ചറിയപ്പെടാവുന്ന വിവരങ്ങൾ ഉചിത മാർഗ്ഗേന മറച്ചുവെച്ചതിനുശേഷം മാത്രം അത്തരം വിവരങ്ങൾ ശാസ്ത്രീയ പഠന ഗവേഷണപ്രവർത്തനങ്ങൾക്ക് നൽകുക.

3) വിശ്വസനീയമായ സുരക്ഷാസംവിധാനങ്ങൾ, വിവര സുരക്ഷയ്ക്കായി ഉപയോഗപ്പെടുത്തുക. ദീർഘകാലം സൂക്ഷിക്കേണ്ട വ്യക്തിവിവരങ്ങൾ 'Encrypted' രൂപത്തിൽ സൂക്ഷിക്കുക.

4) ഉദ്യോഗസ്ഥർ അവരുടെ Authentication Details, സുരക്ഷിതമായി കൈകാര്യം ചെയ്യാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുക.

5) ഡാറ്റ ഇന്റഗ്രറ്റി സംരക്ഷിക്കപ്പെടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

6) Back-up, Recovery സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി, ഡാറ്റ നഷ്ടപ്പെടുന്നത് ഒഴിവാക്കുക.

7) ശക്തമായ 'Application Programming Interface' ഉപയോഗപ്പെടുത്തി ശേഖരിച്ച് സൂക്ഷിക്കുന്ന വിവരങ്ങളിലേക്കുള്ള നുഴഞ്ഞുകയറ്റം തടയുക.

8) സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസൃതമായി വിവരസാങ്കേതികവിദ്യാ രംഗത്ത് അടിസ്ഥാന സൗകര്യവികസനം നടത്തണം.

9) സെക്യൂരിറ്റി ഓഡിറ്റ് നടത്തിയതിനുശേഷം മാത്രം സോഫ്റ്റ് വെയറുകൾ സർക്കാർ വകുപ്പുകളിൽ ഉപയോഗിക്കുക. സെക്യൂരിറ്റി ഓഡിറ്റിന് സ്ഥിരം സംവിധാനം സ്ഥാപിക്കുക.

10) എല്ലാവകുപ്പുകൾക്കും പൊതുവായി ഉപയോഗിക്കത്തക്കവിധത്തിൽ 'Single Data Repository' രൂപീകരിക്കുക. വകുപ്പുകൾ തമ്മിലുള്ള ഡാറ്റാ കൈമാറ്റം കാര്യക്ഷമമാക്കുക.

### IV. ഇ-സർട്ടിഫിക്കറ്റുകൾ

അക്ഷയകേന്ദ്രങ്ങൾ പോലെയുള്ള Common Service Centre (CSC) ന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക. ഇവയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ജീവനക്കാരുടെ പെരുമാറ്റം ജനസൗഹാർദ്ദപരമാക്കി മാറ്റുക. പോസ്റ്റ് ഓഫീസ്, പൊതു ലൈബ്രറികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ എന്നിവയെ CSC ആക്കി മാറ്റുക.

(ഇ-ഗവേണൻസ് സംബന്ധിച്ച മേൽപ്പറഞ്ഞ റിപ്പോർട്ടിൽ രണ്ട് ഭാഗങ്ങളാണുള്ളത്. ഇതിൽ ആദ്യ ഭാഗത്തെ ശുപാർശകളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. റിപ്പോർട്ടിന്റെ രണ്ടാം ഭാഗത്ത് ഇ-ഗവേണൻസിനുള്ള നയപരം/നിയമപരം ആയ ഒരു ചട്ടക്കൂടിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നു)

## 4.12 Finance and Planning (12th Report)

ഭരണ പരിഷ്കാരകമ്മീഷന് സർക്കാർ നിശ്ചയിച്ച് നൽകിയ ടേംസ് ഓഫ് റഫറൻസിലും, കമ്മീഷന്റെ സമീപന രേഖയിലും ഉൾപ്പെട്ടു വരുന്ന പഠന മേഖലയാണ് ധനകാര്യവും ആസൂത്രണവും. ഭരണ പരിഷ്കാര കമ്മീഷന്റെ സമീപന രേഖയിലെ നാലാമത് പഠന മേഖലയായി ഉൾപ്പെടുത്തിയ 'ധനകാര്യവും ആസൂത്രണവും' എന്ന വിഷയത്തിൽ പഠനം നടത്താൻ കമ്മീഷൻ തീരുമാനിക്കുകയും 2019 സെപ്റ്റംബർ മാസത്തിൽ നടപടികൾ ആരംഭിക്കുകയും ചെയ്തു.

ഒരു സ്റ്റേറ്റിന്റെ ബഹുമുഖ സുസ്ഥിര വികസനത്തിന്റെ അടിസ്ഥാന ശിലയാണ് സാമ്പത്തികാസൂത്രണം. ധനകാര്യ മാനേജ്മെന്റിലെ പരിഷ്കരണങ്ങൾ, സംസ്ഥാനത്തിന്റെ പൊതു മുൻഗണനകളെ പുന:ക്രമീകരിക്കുതിനും, നയ പരിപാടികൾ രൂപപ്പെടുത്തുതിൽ വ്യക്തത വരുത്തുന്നതിനും, സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനും ഏറെ സഹായിക്കും. റിയലിസ്റ്റിക് ബഡ്ജറ്റ്, നടപടി ക്രമങ്ങളുടെ ലഘൂകരണം, ധനകാര്യ അധികാരങ്ങളുടെ പ്രത്യായോജനം, സാമ്പത്തിക ആസൂത്രണം, Integrated Planning, ദീർഘകാലത്തേക്കുള്ള ശാസ്ത്രീയമായ Planning, എന്നിവ പഠന വിഷയങ്ങളായി ഉൾപ്പെടുത്തി.

പഠനത്തിന്റെ സാധ്യതകൾ, പഠന രീതി, പഠനത്തിൽ ഉൾപ്പെടുത്തേണ്ട മേഖലകൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന ആശയ കുറിപ്പ് തയ്യാറാക്കി, ചർച്ച ചെയ്ത് അന്തിമ രൂപത്തിൽ തയ്യാറാക്കുക, പഠനത്തിൽ കമ്മീഷനെ സഹായിക്കുന്നതിന് ഒരു വിദഗ്ധ സമിതി രൂപീകരിക്കുക, പഠനത്തിന്റെ ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു രൂപരേഖ തയ്യാറാക്കുക, എന്നീ ലക്ഷ്യങ്ങളോടെ വിഷയ പരിജ്ഞാനമുള്ള വ്യക്തികളുമായി ഒരു പ്രാഥമിക കൂടിയാലോചന 14.05.2019 -ൽ ചേർന്നു. ടി യോഗത്തിൽ, പഠനത്തിൽ ഉൾപ്പെടുത്തേണ്ട മേഖലകൾ സംബന്ധിച്ച് തീരുമാനിച്ചു. കൂടാതെ പഠനത്തിൽ കമ്മീഷനെ സഹായിക്കുന്നതിന് ഈ മേഖലയിൽ പ്രാവീണ്യമുള്ള ഏതെങ്കിലും സ്ഥാപനങ്ങളുടെ പിന്തുണ തേടുന്നതിനും തീരുമാനിച്ചു.

താഴെ പറയുന്ന വിഷയ വിദഗ്ധരെ ഉൾപ്പെടുത്തി, പഠനത്തിൽ കമ്മീഷനെ സഹായിക്കുന്നതിനും, പഠനത്തിന് ദിശാ ബോധം നൽകുന്നതിനുമായി ഒരു വിദഗ്ധ സമിതി രൂപീകരിച്ചു.

ശ്രീ.കെ.ബി. ബാഹുലേയൻ, അഡീഷണൽ സെക്രട്ടറി, ജി.എ.ഡി (റിട്ട.)

ശ്രീമതി. ഗായത്രി നായർ, ഐ.ഇ.എസ്, സാമ്പത്തിക ഉപദേഷ്ടാവ്, പ്ലാനിംഗ് ബോർഡ്.

ശ്രീ. എം. ഗിരീശ് കുമാർ, സ്പെഷ്യൽ സെക്രട്ടറി (റിട്ട.)

ശ്രീ. ഗോപകുമാർ പി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

ശ്രീമതി. പി. ജയലക്ഷ്മി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

ശ്രീ. കുമാർ.സി.പിള്ള, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

ശ്രീ. ഡി. പ്രശാന്ത്, ചീഫ് (റിട്ട.), സംസ്ഥാന ആസൂത്രണ ബോർഡ്

ശ്രീ. എം. രാധാകൃഷ്ണൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് (റിട്ട.)

ശ്രീ. രാജൻ നായർ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് (റിട്ട.)

ശ്രീ. എസ്.ആർ.സനൽകുമാർ, ജോയിൻറ് ഡയറക്ടർ, സംസ്ഥാന ആസൂത്രണ ബോർഡ്

ഡോ.എം.സുരേഷ് കുമാർ, ജോയിന്റ് ഡയറക്ടർ (റിട്ട.), സംസ്ഥാന ആസൂത്രണ ബോർഡ്

ശ്രീ. ഉദയഭാനു കണ്ടേത്ത്, സീനിയർ ഓഡിറ്റ് ഓഫീസർ, (റിട്ട.) അക്കൗണ്ടന്റ് ജനറൽ ഓഫീസ്

കൂടാതെ, ശ്രീ. കെ.എം.ചന്ദ്രശേഖർ (ഐ.എ.എസ് - റിട്ട.), ചെയർപേഴ്സൺ സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം, പ്രൊഫ.സുനിൽ മാണി, ഡയറക്ടർ, സി.ഡി.എസ് എന്നിവരുടെ ഉപദേശ നിർദ്ദേശങ്ങളും, റിപ്പോർട്ട് തയ്യാറാക്കുന്നതിൽ കമ്മീഷൻ സ്വീകരിച്ചു.

ശ്രീ. കെ.എം.ഏബ്രാഹാം, ചീഫ് സെക്രട്ടറി (റിട്ട.) - നൽകിയ മാർഗ്ഗ നിർദ്ദേശങ്ങൾ പഠനത്തെ ഏറെ സഹായിച്ചു. ശുപാർശകൾ രൂപപ്പെടുത്തുന്നതിലും റിപ്പോർട്ട് തയ്യാറാക്കുന്നതിലും ശ്രീ. കെ.എം.ഏബ്രാഹാമിന്റെ വിലപ്പെട്ട സഹായങ്ങൾ കമ്മീഷന് ലഭ്യമായി.

18.06.2019 -ന് വിദഗ്ധ സമിതി അംഗങ്ങളുടെ രണ്ടാമത് യോഗം വിളിച്ചു ചേർത്തു. പഠനത്തിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ട മേഖലകൾ ചർച്ച ചെയ്ത് വിപുലപ്പെടുത്തി. പഠനത്തിന്റെ തുടർ പ്രവർത്തനങ്ങൾക്കായി, വിഷയാടിസ്ഥാനത്തിൽ വിദഗ്ധ സമിതി അംഗങ്ങളെ മൂന്ന് ഉപസമിതികളായി തിരിച്ചു. ഓരോ ഉപസമിതിയും പഠന വിധേയമാക്കേണ്ട മേഖലകൾ താഴെ ചേർത്തിരിക്കുന്ന പ്രകാരം വിഭജിച്ചു.

ഉപസമിതികൾ സമയബന്ധിതമായി യോഗം ചേർന്ന് നിശ്ചയിച്ചു നൽകിയിരിക്കുന്ന പഠന വിഷയങ്ങളിൽ വിവര ശേഖരണം നടത്തി കരട് റിപ്പോർട്ടുകൾ തയ്യാറാക്കി, ആയത് പൊതു ചർച്ചയ്ക്ക് വിധേയമാക്കി പരിഷ്കരിക്കുന്നതിനും പിന്നീട് ഈ റിപ്പോർട്ടുകൾ എല്ലാം കൂട്ടിച്ചേർത്ത് വിദഗ്ധ സമിതിയുടെ പൊതുവായ അവലോകനത്തിന് വിധേയമാക്കുന്നതിനും തീരുമാനിച്ചു.

| Group | Subject |
|---|---|
| I | 1. Present system of preparation of budget Resource mobilization, including non tax revenue.<br>2. Resource mobilization, including non tax revenue.<br>3. Rationalisation of expenditure<br>4. Outcome budgeting<br>5. Debt management and servicing |
| II | 1. The present system of planning, project formulation and project implementation.<br>2. Equipping/enabling planning and finance department for integrated (Holistic) planning and facilitating efficient financial administration.<br>3. Externally aided project management and project review |
| III | 1. Finance and Administrative delegations, a review<br>2. Present system of Audit and its effectiveness. Need for mid – term review of major projects<br>3. Social audit<br>4. Treasury reforms<br>5. Revisit, codes, manuals, procedures<br>6. Simplification of procedures for availing financial assistance from Government. |

പഠനത്തിൽ സ്ഥാപന പിന്തുണയ്ക്കായി, സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് (CDS), തിരുവനന്തപുരം, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (GIFT) എന്നീ സ്ഥാപനങ്ങളുമായി ആശയ വിനിമയം നടത്തി. GIFT -ന് പഠനത്തിൽ പങ്കുചേരാൻ സാധിക്കുകയില്ലെന്ന് അറിയിച്ചു. 23.07.2019 ന് സി.ഡി.എസ് ചെയർമാനുമായി നടത്തിയ ചർച്ചയിൽ ഇക്കാര്യത്തിൽ പഠനത്തിലെ വിഷയവിദഗ്ദ്ധരുമായി സി.ഡി.എസ് അധികൃതർ, കമ്മീഷൻ ഉദ്യോഗസ്ഥരുടെ സാധ്യത്തിൽ ചർച്ച നടത്താൻ തീരുമാനിച്ചു.

സി.ഡി.എസ്, തിരുവനന്തപുരവുമായി നടത്തിയ ചർച്ചയിൽ, ടി പഠനത്തിലെ താഴെ പറയുന്ന മേഖലകളിലേക്കായി 4 സബ്ജക്ട് എക്സ്പേർട്ട്സിനെയും ഒരു ഫാക്കൽറ്റിയേയും ഡയറക്ടർ നിർദ്ദേശിക്കുകയുണ്ടായി.

| Sl. No | Subject | Subject Expert/ Faculty |
|---|---|---|
| 1 | Present system of preparation of Budget | Sri.G. Murugan,<br>Senior Research Fellow CDS |
| 2 | Rationalisation of expenditure, Debt management and servicing | Prof. Pushpangadan,<br>Former Professor CDS |
| 3 | Project Management with focus on Infrastructure Management | Prof. Sebastian Morris,<br>Professor IIM Ahmedabad |
| 4 | Resource mobilisation excluding Non Tax Revenue | Prof. Sumit Dutt Majumder,<br>Former Chairman Central Board of Excise and Customs |
| 5 | Resource mobilization - Non Tax Revenue | Dr. Beena. P.L and Faculty<br>Dr. Ritika |

മേൽപ്പറഞ്ഞ പ്രത്യേക വിഷയ വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തി, അവർക്കനുവദിച്ച മേഖലകളിൽ വിശദമായ പഠനം നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കി.

വിദഗ്ദ്ധ സമിതി അംഗങ്ങളുടെ മൂന്നാമത് യോഗം 04.10.2019 -ന് ചേർന്നു. ഉപസമിതികൾ തയ്യാറാക്കിയ കരട് റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ച്, ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കപ്പെട്ടു.

തുടർന്ന് 11.10.2019 -ൽ, വിദഗ്ദ്ധ സമിതി അംഗങ്ങളും, പ്രത്യേക വിഷയ വിദഗ്ദ്ധരും, സി.ഡി.എസ് ഫാക്കൽറ്റി അംഗങ്ങളും കമ്മീഷൻ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. ശ്രീ. എസ്.എം.വിജയാനന്ദ് (മുൻ ചീഫ് സെക്രട്ടറി), ശ്രീ. കെ.എം.ഏബ്രഹാം (മുൻ അഡീഷണൽ ചീഫ് സെക്രട്ടറി) എന്നിവരും യോഗത്തിൽ പങ്കെടുത്തു. പഠന പുരോഗതി വിലയിരുത്തുകയും, പ്രത്യേക വിഷയ വിദഗ്ദ്ധർക്ക് അവരെ ചുമതലപ്പെടുത്തിയിരിക്കുന്ന പ്രത്യേക പഠന

മേഖലകളിൽ പഠനം നടത്തുന്നതിന് ആവശ്യമായ വിവരങ്ങൾ/സ്ഥിതി വിവര കണക്കുകൾ/ബന്ധപ്പെട്ട മറ്റ് പഠനങ്ങൾ/സർക്കാർ രേഖകൾ എന്നിവയും മറ്റ് സഹായങ്ങളും നൽകുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.

പഠനത്തിനായി നിയോഗിച്ച മൂന്ന് ഉപസമിതികളും മൂന്ന് തവണ യോഗം ചേരുകയും റിപ്പോർട്ടുകൾ അന്തിമരൂപത്തിൽ തയ്യാറാക്കുകയും ചെയ്തു.

സി.ഡി.എസ് മുഖാന്തിരം ചുമതലപ്പെടുത്തിയ വിഷയവിദഗ്ധർ, പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചു.

ഉപസമിതികൾ സമർപ്പിച്ച റിപ്പോർട്ടുകളുടെയും, സി.ഡി.എസ് ഫാക്കൽറ്റി അംഗങ്ങളും സി.ഡി.എസ് നിർദ്ദേശിച്ച രാജ്യാന്തര തലത്തിൽ തന്നെ ടി പഠന മേഖലയിൽ ശ്രദ്ധേയരായ വിഷയ വിദഗ്ധരും തയ്യാറാക്കിയ റിപ്പോർട്ടുകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. കമ്മീഷനിലെ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ കമ്മീഷൻ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന സംഘം മേൽപ്പറഞ്ഞ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും, സ്വന്തമായി നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിലും കരട് റിപ്പോർട്ട് തയ്യാറാക്കി, ആയത് വിഷയ വിദഗ്ധരുമായി കൂടിയാലോചിച്ച് പരിഷ്ക്കരിച്ച് അന്തിമ രൂപത്തിൽ തയ്യാറാക്കുകയും ചെയ്തു.

2021 ഫെബ്രുവരിയിൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു.

**പ്രധാന ശുപാർശകൾ**

I. നികുതിയേതര വരുമാനം

1) **ലോട്ടറി:** ഉയർന്ന സമ്മാന തുക നൽകുന്ന ഒറ്റ ലോട്ടറികൾക്ക് പകരം, ചെറിയ സമ്മാന തുകയോട് കൂടിയ നിരവധി ലോട്ടറികൾ ആരംഭിക്കുക. ഇ -ലോട്ടറികൾ നടത്തുക, ലോട്ടറിയുമായി ബന്ധപ്പെട്ട്, സുശക്തവും കാര്യക്ഷമവുമായ ഭരണ നിർവ്വണ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

2) **മോട്ടോർ വാഹനം, പോലീസ്:** ഭാരത സർക്കാർ ഏർപ്പെടുത്തിയ നിരക്കുകളിൽ തന്നെ ഫൈൻ ഈടാക്കുക, ഐ.റ്റി സങ്കേതങ്ങൾ ഉപയോഗിച്ച് വകുപ്പുകളുടെ ഭരണ ചിലവ് കുറയ്ക്കുക.

3) **നിർമ്മാണ മേഖല:** കോൺട്രാക്ടേഴ്സിന് 'Differential fee Structure' ഏർപ്പെടുത്തുക.

4) **ലാന്റ് റവന്യൂ:** ഭൂമി രജിസ്ട്രേഷന് Torrens സംവിധാനം ഉപയോഗിക്കുക. സർക്കാർ ഭൂമിയുടെ വാടക നിരക്കുകൾ ഉയർത്തുക, ഭൂമിയുടെ ഉപയോഗം/പ്രയോജനപ്പെടുത്തൽ

അടിസ്ഥാനമാക്കി വ്യത്യസ്ത നിരക്കിൽ വാടക ഈടാക്കുക. ഉപയോഗിക്കാതെ കിടക്കുന്ന 'Oxbow Lands' വാടകയ്ക്ക് നൽകുക.

5) സർക്കാർ നൽകുന്ന പൊതു സേവനങ്ങളുടെ ഫീസ് നിരക്കുകൾ സാമൂഹ്യ തുല്യതാ മാനദണ്ഡങ്ങൾ കൂടി പരിഗണിച്ച് യുക്തിസഹമായി ഉയർത്തുക.

6) **വനം - വനവിഭവങ്ങൾ:** മരം അധിഷ്ഠിത വ്യവസായങ്ങൾ, അറക്ക മില്ലുകൾ എന്നിവയുടെ റെന്റ്/ഫീസ് നിരക്കുകൾ, സിനിമാ ചിത്രീകരണം, ലീസ്, പാർക്കിംഗ് നിരക്കുകൾ എന്നിവയുടെ കാലാനുസൃതമായ പരിഷ്കരണം.

7) **ഖനനം:** ചെറുകിട ധാതുക്കളുടെ റോയൽറ്റികൾ ശാസ്ത്രീയമായി പരിഷ്കരിക്കുക. ക്വാറി ഉൽപ്പങ്ങളുടെ വില ഉല്പാദന ചിലവിന് അനുസൃതമായി നിർണ്ണയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക, അനധികൃത ഖനനത്തിന് ഉയർന്ന തോതിൽ പെനാൽറ്റി ഏർപ്പെടുത്തുക.

8) **ടൂറിസം:** വിനോദ സഞ്ചാര മേഖലയുടെ സ്വാഭാവം, വിനോദ സഞ്ചാരികളുമായി നമ്മുടെ നാടിനുള്ള ബന്ധം, സാമ്പത്തിക സ്ഥിതി, സീസൺ, എന്നിവ അടിസ്ഥാനമാക്കി സേവനങ്ങളുടെ വില നിർണ്ണയം നടത്തുക.

9) **പൊതുമേഖലാ സ്ഥാപനങ്ങൾ:** പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ആധുനിക കോർപ്പറേറ്റ് മാനേജ്മെന്റ് നയങ്ങൾക്കനുസൃതമായി പുന:ക്രമീകരിച്ച് ശക്തിപ്പെടുത്തുക, പീഡിത വ്യവസായങ്ങളിൽ നിന്നും സർക്കാരിനുള്ള സാമ്പത്തിക ബാദ്ധ്യത കുറയ്ക്കുന്ന രീതിയിൽ അവയുടെ ആസ്തികളെ പുനരുപയോഗിക്കുക.

10) **കോസ്റ്റ് അക്കൗണ്ടിംഗ് രീതികളുടെ അവലംബം:** മതിയായ യോഗ്യതയുള്ളവരെ ഉൾപ്പെടുത്തി 'Non Tax Revenue Board' സ്ഥാപിക്കുക. നികുതിയേതര വരുമാന സ്രോതസ്സുകൾ കണ്ടെത്തി പ്രയോജനപ്പെടുത്തുന്നതിനുള്ള ചുമതല ബോർഡിനെ ഏല്പിക്കുക.

## II. നികുതി വരുമാനം

1) കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ നികുതി - വരുമാനാർജ്ജനം സംബന്ധിച്ചുള്ള ഭരണഘടനാപരമായ പദ്ധതികളിൽ വലിയ തോതിൽ മാറ്റം വരുത്തിക്കൊണ്ടാണ് ജി.എസ്.ടി -ക്ക് തുടക്കമിട്ടത്. കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള സാമ്പത്തിക വിനിമയ ബന്ധങ്ങൾ, ഭരണഘടനയിൽ എപ്രകാരം വിഭാവനം ചെയ്തുവോ, ആയതിനെ പൂർണ്ണമായും പ്രതിഫലിപ്പിക്കുന്ന രീതിയിൽ ജി.എസ്.ടി - യിൽ

മാറ്റം വരുത്തുന്നതിനാവശ്യമായ പഠനങ്ങൾ സംസ്ഥാന സർക്കാർ നടത്തുകയും (GIFT പോലുള്ള സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട്) മറ്റ് സംസ്ഥാനങ്ങളുമായി അഭിപ്രായ ഐക്യം ഉണ്ടാക്കി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യണം.

2) തിരുവനന്തപുരം ആസ്ഥാനമാക്കി State Directorate of Indirect Taxes Intelligence and Investigation (DITII) സ്ഥാപിക്കണം. ജില്ലാതല സംവിധാനങ്ങളും സ്ഥാപിക്കണം. ജി.എസ്.ടി ബാധകമായതും അല്ലാത്തതുമായ വസ്തുക്കളുടെ മേൽ അധികാരം നൽകണം. നികുതി വെട്ടിപ്പ് കണ്ടെത്തി തടയുന്നതിനുള്ള നടപടികൾക്ക് DITII - യ്ക്കും ടാക്സ് കമ്മീഷണറേറ്റിനും അധികാരം നൽകാവുന്നതാണ്.

3) IIITMK മുഖേന, നികുതി പിരിവ് സംവിധാനത്തിന് Back end Support നൽകുന്നതിനുള്ള വിദഗ്ധ സേവനം തുടരുക.

4) ജി.എസ്.ടി - യുമായി ബന്ധപ്പെട്ട വിവരങ്ങൾ, പെട്രോളിയം ഉത്പന്നങ്ങൾ, മദ്യം, എന്നിവയുടെ കണക്കുകൾ എന്നിവ CBIC യുടെ ഓഡിറ്റ് മാന്വലിന് അനുസൃതമായി നടത്തുക. ഓഡിറ്റിംഗിനായി ഒരു സ്റ്റേറ്റ് ഡയറക്ടറേറ്റും, രണ്ട് ബ്രാഞ്ച് ഓഫീസുകളും സംസ്ഥാനത്ത് സ്ഥാപിക്കുക.

## III. ബജറ്റ്

1) ബജറ്റ് എസ്റ്റിമേഷനുകൾ മുൻകൂട്ടി കാണുന്നതിന് ആധുനിക സാങ്കേതിക വിദ്യകളിലധിഷ്ഠിതമായ മാർഗ്ഗങ്ങൾ അവലംബിക്കുക. നിലവിൽ തുടരുന്ന 'Incremental Budget' എന്നതിൽ നിന്ന് വരുംവർഷത്തെ ആവശ്യകതകൾ കൃത്യമായി കണക്കിലെടുത്തു കൊണ്ടുള്ള ബഡ്ജറ്റ് രൂപപ്പെടുത്തുന്നതിലേക്ക് മാറണം. സ്ഥിതി വിവരകണക്കുകൾ കൈകാര്യം ചെയ്യുന്നതിൽ വൈദഗ്ധ്യം നേടിയവർ, മെഷീൻ ലേണിംഗ്, നിർമ്മിത ബുദ്ധി എന്നീ സാങ്കേതിക വിദ്യകളിൽ പരിജ്ഞാനം ഉള്ളവർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു യൂണിറ്റ് ധനകാര്യ വകുപ്പിലും, സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പിലും സ്ഥാപിക്കണം.

2) ബഡ്ജറ്റ് അലോക്കേഷൻ നടപടികൾ, ബന്ധപ്പെട്ട വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയ്ക്ക് വിട്ടു നൽകുക.

3) ബഡ്ജറ്റ് വകയിരുത്തലുകളെ അനുയോജ്യമായ രീതിയിൽ രൂപകൽപ്പന ചെയ്ത 'Cost estimation Software Linked Project/Scheme Schedule' മായി ബന്ധിപ്പിച്ച് കൃത്യത ഉറപ്പാക്കുക.

4) ഉപധനാഭ്യർത്ഥനകളിലൂടെ ആവശ്യപ്പെട്ടേക്കാവുന്ന വിഹിതങ്ങൾ നൽകുവാനാവശ്യമായ ധന:സ്രോതസ്സുകളെ കൃത്യമായി വിലയിരുത്തുക.

5) ബജറ്റ് നിർമ്മാണ പ്രക്രിയയിൽ സുതാര്യത ഉറപ്പുവരുത്തുക.

6) ധനകാര്യ വർഷാരംഭത്തിന് മുൻപു തന്നെ സമ്പൂർണ്ണ ബജറ്റ് പാസ്സാക്കുക.

7) മുൻ വർഷത്തെ ബാധ്യതകൾ/കുടിശ്ശികകൾ എന്നിവ പുതിയ ബജറ്റിൽ വകയിരുത്തി തയ്യാറാക്കുക.

8) ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെടുത്തുന്നതും, ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതുമായ പദ്ധതികൾക്കായി ഒരു വിഹിതം ബജറ്റിൽ മുൻകൂട്ടി വകയിരുത്തുക.

9) ബജറ്റ് ശീർഷകങ്ങളിൽ റീ - അപ്രോപ്രിയേഷൻ നടത്തി ക്രമീകരിക്കുന്നതിനുള്ള അധികാരം ഭരണ വകുപ്പുകൾക്ക് നൽകുക. ഒരു സമയക്രമം അനുസരിച്ച് മൈനർ ഹെഡുകൾ, സബ് മേജർ ഹെഡുകൾ, മേജർ ഹെഡുകൾ എന്നിവയിൽ റീ - അപ്രോപ്രിയേഷൻ നടത്തുന്നതിന് വകുപ്പുകൾക്ക് അധികാരം നൽകുക.

10) പ്ലാൻ ശീർഷകങ്ങളിലെ റീ - അപ്രോപ്രിയേഷൻ പ്ലാനിംഗ് ബോർഡിന്റെ അനുമതിയോടെ വകുപ്പുകൾക്ക് നടപ്പിലാക്കുന്നതിന് അനുവദിക്കുക.

11) വേതനം, സ്റ്റേഷനറി, ടി.എ, മെയിന്റനൻസ്, പി.ഒ.എൽ, വാടക, നികുതി എന്നീ ചിലവുകൾക്കനുസരിച്ച തുക പുന:ക്രമീകരിക്കുതിന് വകുപ്പ് സെക്രട്ടറിമാർക്ക് അനുമതി നൽകുക.

12) ധനകാര്യ നിയന്ത്രണങ്ങളിൽ ഒരു ജനാധിപത്യ സമീപനം നൽകി ‘Principle - based - regulations’ -എന്ന ആശയത്തിലേക്ക് ധനകാര്യ സംവിധാനങ്ങളെ പരിവർത്തിപ്പിക്കുന്ന രീതിയിൽ കേരള ബജറ്റ് മാന്വൽ നവീകരിക്കുക.

13) വകുപ്പുകളുടെ പ്ലാനിംഗ് വിഭാഗത്തെ ശക്തിപ്പെടുത്തുക. സങ്കീർണ്ണതയുള്ള പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കുന്നതിന് പ്രസ്തുത മേഖലയിൽ തൊഴിൽ വൈദഗ്ദ്ധ്യമുളളവരെ ചുമതലപ്പെടുത്തുക.

14) ബജറ്റ് പരിഷ്കരണങ്ങൾക്ക്, അന്തർദേശീയ തലത്തിലുള്ള അനുകരണീയ മാതൃകകളെ പഠിച്ച് നടപ്പിലാക്കുക.

## IV. Rationalisation of Expenditure and Debt Management.

1) നിലവിലുള്ള വരവ് - ചിലവ് അനുപാതം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ സഹായിക്കുന്നതല്ല. മറ്റ് വരുമാന സ്രോതസ്സുകൾ കണ്ടെത്തുക, പൊതു ചെലവുകൾ കുറയ്ക്കുക, എന്നത് ആസ്തി /മൂലധന സൃഷ്ടിക്ക് അത്യന്താപേക്ഷിതമാണ്.

2) പ്രോജക്ടുകൾക്കായി സൃഷ്ടിച്ച തസ്തികകൾ പ്രോജക്ടുകൾ അവസാനിക്കുന്ന മുറക്ക് നിർത്തലാക്കുക.

3) സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ജീവനക്കാരുടെ കുറവ്/ആധിക്യം, ഒറ്റത്തവണ വർക്ക് സ്റ്റഡി നടത്തി കണ്ടെത്തുക.

4) സാമ്പത്തിക സുസ്ഥിരത മനസ്സിലാക്കി തുടർ നടപടികൾ വിഭാവനം ചെയ്യുന്നതിന് 'Primary Fiscal Balance' എന്ന ധനകാര്യ സങ്കേതം ഉപയോഗിക്കുക.

5) പൊതുമേഖലാ സ്ഥാപനങ്ങളുടെ പൊതു ധനസ്ഥിതി, ഒരു വിദഗ്ധ സംഘത്തെ ഉപയോഗിച്ച് പഠിച്ച്, നഷ്ടം വരുത്തുന്ന സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക. സ്വകാര്യ മൂലധന നിക്ഷേപം സ്വീകരിക്കൽ, ജീവനക്കാരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കൽ, തൊഴിലാളി സംഘങ്ങൾക്ക് സ്ഥാപന നടത്തിപ്പ് കൈമാറൽ, സാങ്കേതിക വിദ്യ, മെഷിനറി എന്നിവ ആധുനീകരിക്കൽ, ബിസിനസ് തീരുമാനങ്ങൾ സ്വതന്ത്രമായി എടുക്കാൻ സ്ഥാപനങ്ങളെ അനുവദിക്കൽ, എന്നിവ പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്താൻ സഹായിക്കും.

6) റവന്യൂ ചിലവുകൾക്ക് വേണ്ടി കൂടിയും കടമെടുക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ഗുരുതരമായി ബാധിക്കും. സംസ്ഥാനത്തിന്റെ നിലവിലെ കടബാധ്യതകൾ, ഗ്യാരണ്ടികൾ എന്നിവ വിശദമായി പരിശോധിച്ച് ഹ്രസ്വകാല/ദീർഘകാല തിരിച്ചടവ്, പലിശ ബാധ്യത, തിരിച്ചടവ് സമയക്രമം എന്നിവ നിശ്ചിത ഇടവേളകളിൽ പരിശോധനയ്ക്ക് വിധേയമാക്കുക.

7) അടിസ്ഥാന സൗകര്യങ്ങൾ, പൊതു ഉപയോഗത്തിനുള്ള നിർമ്മിതികൾ എന്നിവയുടെ ഫീ/നിരക്കുകൾ എന്നിവ കാലികമായി പരിഷ്കരിച്ച് ഈടാക്കുന്നതിന് ഒരു നിയന്ത്രണ അധികാരിയെ ഏല്പിക്കുന്നത് ഇത്തരം ആവശ്യങ്ങളിലേക്ക് ലോൺ/അഡ്വാൻസ് എന്നിവ എടുക്കുന്നത് ക്രമീകരിക്കുന്നതിന് സഹായകരമാണ്.

8) നികുതി പിരിവ് ഊർജ്ജിതമാക്കുകയും നികുതി ചോർച്ച കണ്ടെത്തി തടയുകയും ചെയ്യുക. കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സഹായം പൂർണ്ണമായും ഉപയോഗപ്പെടുത്തി നടപ്പാക്കുക.

9) വികസന - വികസനേതര ചിലവുകൾ തമ്മിലുള്ള സമതുലിതാവസ്ഥ നിരന്തരം നിരീക്ഷിക്കപ്പെടണം. കാലഹരണപ്പെട്ട പ്ലാൻ - നോൺ പ്ലാൻ ചിലവുകൾ നിയന്ത്രണ വിധേയമാക്കുക. ഒരേ മേഖലയിൽ പ്രവർത്തിക്കുന്ന വ്യത്യസ്ത സ്ഥാപനങ്ങളെ ഒന്നിപ്പിക്കുന്നതിന് നടപടിയെടുക്കണം. ബജറ്റിൽ ടോക്കൺ പ്രൊവിഷൻ അനുവദിക്കുന്നത് കഴിവതും ഒഴിവാക്കുക. ക്ഷേമപദ്ധതികൾ നടപ്പിലാക്കുമ്പോൾ, അർഹരായവർ തന്നെയാണ് ആനുകൂല്യം പ്രയോജനപ്പെടുത്തുന്നത് എന്ന് ഉറപ്പാക്കുക.

10) 'One Department - One Head of Account' എന്ന നയം നടപ്പാക്കുക.

11) പദ്ധതികൾക്ക് ഭരണാനുമതി നൽകൽ എന്നത് ബജറ്റിന് മുൻപെയുള്ള നടപടിയാക്കി മാറ്റുക. ഭരണാനുമതിയിൽ പദ്ധതിയുടെ സാമ്പത്തിക വശം, നിർവ്വഹണം എന്നിവ സംബന്ധിച്ച എല്ലാ കാര്യങ്ങളും വ്യക്തമാക്കുക. വരുമാന സ്രോതസ്സുകൾ കണ്ടെത്തുക, അവയിൽ നിന്നും വരുമാനം ആർജ്ജിക്കുക, ബജറ്റിൽ ഇവ പ്രതിഫലിപ്പിക്കുക എന്നീ ആവശ്യങ്ങൾ നിറവേറ്റുതിന് ഭരണ/സാമ്പത്തിക രംഗങ്ങളിലെ വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു കമ്മറ്റി രൂപീകരിച്ച്, അവരുടെ ഉപദേശങ്ങൾ തേടുക.

## V. Out Come Budget

1) പരമ്പരാഗത ബജറ്റുകൾ സാമ്പത്തിക വിഭവങ്ങളുടെ വിനിയോഗത്തിൽ ശ്രദ്ധ ചെലുത്തുമ്പോൾ 'Out Come Budget'എന്ന ആശയം, സാമ്പത്തിക വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിലൂടെ ലഭിക്കുന്ന ഉൽപ്പങ്ങളെ കൂടി പരിഗണിക്കുന്നു. പദ്ധതികളുടെ ജയ/പരാജയങ്ങൾ സുതാര്യമായി വിലയിരുത്തപ്പെടുന്നു. ആയതിനാൽ സംസ്ഥാനം 'Out Come Budgeting' രീതികൾ അവലംബിക്കണം.

2) പദ്ധതികൾ വിഭാവനം ചെയ്യുന്ന ഘട്ടത്തിൽ തന്നെ ഓരോ ഘട്ടത്തിലും outcome/output എന്നിവ മുൻ കൂട്ടി നിശ്ചയിക്കാവുന്നതും, ആയത് തുടർ പരിശോധനകളിലൂടെ വിലയിരുത്താവുന്നതുമാണ്. തുടക്കത്തിൽ തിരഞ്ഞെടുത്ത ചില പൈലറ്റ് പദ്ധതികളിൽ ഈ രീതി പരീക്ഷിക്കാവുന്നതുമാണ്. തിരഞ്ഞെടുത്ത തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളിൽ പരീക്ഷണാർത്ഥം Out Come Budget നടപ്പിലാക്കണം.

3) ഒരു സാങ്കേതിക സമിതിയെ നിയോഗിച്ച് 'Out Come Budget' നടപ്പിലാക്കുന്നതിനാവശ്യമായ സാങ്കേതിക/മനുഷ്യവിഭവ/നൈപുണ്യ വികസന സേവനങ്ങൾ നൽകാവുന്നതാണ്. Out Come Budget ഫലപ്രദമായി നടപ്പിലാക്കിയ മറ്റ് സംസ്ഥാനങ്ങളുടെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്.

4) ഈ വിഷയത്തിൽ സർക്കാർ 'Out Come Budget' മൂലം സമ്പദ് വ്യവസ്ഥയ്ക്കുണ്ടാകാവുന്ന പരിണിത സ്വാധീനങ്ങളെ സംബന്ധിച്ച് ഒരു പഠനം നടത്തേണ്ടതാണ്.

## VI. ആസൂത്രണ പ്രക്രിയ

1) നിലവിലെ പവത്സര പദ്ധതി, പകുതി ഘട്ടം പിന്നിടുമ്പോൾ തന്നെ അടുത്ത പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണ കാര്യങ്ങൾ ആരംഭിക്കേണ്ടതാണ്. ദീർഘ കാലത്തേക്ക് സംസ്ഥാനത്തിന് ഒരു സാമ്പത്തിക - ആസൂത്രണ - വികസന രേഖ തയ്യാറാക്കേണ്ടതാണ്.

2) സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളെയും ആസൂത്രണ പരിപാടികളിൽ ഭാഗഭാക്കുകളാക്കുക. സ്റ്റേറ്റ് ഡെവലപ്മെന്റ് കൗൺസിലിനെ ശക്തിപ്പെടുത്തുകയും ജില്ലാ തല പദ്ധതികളെ സംസ്ഥാന തല പദ്ധതികളുമായി കൂട്ടിച്ചേർക്കുകയും ചെയ്യുക. വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി രേഖകൾക്ക് വ്യക്തത, ആധികാരിക വിവരങ്ങളുടെ പിൻബലം എന്നിവ നിഷ്കർഷിക്കുക. പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ, സമയക്രമം, നിർവ്വഹണ രീതി എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമാക്കുക.

3) പദ്ധതികൾ തയ്യാറാക്കുന്ന ഘട്ടത്തിൽ വകുപ്പുകൾ ഇതിനായി വിനിയോഗിക്കപ്പെടേണ്ട സാമ്പത്തിക വിഭവങ്ങളുടെ ചെലവിനെക്കുറിച്ചും പദ്ധതിയിലൂടെ ലഭിക്കാവുന്ന നേട്ടം/വളർച്ചയെക്കുറിച്ചും പൂർണ്ണ ബോധ്യം ഉള്ളവരായിരിക്കണം. ഈ ലക്ഷ്യം നിറവേറ്റപ്പെടുന്ന രീതിയിൽ ഭരണാനുമതി നൽകുന്നതിനുള്ള 'Working Group' കളെ സമഗ്രമായി പുന:സംഘടിപ്പിക്കുക.

4) സാമ്പത്തിക/ഭരണപരമായ അധികാരങ്ങളുടെ ശരിയായ അളവിലൂടെ പ്രത്യായോജനം നടപ്പിലാക്കുക.

5) പ്ലാൻ തയ്യാറാക്കുന്നതിന് വകുപ്പുകൾക്ക് ആവശ്യമായ പരിശീലനം നൽകണം. പ്ലാൻ സ്പേസ് കൃത്യമായ നിരീക്ഷണത്തിന് വിധേയമാക്കുക.

## VII. പദ്ധതി ആസൂത്രണവും നിർവ്വഹണവും

1) കാര്യക്ഷമമായ പദ്ധതി നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും സമയ, ധന നഷ്ടം കുറയ്ക്കുന്നതിനുമായി പദ്ധതി നിർവ്വഹണ നിരീക്ഷണ സംവിധാനം സംസ്ഥാനത്തിന് രൂപപ്പെടുത്തണം. പദ്ധതിയിലൂടെ രൂപപ്പെടുന്ന പൊതു - സാമൂഹിക ആസ്തി വിലയിരുത്തി, 'ക്രിട്ടിക്കൽ അനാലിസിസ്' നടത്തി മാത്രം പദ്ധതിയിൽ വ്യതിയാനങ്ങൾ വരുത്തുക.

2) പദ്ധതി നിർവ്വഹണം വിലയിരുത്തുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനുമായി 'മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം' (MIS) ഏർപ്പെടുത്തുക.

3) ഒരേ തരം പദ്ധതികൾ ഒന്നിച്ച് പരിഗണിച്ച് നടപ്പിലാക്കുക. (Bundling of Projects).

4) പദ്ധതി നിർവ്വഹണത്തിലെ സുതാര്യത ഉറപ്പാക്കുന്നതിനായി പദ്ധതി വിവരങ്ങൾ പൊതുജനങ്ങൾക്കും ലഭ്യമാക്കുക.

5) പരിസ്ഥിതി മലിനീകരണം കുറവുള്ളതും, ഉയർന്ന സാങ്കേതിക വിദ്യകൾ മനുഷ്യ വിഭവശേഷി എന്നിവ ഉപയോഗപ്പെടുത്തുന്നതുമായ വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കപ്പെടണം. ഉത്പാദനക്ഷമതയും ഉപഭോഗ ക്ഷമതയും ഒരു പോലെ ഉറപ്പുവരുത്തുന്ന നിക്ഷേപങ്ങളിലൂടെ മാത്രമേ സർക്കാർ ചിലവഴിക്കുന്ന ധനം സാമൂഹ്യ മൂല്യമുള്ള ആസ്തികളായി പരിണമിക്കുകയുള്ളൂ എന്നതിനാൽ പദ്ധതികൾ തിരഞ്ഞെടുക്കുന്നതിൽ കൂടുതൽ സൂക്ഷ്മപരമായ തീരുമാനങ്ങൾ എടുക്കേണ്ടതുണ്ട്.

6) തീരദേശ മേഖലയിലെ ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തുന്ന രീതിയിൽ കോസ്റ്റൽ സോൺ റഗുലേഷൻസ്, മണൽ ഖനന നിയന്ത്രണങ്ങൾ എന്നിവ പരിഷ്കരിക്കുക.

7) റോഡ് വികസന പദ്ധതികൾ സമഗ്രവും ശാസ്ത്രീയവുമായ മാനദണ്ഡങ്ങൾ അനുസരിച്ച് നടത്തുക. റോഡുകളുടെയും, അനുബന്ധ ഭൂമിയുടെയും വികസനം സംസ്ഥാനത്തൊട്ടാകെ ഒരേ രീതിയിൽ വിതരണം ചെയ്യപ്പെടുന്നു എന്നത് ഉറപ്പാക്കുക.

8) ഓരോ വകുപ്പിലെയും ആസൂത്രണ വിഭാഗത്തെ ശക്തിപ്പെടുത്തുക. പരിശീലനം സിദ്ധിച്ച മനുഷ്യ വിഭവം, ഐ.ടി അധിഷ്ഠിത സാങ്കേതിക വിദ്യകൾ എന്നിവ വകുപ്പുകൾക്ക് നൽകുക.

9) മിഡ് ടേം റിവ്യൂ ഫലപ്രദമാകുന്ന രീതിയിൽ 'plan space' എന്ന സോഫ്റ്റ് വെയർ ആധുനീകരിക്കുക.

## VIII. Social Audit

1) സോഷ്യൽ ഓഡിറ്റ് സംവിധാനത്തെ ഒരു പൊതു പരാതി പരിഹാര മാർഗ്ഗം എന്ന നിലയിൽ ശക്തിപ്പെടുത്തണം. പൊതുജനങ്ങളെ സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച് ബോധവാൻമാരാക്കണം.

2) സോഷ്യൽ ഓഡിറ്റ് കമ്മറ്റി അംഗങ്ങൾക്ക് എല്ലാ ജില്ലകളിലും ആവശ്യമായ വിദഗ്ദ്ധ പരിശീലനം നൽകണം.

3) സോഷ്യൽ ഓഡിറ്റ് ക്രിയാത്മകവും ഫലപ്രദവുമാക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപപ്പെടുത്തണം.

4) സോഷ്യൽ ഓഡിറ്റ് ഒരു തുടർ പ്രക്രിയയും തെറ്റ് തിരുത്തൽ സംവിധാനവുമായി മാറ്റണം. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കണം. അവ പദ്ധതി പ്രദേശത്ത് തന്നെ എഴുതി പ്രദർശിപ്പിക്കണം.

## IX. കോഡുകൾ, മാനുവലുകൾ പരിഷ്കരണവും, ധനകാര്യ അധികാര പ്രത്യായോജനവും.

1) കോഡുകൾ, മാന്വലുകൾ എന്നിവ ലളിതമാക്കുക. മലയാളത്തിലും ഇവ ലഭ്യമാക്കുക. ഇവ കുറഞ്ഞത്, വർഷത്തിലൊരിക്കലെങ്കിലും, അതുവരെയുള്ള ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ട് പരിഷ്കരിക്കണം. ഇതിലേക്ക് ഒരു പ്രത്യേക വിഭാഗം രൂപീകരിക്കണം.

2) വകുപ്പുകളുടെ സ്വഭാവം, കൈകാര്യം ചെയ്യുന്ന ചുമതലകൾ, ബഡ്ജറ്ററി അലോക്കേഷൻ/കൈകാര്യം ചെയ്യുന്ന ഫണ്ട് എന്നിവയുടെ അടിസ്ഥാനത്തിൽ, ഓരോ വകുപ്പുകൾക്കും അനുയുക്തമായ അളവിൽ Financial Delegation അനുവദിക്കണം.

3) സർക്കാർ സർക്കുലർ നം.8/94/Fin. തീയതി 31/01/1994 പ്രകാരം മാത്രമേ ഭരണ വകുപ്പുകൾ തങ്ങളുടെ കീഴിലുള്ള വിവിധ തലങ്ങളിലേക്ക് ധനകാര്യ പ്രത്യായോജനം നടത്താൻ പാടുകയുള്ളൂ.

4) എല്ലാ വകുപ്പുകൾക്കും ഉപയോഗ യോഗ്യമായ ഒരു കൈപ്പുസ്തകം ഈ വിഷയത്തിൽ തയ്യാറാക്കി നൽകുകയും, പ്രസ്തുത കൈപ്പുസ്തകം കാലികമായി പരിഷ്കരിച്ചു കൊണ്ടിരിക്കുകയും വേണം.

5) പദ്ധതികൾ സംബന്ധിച്ച് വേഗത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനും നടപ്പിലാക്കുന്നതിനുമായി, ഭരണവകുപ്പുകൾക്ക് മതിയായ അളവിൽ ധനകാര്യനിർവ്വഹണ അധികാരങ്ങൾ കൈമാറണം.

## **4.13** Secretariat Reforms (13th Report)

ഭരണപരിഷ്കാര കമ്മീഷന്റെ സമീപനരേഖയിലെ അഞ്ചാമത്തെ ഇനമായ 'ഫലപ്രാപ്തിയുള്ളതും കാര്യക്ഷമവുമായ ഭരണം' (Result Oriented and effective Governance) എന്ന പഠന മേഖലയിൽ ഉൾപ്പെട്ടു വരുന്ന വിഷയമാണ് 'സെക്രട്ടേറിയറ്റ് പരിഷ്കരണം' 'ഉദ്യോഗസ്ഥ സംവിധാന പരിഷ്കരണം' (Personnel Reforms) എന്ന വിഷയത്തിൽ കമ്മീഷൻ പഠനം നടത്തി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പഠനം സംസ്ഥാനത്തെ മൊത്തം ഉദ്യോഗസ്ഥ സംവിധാനത്തിന്റെ പരിഷ്കരണം ലക്ഷ്യമിട്ടുള്ളതായിരുന്നു. എങ്കിലും സംസ്ഥാന ഭരണ സിരാകേന്ദ്രമായ സെക്രട്ടേറിയറ്റിനെ ഒരു പ്രത്യേക പഠനവിഷയമായി പരിഗണിച്ച്, അതിന്റെ പ്രവർത്തനങ്ങളെ പ്രത്യേകമായിത്തന്നെ അവലോകനം ചെയ്ത് കാലോചിതമായ രീതിയിൽ അതിന്റെ പ്രവർത്തനം പരിഷ്കരിച്ച് ജനസൗഹൃദമാക്കുന്നതിനാവശ്യമായ ശുപാർശകൾ സർക്കാരിൽ സമർപ്പിക്കുവാൻ കമ്മീഷൻ തീരുമാനിച്ചു.

പഠനത്തിന്റെ മുന്നൊരുക്കമായി 'ആശയക്കുറിപ്പ്' തയ്യാറാക്കി. പഠനത്തിൽ കമ്മീഷനെ സഹായിക്കുന്നതിന് താഴെ ചേർത്തിരിക്കുന്ന വിഷയവിദഗ്ധരെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിച്ചു.

ശ്രീ. സി.ചന്ദ്രൻ, ഐ.എ.എസ്, (റിട്ട.)
ശ്രീ. കെ.വി.തോമസ്, അഡീഷണൽ സെക്രട്ടറി (റിട്ട.)
ശ്രീ. വി. സുകുമാരൻ, അഡീഷണൽ സെക്രട്ടറി. (റിട്ട.)
ശ്രീ. ജി. ജോസ്, അഡീഷണൽ സെക്രട്ടറി. (റിട്ട.)
ശ്രീ. സുരേഷ് ചന്ദ്രൻ.എസ്, അഡീഷണൽ സെക്രട്ടറി. (റിട്ട.)

ശ്രീ.ഗോവിന്ദൻ നമ്പൂതിരി. വി.എസ്, അഡീഷണൽ സെക്രട്ടറി. (റിട്ട.)
ശ്രീ. വി.വി.മൊയ്തുണ്ണി, അഡീഷണൽ സെക്രട്ടറി. (റിട്ട.)
ശ്രീ.ടി.പി.ബാബു, അഡീഷണൽ സെക്രട്ടറി. (റിട്ട.)
ശ്രീ. കെ.ബി.ബാഹുലേയൻ, അഡീഷണൽ സെക്രട്ടറി. (റിട്ട.)
ശ്രീ. സുബിൻ കൈരൾ,എസ്, ഡെപ്യൂട്ടി സക്രട്ടറി, ജി.എ.ഡി
ശ്രീ. ബിനുകുമാർ, എൻ.എസ്, അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ, ജി.എ.ഡി.
ശ്രീ.മാത്യു ജോസ്, അഡീഷണൽ സെക്രട്ടറി. (റിട്ട.)
ഡോ. എസ്. രാജശേഖരൻ, അഡീഷണൽ സെക്രട്ടറി. (റിട്ട.)

മുൻ ചീഫ് സെക്രട്ടറിമാരായ ശ്രീ. എസ്.എം.വിജയാനന്ദ്, ശ്രീ. കെ.എം.ഏബ്രാഹം എന്നിവരുടെ മാർഗ്ഗ നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും പഠനത്തിലും റിപ്പോർട്ട് തയ്യാറാക്കുന്നതിലും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പൊതുഭരണ വകുപ്പ്, ധനകാര്യ വകുപ്പ്, നിയമ വകുപ്പ് സെക്രട്ടറിമാരുടെ സഹായ സഹകരണങ്ങളും റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രയോജനപ്പെടുത്തി.

19.07.2018 -ന് വിദഗ്ദ്ധ സമിതിയുടെ ആദ്യയോഗം സംഘടിപ്പിച്ചു. പഠനത്തിനായി തയ്യാറാക്കിയ ആശയക്കുറിപ്പ് സമിതി വിശദമായി ചർച്ച ചെയ്തു.

സംസ്ഥാന സർക്കാരിന്റെ പത്താമത് ശമ്പള കമ്മീഷൻ റിപ്പോർട്ടിന്റെ രണ്ടാം ഭാഗത്തിൽ സെക്രട്ടേറിയറ്റ് പരിഷ്കരണത്തെക്കുറിച്ച് പരാമർശിച്ചിട്ടുള്ള കാര്യങ്ങളുടെ പുന:പരിശോധന, 3-ാം ഭരണ പരിഷ്കാര കമ്മറ്റിയുടെ ''സെക്രട്ടേറിയറ്റ് റിഫോംസ്'' എന്ന റിപ്പോർട്ട്, വിവിധ ഘട്ടങ്ങളിൽ നൽകേണ്ട പരിശീലനങ്ങളുടെ ആവശ്യകത, വകുപ്പുകൾ തമ്മിലുള്ള സംയോജനം, പരീക്ഷകളുടെ അടിസ്ഥാനത്തിൽ നടത്തുന്ന ഉദ്യോഗ കയറ്റം, വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളുടെ പ്രാധാന്യം, ഫയൽ നീക്കവും, കൈകാര്യം ചെയ്യലും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ, അസിസ്റ്റന്റ് തലം മുതൽ വൈദഗ്ദ്ധ്യത്തിനുള്ള അവസരം, ഭരണാധികാര പ്രത്യായോജനത്തിന്റെ പ്രാധാന്യം, വകുപ്പുതല ഉത്തരവുകളുടെ സമാഹരണം, ശാസ്ത്രീയമായ തൊഴിൽ വിഭജനം, സെക്രട്ടേറിയറ്റിലെയും അനുബന്ധ വകുപ്പുകളിലെയും ഇ- ഓഫീസുകളുടെ ഏകീകരണം, കരുതൽ ഫയലുകളുടെയും കോടതി കേസുകൾ സംബന്ധിച്ച ഫയലുകളുടെയും പരിപാലനം, സന്ദർശക സഹായ കേന്ദ്രങ്ങളിലെ സേവനങ്ങളുടെയും സൗകര്യങ്ങളുടെയും അപര്യാപ്തത, പ്രവർത്തന വിലയിരുത്തൽ റിപ്പോർട്ടിനെക്കുറിച്ചുള്ള ധാരണാകുറവ്, Tenure Policy യിലെ അപാകത, സെക്രട്ടേറിയറ്റിലെ വെബ് പോർട്ടൽ സംവിധാനം തുടങ്ങിയവ പഠനത്തിൽ വിശദമായി പരിശോധിക്കാൻ തീരുമാനിച്ചു.

വിദഗ്ധ സമിതി അംഗങ്ങളുടെ രണ്ടാമത്തെ യോഗം 27.09.2018 -ൽ ചേർന്നു. പഠനവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ആശയക്കുറിപ്പിലെ 31 ഇന പരിപാടികൾ വിശദമായി പരിശോധിച്ച് അവയിൻമേലുള്ള അഭിപ്രായങ്ങൾ, നിർദ്ദേശങ്ങൾ, പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ, പരിശോധിക്കേണ്ട മറ്റ് വിഷയങ്ങൾ എന്നിവ സംബന്ധിച്ച് വിശദ വിവരങ്ങൾ വിദഗ്ധ സമിതി അംഗങ്ങൾ ശേഖരിക്കാൻ തീരുമാനിച്ചു.

വിദഗ്ധസമിതി അംഗങ്ങളുടെ മൂന്നാമത് യോഗം 22.11.2018 -ൽ ചേർന്നു. വിദഗ്ധ സമിതി അംഗങ്ങളെ നാല് ഉപസമിതികളായി തിരിച്ച് പഠനമേഖലകൾ നിശ്ചയിച്ച് നൽകി.

വിദഗ്ധ സമിതി അംഗങ്ങളുടെ നാലാമത് യോഗം 18.01.2019 ന് ചേർന്നു. സെക്രട്ടേറിയറ്റ് ജീവനക്കാരുടെ അഭിപ്രായങ്ങൾ/ആശയങ്ങൾ എന്നിവ സെക്രട്ടേറിയറ്റ് ഇ - ഫയൽ ഇന്റർഫേസ് മുഖേന ശേഖരിക്കുന്നതിന് തീരുമാനിച്ചു.

പഠനത്തിന്റെ ഭാഗമായുള്ള വിവരശേഖരണത്തിനും അഭിപ്രായ സ്വരൂപണത്തിനുമായി 30.01.2019 മുതൽ 07.02.2019 വരെയുള്ള കാലയളവിൽ കമ്മീഷൻ സർവ്വീസ് സംഘടനകളുമായി ചർച്ചകൾ നടത്തി. പെൻഷനേഴ്സ് സംഘടനകളുമായി 19.02.2019 -ന് മറ്റൊരു ചർച്ചയും സംഘടിപ്പിച്ചു.

ആഭ്യന്തരവും വിജിലൻസും വകുപ്പ് സെക്രട്ടറിയുമായി 18.02.2019 -ൽ വിശദമായ ആശയവിനിമയം നടത്തി. നിലവിൽ സർവ്വീസിൽ ഉള്ളവരും, വിരമിച്ചവരുമായ ഗവ.സെക്രട്ടറിമാരുമായി, കമ്മീഷൻ ആസ്ഥാനത്ത് വെച്ച് കൂടിക്കാഴ്ചകൾ നടത്തി. ഉപസമിതികൾ സമയബന്ധിതമായി യോഗം ചേർന്ന് പഠന പുരോഗതി വിലയിരുത്തി.

19.03.2019 -ൽ പഠന വിഷയവുമായി ബന്ധപ്പെട്ടവരുടെ ഒരു സംസ്ഥാനതല സെമിനാർ നടത്തി. Secretary, Department of Administrative Reforms and Public Grievances, Government of India അദ്ധ്യക്ഷത വഹിച്ചു. ഭരണതലത്തിലെ ഉയർന്ന ഉദ്യോഗസ്ഥർ, വിരമിച്ച ഉന്നത ഉദ്യോഗസ്ഥർ, സർവ്വീസ് സംഘടനാ പ്രതിനിധികൾ, എൻ.ജി.ഒ സംഘടനാ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. പഠനത്തിൽ പരിശോധിക്കപ്പെടാൻ തക്കതായ നിരവധി നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ശില്പശാലയിൽ ഉയർന്നു വന്നു.

സെക്രട്ടേറിയറ്റ് പരിഷ്കരണം സംബന്ധിച്ച വിവര ശേഖരണത്തിന്റെ ഭാഗമായി, പൊതുഭരണ സെക്രട്ടേറിയറ്റ്, നിയമ സെക്രട്ടേറിയറ്റ്, ധനകാര്യ സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽ നിന്ന് പ്രത്യേകമായി തയ്യാറാക്കിയ പ്രൊഫോർമയുപയോഗിച്ച് സ്റ്റാഫ് എണ്ണം ആവശ്യപ്പെട്ടെങ്കിലും നിയമ, ധനകാര്യ വകുപ്പുകളിൽ നിന്നു മാത്രമാണ് വിവരങ്ങൾ ലഭിച്ചത്.

ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ, വിദഗ്ധ സമിതി അംഗങ്ങളുടെ ചർച്ച 25.04.2019 ന് നടത്തി. വിദഗ്ധ സമിതി അംഗങ്ങൾ ഉൾപ്പെട്ട ഉപസമിതി തയ്യാറാക്കിയ റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ചു.

13.11.2019 ന് ചേർന്ന വിദഗ്ധ സമിതി യോഗത്തിൽ, നിലവിൽ ഉരുത്തിരിഞ്ഞു വന്ന ശുപാർശകൾ സംബന്ധിച്ച് സംഘടനകൾ, രാഷ്ട്രീയ പ്രവർത്തകർ എന്നിവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിക്കുന്നതിനും, ഇതിന്റെ അടിസ്ഥാനത്തിൽ ഉപസമിതികൾ അവരുടെ റിപ്പോർട്ടുകൾ പുതുക്കുന്നതിനും തീരുമാനിച്ചു.

ഉപസമിതികൾ സമർപ്പിച്ച പുതുക്കിയ കരട് റിപ്പോർട്ടുകളുടെയും കമ്മീഷൻ ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ, കമ്മീഷനിലെ മനുഷ്യ വിഭവശേഷി ഉപയോഗിച്ച് കരട് റിപ്പോർട്ട് തയ്യാറാക്കി. ഉപദേശക സമിതി അംഗങ്ങളുടെയും വിദഗ്ധ സമിതി അംഗങ്ങളുടെയും അഭിപ്രായ നിർദ്ദേശങ്ങൾ പരിഗണിച്ച് അന്തിമ റിപ്പോർട്ട് തയ്യാറാക്കി, ഫെബ്രുവരി 2021 -ന് സർക്കാരിൽ സമർപ്പിച്ചു.

## പ്രധാന ശുപാർശകൾ

### I. ഘടനാപരമായ പരിഷ്കാരങ്ങൾ

1) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പുന:സംഘടനയും, വകുപ്പിന്റെ പ്രവർത്തനങ്ങളുടെ പുന:പരിശോധനയും.

2) എല്ലാ വകുപ്പുകളിലെയും 'ജീവനക്കാര്യം' (Service Matters) വിഷയങ്ങൾ പി ആന്റ് എ.ആർഡി. -യിലേക്ക് മാറ്റുക. 'എസ്റ്റാബ്ലിഷ്മെന്റ് വിഷയങ്ങൾ', വകുപ്പുകളിൽ തന്നെ കൈകാര്യം ചെയ്യുക.

3) പി ആന്റ് എ.ആർ.ഡി യെ താഴെ പറയുന്ന രണ്ട് വിഭാഗങ്ങളായി തിരിക്കുക.

   a) Personnel & HR Division:
   സർവ്വീസ് വിഷയങ്ങൾ, സർവ്വീസ് റൂൾസ്, ട്രെയിനിംഗ്, മനുഷ്യ വിഭവശേഷി വികസനം എന്നിവ.

   b) Public Grievance and Administrative Reforms Division:
   CMPGRC, Work Study, ഔദ്യോഗിക ഭാഷ Administrative Vigilance Cell, Finance Inspection Wing, Performance Audit, Store Purchase Inspections, എന്നിവ

4) പൊതുഭരണ വകുപ്പിന്റെ പുന:സംഘടന: പൊതുഭരണ വകുപ്പിനെ താഴെ പറയുന്ന രണ്ട് വിഭാഗമായി തിരിക്കുക.

   a) General Administration Division:

   Parliamentary affairs, Centre – State Relations, Interstate Council, Coordination, District Administration, Sainik Welfare, Freedom Fighters, KAS, RTI Commission, Employment Cell, Compassionate Employment Cell, Disaster Management Cell, Collectors Conference,, Administration Reports, Political and Protocol, linguistic Minorities, National Integration, Government Gazette, PSC, I&PRD, Gallantary Awards, South Zonal Council, Strikes എന്നിവ.

   b) Special Services Division:

   House keeping, Accounts, Establishment Matters, Central Library, Cabinet Secretariat (Chief Secretary's Office), Meeting of Council of Ministers, All India Services, Secretary's Committee, Governors Secretariat, Central Agency, Secretariat Security Records, Stores, High Court, Chief Ministers State Level Meetings, Secret Sections, UPSC Exams, VFC etc..

5) Planning & Economic Affairs Department ന്റെ പുന:സംഘടന:
   പ്ലാനിംഗുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പരിശോധന, നിരീക്ഷണം, നിയന്ത്രണം, ഏകോപനം, എന്നിവയ്ക്കായി 'Programme Implementation and Monitoring Department' സ്ഥാപിക്കണം. ഉദ്യോഗസ്ഥർക്ക് പ്ലാൻ - തയ്യാറാക്കൽ, നിർവ്വഹണം എന്നീ മേഖലകളിൽ പരിശീലനം നൽകണം. വകുപ്പിന് കീഴിൽ 'Project Financing and Management Cell' സ്ഥാപിക്കണം.

6) വിഷയാടിസ്ഥാനത്തിൽ ഭരണ വകുപ്പുകളെ ഒന്നിച്ചു ചേർക്കുക:
   ഒരേ സ്വഭാവത്തിലുള്ള വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഭരണ വകുപ്പുകളെ ഒന്നിച്ചു ചേർത്ത് വകുപ്പുകളുടെ എണ്ണം പുനക്രമീകരിക്കണം.

7) Functional Restructuring of Secretariat:

സെക്രട്ടേറിയറ്റ് സംവിധാനത്തിന്റെ വലിയൊരു പങ്ക് പ്രവർത്തനം, ലൈൻ ഡിപ്പാർട്ട്മെന്റുകളുടെ പ്രവർത്തനങ്ങളുടെ തുടർച്ച (Extension of Function of Line Department) എന്ന രീതിയിലാണ്. ആയതിനാൽ സെക്രട്ടേറിയറ്റിലെ ഓരോ വകുപ്പുകളുടെയും 'Functional Review' നടത്തണം. Administrative Units, Specialized Units, Consultative Units എന്നിങ്ങനെ വകുപ്പുകളുടെ പ്രവർത്തനത്തെ വർഗ്ഗീകരിക്കാനാവും.

**II. Rules, Procedures and Manuals.**

1) റൂൾസ് ഓഫ് ബിസിനസിൽ, കാലഗണനാക്രമത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ ഒരു അനുബന്ധമായി ഉൾക്കൊള്ളിക്കുക. എല്ലാ മൂന്നു വർഷം കൂടുമ്പോഴും, വരുത്തിയിട്ടുള്ള എല്ലാ ഭേദഗതികളും ഉൾപ്പെടുത്തി റൂൾസ് ഓഫ് ബിസിനസ് പ്രസിദ്ധീകരിക്കുക.

2) റൂൾസ് ഓഫ് ബിസിനസിനെ de-classify ചെയ്ത് പൊതുരേഖയായി പ്രസിദ്ധപ്പെടുത്തുക.

3) കെ.എസ്.ആർ- മായി ബന്ധപ്പെട്ട കാര്യങ്ങൾ, ചട്ടങ്ങളുടെ വ്യാഖ്യാനം, ഉപദേശം നൽകൽ എന്നിവ പി ആന്റ് എ ആർ വകുപ്പിനെ ഏൽപ്പിക്കുക.

4) 'Delegation of Authority' എന്നത് ബിസിനസ് റൂൾസിൽ ഉൾപ്പെടുത്തണം. വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ അധികാര പരിധിയും വ്യക്തമാക്കണം.

5) റൂൾസ് ഓഫ് ബിസിനസ്, കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഇൻസ്ട്രക്ഷൻസ് എന്നിവ ഒന്നിപ്പിക്കണം.

6) KS & SSR, KSR, Conduct Rules എന്നിവ പരിഷ്കരിക്കണം. ഇവ എളുപ്പത്തിൽ മനസ്സിലാക്കാൻ പറ്റുന്ന വിധത്തിൽ ലഘൂകരിക്കണം. ആറു മാസത്തിൽ ഒരിക്കൽ, ഭേദഗതികൾ സഹിതം പുന:പ്രസിദ്ധീകരിക്കണം.

**III. സെക്രട്ടേറിയറ്റ് ഇ -ഗവേണൻസ്**

1) സിംഗിൾ ഫയൽ സിസ്റ്റം നടപ്പിലാക്കണം. ഒരു വിഷയത്തിൽ സംസ്ഥാനത്ത് ഒരു സർക്കാർ ഓഫീസിൽ ആരംഭിക്കുന്ന അതേ ഫയൽ തന്നെ, ആ വിഷയത്തിൽ ഉപദേശം, തീരുമാനം, അംഗീകാരം എന്നിങ്ങനെ എല്ലാ ആവശ്യങ്ങൾക്കായും സംസ്ഥാനത്തെ മറ്റ് ഏതു സർക്കാർ

ഓഫീസിലും ചംക്രമണം ചെയ്യുക. ഇത് ഫയൽ നടപടികൾ കാര്യക്ഷമവും, സുതാര്യവുമാക്കുകയും സങ്കീർണ്ണതകൾ ഒഴിവാക്കുകയും, സമയനഷ്ടം കുറയ്ക്കുകയും ചെയ്യും. തീർപ്പാക്കിയ ഫയലുകൾ, ഓൺലൈനിൽ പൊതുജനങ്ങൾക്കും ലഭ്യമാക്കുക. സർക്കാർ ഓഫീസുകൾ തമ്മിലും, സർക്കാർ ഓഫീസുകളും പൊതുജനങ്ങളും തമ്മിലുമുള്ള ആശയ വിനിമയം സുഗമമാക്കുന്നതിന് നടപ്പിലാക്കിയ e-Application, e-Adalath പ്ലാറ്റ്ഫോമുകൾ സിംഗിൾ ഫയൽ സിസ്റ്റം നടപ്പിലാക്കുന്നതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന 'Kerala State Unified Communication Service'(KCS), സിംഗിൾ ഫയൽ സംവിധാനം കാര്യക്ഷമമാക്കുന്നതിന് പ്രയോജനപ്പെടുത്താം. സർക്കാരിൽ പരാതികൾ സമർപ്പിക്കുന്നതിന് 'Single Portal' സജ്ജീകരിക്കുകയും പരാതി പരിഹാരത്തിന് നിയുക്തരായ ഉദ്യോഗസ്ഥർ/മന്ത്രിമാർക്ക് ലോഗിൻ ഐ.ഡി നൽകാവുന്നതുമാണ്. ഐ.ടി സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കമ്മിറ്റി രൂപീകരിച്ച് ഇക്കാര്യങ്ങളുടെ പ്രായോഗിക വശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നടപടി സ്വീകരിക്കണം.

2) നിലവിൽ സെക്രട്ടേറിയറ്റിൽ പ്രവർത്തിക്കുന്ന ഇ -ഫയൽ സംവിധാനം എന്നത് ഒരു 'Document Management' സംവിധാനമാണ്. ആ തലത്തിൽ നിന്ന് സാദ്ധ്യമാകുന്നിടത്തോളം, സെക്രട്ടേറിയറ്റ് സംവിധാനം 'Automation' തലത്തിലേക്ക് ഉയരണം. ഓട്ടോ മേഷന്റെ സാധ്യതകൾ കൃത്യമായി വിലയിരുത്തി, സാധ്യമായ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് സെക്രട്ടേറിയറ്റ് നടപടികൾ Business process Re-engineering ന് വിധേയമാക്കണം. ലോകോത്തര നിലവാരമുള്ള ബി.പി.ആർ വിദഗ്ദ്ധരെ കണ്ടെത്തി ഈ ചുമതല ഏൽപ്പിക്കണം.

3) മാന്വലുകൾ, സർക്കാർ പ്രസിദ്ധീകരണങ്ങൾ, റഫറൻസ് ബുക്കുകൾ എന്നിവ, കാലാകാലങ്ങളിൽ വരുത്തുന്ന ഭേദഗതികൾ സഹിതം ഓൺ ലൈനിൽ ലഭ്യമാക്കണം.

4) ഇ - കാബിനറ്റ് നടപ്പാക്കണം.

5) ധനകാര്യ വകുപ്പിന്റെ ഇ -ആപ്ലിക്കേഷൻ ആയ SPARK, BIMS, BAMS, e-LAMS, WAMS, SCORE എന്നിവയെ ഒന്നിച്ച് ചേർക്കുകയും, ഫയൽ പ്രോസസിംഗ് ആപ്ലിക്കേഷനുകളുമായി ബന്ധിപ്പിക്കുകയും ചെയ്യണം.

6) സർക്കാർ സ്വന്തമായി ഇ-മെയിൽ സംവിധാനം ആരംഭിക്കുകയും, എല്ലാ ഉദ്യോഗസ്ഥർക്കും ഔദ്യോഗിക ഇ-മെയിൽ ഐഡി നൽകുകയും വേണം.

7) സർക്കാർ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ 'Unicode Font' ഉപയോഗിക്കുന്നത് നിർബന്ധമാക്കണം.

8) സർക്കാർ സംവിധാനത്തിന് മൊത്തമായുള്ള ഔദ്യോഗിക വെബ് പോർട്ടൽ ആയി 'www.kerala.gov.in' ഉപയോഗിക്കപ്പെടണം. ഈ വെബ് സൈറ്റിന്റെ സമഗ്രതയും ആധികാരിതയും കാത്തു സൂക്ഷിക്കണം. സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ വെബ് സൈറ്റുകൾ, ഈ വെബ് പോർട്ടലിനുള്ളിൽ തയ്യാറാക്കണം.

9) റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് പി.എസ്.സി വികസിപ്പിച്ച 'TULSI' എന്ന സോഫ്റ്റ് വെയർ, സ്പാർക്കുമായി ബന്ധിപ്പിക്കണം.

10) സ്പാർക്ക് മുഖാന്തിരം ഇലക്ട്രോണിക്സ് സർവ്വീസ് ബുക്ക് രൂപപ്പെടുത്തുകയും, അക്കൗണ്ടന്റ് ജനറലിന്റെ ഇ-ആപ്ലിക്കേഷനുമായി ബന്ധിപ്പിക്കുകയും വേണം.

11) ധനകാര്യ വകുപ്പിലെ ധനകാര്യ (ഐടി സിസ്റ്റംസ്), ധനകാര്യ (ഐടി സോഫ്റ്റ് വെയർ) വകുപ്പുകൾ നിർത്തലാക്കണം. ഐടി ഹാർഡ് വെയർ ഉപകരണങ്ങൾ വാങ്ങുന്നത് ഐടി വകുപ്പിന് കീഴിലാക്കണം. മറ്റു വകുപ്പുകൾക്ക് വേണ്ടി ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകൾ, ധനകാര്യ വകുപ്പ് മുഖാന്തിരം തയ്യാറാക്കുന്നത് നിരുത്സാഹപ്പെടുത്തണം.

12) ഇ -ഓഫീസ് പ്ലാറ്റ്ഫോമിൽ, ഉദ്യോഗസ്ഥന്റെ കാര്യശേഷി നിർണ്ണയിക്കുന്നതിന് ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തണം.

13) അക്ഷയാ സെന്ററുകൾ മുഖേന സെക്രട്ടേറിയറ്റിലെ ഫയൽ നില അറിയുന്നതിന് സൗകര്യം ഏർപ്പെടുത്തണം.

14) അഡ്വൈസറി വകുപ്പുകളുടെ ജോലിഭാരം ലഘൂകരിക്കുന്നതിന് ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കണം.

15) വകുപ്പുകൾ തമ്മിലുള്ള വിഷയങ്ങളിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 'Empowered Committee' കൾ രൂപീകരിക്കണം.

16) സെക്രട്ടേറിയറ്റിലെ In House Training സംവിധാനം ശക്തിപ്പെടുത്തണം.

17) അണ്ടർ സെക്രട്ടറി മുതൽ സ്പെഷ്യൽ സെക്രട്ടറി തലം വരെയുള്ള ഫയൽ റൂട്ടിംഗ് പരിഷ്കരിക്കണം.

18) ബജറ്റിൽ ഫണ്ട് അനുവദിച്ചിട്ടുള്ള വിഷയങ്ങൾ വീണ്ടും ധനകാര്യ വകുപ്പിലേക്ക് അംഗീകാരത്തിന് അയയ്ക്കുന്നത് അവസാനിപ്പിക്കണം.

19) LWA അപേക്ഷകൾ അംഗീകരിക്കുന്നതിനുള്ള അധികാരം സബോർഡിനേറ്റ് ഓഫീസുകൾക്ക് നൽകണം.

20) ഫയലിൽ അന്തിമ തീരുമാനം എടുക്കാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്, ഫയൽ കൈവശം വെക്കുന്നതിന് സമയ പരിധി നിശ്ചയിക്കണം.

21) സെക്രട്ടേറിയറ്റിൽ സമഗ്രമായ ഒരു 'Work Study' നടത്തി Work Distribution പരിഷ്കരിക്കണം.

22) സെക്രട്ടേറിയറ്റിൽ നിലവിലുള്ള എല്ലാ പേപ്പർ രേഖകളും ഡിജിറ്റൈസ് ചെയ്യണം.

23) ഫയലുകൾ മറച്ച് വെക്കുന്നതിനുള്ള ഉപാധിയായി 'Park File' സംവിധാനം, ഇ -ഓഫീസിൽ ദുരുപയോഗിക്കുന്നത് പരിശോധിക്കപ്പെടണം.

## IV. സെക്രട്ടേറിയറ്റ് അടിസ്ഥാന സൗകര്യങ്ങളും തൊഴിൽ സാഹചര്യങ്ങളും.

1) 150 വർഷത്തിലധികം പഴക്കമുള്ള കെട്ടിട ഭാഗങ്ങൾ ഉൾക്കൊള്ളുന്ന പ്രധാന സെക്രട്ടേറിയറ്റ് മന്ദിരം, 1995, 2016 എന്നീ വർഷങ്ങളിൽ നിർമ്മാണം പൂർത്തിയാക്കിയ അനക്സ് I, അനക്സ് II മന്ദിരങ്ങളും ഉൾക്കൊള്ളുന്ന സെക്രട്ടേറിയറ്റ് സമുച്ചയം, നിലവിലെ ആവശ്യങ്ങൾ നിറവേറ്റുന്നവിധം സൗകര്യപ്രദമോ, ശാസ്ത്രീയമായി രൂപകൽപ്പന ചെയ്തതോ അല്ല. ആയതിനാൽ സൗകര്യപ്രദമായ മറ്റൊരു സ്ഥലത്ത് ആധുനിക രീതിയിൽ പുതുക്കിയ സെക്രട്ടേറിയറ്റ് സമുച്ചയം നിർമ്മിക്കണം. നിലവിലെ പ്രധാന സെക്രട്ടേറിയറ്റ് മന്ദിരം, ഹെറിറ്റേജ് മന്ദിരമായി നിലനിർത്തുകയും, സെക്രട്ടേറിയറ്റ് അനക്സ് I, അനക്സ് II മന്ദിരങ്ങൾ, മറ്റ് ഓഫീസുകൾ പ്രവർത്തിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്തുകയും വേണം.

2) പുതിയ മന്ദിരം നിർമ്മിക്കുന്നതു വരെ പഴയ മന്ദിരം ഉപയോഗപ്പെടുത്തുമ്പോൾ;

   a) ആവശ്യമായ സൈനേജ് ബോർഡുകൾ (വകുപ്പിന്റെ പേര്, സെക്ഷൻ പേര്) എന്നിവ സ്ഥാപിക്കുക.

b) മന്ത്രിമാർ, വകുപ്പ് സെക്രട്ടറിമാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ ഓഫീസ് ഒരേ ഭാഗത്ത് വരുന്ന വിധം പുന:ക്രമീകരിക്കുക.

c) സെക്ഷനുകളുടെ ലേ -ഔട്ട് പുന:ക്രമീകരിച്ച് ആവശ്യത്തിന് സ്ഥല സൗകര്യം ഏർപ്പെടുത്തുക.

d) സെക്രട്ടേറിയറ്റ് (ഹൗസ് -കീപ്പിംഗ്) വകുപ്പ്, ഐടി, ഇലക്ട്രിക്കൽ, സിവിൽ കൺസ്ട്രക്ഷൻ വകുപ്പുകളുമായി ചേർന്ന് നിർമ്മാണ പ്രവൃത്തി / നവീകരിക്കൽ ആസൂത്രണം ചെയ്യുക.

e) സെക്രട്ടേറിയറ്റ് സെൻട്രൽ ലൈബ്രറി, നിയമ ലൈബ്രറി എന്നിവ ആധുനീകരിക്കുക.

f) സെക്രട്ടേറിയറ്റിൽ, ശാസ്ത്രീയ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തുക.

g) Visitors Facilitation Centre നവീകരിക്കുക. സന്ദർശകർക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. 'കാൾ സെന്ററുകൾ' എന്ന രീതിയിൽ കൂടി VFC കളെ പ്രയോജനപ്പെടുത്തണം. രോഗികൾ, വൃദ്ധർ, ശാരീരിക ക്ഷമത കുറഞ്ഞവർ എന്നിവർക്ക് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തണം.

h) വാഹന പാർക്കിംഗ് സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

i) ഊർജ്ജ ഓഡിറ്റ് നടത്തുക, സൗരോർജ്ജം പ്രയോജനപ്പെടുത്തുക.

j) സൗകര്യപ്രദമായ കാത്തിരിപ്പ് കേന്ദ്രങ്ങൾ, സെക്രട്ടേറിയറ്റ് ക്യാമ്പസിനുള്ളിൽ ആരംഭിക്കുക.

k) സെക്രട്ടേറിയറ്റ് ജീവനക്കാർക്കായി ഹോസ്റ്റൽ /ക്വാർട്ടേഴ്സ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

## V. മറ്റ് ശുപാർശകൾ

1) സെക്രട്ടേറിയറ്റ് സർവ്വീസിന് സെപ്ഷ്യൽ റൂൾ തയ്യാറാക്കുക.

2) സെക്ഷൻ ഓഫീസർ തലത്തിൽ നിന്ന് അണ്ടർ സെക്രട്ടറി തലത്തിലേക്കുള്ള സ്ഥാനക്കയറ്റത്തിന് പി.എസ്.സി മുഖേന യോഗ്യതാ പരീക്ഷ നിർബന്ധമാക്കുക.

ലാറ്ററൽ പ്രവേശനത്തിലൂടെ തസ്തിക മാറ്റം നേടുന്നവർക്കും പി.എസ്.സി യുടെ യോഗ്യതാ പരീക്ഷ നിഷ്കർഷിക്കുക.

3) ധനവകുപ്പിന്റെ ട്രെയിനിംഗ് കേന്ദ്രമായ, 'Centre for training in Financial Management', P&AR വകുപ്പിന്റെ ട്രെയിനിംഗ് സെന്റർ എന്നിവ യോജിപ്പിച്ച്, കാര്യക്ഷമമായ ഒരു ഇൻ-ഹൗസ് ട്രെയിനിംഗ് സെന്റർ ആരംഭിക്കുക. ഉദ്യോഗസ്ഥർക്ക് ഘട്ടം -ഘട്ടമായുള്ള ട്രെയിനിംഗുകൾ നിർബന്ധമാക്കുക. Training Need Analysis (TNA) നടത്തി സമഗ്ര പരിശീലന പദ്ധതി തയ്യാറാക്കുക. Immersion Visits പ്രാരംഭ പരിശീലന പരിപാടിയുടെ ഭാഗമാക്കുക.

4) അന്യത്ര സേവനം, ഉദ്യോഗസ്ഥന്റെ സമ്മതം തേടിയതിനു ശേഷം മാത്രം അനുവദിക്കുക. പ്രത്യേക തൊഴിൽ നൈപുണ്യം ആവശ്യമില്ലാത്തതും, ഭരണപരമായ അടിയന്തിരാവശ്യങ്ങൾക്കോ, കേഡർ തസ്തികകളിലേക്കോ ഉള്ള അന്യത്ര സേവനം സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നൽകുക.

5) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്മാർക്ക് ആവശ്യമായ പരിശീലനം നൽകി, ഓഫീസ് മാനേജർ ആയി നിയമിക്കുക.

6) ഡിജിറ്റൈസ് ചെയ്ത രേഖകൾ ഓൺലൈനിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

7) കംപ്യൂട്ടർ അസിസ്റ്റന്റ് എന്ന തസ്തിക കോമൺ പൂളിൽ ഉൾപ്പെടുത്തുക.

8) ഗസറ്റഡ്/നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർ ഒരൊറ്റ സർവ്വീസ് സംഘടനയിൽ പ്രവർത്തിക്കുന്നത് Conduct Rules നും അഡ്മിനിസ്ട്രേഷൻ/സിവിൽ സർവ്വീസ് ആദർശങ്ങൾക്കും വിരുദ്ധമാണ്. ഗസറ്റഡ്, നോൺ ഗസറ്റഡ് ജീവനക്കാർക്ക് വ്യത്യസ്ത സർവ്വീസ് സംഘടനകൾ വേണമെന്ന നിഷ്കർഷ പാലിക്കപ്പെടണം.

9) അസിസ്റ്റന്റ് മുതൽ അണ്ടർ സെക്രട്ടറി വരെയുള്ള തലത്തിൽ, ഒരു ഉദ്യോഗസ്ഥൻ ഒരേ വകുപ്പിൽ തന്നെ കുറഞ്ഞത് 5 വർഷമെങ്കിലും ജോലി ചെയ്യണം. കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ അടിസ്ഥാനത്തിൽ, ഡെപ്യൂട്ടി സെക്രട്ടറി തലം മുതലുള്ള തസ്തികകളെ വർഗ്ഗീകരിച്ച്, ഡപ്യൂട്ടി സെക്രട്ടറി തലത്തിൽ സ്ഥാനക്കയറ്റം നേടുന്ന ഉദ്യോഗസ്ഥന് ഇഷ്ടമുള്ള മേഖല (സർവ്വീസ് കാര്യം, പർച്ചേസ്, പ്ലാനിംഗ്, പരാതി പരിഹാരം,നിയമ കാര്യം, എന്നിങ്ങനെ) തിരഞ്ഞെടുത്ത് ജോലി ചെയ്യാൻ അവസരം നൽകണം.

10) സെക്രട്ടേറിയറ്റ് സർവ്വീസിൽ അസിസ്റ്റന്റ് ആയി ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥൻ 6 മാസത്തെ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകണം. അതിൽ മൂന്ന്

മാസം, പഞ്ചായത്ത്, വില്ലേജ്, താലൂക്ക് ജില്ലാ തലങ്ങളിലുള്ള ഓഫീസുകളിൽ ഫീൽഡ് സ്റ്റഡി എന്ന നിലയിൽ പോസ്റ്റ് ചെയ്യണം.

11) സർക്കാർ തീരുമാനങ്ങളുടെ നടപ്പിലാക്കൽ സംബന്ധിച്ച്, റിവ്യൂ മോണിട്ടറിംഗ് സംവിധാനങ്ങൾ ശക്തിപ്പെടുത്തണം.

12) അഡീഷണൽ സെക്രട്ടറിമാരിൽ നിന്ന്, പി.എസ്.സി മുഖേന, പ്രാപ്തരായ ഉദ്യോഗാർത്ഥികളെ മാത്രം സ്പെഷ്യൽ സെക്രട്ടറി പദവിയിൽ നിയോഗിക്കുക. സ്പെഷ്യൽ സെക്രട്ടറിമാർക്ക് വകുപ്പുകളുടെ സ്വതന്ത്ര ചുമതല നൽകുക.

13) സി.എ, ടൈപ്പിസ്റ്റ്, ഡ്രൈവർ-കം-ഒ.എ തസ്തികകളിലെ സേവനം പൂളിംഗ് സംവിധാനത്തിലൂടെ ഉപയോഗപ്പെടുത്തുക.

14) KCS (CC &A) റൂൾസ് പ്രകാരം വകുപ്പ് തലവൻമാർ തങ്ങളുടെ വകുപ്പിലെ അച്ചടക്ക നടപടികൾ സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് സെക്രട്ടേറിയറ്റിലേക്ക് അയയ്ക്കുന്നതും, പ്രസ്തുത റിപ്പോർട്ടുകൾ, വിജിലൻസ് വകുപ്പിൽ consolidate ചെയ്ത് പരിശോധിക്കുന്നതും കർശനമാക്കുക.

15) 10 കോടി രൂപ വരെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള അനുമതി വകുപ്പ് തലവൻമാർക്ക് നൽകുക. ധനവകുപ്പിന്റെ ഒരു പ്രതിനിധി കൂടി ഉൾപ്പെടുന്ന 'Departmental Working Group' -ന് 10 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികളിൽ ഭരണാനുമതി നൽകുന്നതിനും അധികാരം നൽകുക. ഡിപി.സി -യുടെ തീരുമാനം അന്തിമമായിരിക്കണം.

16) SCORE, SPARK, MEDICEP, VEELS എന്നീ e-Applications -ന്റെ ചുമതല ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് തന്നെ നൽകുക.

17) നിർദ്ദിഷ്ട 'Programme Implementations and Monitoring Department'-ൽ, കേന്ദ്ര സർക്കാർ വഴി നടപ്പിലാക്കേണ്ട പദ്ധതികളുടെ തുടരന്വേഷണങ്ങൾ, ഏകോപനം എന്നിവ നിർവ്വഹിക്കുക.

## അദ്ധ്യായം - 5

# സെമിനാറുകൾ, ശില്പശാലകൾ തുടങ്ങിയവ

1. 'പേഴ്സണൽ റിഫോംസ്' എന്ന പഠനത്തിൽ ബന്ധപ്പെട്ടു വരുന്നവരുടെ പ്രതികരണങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും, ആയതിൽ ചർച്ച നടത്തുന്നതിനുമായി 2019 ജനുവരി 7 -ന് സി.എം.ഡി യിൽ വെച്ച് ഒരു ഏകദിന സെമിനാർ സംഘടിപ്പിച്ചു. 27.02.2019 -ൽ പി.എസ്.സി ചെയർമാനുമായി കമ്മീഷൻ ചർച്ച നടത്തി.

2. ക്ഷേമം അവകാശമാകുമ്പോൾ എന്ന പഠനത്തിൽ 05.12.2017 -ൽ പൊതുജനങ്ങൾക്കായി ഒരു കേൾവിക്കൂട്ടം സംഘടിപ്പിച്ചു. 13.12.2017 -ൽ ശില്പശാലയും സംഘടിപ്പിച്ചു.

3. 'ജനകേന്ദ്രീകൃത സേവനങ്ങൾ' എന്ന പഠനത്തിന്റെ ഭാഗമായി പ്രസ്തുത വിഷയത്തിലെ പൊതുജനാഭിപ്രായ ശേഖരണത്തിനും നിലവിലുള്ള സർക്കാർ സേവന വിതരണത്തിലെ പരിമിതികൾ പരിശോധിക്കുന്നതിനുമായി സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ പബ്ലിക് ഹിയറിംഗ് നടത്താൻ കമ്മീഷൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ 05/12/2017 ന് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഒളിംപിയ ഹാളിൽ പബ്ലിക് ഹിയറിംഗ് നടത്തി. വനിത/ശിശു ക്ഷേമവുമായി ബന്ധപ്പെട്ട വിഷയത്തിൽ സർക്കാർ സേവനങ്ങളുടെ ലഭ്യത സംബന്ധിച്ച് വിവിധ സർക്കാർ വകുപ്പുകൾ/എൻ.ജി.ഒ കൾ എന്നിവരുടെ പ്രതിനിധികൾ, വിവിധ ജനകീയ സംഘടനാ പ്രതിനിധികൾ അവരുടെ ഉൽകണ്ഠകളും നിർദ്ദേശങ്ങളും കമ്മീഷന് മുമ്പാകെ സമർപ്പിച്ചു. 04/01/2018 -ന് എറണാകുളം ടൗൺ ഹാളിൽ പബ്ലിക് ഹിയറിംഗ് നടത്തുകയുണ്ടായി. മുതിർന്ന പൗരൻമാരുടെയും അതിഥി തൊഴിലാളികളുടെയും ക്ഷേമവുമായി ബന്ധപ്പെട്ട വിഷയത്തിൽ ജില്ലയിലെ വിവിധ വിഭാഗം ജനങ്ങളിൽ നിന്നും വിവിധ സർക്കാർ വകുപ്പുകളുടെയും എൻ.ജി.ഒ കളുടെയും പ്രതിനിധികളിൽ നിന്നും കമ്മീഷൻ വിവരശേഖരണം നടത്തുകയും പൊതുജനാഭിപ്രായവും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തു. 05/01/2018 ന് പാലക്കാട് ടൗൺ ഹാളിൽ വച്ച് നടത്തപ്പെട്ട പബ്ലിക് ഹിയറിംഗിൽ ഭിന്നശേഷിക്കാരുടെ വിവിധ പ്രശ്നങ്ങളും അവരുടെ ക്ഷേമത്തിനായിട്ടുള്ള വിവിധ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയത്തിൽ പൊതുജനാഭിപ്രായവും നിർദ്ദേശങ്ങളും കമ്മീഷൻ ശേഖരിക്കുകയുണ്ടായി.

4. 11.01.2018 ന് കണ്ണൂർ പോലീസ് സഭാ ഹാളിൽ വച്ച് കമ്മീഷൻ ഈ പഠനത്തിന്റെ ഭാഗമായി പബ്ലിക് ഹിയറിംഗ് നടത്തി. ആയതിന്റെ ഭാഗമായി സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങളുടെ പ്രതിനിധികളുമായും സർക്കാർ വകുപ്പുകളുടെയും എൻ.ജി.ഒ കളുടെയും പ്രതിനിധികളുമായും ആശയ സംവാദം സംഘടിപ്പിക്കുകയും വനിത/ശിശുക്ഷേമവും അവരുടെ മാനസിക ആരോഗ്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിലും ഉള്ള നിർദ്ദേശങ്ങൾ/അഭിപ്രായങ്ങൾ ശേഖരിക്കുകയും ചെയ്തു.

5. 23.11.2018 ന് തിരുവനന്തപുരം നെടുമങ്ങാട് ടൗൺ ഹാളിൽ വച്ച് കമ്മീഷൻ പബ്ലിക് ഹിയറിംഗ് നടത്തുകയുണ്ടായി. ആയതിന്റെ ഭാഗമായി വിവിധ സംഘടന/പൊതുജന പ്രസ്ഥാനങ്ങൾ ഉൾപ്പെടെയുള്ളവരുടെ പ്രതിനിധികളുമായും വിവിധ വകുപ്പുകൾ/എൻ.ജി.ഒ കൾ എന്നിവരുടെ പ്രതിനിധികളുമായും ആശയസംവാദം നടത്തുകയും നിലവിലുള്ള സേവന വിതരണ സംവിധാനത്തിലെ കുറവുകൾ തിരിച്ചറിയുന്നതിനും ഫലപ്രദമായി നടപ്പിലാക്കുന്നതിനുമുള്ള പൊതു അഭിപ്രായ / നിർദ്ദേശ ശേഖരണം നടത്തുകയുമുണ്ടായി.

6. 30.11.2018 ന് ആലപ്പുഴ മുൻസിപ്പൽ ടൗൺ ഹാളിൽ വച്ച് നിലവിലുള്ള സേവന വിതരണ സംവിധാനത്തിലെ പോരായ്മകൾ തിരിച്ചറിയുന്നതിനും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനുമുള്ള പൊതുജനാഭിപ്രായ/നിർദ്ദേശ ശേഖരണത്തിന്റെ ഭാഗമായി ആശയ സംവാദത്തിൽ സമൂഹത്തിന്റെ വിവിധ മേഖലകളിലെ പൗരപ്രമുഖരും വിവിധ സർക്കാർ വകുപ്പുകൾ/ എൻ.ജി.ഒ കൾ എന്നിവരുടെ പ്രതിനിധികൾ എന്നിവരും ഹാജരായി ഈ വിഷയത്തിൽ വിവിധ നിർദ്ദേശങ്ങൾ നല്കുകയുണ്ടായി.

7. വിവിധ സർക്കാർ വകുപ്പുകൾ/ ഏജൻസികൾ എന്നിവയുടെ പ്രതിനിധികളുമായും പൊതുജനസംഘടന പ്രതിനിധികളുമായും വിവിധ പൗരപ്രമുഖരുമായും ആശയസംവാദം നടത്തുന്നതിനും അഭിപ്രായ / നിർദ്ദേശശേഖരണത്തിനുമായി 20/12/2018 ന് മലപ്പുറം ജില്ലയിൽ പഠന വിഷയത്തിന്റെ അടിസ്ഥാനത്തിൽ പബ്ലിക് ഹിയറിംഗ് നടത്തുകയുണ്ടായി.

8. 22.01.2019 ന് ജനകേന്ദ്രീകൃത സേവനങ്ങൾ എന്ന പഠന വിഷയത്തിന്റെ ഭാഗമായി പൊതുജനങ്ങളിൽ നിന്നും അഭിപ്രായ നിർദ്ദേശങ്ങൾ ശേഖരിക്കുന്നതിനായി കാസർഗോഡ് ജില്ലയിൽ ഒരു പബ്ളിക് ഹിയറിംഗ് നടത്തി. ആയതിന്റെ ഭാഗമായി 'പാർശ്വവൽകൃത സമൂഹം മുഖ്യധാരയിലേയ്ക്ക്' എന്ന വിഷയത്തിൽ തീരദേശവാസികളുടെയും മത്സ്യത്തൊഴിലാളികളുടെയും പ്രതിനിധികളുമായി ആശയസംവാദം നടത്തി അവരുടെ വിലയേറിയ അഭിപ്രായ നിർദ്ദേശങ്ങൾ

ശേഖരിക്കുകയും ചെയ്തു. 'തീരദേശവും മത്സ്യ തൊഴിലാളികളും' എന്ന വിഷയത്തിൽ 22.01.2019 ന്, കാസർഗോഡ് 'District Institute of Education and Training' ഹാളിൽ വച്ച് ഹിയറിംഗ് സംഘടിപ്പിച്ചു.

9. ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ സംവിധാനങ്ങളുടെ പ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ, സർക്കാർ - ഇതര സേവന സംഘടനാ പ്രതിനിധികൾ, മത്സ്യ തൊഴിലാളി പ്രതിനിധികൾ എന്നിവർ ഹിയറിംഗിൽ സംബന്ധിച്ച് തങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംസാരിച്ചു.

10. 13.02.2019 ന് വയനാട് നടന്ന പബ്ലിക് ഹിയറിംഗിൽ 'പാർശ്വവൽകൃത സമൂഹം മുഖ്യധാരയിലേയ്ക്ക്' എന്ന വിഷയത്തിൽ പഠനത്തിന്റെ ഭാഗമായി പട്ടികവർഗ്ഗങ്ങളെ പ്രതിനിധീകരിക്കുന്ന പ്രത്യേക ക്ഷണിതാക്കളുമായി ആശയ സംവാദം നടത്തുകയും വിവരശേഖരണം നടത്തുകയും ചെയ്തു. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രശ്നങ്ങളും പ്രതീക്ഷകളുമാണ് ഈ ഹിയറിംഗിൽ പങ്കുവെയ്ക്കപ്പെട്ടത്. സർക്കാർ/സർക്കാരിതര സ്ഥാപന പ്രതിനിധികൾ, പട്ടിക വർഗ്ഗ സംഘടനാ പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ, പഠന വിഷയമായ വിഭാഗത്തിലെ സാധാരണ ജനങ്ങൾ എന്നിവർ ഹിയറിംഗിൽ പങ്കെടുത്തു. ആദിവാസി ഗോത്ര മഹാസഭാ പ്രതിനിധികൾ, വയനാട് ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മറ്റി അംഗം, കൽപ്പറ്റ നിയമസഭാ മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ, ട്രൈബൽ ഡവലപ്പ്മെന്റ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ, പ്രസിഡന്റ്, ആദിവാസി ക്ഷേമസമിതി, ഐ.സി.ഡി.എസ് പ്രതിനിധികൾ, പ്രസിഡന്റ് കേരള ആദിവാസി ഫോറം, ആദിവാസി മഹാസഭാ പ്രതിനിധി, തുടങ്ങിയവർ ഹിയറിംഗിൽ കാലിക പ്രസക്തമായ നിരവധി വിഷയങ്ങൾ കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടു വന്നു.

11. ഉദ്യോഗസ്ഥ ശേഷി വികസനം എന്ന പഠനത്തിൽ, 13.03.2017-ൽ പഠനത്തിന്റെ ഭാഗമായി കമ്മീഷൻ ഉദ്യോഗസ്ഥർ ഐ.എം.ജി, കോഴിക്കോട് സന്ദർശിക്കുകയും ആവശ്യമായ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. കമ്മീഷൻ ഉദ്യോഗസ്ഥർ 10.04.2017 ന് ഐ.എം.ജി കൊച്ചി സെന്ററും സന്ദർശിച്ച് വിവരശേഖരണം നടത്തി. തുടർന്ന് 10.04.2017 -ൽ ഐ.എം.ജി തിരുവനന്തപുരവും സന്ദർശിച്ച് വിവരശേഖരണം നടത്തി.

12. പഠനത്തിന്റെ ഭാഗമായി താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ, കമ്മീഷൻ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന പഠനസംഘം സന്ദർശനം നടത്തി പഠനം നടത്തി.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | സംസ്ഥാന ഗ്രാമ വികസന പരിശീലന കേന്ദ്രം, കൊട്ടാരക്കര |
| 2 | എക്സ്റ്റെൻഷൻ ട്രെയിനിംഗ് സെന്റർ, കൊട്ടാരക്കര |
| 3 | കേരള ഫോറസ്റ്റ് ട്രെയിനിംഗ് സെന്റർ, അരിപ്പ |
| 4 | ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ഫാം, കുളത്തൂപ്പുഴ |
| 5 | കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ |
| 6 | കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി |
| 7 | കേരള ഫയർ സർവ്വീസ് അക്കാദമി, വിയ്യൂർ |
| 8 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, പൂജപ്പുര |
| 9 | കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്, വികാസ് ഭവൻ |
| 10 | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റ്, പി.ടി.പി നഗർ |
| 11 | ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, പി.ടി.പി. നഗർ |
| 12 | പ്രീ - എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, മണ്ണന്തല |
| 13 | റീജിയണൽ അഗ്രികൾച്ചർ ടെക്നോളജി ട്രെയിനിംഗ് സെന്റർ, കഴക്കൂട്ടം |
| 14 | IITMK, ടെക്നോപാർക്ക് |

13. വിവിധ സ്ഥാപന സന്ദർശനങ്ങളിലൂടെ സമാഹരിച്ച വിവരങ്ങൾ വിശകലനം ചെയ്ത് ക്രോഡീകരിക്കുന്നതിനും, 07.06.2017 -ൽ വിദഗ്ധസമിതി യോഗം ചേർന്ന് പഠനവുമായി ബന്ധപ്പെട്ട മറ്റ് തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രവർത്തന രൂപരേഖ തയ്യാറാക്കി. 'ഉദ്യോഗസ്ഥ ശേഷി വികസനം' എന്ന മേഖലയിൽ ദേശീയ തലത്തിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകുന്ന താഴെ ചേർത്തിരിക്കുന്ന ശ്രേഷ്ഠ സ്ഥാപനങ്ങളിലും കമ്മീഷൻ ഉദ്യോഗസ്ഥർ അടങ്ങുന്ന പഠന സംഘം സന്ദർശനം നടത്തി.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ (ASCI), ഹൈദരാബാദ് |
| 2 | സെന്റർ ഫോർ ഗുഡ് ഗവർണൻസ് (CGG), ഹൈദരാബാദ് |
| 3 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്പ്മെന്റ് & പായത്ത് രാജ് (NIRD & PR), ഹൈദരാബാദ് |
| 4 | സെന്റർ ഫോർ ഇന്നോവേഷൻസ് ഇൻ പബ്ലിക് സിസ്റ്റംസ് (CIPS), ഹൈദരാബാദ് |

| | |
|---|---|
| 5 | യാഷ്വന്ത് റാവു ചവാൻ അക്കാഡമി ഓഫ് ഡവലപ്പ്മെന്റ് അഡ്മിനിസ്ട്രേഷൻ (YASHADA), പൂനെ |
| 6 | ഏഷ്യാ - പ്ലേറ്റു - സെന്റർ ഫോർ ഇനിഷ്യേറ്റീവ്സ് ഓഫ് ചേഞ്ച് (Iofc), പഞ്ചഗനി, മഹാരാഷ്ട്ര |

14. അടിസ്ഥാന സൗകര്യങ്ങൾ, വികസനവും അറ്റകുറ്റപ്പണിയും എന്ന പഠനത്തിൽ ആസ്തികൾ സംബന്ധിച്ചുള്ള പഠനം തിരുവനന്തപുരം, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നടത്തി.

| Sl. No | Type of Institution | Institutions visited |
|---|---|---|
| 1 | Health care Institution | 1. General Hospital, Neyyattinkara<br>2. Public Health Centre, Kumbadaje<br>3. Taluk Headquarters Hospital, Sulthanbathery |
| 2 | Educational Institution | 1. Government Girls Higher Secondary School, Nedumagadu.<br>2. Govt. Vocational Higher Secondary School, Delampady<br>3. Government Higher Secondary School, Vythiri |
| 3 | Law and Order Institution | 1. Museum Police Station<br>Police Station Badiyadukka<br>2. Model Police Station, Meenangadi |
| 4 | Social Welfare Institution | 1. Old Age Home for Women, Poojapura<br>2. Government Mahila Mandiram, Paravandukkam<br>3. Government Children’s Home, Kaniyambetta |
| 5 | Administrative Office | 1. Vikas Bhavan, PMG<br>2. Sub-Registrar Office, Manjeshwaram<br>3. Taluk Office, Mananthavady |
| 6 | Government Building | 1. Government Guest House, Sulthanbathery |

15. 'ക്ഷേമം അവകാശമാകുമ്പോൾ' എന്ന ആശയത്തെ മുൻനിർത്തി ഒരു സംസ്ഥാനതല ശില്പശാല 07.12.2019 -ൽ ഐ.എം.ജി, തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. പാർശ്വവൽകൃത വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിനാവശ്യമായ ശുപാർശകൾ രൂപപ്പെടുത്തുക എന്നതായിരുന്നു ശില്പശാലയുടെ ലക്ഷ്യം.

16. സർക്കാർ വകുപ്പുകളെയും തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളേയും സംബന്ധിച്ച ഭരണപരിഷ്കാര ആവശ്യകത (Need for Administrative Reforms) വിലയിരുത്തുന്നതിനും കമ്മീഷനുമായി സജീവമായ ബന്ധം നിലനിർത്തുന്നതിനും വേണ്ടി വിവിധ സർക്കാർ വകുപ്പുകളിലും പൊതുജനങ്ങളുടെ ദൈനംദിന ആവശ്യങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങൾ /ഗവ. സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിലും 5 മുതൽ 8 പേർ വരെ അടങ്ങുന്ന വകുപ്പുതല/സ്ഥാപനതല കമ്മിറ്റികൾ രൂപീകരിക്കണമെന്നും അത്തരത്തിൽ രൂപീകരിക്കപ്പെടുന്ന കമ്മിറ്റികൾക്ക് ഒരു നോഡൽ ഓഫീസർ ഉണ്ടായിരിക്കണമെന്നും കമ്മീഷൻ നിഷ്കർഷിക്കുകയും അക്കാര്യം ബന്ധപ്പെട്ട വകുപ്പുകളെ മുൻകൂട്ടി അറിയിക്കുകയും ചെയ്തിരുന്നു. ടി വകുപ്പുതല/സ്ഥാപനതല കമ്മിറ്റികൾക്കുള്ള പ്രവർത്തന രേഖ അവതരിപ്പിക്കുന്നതിനും സംശയദൂരീകരണത്തിനുമായി 2017 നവംബർ 3 ന് തൈക്കാട് ഗവ. ഗസ്റ്റ് ഹൗസിൽ വച്ച് ശില്പശാല സംഘടിപ്പിച്ചു. ബഹു ചെയർമാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ടി ശില്പശാലയിൽ വിവിധ ഗവ. സെക്രട്ടറിമാർ, വകുപ്പ് തലവൻമാർ, നോഡൽ ഓഫീസർമാർ എന്നിവർ പങ്കെടുത്തു.

17. 20.08.2016 ലെ സ.ഉ (എം.എസ്) 21/2016/ഉ.ഭ.പ.വ പ്രകാരം അംഗീകരിക്കപ്പെട്ട ഭരണപരിഷ്കാര കമ്മീഷന്റെ പരിഗണനാവിഷയങ്ങളിലൊന്ന് സർക്കാരിന്റെ ഉദ്യോഗസ്ഥ ശേഷി വികസന സംവിധാനം വിലയിരുത്തി അത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നതാണ്. ഈ പരിഗണനാവിഷയവുമായി ബന്ധപ്പെട്ട് കമ്മീഷന്റെ മെമ്പർ സെക്രട്ടറിയുൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സംസ്ഥാനത്തെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥ പരിശീലന സ്ഥാപനങ്ങളുടെ പ്രവർത്തനരീതിയെപ്പറ്റി മനസ്സിലാക്കുന്നതിനായി വിവിധ പരിശീലന സ്ഥാപനങ്ങളിൽ സന്ദർശനം നടത്തുകയും ടി സ്ഥാപനങ്ങളുടെ നിലവിലുള്ള ഘടന, നടത്തപ്പെടുന്ന പരിശീലനപരിപാടികളുടെ സ്വഭാവം, അക്കാദമികവും അല്ലാതെയുമുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മനസ്സിലാക്കുകയുമുണ്ടായി. കൊച്ചിയിലും കോഴിക്കോട്ടുമുള്ള ഐ.എം.ജി റീജണൽ സെന്ററുകൾ, കൊട്ടാരക്കരയിലെ ഗ്രാമവികസന പരിശീലന കേന്ദ്രം (SIRD), എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ (ETC), അരിപ്പയിലുള്ള കേരള

ഫോറസ്റ്റ് ട്രെയിനിംഗ് സെന്റർ, കുളത്തൂപ്പുഴയിലുള്ള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ഫാം, തൃശ്ശൂർ മുളങ്കുന്നത്തുകാവിലെ KILA, കേരള ഫയർ സർവ്വീസ് അക്കാഡമി, പീച്ചിയിലെ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (ILDM), IIITM-K, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (KILE), മണ്ണന്തലയിലെ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, പി.ടി.പി നഗറിലുള്ള ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് കൗൺസിൽ ഓഫ് എജ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (SCERT), IHRD എന്നിവയുൾപ്പെടെ 17 ഓളം സ്ഥാപനങ്ങളിലാണ് കമ്മീഷൻ ഉദ്യോഗസ്ഥർ സന്ദർശനം നടത്തിയത്.

18. പഠനത്തിന്റെ ഭാഗമായി രാജ്യത്തെ പ്രധാനപ്പെട്ട ചില ഉദ്യോഗസ്ഥ പരിശീലനസ്ഥാപനങ്ങളിലും കമ്മീഷൻ ഉദ്യോഗസ്ഥർ സന്ദർശനം നടത്തിയിട്ടുണ്ട്. ഹൈദരാബാദിലെ സെന്റർ ഫോർ ഗുഡ് ഗവേണൻസ് (CGG), അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇന്ത്യ (ASCI), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (NIRD), മഹാരാഷ്ട്രയിലെ പൂനെയിലുള്ള യശ്വന്ത് റാവു ചവാൻ അക്കാഡമി ഓഫ് ഡെവലപ്മെന്റ് അഡ്മിനിസ്ട്രേഷൻ (YASHAD), പഞ്ചഗനിയിലുള്ള IC Centre for Governance (ICCG) എന്നിവയാണ് പ്രസ്തുത സ്ഥാപനങ്ങൾ. ഈ സ്ഥാപനങ്ങളിലെ സന്ദർശനം വഴി സംസ്ഥാനത്തെ ഉദ്യോഗസ്ഥ ശേഷി വികസനത്തിനായി പരിഗണിക്കാവുന്ന ചില മാതൃകകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

19. സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരൻമാർ, ഭിന്നശേഷിക്കാർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, അന്യസംസ്ഥാന തൊഴിലാളികൾ എന്നിങ്ങനെ സമൂഹത്തിന്റെ കരുതലും സംരക്ഷണവും ആവശ്യമുള്ള വിഭാഗങ്ങളുടെ ക്ഷേമം ഉറപ്പാക്കുന്നതിന് നിർമ്മിക്കപ്പെട്ട വിവിധ നിയമങ്ങളുടെ നടത്തിപ്പും ഫലപ്രാപ്തിയും സംബന്ധിച്ച അവലോകനം എന്ന പഠനത്തിന്റെ ഭാഗമായി 2017 ഡിസംബർ 13 ന് മസ്കറ്റ് ഹോട്ടലിൽ വച്ച് ഏകദിനശില്പശാല സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത ശില്പശാലയിൽ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചുകൊണ്ട് സുപ്രീംകോടതി അഭിഭാഷകയായ ശ്രീമതി. അപർണ്ണ ഭട്ട്, സാമൂഹ്യ പ്രവർത്തകനായ ശ്രീ. നിഖിൽ ഡേ, പ്രശസ്ത പത്രപ്രവർത്തകനായ ശ്രീ. ഗൗരീദാസൻനായർ എന്നിവർ സംസാരിച്ചു. വിവിധ വിഭാഗങ്ങളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സർക്കാരിതര സംഘടനകളുടെ പ്രതിനിധികൾ, ഈ മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖ വ്യക്തികൾ, സർക്കാർ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവർ ശില്പശാലയിൽ പങ്കാളികളായി.

20. ക്ഷേമനിയമങ്ങളുടെ അവലോകനം സംബന്ധിച്ച പഠനത്തിന്റെ ഭാഗമായി സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം എന്ന വിഷയത്തിൽ 2017 ഡിസംബർ 5 ന് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ ഒളിമ്പിയ ഹാളിൽ കമ്മീഷൻ ചെയർമാന്റെ നേതൃത്വത്തിൽ പബ്ളിക് ഹിയറിംഗ് സംഘടിപ്പിച്ച ഇതര സംസ്ഥാന തൊഴിലാളികൾ, മുതിർന്ന പൗരന്മാർ എന്നിവർക്കുള്ള ക്ഷേമനിയമങ്ങൾ എന്ന വിഷയത്തിൽ 2018 ജനുവരി 4 ന് എറണാകുളം ടൗൺ ഹാളിൽ വച്ചും, മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുവരുടെ പ്രശ്നങ്ങൾ എന്ന വിഷയത്തിൽ 2018 ജനുവരി 5 ന് പാലക്കാട് ടൗൺ ഹാളിൽ വച്ചും, മാനസികാരോഗ്യം, സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം എന്നീ വിഷയങ്ങളിൽ 2018 ജനുവരി 11 ന് കണ്ണൂർ പോലീസ് സഭാഹാളിൽ വച്ചും പബ്ലിക് ഹിയറിംഗുകൾ സംഘടിപ്പിക്കുകയുണ്ടായി. ഈ നാല് പബ്ലിക് ഹിയറിംഗുകളിലും നല്ല ജനപങ്കാളിത്തമുണ്ടായിരുന്നു. കമ്മീഷന്റെ ശ്രദ്ധയിൽപ്പെടേണ്ടതായ വിവിധ വിഷയങ്ങൾ ചൂണ്ടിക്കാട്ടി നിരവധി വ്യക്തികളും സദ്ധ സംഘടനാ പ്രവർത്തകരും പബ്ലിക് ഹിയറിംഗുകളിൽ സംസാരിക്കുകയുണ്ടായി. അതത് ജില്ലാ ഭരണ കൂടങ്ങളുടെ പിന്തുണ പബ്ലിക് ഹിയറിംഗുകൾ സംഘടിപ്പിക്കുന്നതിനായി കമ്മീഷന് ലഭിച്ചിരുന്നു.

21. ക്ഷേമനിയമങ്ങളുടെ അവലേകനം, പൗരകേന്ദ്രീകൃത സേവനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടുള്ള പഠനത്തിന്റെയും വിവരശേഖരണത്തിന്റെയും ഭാഗമായി താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ ഉദ്യോഗസ്ഥർ സന്ദർശനം നടത്തുകയുണ്ടായി;

1) പേരൂർക്കട മാനസികാരോഗ്യകേന്ദ്രം, തിരുവനന്തപുരം
2) പുലയാനാർക്കോട്ട കെയർഹോം, തിരുവനന്തപുരം
3) ഗാന്ധി ഭവൻ, പത്തനാപുരം
4) താലൂക്ക് ആശുപത്രി, പുനലൂർ
5) പുനലൂർ വില്ലേജ് ഓഫീസ്
6) നിഷ്ചിന്ത, ഒറ്റപ്പാലം
7) പോളിഗാർഡൻ, ഒറ്റപ്പാലം
8) റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ & റിഹാബിലിറ്റേഷൻ, ഇരിങ്ങാലക്കുട.

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നടത്തിയ സന്ദർശനങ്ങൾ വഴി വിലപ്പെട്ട സ്ഥിതിവിവരങ്ങൾ, സംസ്ഥാനമൊട്ടാകെ അനുവർത്തിക്കാവുന്ന ചില നല്ല മാതൃകകൾ എന്നിവ കമ്മീഷൻ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

അദ്ധ്യായം -6

# കമ്മീഷന്റെ അനുബന്ധ പ്രവർത്തനങ്ങൾ

## I. വിവരാവകാശ നിയമം -2005 പ്രകാരമുള്ള അപേക്ഷകൾ

വിവരാവകാശ നിയമം 2005 പ്രകാരം, ഭരണപരിഷ്കാര കമ്മീഷൻ ഓഫീസിൽ അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ, സ്റ്റേറ്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്നിവരെ നിയോഗിച്ചു.

ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാന്റെ ഓഫീസിൽ, സ്റ്റേറ്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്നിവരെ നിയോഗിച്ചു. ഭരണ പരിഷ്കാരകമ്മീഷൻ ചെയർമാൻ 31.01.2021 -ൽ പ്രസ്തുത സ്ഥാനത്ത് നിന്ന് രാജി വെച്ചതിനെ തുടർന്ന്, ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന്റെ ഓഫീസ്, അന്നേ ദിവസം പ്രാബല്യത്തിൽ പ്രവർത്തനം അവസാനിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ, ചെയർമാന്റെ ഓഫീസിൽ വിവരാവകാശ നിയമം - 2005 പ്രകാരം ചുമതലപ്പെടുത്തിയ സ്റ്റേറ്റ് പബ്ലിക് ഇൻഫോർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്നീ ഔദ്യോഗിക സ്ഥാനങ്ങൾ ഇല്ലാതെയായി.

ഭരണ പരിഷ്കാര കമ്മീഷൻ ഓഫീസിൽ, 2016-17 വർഷത്തിൽ വിവരാവകാശ നിയമപ്രകാരം 7 അപേക്ഷകളും 2017 - 2018 വർഷത്തിൽ 26 അപേക്ഷകളും 2018-2019 വർഷത്തിൽ 24 അപേക്ഷകളും, 2019 - 2020 വർഷത്തിൽ 25 അപേക്ഷകളും, 2020 - 21 വർഷത്തിൽ 18 അപേക്ഷകളും ലഭിക്കുകയുണ്ടായി. (ആകെ പ്രവർത്തന കാലയളവിൽ 103 അപേക്ഷകൾ). ഇതിൽ, നേരിട്ട് കമ്മീഷന് സമർപ്പിച്ചവയും, സർക്കാരിലെ വിവിധ വകുപ്പുകളിൽ നിന്ന്, കൈമാറിത്തന്നവയും ഉൾപ്പെടുന്നു. ലഭിച്ച എല്ലാ അപേക്ഷകളും നിയമം അനുശാസിക്കുന്ന പ്രകാരം, വിവരങ്ങൾ /രേഖകൾ നൽകി തീർപ്പാക്കി.

2018-2019 -ൽ ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാന്റെ ഓഫീസിൽ വിവരാവകാശ നിയമ പ്രകാരം 6 അപേക്ഷകളും 2019 -2020 -ൽ 11 അപേക്ഷകളും ലഭിക്കുകയും, ആയതെല്ലാം നിയമാനുസൃതം തീർപ്പു കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

രണ്ട് ഓഫീസുകളിലുമായി, 2018 - 2019 വർഷത്തിൽ ഒരു അപ്പീൽ മാത്രം ഒന്നാം അപ്പീൽ അധികാരി മുമ്പാകെ സമർപ്പിക്കപ്പെടുകയും, ആയത് തീർപ്പാക്കുകയും

ചെയ്തിട്ടുണ്ട്. സംസ്ഥാന വിവരാവകാശ കമ്മീഷണർ മുമ്പാകെ പരാതികളോ അപ്പീലുകളോ സമർപ്പിക്കപ്പെട്ടിട്ടില്ല.

**II. പൊതുജനങ്ങളിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകൾ/ പരാതികൾ/ നിർദ്ദേശങ്ങൾ.**

ഭരണപരിഷ്കാര കമ്മീഷൻ ഓഫീസിൽ വിവധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട്, പൊതുജനങ്ങളിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും വിവിധ റാങ്ക് ഹോൾഡേഴ്സിൽ നിന്നും നിരവധി പരാതികളും അപേക്ഷകളും വിവിധ പഠനവിഷയവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും ഇ-മെയിൽ മുഖാന്തരവും അല്ലാതെയും കമ്മീഷന് ലഭിക്കുകയുണ്ടായി.

വിവിധ വർഷങ്ങളിൽ ലഭിച്ച പരാതികളുടെയും നിർദ്ദേശങ്ങളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ലഭിച്ച പരാതികൾ / നിർദ്ദേശങ്ങൾ |
|---|---|
| 2017 | 115 |
| 2018 | 307 |
| 2019 | 270 |
| 2020 | 173 |
| 2021 | 25 |

പ്രസ്തുത പരാതികളിൽ നടപടി എടുക്കുന്നതിനും തീർപ്പ് കൽപിക്കുന്നതിനുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയ്ക്ക് ലഭ്യമാക്കി പൊതുജനങ്ങൾക്ക് അവരുടെ ആവലാതികളിൻ മേൽ അനുകൂലമായ നടപടി എടുക്കുന്നതിന് കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. വിവിധ പി.എസ്.സി റാങ്ക് ഹോൾഡേഴ്സിന്റെ തസ്തിക ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്നുള്ള അപേക്ഷയിൻ മേലും നീതിയുക്തമായ നടപടി സ്വീകരിക്കാൻ വിവിധ സർക്കാർ വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതിന് കമ്മീഷന് സാധിച്ചിട്ടുണ്ട്. മാത്രമല്ല പൊതുജനങ്ങളിൽ നിന്നും ലഭ്യമായിട്ടുള്ള നിരവധി നിർദ്ദേശങ്ങൾ കമ്മീഷന് പഠനത്തിന് സഹായകരമാകുകയും വിവിധ റിപ്പോർട്ടുകളിൽ അവ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

## III. ഇന്റേൺഷിപ്പ്

ത്രിവത്സര, പഞ്ചവത്സര എൽ.എൽ.ബി കോഴ്സുകൾക്ക്, വിവിധ സർവ്വകലാശാലകൾ നിഷ്കർഷിക്കുന്ന പ്രകാരവും, ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ ചട്ടങ്ങൾ പ്രകാരവും വർഷത്തിൽ 28 ദിവസമെങ്കിലും നിയമ പരിപാലനം, നിയമനിർമ്മാണം, തർക്ക പരിഹാരം, നീതി നിർവ്വഹണം എന്നീ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് നടത്തിയിരിക്കണം. നിയമ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിനുള്ള അവസരം ഭരണ പരിഷ്കാര കമ്മീഷൻ നൽകിയിട്ടുണ്ട്. മറ്റ് മാനവിക വിഷയങ്ങളിൽ ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അവരുടെ പാഠ്യ പദ്ധതിയുടെ ഭാഗമായുള്ള ഇന്റേൺഷിപ്പ്/പാഠ്യേതര പഠന പ്രവർത്തി എന്ന നിലയിൽ കമ്മീഷന്റെ ദൈനം ദിന പ്രവർത്തികളിൽ പങ്കെടുത്ത് നേരിട്ട് പ്രായോഗിക പഠനം നടത്തുന്നതിന് അനുവദിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തന കാലയളവിൽ ഇത്തരത്തിൽ പ്രായോഗിക പരിചയത്തിനായി കമ്മീഷനിൽ അവസരം നൽകിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | സ്ഥാപനം | കോഴ്സ് | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|
| 2018 | 1. ഗവൺമെൻറ് ലോ കോളേജ്, തിരുവനന്തപുരം | 5 year/3 year LLB | 7 |
| 2019 | 1. ഗവൺമെൻറ് ലോ കോളേജ്, തിരുവനന്തപുരം | 5 year/3 year LLB | 20 |
| | 2. ലോ അക്കാദമി, തിരുവനന്തപുരം | 5 year/3 year LLB | 4 |
| | 3. ഭാരത് മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ആലുവ | 3 year LLB | 1 |
| | 4. ഐ.ഐ.റ്റി, മദ്രാസ് | Integrated MA | 1 |
| | 5. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് | 5 year LLB | 1 |
| 2020 | 1. ഗവൺമെൻറ് ലോ കോളേജ്, തിരുവനന്തപുരം | 3 year/5 year LLB | 46 |
| | 2. സി.എസ്.ഐ കോളേജ് ഓഫ് ലീഗൽ സ്റ്റഡീസ്, കോട്ടയം | 3 year/5 year LLB | 9 |

| | | | |
|---|---|---|---|
| 2021 | 1. മാർ ഗ്രിഗോറിയോസ് കോളേജ് ഓഫ് ലോ, നാലാഞ്ചിറ, തിരുവനന്തപുരം | 3 year/5 year LLB | 6 |
| | 2. ഗവ. ലോ കോളേജ്, തിരുവനന്തപുരം | 3 year/5 year LLB | 38 |

വിദ്യാർത്ഥികൾ, ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനങ്ങളിൽ നേരിട്ട് പങ്കെടുക്കുകയും, പഠന റിപ്പോർട്ടുകൾ പഠിച്ച് കമ്മീഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. കൂടാതെ നിയമവുമായി ബന്ധപ്പെട്ട വരുന്ന പ്രത്യേക വിഷയങ്ങളിൽ പഠനം നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും സാഹചര്യമൊരുക്കി.

# ഉപസംഹാരം

സ്വയം നവീകരണങ്ങൾക്ക് വിധേയമായിക്കൊണ്ടും, മറ്റ് സമൂഹങ്ങളിലെ ഗുണപരമായ പ്രായോഗികരീതികളെ സ്വാംശീകരിച്ചുകൊണ്ടുമാണ് മനുഷ്യസമൂഹങ്ങൾ പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുന്നത്. നിരന്തരമായ നവീകരണ പ്രക്രിയകളെ സ്വാഭാവിക ഘടനയിൽ തന്നെ ഉൾക്കൊണ്ടുകൊണ്ടു മാത്രമേ, ഭരണസംവിധാനങ്ങൾക്കും, കാലത്തിനൊപ്പവും ജനങ്ങൾക്കൊപ്പവും സഞ്ചരിക്കാൻ സാധിക്കുകയുള്ളൂ. ശാസ്ത്രസാങ്കേതിക രംഗങ്ങളിലെ പുരോഗതി, സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിലെ മാറ്റങ്ങൾ, ജനസംഖ്യാവർദ്ധനവ്, കുടിയേറ്റം, ജീവിതരീതികളിൽ വരുന്ന മാറ്റം, വിദ്യാഭ്യാസ-അരോഗ്യമേഖലയിലെ പുരോഗതി, ജീവിത വീക്ഷണത്തിലും സമീപനത്തിലും വരുന്ന മാറ്റങ്ങൾ എന്നിവയെല്ലാം ഉൾക്കൊള്ളുന്ന, പ്രതിഫലിപ്പിക്കുന്ന പരിഷ്കരണങ്ങൾ ഭരണനിർവ്വഹണ സംവിധാനങ്ങളിലും രൂപപ്പെടുത്തേണ്ടതുണ്ട്. ഭരണസംവിധാനത്തിന് കാലാനുസൃതവും ദീർഘഭാവിയെ മുന്നിൽകണ്ടുകൊണ്ടുള്ള പരിഷ്കരണശുപാർശകൾ നിർദ്ദേശിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിശ്ചിത ഇടവേളകളിൽ സംസ്ഥാന സർക്കാർ ഭരണപരിഷ്കാര കമ്മിറ്റികൾ രൂപീകരിക്കുന്നത്. നാലാമത് ഭരണപരിഷ്കാര കമ്മീഷന്, സർക്കാർ നിശ്ചയിച്ച് നൽകിയ ടേംസ് ഓഫ് റഫറൻസിന്റെ അടിസ്ഥാനത്തിൽ, ഏകദേശം നാലരവർഷം നീണ്ടുനിന്ന പ്രവർത്തന കാലയളവിൽ, ഭരണസംവിധാനത്തിന്റെ പ്രധാന മേഖലകളെയെല്ലാം സ്പർശിക്കുന്ന 13 വിഷയങ്ങളിൽ വിശദമായ പഠനം നടത്തി പരിഷ്കരണ ശുപാർശകൾ 13 റിപ്പോർട്ടുകളായി സമർപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

പബ്ലിക് ഹിയറിംഗുകൾ, സ്ഥാപനസന്ദർശനങ്ങൾ, ഫീൽഡ് സ്റ്റഡികൾ എന്നിവ നടത്തിയും വിഷയവിദഗ്ദർ, സാങ്കേതികവിദഗ്ദർ എന്നിവരുമായി നേരിട്ട് ആശയവിനിമയം നടത്തിയും പഠനശിബിരങ്ങൾ, യോഗങ്ങൾ, എന്നിവ സംഘടിപ്പിച്ചും പൊതുജനാഭിപ്രായം, പരാതികൾ എന്നിവ നേരിട്ട് സ്വീകരിച്ച് പരിശോധിച്ചും, വകുപ്പ് മേധാവികൾ, സ്ഥാപനമേധാവികൾ പ്രത്യേക കാര്യങ്ങൾക്കുള്ള ഏജൻസികൾ, കമ്മീഷനുകൾ, മിഷനുകൾ എന്നിവരുമായി ചർച്ചകൾ സംഘടിപ്പിച്ചും, ഓരോ പഠനങ്ങൾക്കും വിഷയപരിജ്ഞാനമുള്ള പ്രത്യേക പഠനസംഘത്തെ നിയോഗിച്ചും, സർവ്വീസിലുള്ളവരും വിരമിച്ചവരുമായ പ്രഗത്ഭമതികളുടെ ഉപദേശനിർദ്ദേശങ്ങൾ സ്വീകരിച്ചും, അച്ചടി/വെബ്സൈറ്റ്/ ഇ-മെയിൽ മാധ്യമങ്ങളിലൂടെ ചോദ്യാവലികൾ വിതരണം ചെയ്ത് വിവരങ്ങൾ ശേഖരിച്ചു. ദേശീയ, അന്തർദേശീയ തലത്തിൽ പ്രാഗത്ഭ്യം തെളിയിച്ച വിശിഷ്ട വ്യക്തികളുടെ ആശയങ്ങളെ സ്വീകരിച്ചുമാണ് ഓരോ പഠനവും കമ്മീഷൻ പൂർത്തീകരിച്ചത്.

പ്രസ്തുത ശുപാർശകൾ പഠിച്ച് വിലയിരുത്തി, പ്രായോഗിക വശങ്ങൾ പരിഗണിച്ച് നടപ്പിലാക്കേണ്ടത് സർക്കാരിന്റെ ചുമതലയാണ്. ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ മാത്രമേ, ഭരണപരിഷ്കാര കമ്മീഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ സാർത്ഥകമാവുകയുള്ളൂ. പരിഷ്കരണ നിർദ്ദേശങ്ങൾ, അനൽപ്പമായ ഭാവികാലത്തിലേക്ക് ജനോന്മുഖമായും, ജനക്ഷേമകരമായും ഭരണസംവിധാനത്തിന്റെ വിവിധഘടകങ്ങളെ പരിഷ്കരിക്കുന്നതിൽ മാർഗ്ഗരേഖയായി വർത്തിക്കും എന്ന് കമ്മീഷൻ പ്രത്യാശിക്കുന്നു.

സ.ഉ.(എം എസ്) നം.7/2021/ഉ.ഭ.പ.വകുപ്പ് തീയതി 03.03.2021 പ്രകാരം കമ്മീഷൻ ചെയർമാൻ, 31.01.2021 പ്രാബല്യത്തിൽ കമ്മീഷൻ സ്ഥാനം ഒഴിയുകയും സ.ഉ.നം.(എം എസ്)8/2021 ഉ.ഭ.പ.വകുപ്പ് തീയതി 27.03.2021 പ്രകാരം 31.03.2021 പ്രാബല്യത്തിൽ കമ്മീഷൻ അംഗങ്ങൾ, മെമ്പർ സെക്രട്ടറി എന്നിവർ ചുമതല വിടുകയും കമ്മീഷൻ ആഫീസ് പ്രവർത്തനം 30.4.2021 ൽ അവസാനിപ്പിക്കുകയും ചെയ്തു.

അനുബന്ധം-1

# ഭരണപരിഷ്കാര കമ്മീഷൻ - സമീപന രേഖയും രീതിശാസ്ത്രവും

## ആമുഖം

എല്ലാകാലത്തേയ്ക്കും സ്ഥിരം രൂപഭാവങ്ങളോടെ നിലനിൽക്കുന്ന ഒന്നല്ല ഭരണസംവിധാനം. പരിതസ്ഥിതികൾക്കനുസരിച്ച് അത് കാലാകാലം മാറിക്കൊണ്ടിരിക്കും. മുൻഗണനകളിലെയും പരിഗണനകളിലെയും ഗതിവിഗതികൾക്കനുസരിച്ച് കാലാനുസൃതമായി ഇക്കാര്യം പരിശോധിക്കപ്പെടുകയും ഭരണസംവിധാനത്തെ പുന:സംഘടിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. കേരളസംസ്ഥാനത്തെ സംബന്ധിച്ച് ആളോഹരി വരുമാനം താരതമ്യേന കുറവെങ്കിലും ഉയർന്ന മാനവിക വികസനം നേടാൻകഴിഞ്ഞിട്ടുള്ളത് ലോകശ്രദ്ധ ആർജ്ജിച്ചിട്ടുണ്ട്. സാമൂഹ്യനീതി, സാമ്പത്തികസമത്വം, പൗരകേന്ദ്രീകൃത സേവനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി നടപ്പാക്കിയ ഭരണനയങ്ങളാണ് ഈ നേട്ടത്തിന് കാരണം. എന്നാൽ, സമീപകാലത്ത് നമ്മുടെ സംസ്ഥാനവും ഉപഭോക്തൃസമൂഹത്തിന്റെ രീതി മാതൃകകൾ പ്രതിഫലിപ്പിക്കുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഉപഭോക്തൃസ്വഭാവം മുന്നിട്ട് നിൽക്കുന്ന (consumer driven) ഒരു സമൂഹത്തിൽ ഉപഭോക്തൃ ആവശ്യങ്ങളുടേതായ (demand driven) ഒരു സാമൂഹ്യപരിസരം സൃഷ്ടിക്കപ്പെടുന്നു എന്നതിനാൽ, പൗരൻ ആഗ്രഹിക്കുന്ന വിധത്തിലുള്ള സേവനങ്ങൾ പ്രദാനം ചെയ്യാൻ ഭരണയന്ത്രത്തിന് കഴിയേണ്ടതുണ്ട്. സ്ഥായിയായ വികസനത്തിനും വളർച്ചയ്ക്കും സംസ്ഥാനത്തെ മത്സരാധിഷ്ഠിതമാക്കുന്നതിന് സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്. ഈ നടപടികൾ സാമൂഹിക വികസനമേഖലകളിലുള്ള നേട്ടങ്ങൾ സംരക്ഷിച്ചുകൊണ്ട് ആയിരിക്കണം. അടിസ്ഥാനസൗകര്യം, ആരോഗ്യം, പ്രാഥമികവിദ്യാഭ്യാസം, ഗുണമേന്മയുള്ള ഉന്നതവിദ്യാഭ്യാസം, പരിശീലനസൗകര്യങ്ങൾ, സാങ്കേതിക പരിജ്ഞാനം, പ്രാദേശിക ഭരണം എന്നീ ഘടകങ്ങൾ സംസ്ഥാനത്തിന്റെ മത്സരശേഷിയെ ഉയർത്തുന്നതോടൊപ്പം പരിസ്ഥിതി ഉൾപ്പെടെയുള്ള ഘടകങ്ങൾക്കും പ്രാമുഖ്യം നൽകുന്നതുമായിരിക്കണം. അതോടൊപ്പം വികസനത്തിലെ രണ്ടാംതലമുറ പ്രശ്നങ്ങളും പാർശ്വവൽകൃത വിഭാഗങ്ങളുടേയും ദുർബ്ബലവിഭാഗങ്ങളുടേയും പ്രശ്നങ്ങളും അഭിമുഖീകരിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലെ പുരോഗതി മാതൃകാപരമെങ്കിലും സാമൂഹ്യമേഖലകളിൽ ഒന്നാകെ കൈവരിച്ച നേട്ടങ്ങളിൽ വെല്ലുവിളികളും ദൗർബല്യങ്ങളും നിലനിൽക്കുന്നുണ്ട്.

ഗുണമേന്മകുറഞ്ഞ വിദ്യാഭ്യാസം മനുഷ്യവിഭവശേഷിയുടെ വൈദഗ്ദ്യകുറവ് എന്നിവ നിലനിൽക്കുന്നു. സ്ത്രീകളിലും കുട്ടികളിലുമുള്ള പോഷകാഹാരക്കുറവും ജീവിതശൈലീരോഗങ്ങളും

ഒരു വശത്തും സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ കുറ്റകൃത്യങ്ങളും അവരുടെ അശങ്കാജനകമായ ആരോഗ്യപ്രശ്നങ്ങളും മറുവശത്തും നിലനിൽക്കുന്നു.

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് കേരളത്തിന്റെ ഭരണസംവിധാനം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള പരിശ്രമങ്ങൾ ഈ കമ്മീഷൻ ആരംഭിച്ചിട്ടുള്ളത്. ഐക്യകേരള രൂപീകരണത്തിനുശേഷം ഇതേവരെ മൂന്നു ഭരണപരിഷ്കാര കമ്മിറ്റികൾ റിപ്പോർട്ടുകൾ സമർപ്പക്കുകയും അവയുടെ ശുപാർശകൾ ഏറെക്കുറെയൊക്കെ നടപ്പാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, നിരവധി നിർദ്ദേശങ്ങൾ നടപ്പാക്കപ്പെടാതെ പോകുകയും ചെയ്തിട്ടുണ്ട്. മൂന്നുഭരണപരിഷ്കാര കമ്മിറ്റികളെ കൂടാതെ പ്രത്യേക വിഷയങ്ങളെ ആസ്പദമാക്കിയോ ഏതെങ്കിലും വകുപ്പിന്റെ പ്രവർത്തനങ്ങളുമായി മാത്രം ബന്ധപ്പെട്ടതോ ആയ നിരവധി കമ്മിറ്റികൾ റിപ്പോർട്ടുകളും ശുപാർശകളും സമർപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസം, അഴിമതി നിരോധനം, പൊലീസ് പരിഷ്കരണം, അധികാരവികേന്ദ്രീകരണം, നിയമപരിഷ്കരണം തുടങ്ങി നിരവധി മേഖലകളിൽ ഇപ്രകാരം കമ്മീഷനുകൾ രൂപീകരിക്കപ്പെടുകയും വിവിധ ഘട്ടങ്ങളിലായി റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ നിരവധി ഭരണപരിഷ്കരണ ശ്രമങ്ങളുടേയും കൂടി ആകെത്തുകയാണ് നാം ഇന്നുകാണുന്ന ഭരണസംവിധാനം.

കേരള സംസ്ഥാന രൂപീകരണത്തിനു ശേഷം ആദ്യത്തെ ഭരണപരിഷ്കാര കമ്മിറ്റി 1957 ൽ ശ്രീ ഇ എം എസ് നമ്പൂതിരിപ്പാടിന്റെ അദ്ധ്യക്ഷതയിലും രണ്ടാമത് ഭരണപരിഷ്കാര കമ്മിറ്റി 1965 ൽ ശ്രീ എം കെ വെള്ളോടിയുടെ നേതൃത്വത്തിലും മൂന്നാമത് ഭരണപരിഷ്കാര കമ്മിറ്റി 1997 ൽ ശ്രീ ഇ കെ നായനാരുടെ അദ്ധ്യക്ഷതയിലുമാണ് രൂപീകരിക്കപ്പെട്ടത്. ഒന്നാമത് ഭരണപരിഷ്കാര കമ്മിറ്റിക്കു ശേഷം 8 വർഷം കഴിഞ്ഞപ്പോൾ, രണ്ടാമത് കമ്മിറ്റി രൂപീകരിക്കപ്പെട്ടെങ്കിലും മൂന്നാമത് ഭരണപരിഷ്കാര കമ്മിറ്റി 32 വർഷത്തിനുശേഷവും നാലാമത് ഭരണപരിഷ്കാര കമ്മീഷൻ 19 വർഷത്തിനുശേഷവും മാത്രമാണ് രൂപീകരിക്കപ്പെട്ടത്. കൃത്യമായ ഇടവേളകളിൽ ഭരണപരിഷ്കാര കമ്മീഷനുകൾ രൂപീകരിക്കപ്പെട്ടിട്ടില്ല എന്ന വസ്തുത നിലനിൽക്കെ തന്നെ മുൻ ഭരണപരിഷ്കാര കമ്മിറ്റികളുടെ ശുപാർശകളിൽ പ്രധാനപ്പെട്ട ഏറെക്കുറെ നടപ്പാക്കപ്പെട്ടിട്ടുണ്ട് എന്നതും ഇത്തരം ഭരണപരിഷ്കരണ ശ്രമങ്ങൾ സംസ്ഥാന ഭരണത്തെ ഉയർന്ന ഒരു തലത്തിൽ എത്തിച്ചിട്ടുണ്ട് എന്നുള്ളതും നിസ്തർക്കമാണ്. എങ്കിലും, ഭരണപരിഷ്കരണ നടപടികൾക്ക് സമഗ്രതയിലും തുടർച്ചയിലും പ്രാബല്യം നൽകേണ്ടതിന്റെ ആവശ്യകത നിലനിൽക്കുന്നു. ശാസ്ത്രസാങ്കേതിക രംഗങ്ങളിലുണ്ടാകുന്ന ത്വരിതഗതിയിലുള്ള മാറ്റങ്ങൾക്കും ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കും ഉതകുന്നരീതിയിൽ ഭരണസംവിധാനത്തെ പരിഷ്കരിച്ച് നിലനിർത്തേണ്ടതുണ്ട്. കാലോചിതമായി നടത്തേണ്ട

പരിഷ്കരണങ്ങൾ ഈ രംഗത്ത് നടന്നില്ല എന്നതിനാലാണ് നമ്മുടെ ഭരണയന്ത്രം ജനസൗഹൃദമല്ല എന്ന വിമർശനം നേരിടുന്നത്.

## 1. കാഴ്ച്ചപ്പാട്

ഭാരതസർക്കാരിന്റെ രണ്ടാം ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ നിന്നും എടുത്തിട്ടുള്ളതുമായ സദ്ഭരണം (Good Governance) സംബന്ധിച്ച ഉദ്ധരണി ഇപ്രകാരമാണ്. ''പ്രജകളുടെ സന്തോഷത്തിലാണ് അവന്റെ (രാജാവിന്റെ) സന്തോഷം കുടികൊള്ളുന്നത്. അവരുടെ ക്ഷേമത്തിലാണ് അവന്റെ ക്ഷേമം. അവനെ സന്തോഷിപ്പിക്കുന്നതൊന്നും അല്ല അവന് പ്രിയങ്കരം. മറിച്ച് അവന്റെ പ്രജകൾക്ക് സന്തോഷം പകരുന്നതെന്തും അവന് പ്രിയങ്കരമാണ്.''

[“in the happiness of his subjects lies his happiness, in their welfare his welfare. Whatever pleases himself, he does not consider good, but whatever pleases his subjects he considers as good”]

മേൽവിവരിച്ച ഉദ്ധരണിയുടെ ആശയം ഉൾക്കൊണ്ടും ചുവടെ ചേർത്തിരിക്കുന്ന കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ ഊന്നി നിന്നുകൊണ്ടും ഉള്ള കാഴ്ച്ചപ്പാടാണ് കമ്മീഷൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്.

Terms of reference of the Commission:

i. To review the structure and functioning of the administrative machinery of the State and suggest measures for improving its responsiveness, efficiency and effectiveness as is required in a welfare state.

ii. To revisit and redefine the roles of departments and important agencies in Government.

iii. To suggest measures for co- ordinated and joined-up functioning of Government departments and agencies to enhance positive outcomes.

iv. To suggest measures to eliminate delays, corruption, favouritism and nepotism and to make administration result oriented.

v. To suggest for enhancing delegation of powers to increase efficiency and citizen satisfaction.

vi. To suggest modern management methods and Information Technology system and tools. Which can be adapted in Government.

vii. To review the policies relating to recruitment, placement and promotion and suggest measures for improvement of the performance of civil servants.

viii. To suggest methods for democratization of different organs of Government at various levels and increase participation of the people in governance.

ix. To assess the delivery of key public services and suggest measures for increasing their efficiency.

x. To suggest measures to make Government more open and accountable.

xi. To suggest measures to refine/ operationalize Gender Budgeting Child Budgeting

xii. To recommend modern fiscal planning tools like output and outcome-based budgeting.

xiii. To assess the capacity building system in Government and suggest measures to make it more effective.

xiv. To make any other recommendation arising from the above matters or incidental to them or considered necessary or appropriate by the Commission.

എന്താണ് ഭരണസംവിധാനങ്ങളിൽ നിന്നും ഉപഭോക്താവായ പൗരൻ പ്രതീക്ഷിക്കുന്നത്? ഉപഭോക്താവായ പൗരൻ പ്രതീക്ഷിക്കുന്ന വിധമുള്ള സേവനം നൽകുന്നതിൽ ഭരണസംവിധാനം എവിടെ നിൽക്കുന്നു? ഇവ ത്രുപപ്പെടുത്തി നടപ്പിലാക്കിക്കൊണ്ട് സദ്ഭരണം സാദ്ധ്യമാക്കുക എന്നതാണ് കമ്മീഷന്റെ കാഴ്ച്ചപ്പാട്.

ജനങ്ങളുടെ അറിയാനുള്ള അവകാശം, ദളിത് ആദിവാസി മേഖലകളിലെ ഇടപെടൽ, സാമൂഹ്യസംരംഭകത്വം, ഭൂവിനിയോഗം, ശാസ്ത്രീയമായ സ്ഥല-ജല മാനേജ്മെന്റ്, മനുഷ്യവിഭവ ശേഷി വികസനം, തൊഴിലവസര സൃഷ്ടി എന്നീ മേഖലകളിലുള്ള ഇടപെടലുകളും ആവശ്യമാണെന്ന് കമ്മീഷൻ കരുതുന്നു.

## 2. സമീപനം

ഫലപ്രദവും ജനസൗഹൃദപരവുമായ സർവ്വീസ് ഡെലിവറി അക്കൗണ്ടബിലിറ്റി:

(Accountability), ഭരണത്തിലെ ധാർമ്മികത (Accountability), സുതാര്യത, നൈതികത, അഴിമതിവിരുദ്ധത തുടങ്ങിയ ആശയങ്ങളെ അടിസ്ഥാനമാക്കി ഘട്ടം ഘട്ടമായുള്ള പരിഷ്കരണ പരിപാടികളാണ് കമ്മീഷൻ വിഭാവന ചെയ്യുന്നത്. പൗരന് സേവനം വേഗത്തിലും കൃത്യതയോടെയും നൽകുന്നതിൽ ഉത്തരവാദിത്ത ബോധത്തോടെ (Accountability) പ്രവർത്തിക്കുന്നതിന് ഭരണസംവിധാനം ബാധ്യസ്ഥമാണ്. ഇക്കാര്യം ഉറപ്പാക്കാൻ നടപടികൾ വേണമെന്ന് കമ്മീഷൻ കരുതുന്നു. കുട്ടികൾ, സ്ത്രീകൾ, വയോജനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, ഭിന്നശേഷിക്കാർ എന്നീവിഭാഗങ്ങൾ വിവേചനത്തിനിരയാക്കപ്പെടുന്ന സാമൂഹികക്രമം പരിശോധിക്കുകയും, അവരിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനം ലക്ഷ്യം വെച്ചുള്ള അടിസ്ഥാനസൗകര്യ വികസനവും സാമ്പത്തിക ഇടപെടലുകളും നടത്തേണ്ടതും പരമപ്രധാനമാണ്. സേവന പ്രദാനത്തോടൊപ്പം റഗുലേറ്ററി സംവിധാനങ്ങൾക്കും തുല്യപ്രാധാന്യമുണ്ട്. അതുപോലെ, ജനഹിതമനുസരിച്ചുള്ള ക്ഷേമപ്രവർത്തനങ്ങളും തദനുസൃത ഭൗതിക അടിസ്ഥാന സൗകര്യങ്ങളും ഭരണകൂടം നൽകേണ്ടതുണ്ട്.

മൂന്നാമത് ഭരണപരിഷ്കാര കമ്മിറ്റി അതിനുമുമ്പുള്ള ഒന്നും രണ്ടും ഭരണപരിഷ്കാര കമ്മിറ്റികളുടെ ശുപാർശകൾ കൂടി പരിഗണിച്ചുകൊണ്ടുള്ള ശുപാർശകളാണ് സമർപ്പിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ മൂന്നാമത് ഭരണപരിഷ്കാര കമ്മിറ്റി ശുപാർശകളും അവയുടെ നടപ്പാക്കലും ഫലപ്രാപ്തിയും സമഗ്രമായി വിലയിരുത്തേണ്ടതുണ്ട്.

നിരവധി പരിഷ്കരണശ്രമങ്ങൾക്കു ശേഷവും സർക്കാർ വകുപ്പുകൾ തമ്മിലുള്ള തിരശ്ചീനമായ ഏകോപനം പൂർണ്ണതോതിൽ സാധ്യമായിട്ടില്ല. ഇത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായേണ്ടതുണ്ട്. വികേന്ദ്രീകൃത ഭരണസംവിധാനത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യം ഭരണതലത്തിന്റെ താഴെത്തട്ടിൽ ഫലപ്രദമായ ഏകോപനം സാധ്യമാക്കുക എന്നതാണ്. എന്നാൽ, മതിയായ തോതിൽ ഇത് നടപ്പാക്കിയിട്ടില്ല. പ്രാദേശിക ഭരണസംവിധാനങ്ങളുടേയും ജനപങ്കാളിത്തത്തിന്റെയും ഏകോപിതവും ഫലപ്രദവുമായ പ്രവർത്തനം കൈവരിക്കേണ്ടതുണ്ടെന്ന് കമ്മീഷൻ കരുതുന്നു.

കേരളത്തിന്റെ നഗരവൽകൃത വികസനസ്വഭാവം പരിഗണിച്ച് ഗതാഗതം, ഭവനനിർമ്മാണം, മാലിന്യനിർമ്മാർജ്ജനം, കുടിവെള്ളം എന്നിവയിൽ വർദ്ധിച്ച തോതിലുള്ള നിക്ഷേപങ്ങൾ നടത്തേണ്ടതുണ്ട്. അതേസമയം, സന്തുലിതമല്ലാത്ത വികസന പ്രവർത്തനങ്ങൾ ഭൂമിയുടെയും മറ്റ് പ്രകൃതിവിഭവങ്ങളുടേയും ആവശ്യകത കൂട്ടുകയും ഇതിലൂടെ

പരിസ്ഥിതി നാശത്തിന് കാരണമാവുകയും ചെയ്യുന്നു. അതിനാൽ, ഇക്കാര്യത്തിലുള്ള ഇടപെടലും പ്രാധാന്യമർഹിക്കുന്നു. ഇത്തരുണത്തിൽ പ്രതിസന്ധി മാനേജ്മെന്റ് (crisis management), ദുരന്തനിവാരണം, കാലാവസ്ഥവ്യതിയാനം എന്നിവ ശ്രദ്ധ അർഹിക്കുന്ന മേഖലകളാണ്.

കേരളത്തിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ സമീപകാലത്ത് ഗണ്യമായി വർദ്ധിച്ചുവരുന്നുണ്ട്. അതുപോലെ, കുട്ടികൾക്കെതിരായും അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതായി കാണുന്നു. ഈ സാഹചര്യത്തിൽ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും കുറ്റക്കാരെ ശിക്ഷിക്കുന്നതിനും ഉള്ള നിയമങ്ങൾ, ഈ വിഭാഗത്തിന് സുരക്ഷ നൽകുന്നതിനായി ഉദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം എന്നീ കാര്യങ്ങൾ പുനരവലോകനം നടത്തേണ്ടതുണ്ട്. തീരുമാനങ്ങളെടുക്കുന്ന സംവിധാനങ്ങളുടെ നേതൃസ്ഥാനത്ത് സ്ത്രീകളുണ്ടാവുകയും നയരൂപീകരണത്തിൽ പങ്കാളിത്തം നേടുകയും ചെയ്യുമ്പോൾ, സ്ത്രീകൾ ശാക്തീകരിക്കപ്പെടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 50 ശതമാനം സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുള്ള സാഹചര്യം നിലനിൽക്കുമ്പോൾ തന്നെ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നു എന്നത് വൈരുദ്ധ്യവും ആശങ്കയുളവാക്കുന്നതുമാണ്. ഈ സാഹചര്യത്തിൽ സ്ത്രീസുരക്ഷ പഞ്ചായത്ത് തലത്തിൽ നിന്നുതന്നെ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണെന്ന് കമ്മീഷൻ കരുതുന്നു.

സദ്ഭരണം പ്രവൃത്തിപഥത്തിലെത്തിക്കുന്നതിന് വിവരസാങ്കേതിക വിദ്യയുടെ പരമാവധി ഉപയോഗം ഉറപ്പുവരുത്തേണ്ടതുണ്ട്. സേവന പ്രദാനത്തിന്റെ എല്ലാമേഖലയിലും ഐ ടി യുടെ ഉപയോഗം പ്രായോഗികമാക്കാനുള്ള പഠനങ്ങൾ നടത്തണം. സർക്കാർ ഫയലുകളുടെ ഡിജിറ്റലൈസേഷൻ, ഫയൽട്രാക്കിംഗ്, മലയാളം കമ്പ്യൂട്ടിംഗ്, പരാതികൾ ഇലക്ട്രോണിക് രൂപത്തിൽ സ്വീകരിക്കൽ, പൗരശാക്തീകരണം എന്നിങ്ങനെ വിവിധ ഘടകങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

കാര്യക്ഷമമായ സിവിൽ സർവ്വീസ് എന്ന ലക്ഷ്യം സാധ്യമാകണമെങ്കിൽ അറിവും കഴിവും പ്രാപ്തിയുമുള്ള ഉദ്യോഗസ്ഥവൃന്ദം ആവശ്യമാണ്. റിക്രൂട്ട്മെന്റ് മുതൽ റിട്ടയർമെന്റ് വരെ ഒരു സേവനദായകന്റെ കാര്യക്ഷമത ഉറപ്പുവരുത്തേണ്ടതുണ്ട്. കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥിരോത്സാഹം നിലനിർത്തുന്നതിനുള്ള പരിശീലന സംവിധാനങ്ങൾ ഏർപ്പെടുത്തുകയും, സമയബന്ധിതമായി പരിശീലന പരിപാടികൾ ചിട്ടപ്പെടുത്തി സേവനത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമുണ്ട്. ഭരണപരമായ തീരുമാനങ്ങളിലെത്തുന്ന ഘട്ടങ്ങളെക്കുറിച്ച് മുൻ കമ്മീഷനുകൾ ശുപാർശ നൽകിയിട്ടുണ്ട്. ഒരു ഫയലിന്റെ ഉത്ഭവം, പ്രയാണം, തീരുമാനം, ഇംപ്ലിമെന്റേഷൻ എന്നീ

ഘട്ടങ്ങൾ ലളിതവൽക്കരിക്കാനും, വ്യക്തിനിഷ്ഠമല്ലാതാക്കാനുമുള്ള പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കും. അതുപോലെതന്നെ വിവിധ ശ്രേണിയിലുള്ള ഉദ്യോഗസ്ഥർക്കു തങ്ങളുടെ ജോലി സ്വതന്ത്രര്യ്വം നിഷ്പക്ഷവുമായി നിർവ്വഹിക്കുന്നതിന് അനുഗുണമായ വിധത്തിൽ ആത്മവിശ്വാസം വളർത്തുന്ന രീതിയിലുള്ള അന്തരീക്ഷം ആവശ്യമാണ്. ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തം കൃത്യമായി നിർവ്വചിക്കപ്പെടുകയും അവ അതത് തലത്തിൽ നിർവ്വഹിക്കപ്പെടുന്നു എന്നുറപ്പാക്കുകയും ഉദ്യോഗസ്ഥന് സംരക്ഷണം നൽകുകയും വേണം. തന്റെ ഉത്തരവാദിത്തം മറ്റൊരാൾക്ക് വച്ചുമാറുന്ന പ്രവണത നിർബന്ധമായും ഒഴിവാക്കണം. ജീവനക്കാരുടെ നൈപുണ്യവർദ്ധനവിനോടൊപ്പം തന്നെ പ്രധാനമാണ് മനോഭാവ രൂപീകരണവും എന്നു കമ്മീഷൻ കാണുന്നു.

എന്താണ് ഭരണ സംവിധാനങ്ങളിൽ നിന്നും ഉപഭോക്താവായ പൗരൻ പ്രതീക്ഷിക്കുന്നത്? ഉപഭോക്താവായ പൗരൻ പ്രതീക്ഷിക്കുന്നവിധമുള്ള സേവനം പ്രദാനം ചെയ്യുന്നതിൽ ഭരണസംവിധാനം എവിടെ നിൽക്കുന്നു? ഇവ തമ്മിലുള്ള വിടവ് നികത്തുന്നതിനുള്ള മാർഗ്ഗം സംബന്ധിച്ച് നിർദ്ദേശങ്ങൾ രൂപപ്പെടുത്തി നടപ്പിലാക്കിക്കൊണ്ട് സദ്ഭരണം സാധ്യമാക്കുകയാണ് വേണ്ടത്. എന്നാൽ, സംസ്ഥാന സർക്കാരിന്റെ പൊതുഭരണസംവിധാനത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് വ്യക്തമായ ധാരണയില്ല എന്നത് ഒരു പ്രശ്നമാണ്. ഈ പ്രശ്നവും പരിഹരിക്കപ്പെടണമെന്നതാണ് കമ്മീഷന്റെ സമീപനം.

സംസ്ഥാനത്ത് തൊഴിലവസരങ്ങൾ നൽകുന്നതിലും, വ്യാവസായിക മുന്നേറ്റം സൃഷ്ടിക്കപ്പെടുന്നതിലും പൊതുമേഖലാ സ്ഥാപനങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. ദൈനംദിന ആവശ്യങ്ങളുമായും ജീവിതവ്യവഹാരങ്ങളുമായും അഭേദ്യമായി ചേർന്ന് പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുമുണ്ട്. പൊതുമേഖലയെ മത്സരശേഷിയുള്ളതും സ്വാശ്രയവും ആക്കി നിലനിർത്തേണ്ട കാര്യം ചർച്ച ചെയ്യപ്പെടണം. അതോടൊപ്പം, പൊതുസ്വകാര്യമേഖലകളിലുള്ള വ്യവസായങ്ങൾ സൃഷ്ടിക്കുന്ന പരിസ്ഥിതി ആഘാതങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധിക്കപ്പെടേണ്ടതുമുണ്ട്.

മേൽപ്പറഞ്ഞ സമീപനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് സേവനദാതാവിൽ നിന്നും ഉപഭോക്താവിന് ഉന്നതനിലവാരത്തിലും വേഗത്തിലുമുള്ള സേവനം ഉറപ്പാക്കുന്നതിനായി ഘടനാപരമായ പരിഷ്കാരങ്ങൾ, നടപടിക്രമങ്ങളുടെയും, ചട്ടങ്ങളുടെയും പരിഷ്കാരങ്ങൾ, ആസൂത്രണധനകാര്യ പരിഷ്കാരങ്ങൾ, ഉദ്യോഗസ്ഥ പരിഷ്കാരങ്ങൾ, നിയമപരിഷ്കാരങ്ങൾ, സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണവും അനുരക്ഷണവും, പ്രത്യേകസ്ഥാപനങ്ങൾ എന്നീ മേഖലകളിൽ ജനസൗഹൃദ സേവനങ്ങൾക്ക് ഊന്നൽ നൽകി വിവിധങ്ങളായ റിപ്പോർട്ടുകളും ശുപാർശകളും കമ്മീഷൻ സമർപ്പിക്കും.

1) പൗരകേന്ദ്രീകൃത സേവനങ്ങൾ

സർക്കാരിന്റെ വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവ മുഖേന ജനങ്ങൾക്ക് സേവനം നൽകുന്നതിൽ നേരിട്ട് ഇടപെട്ട് പ്രവർത്തിക്കുന്ന മേഖലകളിൽ ആദ്യഘട്ടത്തിൽ തന്നെ വിലയിരുത്തലുകൾ നടത്താൻ കമ്മീഷൻ ഉദ്ദേശിക്കുന്നു. ഈ മേഖലകളിലെ സേവനം ഫലപ്രദമായും വേഗത്തിലും കൃത്യമായും പ്രദാനം ചെയ്യുന്നതിൽ വകുപ്പുകൾ പ്രതിജ്ഞാബദ്ധമാണ്. ഈ വിഭാഗത്തിൽ റവന്യൂ, തദ്ദേശസ്വയംഭരണം, ആരോഗ്യം, വൈദ്യുതി, ഗതാഗതം, കുടിവെള്ളം, ഭക്ഷ്യവിതരണം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ഭക്ഷ്യസുരക്ഷ, പൊലീസ്, വിജിലൻസ് എന്നിവ ഉൾപ്പെടുന്നു. മേൽപ്പറഞ്ഞ മേഖലകളുമായി ബന്ധപ്പെട്ട നിയമങ്ങളുടെ നടത്തിപ്പ് ഫലപ്രദമായിട്ടാണോ എന്ന കാര്യവും പഠനവിധേയമാക്കേണ്ടതുണ്ട്. അതേപോലെ തന്നെ നിലവിലുള്ള സേവനാവകാശ നിയമത്തിന്റെ ഫലപ്രാപ്തി, പൊതുജനങ്ങളുടെ പരാതി പരിഹാരത്തിനായി വിവരസാങ്കേതികവിദ്യയുടെ ഉപയോഗം, അക്ഷയകേന്ദ്രങ്ങളുടെ ഫലപ്രദമായ ഉപയോഗം എന്നിവയും കമ്മീഷന്റെ ശ്രദ്ധപതിയേണ്ട മേഖലകളാണ്.

2) പരിസ്ഥിതിയും സുസ്ഥിരവികസനവും (Environment & Sustainable Development)

അത്യന്തം കാലികപ്രസക്തിയുള്ള മേഖലയാണിത്. ഇതിൽ ഭൂവിനിയോഗം, ഖനനം, മാലിന്യനിർമ്മാർജ്ജനം, ജലവിനിയോഗം, മലിനീകരണ നിയന്ത്രണം, തീരദേശ പരിപാലനം, നീർത്തടസംരക്ഷണവും വികസനവും, പരമ്പരാഗത വ്യവസായങ്ങൾ, പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ, കുടിയേറ്റ തൊഴിലാളികൾ പരിസ്ഥിതി സംരക്ഷണം, ആവാസ വ്യവസ്ഥയുടെ സംരക്ഷണവും പരിപാലനവും, ആഗോളതാപനവും കാലാവസ്ഥ വ്യതിയാനവും കുറയ്ക്കുന്നതിനായുള്ള പരിശ്രമങ്ങൾ, ജൈവ-വൈവിധ്യ സംരക്ഷണം, വനസംരക്ഷണം, കീടനാശിനികൾ, കളനാശിനികൾ, നദികളുടെ സംരക്ഷണം, മണ്ണ് സംരക്ഷണം തുടങ്ങിയവ ഉൾപ്പെടുന്നു. മേൽപ്പറഞ്ഞ മേഖലകളുമായി ബന്ധപ്പെട്ട നിയമങ്ങളുടെ ഫലപ്രാപ്തിയും പഠന വിധേയമാക്കേണ്ടതുണ്ട്.

3) പാർശ്വവൽകൃത സമൂഹം മുഖ്യധാരയിലേക്ക് (Reaching the unreached)

പാർശ്വവൽകൃത സമൂഹത്തിന്റെ തനതു വൈവിധ്യം നിലനിർത്തികൊണ്ട് തന്നെ പൊതുധാരയിലേക്ക് ആകർഷിക്കേണ്ടതുണ്ട്. ഈ മേഖലയിൽ ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, തീരദേശവാസികൾ, പട്ടികജാതി/

പട്ടികവർഗ്ഗ, പിന്നോക്ക വിഭാഗങ്ങൾ, തെരുവുജീവിതങ്ങൾ, വനിതകൾ, ശിശുക്കൾ (പാർശ്വവൽകൃത ഗണത്തിൽപ്പെടുന്ന), കോളനികൾ, ചേരികൾ എന്നീ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിശോധിക്കപ്പെടും. പാർശ്വവൽകൃത മേഖലയിലുള്ളവരെ ലക്ഷ്യം വെച്ചു കൊണ്ടുള്ള സാമൂഹ്യക്ഷേമ നിയമങ്ങളുടെ നടത്തിപ്പ് ഫലപ്രദമാണോയെന്ന് പുന:പരിശോധിക്കും. സ്ത്രീകൾ, കുട്ടികൾ, എന്നിവരുടെ ശാക്തീകരണം ഉറപ്പാക്കുംവിധം ജെൻഡർ ബഡ്ജറ്റിംഗ്, ചൈൽഡ് ബഡ്ജറ്റിംഗ് എന്നിവ ഊർജ്ജിതപ്പെടുത്തുന്ന കാര്യം പരിശോധിക്കും. മേൽപ്പറഞ്ഞ മേഖലകളുമായി ബന്ധപ്പെട്ട നിയമങ്ങളുടെ നടത്തിപ്പും ഫലപ്രാപ്തിയും പഠനവിധേയമാക്കേണ്ടതുണ്ട്.

4) ആസൂത്രണവും ധനകാര്യവും (Planning &Finance)

വികസനത്തിന്റെ അടിസ്ഥാനശിലയാണ് ആസൂത്രണവും ധനകാര്യവും. ഈ വിഷയത്തിൽ പ്ലാൻ-നോൺ പ്ലാൻ വ്യക്തത പ്ലാൻ രൂപീകരണപ്രക്രിയ, പദ്ധതിനടപ്പാക്കൽ, റവന്യൂവർദ്ധിപ്പിക്കൽ, ചെലവ് ചുരുക്കൽ, ഫലബന്ധിത ബഡ്ജറ്റിംഗ്, അനുമതി പ്രക്രിയകൾ, പ്രൊക്യൂർമെന്റ് നടപടികൾ, ധനകാര്യ അധികാര വിഭജനം, ഭരണഅധികാര വിഭജനം, ഓഡിറ്റ് പരിശോധനകൾ, സോഷ്യൽ ആഡിറ്റ്, ധനസ്രോതസ്സുകൾ, ബജറ്റ് ബാഹ്യധനാഗമ മാർഗ്ഗങ്ങൾ, ട്രഷറി എന്നീ മേഖലകളെക്കുറിച്ച് പരിശോധിക്കും.

5) ഫലപ്രാപ്തിയുള്ളതും കാര്യക്ഷമമവുമായ ഭരണം (Result Oriented and Effective Governance)

ഈ മേഖലയിൽ ഇതിനകം തന്നെ വിവരസാങ്കേതികവിദ്യയുടെ പ്രയോഗം ഒരു പരിധിവരെ പുരോഗമിച്ചിട്ടുണ്ട്. വിവരസാങ്കേതികവിദ്യുടെ വ്യാപനം ഭരണപരിഷ്കരണത്തിന്റെ കേന്ദ്രബിന്ദു എന്ന നിലയിൽ പ്രധാന പങ്ക് വഹിക്കുന്നു. നിലവിലുള്ള നടപടിക്രമങ്ങൾ, ചട്ടങ്ങൾ, മാന്വലുകൾ, കോഡുകൾ, കടലാസ് രഹിത ആഫീസ്, സ്പാർക്ക് സമഗ്രമാക്കൽ, റഗുലേറ്ററി സംവിധാനങ്ങളുടെ നിർവ്വഹണം എന്നിവ പരിശോധിക്കുന്നതിനാവശ്യമായ ശുപാർശകൾ നൽകും.

6) അടിസ്ഥാനസൗകര്യങ്ങൾ-ഉപയോഗവും സംരക്ഷണവും (Infrastructure-Optimum usage and conservation )

ജനങ്ങൾക്കു സേവനം നൽകുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ധാരാളം പൊതു ആസ്തികൾ-റോഡുകൾ, പാലങ്ങൾ, ആഫീസ് കെട്ടിടങ്ങൾ, സ്കൂൾ

കെട്ടിടങ്ങൾ, ആശുപത്രികൾ തുടങ്ങിയവ നിർമ്മിച്ച് പരിപാലിച്ചുവരുന്നുണ്ട്. ഈ ആസ്തികളുടെ ദൈനംദിനപരിപാലനത്തിനും നിർദ്ദിഷ്ട ലക്ഷ്യം കൈവരിക്കുന്നതിനും ശുഷ്കാന്തി പുലർത്തപ്പെടുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. വൻ മുതൽമുടക്കുള്ള ഈ പൊതുഅടിസ്ഥാന സൗകര്യങ്ങളുടെ അനുരക്ഷണവും കാര്യക്ഷമമായ നടത്തിപ്പും ഉറപ്പു വരുത്തേണ്ടതുണ്ട്. അതോടൊപ്പം, പൊതുആസ്തികളായ അടിസ്ഥാന സൗകര്യ പ്രോജക്ടുകൾ സമയക്രമം പാലിക്കാതെ വർഷങ്ങളോളം പൂർത്തീകരിക്കാതെ കിടക്കുന്നതിലൂടെ പദ്ധതി അടങ്കൽ താങ്ങാനാവാത്തവിധം വർദ്ധിക്കുന്ന പ്രവണതയും വ്യാപകമാണ്. അതേ സമയം പാർശ്വവൽകൃത സമൂഹങ്ങൾക്കായി മതിയായ അളവിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ലായെന്ന് കമ്മീഷൻ കാണുന്നു. മേൽപ്പറഞ്ഞ മേഖലകളുമായി ബന്ധപ്പെട്ട നടത്തിപ്പ് സംവിധാനങ്ങൾ ഫലപ്രദമാണോ എന്ന കാര്യവും പഠനവിധേയമാക്കേണ്ടതുണ്ട്.

7) ഉത്തരവാദാധിഷ്ഠിത ഉദ്യോഗസ്ഥ സംവിധാനം (Towards more accountable bureaucracy)

ഈ മേഖലയിൽ റിക്രൂട്ട്മെന്റ്, സ്ഥാനക്കയറ്റം, റിവാർഡുകളും ഇൻസെന്റീവുകളും, പരിശീലനം, ശമ്പളം, പ്രവൃത്തി സമയം, പെരുമാറ്റമര്യാദകൾ, സാംസ്കാരികമായി മാറ്റം, റിട്ടയർമെന്റ്, സ്റ്റാഫിംഗ്, കൃത്യത, ധാർമ്മികത, സുതാര്യത, സേവനാവകാശം, പൗരാവകാശരേഖ, ഫ്രണ്ട് ഓഫീസ് സംവിധാനം, പരാതിപരിഹാര സംവിധാനം, അച്ചടക്കനടപടി, പ്രവൃത്തി അവലോകനം (Performance Appraisal) തുടങ്ങിയ കാര്യങ്ങളിൽ തൽസ്ഥിതി പരിശോധിച്ചുകൊണ്ട് ആവശ്യമായ പരിഷ്കരണ ശുപാർശകൾ രൂപപ്പെടുത്തണം. പൊതുവായതും പ്രത്യേക വകുപ്പുകളെ/സ്ഥാപനങ്ങളെ സംബന്ധിക്കുന്നതുമായ വ്യത്യസ്ത വിലയിരുത്തലുകളും ഉണ്ടാകും. സ്റ്റാഫ് പാറ്റേൺ പുനർനിർണ്ണയം; ഉദ്യോഗസ്ഥരുടെ സുതാര്യമായ ഔദ്യോഗിക കാര്യനിർവ്വഹണ വിവരണം; പ്രൊഫഷണലുകളെ വ്യത്യസ്ത തലങ്ങളിൽ നിയോഗിക്കൽ, തസ്തികകളുടെ കാര്യക്ഷമതാ സൂചിക തയ്യാറാക്കി മനുഷ്യവിഭവശേഷി മാനേജ്മെന്റ് നവീകരിക്കൽ എന്നിവ പരിശോധിക്കും.

ജാഗ്രതയോടെയുള്ള ജനാധിപത്യഭരണം ഉറപ്പാക്കുന്നതിനായി അഴിമതി നിർമ്മാർജ്ജനം, അന്വേഷണ സംവിധാനങ്ങൾ, പ്രാപ്യമായ നീതിന്യായ സംവിധാനം, വിജിലൻസ് സംവിധാനം, വിജിലൻസ് കമ്മീഷൻ, ലോകായുക്ത ക്രമസമാധാനപാലനം, ഇന്റേണൽ വിജിലൻസ് സംവിധാനം, അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ, ധനകാര്യ പരിശോധന വിഭാഗം, ചീഫ് ടെക്നിക്കൽ എക്സാമിനർ

സംവിധാനം, പെർഫോർമൻസ് ആഡിറ്റ്, ഓംബുഡ്സ്മാൻ എന്നിവ പരിശോധിക്കപ്പെടും. മേൽപ്പറഞ്ഞ മേഖലകളുമായി ബന്ധപ്പെട്ട നിയമങ്ങളുടെ ഫലപ്രാപ്തിയും പഠനവിധേയമാക്കും.

## 3. രീതിശാസ്ത്രം

പരിഷ്കരണത്തിന്റെ ആവശ്യകത, പരിഷ്കരണ നിർദ്ദേശങ്ങൾ എന്നിവ പരിശോധിച്ച് കമ്മീഷൻ ശുപാർശകൾ രൂപീകരിക്കുന്നതിന് മുന്നോടിയായി ഗവൺമെന്റ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ, ആസൂത്രണബോർഡ് വിദഗ്ധർ എന്നിവരുമായി ഓരോ വിഷയത്തിലും വിവിധ ഘട്ടങ്ങളിൽ ആശയവിനിമയം നടത്തും. ആവശ്യമായ ഘട്ടങ്ങളിൽ കമ്മീഷനെ സഹായിക്കുന്നതിനായി മേൽപ്പറഞ്ഞ മേഖലകളിൽ പരിണിത പ്രജ്ഞരായവരുടെ വിഷയാടിസ്ഥാനത്തിലുള്ള പാനലുകൾ/ഗ്രൂപ്പുകൾ രൂപീകരിക്കും.

അതതുവകുപ്പിനെ / സ്ഥാപനത്തെ സംബന്ധിച്ച ഭരണപരിഷ്കരണത്തിന്റെ ആവശ്യകത വിലയിരുത്തുന്നതിനും കമ്മീഷനുമായി ചർച്ച ചെയ്ത് പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നതിനും കമ്മീഷനുമായി സജീവമായ ഒരു ബന്ധം നിലനിർത്തുന്നതിനും എല്ലാ സർക്കാർ വകുപ്പുകളിലും കൂടാതെ തെരഞ്ഞെടുത്ത പ്രത്യേക സ്ഥാപനങ്ങളിലും സ്ഥാപനതല കമ്മിറ്റികൾ (5-8 ഉദ്യോഗസ്ഥർ അടങ്ങുന്ന) രൂപീകരിക്കുന്നതിന് വകുപ്പ മേധാവികളെയും സ്ഥാപനമേലധികാരികളെയും ചുമതലപ്പെടുത്താവുന്നതാണ്. ഇതിനായി വകുപ്പ് തലത്തിൽ / സ്ഥപാനതലത്തിൽ ഉണ്ടാകേണ്ട സംവിധാനം പൊതുമാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പ് മേധാവികൾ സ്വതന്ത്രമായി നിർവ്വഹിക്കേണ്ടതാണ്. കമ്മീഷന് നിരന്തരം ബന്ധപ്പെടുന്നതിനായി എല്ലാ വകുപ്പുകളും / സ്ഥാപനങ്ങളും ഇതിനായി ഒരു മുതിർന്ന ഉദ്യോഗസ്ഥനെ നോഡൽ ആഫീസറായി നിയോഗിക്കേണ്ടതാണ്.

ചില സാഹചര്യങ്ങളിൽ പ്രത്യേക വിഷയങ്ങളിൽ കൂടുതൽ ആഴത്തിലുള്ള പഠനങ്ങൾ ആവശ്യമായി വന്നേക്കും എന്ന് കമ്മീഷൻ മുൻകൂട്ടി കാണുന്നു. ഇതിനായി കേരള സർക്കാർ സ്ഥാപനങ്ങളായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ എം ജി), സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് ( സി എം ഡി) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (GIFT), സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ് (സി ഡി എസ്) സർവ്വകലാശാല, വകുപ്പുകൾ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് എന്നിവകൂടാതെ സംസ്ഥാനത്തും പുറത്തുമുള്ള ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (ഐ ഐ എം) പോലെയുള്ള മറ്റ് പ്രശസ്ത സ്ഥാപനങ്ങൾ, ഏജൻസികൾ, കൺസൾട്ടന്റ്സ് എന്നിവയുടെ സേവനം തേടുന്നതാണ്. ചില മേഖലകളിൽ ചെറിയ പഠനഗ്രൂപ്പുകൾ ആവശ്യമായി വന്നേക്കാം. ഉദാ: അട്ടപ്പാടിയിലെ ഗവേർണൻസ് പരാജയം സംബന്ധിച്ച് വിവരാവകാശ പ്രവർത്തകരും,

സാമൂഹ്യപ്രവർത്തകരും ഉന്നയിക്കുന്ന പ്രശ്നങ്ങൾ-സർക്കാർ വിഭാവന ചെയ്യുന്നതും ജനങ്ങളുടെ പ്രതീക്ഷയും തമ്മിലുള്ള വിടവ് കണ്ടെത്തുന്നതിന് ഇത്തരം പഠനം ഉപകരിക്കും.

അംഗീകൃത രാഷ്ട്രീയകക്ഷികൾ, സർവ്വീസ് സംഘടനകൾ, ട്രേഡ് യൂണിയനുകൾ, എൻ.ജി.ഒ -കൾ എന്നിവയുമായി ആവശ്യമായ സന്ദർഭങ്ങളിൽ ചർച്ചകൾ നടത്തുന്നതായിരിക്കും.

കമ്മീഷന്റെ വെബ്സൈറ്റിലൂടെ പൊതുജനങ്ങൾ, വിദഗ്ധർ മറ്റ് തൽപ്പരരായവർ എന്നിവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടുന്നതാണ്.

പൊതുജനങ്ങൾ കൂടുതൽ ആശ്രയിക്കുന്ന സർക്കാർ ആഫീസുകളിലും, സ്ഥാപനങ്ങളിലും നേരിട്ട് സന്ദർശനം നടത്തി പൊതുജനങ്ങളെയും ജീവനക്കാരെയും കേൾക്കാനും കമ്മീഷൻ ഉദ്ദേശിക്കുന്നു. കൂടാതെ, ജില്ലാതലങ്ങളിൽ പ്രത്യേകിച്ചും പിന്നോക്കം നിൽക്കുന്ന ജില്ലകളിൽ കമ്മീഷൻ സിറ്റിംഗുകൾ നടത്തി പൊതുജനങ്ങളെ കേൾക്കുന്നതാണ്.

ആവശ്യമായ സന്ദർഭങ്ങളിൽ സംസ്ഥാനതലത്തിൽ ശിൽപ്പശാലകൾ, സെമിനാറുകൾ, ചർച്ചകൾ, സിംപോസിയങ്ങൾ എന്നിവ സംഘടിപ്പിച്ചുകൊണ്ട് ആശയ രൂപീകരണം നടത്തുവാൻ കമ്മീഷൻ ഉദ്ദേശിക്കുന്നു

വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ടും പൊതുവായും ചോദ്യാവലികൾ പ്രസിദ്ധീകരിച്ചുകൊണ്ട് പൊതുജനങ്ങൾ, മാധ്യമങ്ങൾ, ഉദ്യോഗസ്ഥർ തുടങ്ങിയ വിഭാഗങ്ങളിൽ നിന്ന് പ്രതികരണം തേടും.

രാജ്യത്തിനകത്തും പുറത്തുമുള്ള അനുകരണീയമായ നല്ല മാതൃകകൾ പഠിക്കുന്നതിനായി കമ്മീഷൻ സന്ദർശനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

## റിപ്പോർട്ടുകൾ

കമ്മീഷൻ സമീപനം വിവരിക്കുന്ന ഖണ്ഡികകളിൽ പ്രതിപാദിച്ചിരിക്കുന്ന വിവിധ മേഖലകളിലുള്ള റിപ്പോർട്ടുകളായി ക്രോഡീകരിച്ചുള്ള റിപ്പോർട്ടാണ് അന്തിമമായി സർക്കാരിൽ സമർപ്പിക്കുക. എന്നാൽ, ഇങ്ങനെ ക്രോഡീകരിച്ച അന്തിമ റിപ്പോർട്ടുകൾ സമർപ്പിക്കാൻ കമ്മീഷന്റെ രണ്ടോ മൂന്നോ വർഷത്തെ പ്രവർത്തനം ആവശ്യമായി വന്നേക്കും. ആയതിനാൽ, മേൽപ്പറഞ്ഞ മേഖലകളുമായി ബന്ധപ്പെട്ട ഉപമേഖലകൾ (ഉദാ:പൗരകേന്ദ്രീകൃത ഭരണസംവിധാനം എന്ന മേഖലയിലെ റവന്യൂവകുപ്പിലെ സേവനങ്ങൾ, ഭക്ഷ്യസുരക്ഷ സംബന്ധിച്ച വിഷയങ്ങൾ, ഉത്തരവാദാധിഷ്ഠിത ഉദ്യോഗസ്ഥ സംവിധാനം എന്ന മേഖലിയലെ ധാർമ്മികത എന്നിങ്ങനെ ഉപമേഖലകളിൽ വരുന്ന റിപ്പോർട്ടുകൾ) സംബന്ധിച്ച റിപ്പോർട്ടുകൾ അവ പൂർത്തിയാകുന്ന മുറയ്ക്ക് കമ്മീഷൻ ഘട്ടംഘട്ടമായി സർക്കാരിന്

സമർപ്പിക്കുന്നതാണ്. ഇപ്രകാരം ചെയ്യുന്നതിലൂടെ കമ്മീഷൻ ശുപാർശകൾ സർക്കാർ നടപ്പാക്കുന്നത് നിരീക്ഷിക്കാനും, ആവശ്യമെങ്കിൽ കൂടുതൽ മാറ്റങ്ങളോ, നിർദ്ദേശങ്ങളോ സമർപ്പിക്കാനും കഴിയും എന്ന് കരുതുന്നു.

കമ്മീഷൻ കാലാകാലങ്ങളിൽ സമർപ്പിക്കുന്ന റിപ്പോർട്ടുകളും ശുപാർശകളും വിലയിരുത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് സെക്രട്ടറി കൺവീനറായി ഒരു ഉദ്യോഗസ്ഥ സമിതി രൂപീകരിച്ച് പ്രവർത്തിപ്പിക്കണമെന്ന് കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെടും.

-------------

## അനുബന്ധം-2

# വരവ് ചെലവ് കണക്കുകൾ

**Allocation Expenditure Report 2016 -17**

| Sl. No | Head of Account | Item | Budget / Received Amount | Expenditure Amount |
|---|---|---|---|---|
| 1 | 2052 -00-092-81-00-1-01- N.V | Pay | 7149000 | 2651516 |
| 2 | 2052-00-092-81-00-01-02-N.V | Dearness Allowances | 643000 | 272467 |
| 3 | 2052 -00-092-81-00-01-03-N.V. | House Rent Allowance | 350000 | 116216 |
| 4 | 2052 -00-092-81-00-01-04-N.V | Medical Reimbursement | 200000 | 0 |
| 5 | 2052 -00-092-81-00-01-05-N.V | Wages | 1565000 | 28169 |
| 6 | 2052 -00-092-81-00-02-05-N.V | | 426000 | 78300 |
| 7 | 2052 -00-092-81-00-04-01-N.V | Tour TA | 80000 | 50969 |
| 8 | 2052 -00-092-81-00-04-02-N.V | Transfer T A | 20000 | 0 |
| 9 | 2052 -00-092-81-00-05-01-N.V | Water Charges | 23000 | 0 |
| 10 | 2052 -00-092-81-00-05-02-N.V | Electricity Charges | 38000 | 0 |
| 11 | 2052 -00-092-81-00-05-03-N.V | Telephone Charges | 54000 | 0 |
| 12 | 2052 - 00-092-81-00-05-04-N.V | Other Items Rent, rates and taxes | 385000 | 187783 |
| 13 | 2052 -00-092-81-00-06-00-N.V | Motor Vehicles | 100000 | 0 |
| 14 | 2052 - 00-092-81-00-97-00-N.V | Hire Charges of Motor Vehicle | 100000 | 13750 |
| 15 | 2052 - 00-092-81-00–99-02-N.V | Information Technology | 200000 | 192140 |
| | **TOTAL** | | **11333000** | **3591310** |

## Final Allotment and Expenditure for the year 2017-18

| Item No. | | Head of Account (in Full) | BE 2017-18 | Additional Authorisation | Modified Appropriation | Total Allotment | Total Expenditure up to 31.03.2020 |
|---|---|---|---|---|---|---|---|
| | 2052-00-092-81 Non plan (voted) | | | | | | |
| 01. Salaries | | | | | | | |
| | 1 | Pay | 16089000 | | | 16089000 | 15601542 |
| | 2 | Dearness Allowance | 2608000 | | | 2608000 | 2402082 |
| | 3 | House Rent Allowance | 709000 | | | 709000 | 875633 |
| | 4 | Medical Reimbursement | 200000 | 500000 | | 700000 | 312485 |
| | 5 | Other Allowance | 2461000 | | | 2461000 | 856783 |
| 02. wages | | | | | | | |
| | 5 | Daily wages | 1021000 | | | 1021000 | 744240 |
| 04 travel expenses | | | | | | | |
| | 1 | Tour TA | 160000 | 800000 | | 960000 | 515614 |
| | 2 | Transfer TA | 40000 | | | 40000 | 0 |
| | 4 | Leave travel concession | 100000 | | | 100000 | 0 |
| 05 Office expenses | | | | | | | |
| | 1 | Water charges | 50000 | | | 50000 | 0 |
| | 2 | Electricity charges | 80000 | | | 80000 | 0 |
| | 3 | Telephone charges | 75000 | | | 75000 | 50391 |
| | 4 | Other items | 300000 | | | 300000 | 120575 |
| 0 6 | | Rent, rates and taxes | 500000 | | | 500000 | 0 |
| 21 Motor Vehicles | | | | | | | |
| | 1 | Purchase of vehicle | 0 | | | 0 | 0 |
| | 2 | Repair and maintenance | 60000 | | | 60000 | 0 |
| 28 | | Payments for professional & spl services | 1000000 | | | 1000000 | 375509 |
| 34 Other charges | | | | | | | |
| | 3 | Other Items | 500000 | | | 500000 | 499919 |
| 97 | | Hire charges for Motor Vehicle | 2,50,000 | | 300000 | 550000 | 526244 |
| 99 | | Information Technology | 200000 | | 615000 | 815000 | 741982 |
| | | | | | TOTAL | 2,86,18,000 | 2,36,22,999 |

## Final Allotment and Expenditure for the year 2018-19

| Item No. | Head of Account (in Full) | BE 2018-19 | Additional Authorisation | Modified Appropriation | Total Allotment | Total Expenditure up to 31.03.2020 |
|---|---|---|---|---|---|---|
| | 2052-00-092-81 Non plan (voted) | | | | | |
| 01. Salaries | | | | | | |
| 1 | Pay | 15169000 | 0 | 0 | 15169000 | 16653600 |
| 2 | Dearness Allowance | 2676000 | 0 | 0 | 2676000 | 2285425 |
| 3 | House Rent Allowance | 769000 | 0 | 0 | 769000 | 1097666 |
| 4 | Medical Reimbursement | 300000 | 0 | 0 | 600000 | 450260 |
| 5 | Other Allowance | 5136000 | 0 | 0 | 5136000 | 537785 |
| 02. wages | | | | | | |
| 5 | Daily wages | 1159000 | 0 | 0 | 1159000 | 794075 |
| 04 travel expenses | | | | | | |
| 1 | Tour TA | 660000 | 0 | | 660000 | 669584 |
| 2 | Transfer TA | 40000 | 0 | | 40000 | 0 |
| 4 | Leave travel concession | 100000 | 0 | | 100000 | 0 |
| 05 Office expenses | | | | | | 0 |
| 1 | Water charges | 50000 | 0 | | 50000 | |
| 2 | Electricity charges | 80000 | 0 | | 80000 | |
| 3 | Telephone charges | 75000 | 0 | | 113000 | 101978 |
| 4 | Other items | 250000 | 0 | | 250000 | 119514 |
| 0 6 | Rent,rates and taxes | 1000 | 0 | | 1000 | 0 |
| 21 Motor Vehicles | | | | | | |
| 1 | Purchase of vehicle | 0 | 0 | | 1500000 | 0 |
| 2 | Repair and maintenance | 10000 | 0 | | 10000 | 0 |
| 28 | Payments for professional and special Services | 800000 | | | 1440000 | 1414435 |
| 34 Other charges | | | | | | |
| 3 | Other Items | 100000 | 0 | | 500000 | 471112 |
| 97 | Hire charges for Motor Vehicle | 600000 | 0 | | 682000 | 667476 |
| 99 | Information Technology | 200000 | 0 | | 200000 | 47960 |
| | | | | TOTAL | 31135000 | 25310870 |

## Final Allotment and Expenditure for the year 2019-20

| Item No. | | Head of Account (in Full) | BE 2019-**20** | Additional Authorisation | Modified Appropriation | Total Allotment | Total Expenditure up to 31.03.2020 |
|---|---|---|---|---|---|---|---|
| | | 2052-00-092-81 Non plan (voted) | | | | | |
| 01. Salaries | | | | | | | |
| | 1 | Pay | 16350000 | 0 | 0 | 16350000 | 15177920 |
| | 2 | Dearness Allowance | 3130000 | 0 | 0 | 3130000 | 3378093 |
| | 3 | House Rent Allowance | 712000 | 0 | 0 | 712000 | 1026635 |
| | 4 | Medical Reimbursement | 315000 | 0 | 0 | 315000 | 74841 |
| | 5 | Other Allowance | 5136000 | 0 | 0 | 5136000 | 383222 |
| 02. wages | | | | | | | |
| | 5 | Daily wages | 1225000 | 0 | 0 | 1225000 | 800425 |
| 04 travel expenses | | | | | | | |
| | 1 | Tour TA | 600000 | 0 | 350000 | 350000 | 148336 |
| | 2 | Transfer TA | 40000 | 0 | 0 | 0 | 0 |
| | 4 | Leave travel concession | 100000 | 0 | 0 | 100000 | 28600 |
| 05 Office expenses | | | | | | | |
| | 1 | Water charges | 50000 | 0 | 0 | 0 | 0 |
| | 2 | Electricity charges | 80000 | 0 | 0 | 0 | 0 |
| | 3 | Telephone charges | 100000 | 0 | 130000 | 130000 | 117378 |
| | 4 | Other items | 250000 | 0 | 180000 | 180000 | 178503 |
| 0 6 | | Rent,rates and taxes | 1000 | 0 | 0 | 1000 | 0 |
| 21 Motor Vehicles | | | | | | | |
| | 1 | Purchase of vehicle | 0 | 0 | 0 | 0 | 0 |
| | 2 | Repair and maintenance | 10000 | 0 | 0 | | 0 |
| 28 | | Payments for professional and special Services | 1200000 | 1200000 | 2236000 | 3436000 | 3435360 |
| 34 Other charges | | | | | | | |
| | 3 | Other Items | 800000 | 0 | 230000 | 230000 | 127000 |
| 97 | | Hire charges for Motor Vehicle | 600000 | 0 | 654000 | 654000 | 654000 |
| 99 | | Information Technology | 100000 | 0 | 50000 | 50000 | 684 |
| | | | | | TOTAL | 31999000 | 25530997 |

## Final Allotment and Expenditure for the year 2020-21 (up to 31.03.2021)

| Item No. | | Head of Account (in Full) | BE 2020-21 | Additional Authorisation | Modified Appropriation | Total Allotment | Total Expenditure up to 31.03.2021 |
|---|---|---|---|---|---|---|---|
| | | 2052-00-092-81 Non plan (voted) | | | | | |
| 01. Salaries | | | | | | | |
| | 1 | Pay | 16152000 | Nil | Nil | 16152000 | 13222215 |
| | 2 | Dearness Allowance | 3916000 | Nil | Nil | 3916000 | 2645242 |
| | 3 | House Rent Allowance | 1036000 | Nil | Nil | 1036000 | 878237 |
| | 4 | Medical Reimbursement | 256000 | 1503000 | 776000 | 2279000 | 2273748 |
| | 5 | Other Allowance | 452000 | Nil | Nil | 452000 | 1110215 |
| 02.Wages | 5 | Daily wages | 1225000 | Nil | Nil | 1225000 | 820410 |
| 04 travel expenses | | | | | | | |
| | 1 | Tour TA | 300000 | Nil | 14000 | 14000 | 13914 |
| | 2 | Transfer TA | 36000 | Nil | Nil | Nil | Nil |
| | 4 | Leave travel concession | 90000 | Nil | 47000 | 47000 | 22947 |
| 05 Office expenses | | | | | | | |
| | 1 | Water charges | 10000 | Nil | Nil | 10000 | Nil |
| | 2 | Electricity charges | 50000 | Nil | Nil | 50000 | Nil |
| | 3 | Telephone charges | 105000 | 30000 | Nil | 135000 | 130447 |
| | 4 | Other items | 225000 | Nil | 55000 | 55000 | 40687 |
| 0 6 | | Rent,rates and taxes | 1000 | Nil | Nil | Nil | Nil |
| 21 Motor Vehicles | | | | | | | |
| | 2 | Repair and maintenance | 1000 | Nil | Nil | 1000 | Nil |
| 28 | | Payments for professional & special Services | 2186000 | 1445000 | 2336000 | 3781000 | 3510132 |
| 34 Other charges | | | | | | | |
| | 3 | Other Items | 300000 | Nil | 20000 | 20000 | 610 |
| 97 | | Hire charges for Motor Vehicle | 600000 | 100000 | Nil | 700000 | 634951 |
| 99 | | Information Technology | 1000 | 9000 | 146000 | 155000 | 147644 |
| | | | | | Total | 30029000 | 25451399 |

The total expenditure under 2052-00-092-81-00-01-4 as per the bills submitted from this office is 22,73,748/-. But the expenditure as per BIMS under this Head of Account is 11,50,526/-. This is due to the fact that the manual bills submitted in respect of former Chairman, Sri. V.S. Achuthanandan for an Amount of Rs. 11,23,186/- was wrongly booked by the treasury under another head allotted for persons having Cabinet Rank (2013-00-101-99).

അനുബന്ധം-3

## STATUS OF MAJOR RECOMMENDATIONS

| Sl. No. | Recommendation | Status | Remarks |
|---|---|---|---|
| **REPORT I: CITIZENS CHARTER, GRIEVANCE REDRESSAL, TRANSPARENCY AND RIGHT TO INFORMATION** | | | |
| 1 | To start with, the following departments may be identified for proclaiming of Citizens' Charter:<br>**i.** Civil Supplies Department<br>**ii.** Revenue Department including Survey and Land Records<br>**iii.** Motor Vehicles Department expanded later to other departments | Implemented in majority of the departments visited- during 2008-2013 | No updation of information |
| 2 | Exhibit the targets and achievements and the cost incurred by the department. Details of salary, travelling allowance, vehicle/telephone costs, other office expenditure etc. should be given office-wise. | Not Implemented | |
| 3 | Hold periodical consultations consumers groups of each departments – both with organized groups as well as with the general public | Not Implemented | |
